
479927 - 3006


1097

കലാകൗമുദി

സെപ്റ്റംബർ 22, 1996

വില : 7.00 രൂപ





മുഖചിത്രം - ഡോ. പി.കെ.ആർ വാര്യർ
ഫോട്ടോ - ശ്രീ. കെ.വി. രവിശങ്കർ
ഡിസൈൻ - ശ്രീ. ഭട്ടതിരി

കേരള വിവേകാനന്ദൻ

ശ്രീമദ് ആഗമാനന്ദസ്വാമികളെക്കുറിച്ച് എൻ.വി. സതീശൻ എഴുതിയ ലേഖനം (കലാകൗമുദി ലക്കം 1095) അത്യന്തം വിജ്ഞേയവും, സന്ദർഭോചിതവുമായിരുന്നു. നമ്മുടെ നാടിനെ വെളിച്ചത്തിലേക്കു നയിച്ച സാഹസികനായ ഒരേകാന്തപഥികനായിരുന്നു ആഗമാനന്ദസ്വാമികൾ എന്ന വസ്തുത നേരിട്ടറിയാവുന്നവർപോലും സ്വാമികളെക്കുറിച്ചു വരുംതലമുറയോടു പറയാൻ അലംഭാവം കാണിക്കുന്നു. നാടിന്റെ പുരോഗതിയുടെയെല്ലാം പിതൃത്വം പങ്കിട്ടെടുക്കാൻ കടിപിടികൂട്ടുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികൾക്ക് ഇക്കാര്യങ്ങളിലൊന്നും താത്പര്യമില്ലാതെ വരുന്നതു സ്വാഭാവികമാണ്. ഉച്ചനീചത്വങ്ങൾ മാറ്റിയതും, സാക്ഷരത വരുത്തിയതും, ഹരിജനങ്ങളെ ഉദ്ധരിച്ചതുമെല്ലാം, ആരാണ്, എങ്ങനെയാണ് എന്ന് അറിയിക്കാൻ സത്യസന്ധമായ ശ്രമങ്ങൾ നടത്തി, അതിൽ ആഗമാനന്ദസ്വാമികളെന്ന 'ജ്ഞാനദീപ'ത്തെ കണ്ടെത്തിയ എൻ.വി. സതീശനും കലാകൗമുദിയും കേരളത്തിലെ യഥാർത്ഥ ചരിത്രപുരുഷന്മാരെ അറിയാനാഗ്രഹിക്കുന്നവരുടെയെല്ലാം അഭിനന്ദനം അർഹിക്കുന്നു.

തലനാട് ചന്ദ്രശേഖരൻനായർ
രശ്മി നിവാസ്, പോങ്ങുംമൂട്
തിരുവനന്തപുരം-11.



'കഥ'യുള്ള ചെറുകഥകൾ

ചെറുകഥകളിൽ കഥയില്ലായ്മയെ കയറ്റിപ്പൊറുപ്പിക്കുന്നതു സാഹിത്യാചാരമായിത്തീർന്ന ഇക്കാലത്ത് 'കഥ'യുള്ള കഥ വായിക്കുന്നത് ഒരു സുഖംതന്നെയാണ്. ഓണക്കാലത്ത് ഈ സുഖം നല്കിയത് എൻ. മോഹനനും സി.വി. ശ്രീരാമനുമാണ്. 'കലാകൗമുദി ഓണപ്പതിപ്പി'ൽ 'വെറുമൊരു സ്വകാര്യ സങ്കട'വും 'ഉറക്ക'വും പ്രസിദ്ധീകരിക്കുകവഴി താളുകൾക്കു ധന്യത വന്നു. എൻ. മോഹന്റെ കഥ വെറുമൊരു സ്വകാര്യസങ്കടത്തിൽ നിന്നു മഹാസങ്കടമായി വളർന്നു കണ്ണുകളെ നനയിച്ചു. ശ്രീരാമന്റെ കഥയുടെ അന്ത്യത്തിൽ ഉറക്കത്തിന്റെ രഹസ്യം വെളിപ്പെടുത്തപ്പെട്ടപ്പോൾ മനസ്സ് അറിയാതൊന്നു പിടഞ്ഞുപോയി.

ജി. രമേശ്കുമാർ
മാവേലിക്കര.

ഇക്കരപ്പച്ച

യാത്രാവിവരണങ്ങൾ പലപ്പോഴും അവനവനെക്കുറിച്ചുള്ള കുറേ പൊങ്ങച്ചങ്ങൾ വിളമ്പാനുള്ള ഒന്നാണ് പല എഴുത്തുകാർക്കും. പക്ഷേ. ഒരു യാത്രാവിവരണത്തെ 'Infortainement' എന്ന പുതിയ ഇംഗ്ലീഷ് വാക്കിന്റെ ഗണത്തിൽപ്പെടുത്താവുന്ന തരത്തിലാക്കി എഴുതുക എന്നുള്ളത് ഏതൊരു എഴുത്തുകാരനും അഭിമാനിക്കാവുന്ന ഒന്നാണ്. വായനക്കാരന് ഇത്തരം യാത്രാവിവരണം വായിക്കുന്നത് അനുഭൂതിയുണ്ടാക്കുന്ന ഒന്നും. ഇത്തരം ഒരു അനുഭൂതി അനുഭവിക്കുന്നു ഈ ഞാൻ ഡോ. മാത്യു ജോർജ്ജിന്റെ 'ഇക്കരപ്പച്ച'യിലൂടെ കടന്നുപോവുമ്പോൾ. ഇങ്ങകലെയിരുന്ന് ഞങ്ങൾ ആശംസകൾ അറിയിക്കുന്നു. ലേഖകനും കലാകൗമുദിക്കും.

സി. അയൂബ്
പി.ബി.7648, റിയാദ്.

'ആത്മായനങ്ങളുടെ ഖസാക്ക്' അവാർഡിനു കൃതികൾ ക്ഷണിച്ചു

'ആത്മായനങ്ങളുടെ ഖസാക്ക്' അവാർഡിന് എഴുത്തുകാരിൽനിന്നും പ്രസാധകരിൽനിന്നും നിർദ്ദേശങ്ങളും കൃതികളും ക്ഷണിച്ചു. എഴുത്തുകാർ സ്വന്തം കൃതികൾ അയയ്ക്കേണ്ടതില്ല. എം.കെ. ഹരികുമാറിന്റെ 'ആത്മായനങ്ങളുടെ ഖസാക്ക്' എന്ന നിരൂപണഗ്രന്ഥത്തിന്റെ പത്താം വാർഷികത്തോടനുബന്ധിച്ച് സ്പിരിച്വൽ മൂവ്മെന്റ് കഴിഞ്ഞ വർഷം മുതൽ ഏർപ്പെടുത്തിയതാണ് അവാർഡ്. മലയാളത്തിൽ ഒരു നോവലിനെ അധികരിച്ചു രചിക്കപ്പെട്ട ആദ്യത്തെ പഠനഗ്രന്ഥമാണ് 'ആത്മായനങ്ങളുടെ ഖസാക്ക്'.

1992 മുതൽ 1996 കാലയളവിൽ പ്രസിദ്ധീകരിച്ച മികച്ച നിരൂപണകൃതിക്കും ഇതേ കാലയളവിൽ ആനുകാലികങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ മികച്ച അഭിമുഖത്തിനുമാണ് അവാർഡ്. ആയിരം രൂപയും ശില്പവും പ്രശംസാപത്രവും ആത്മായനങ്ങളുടെ ഖസാക്കിന്റെ പുതിയ പതിപ്പും അടങ്ങിയതാണ് ഓരോ വിഭാഗത്തിലുമുള്ള അവാർഡ്. കൃതികളെയും അഭിമുഖങ്ങളെയും സംബന്ധിച്ച നിർദ്ദേശങ്ങളും രചനകളും സെപ്റ്റംബർ 28-നകം കെ.കെ. രാജു, ചെയർമാൻ, സ്പിരിച്വൽ മൂവ്മെന്റ്, യൂണിവേഴ്സൽ ട്യൂട്ടോറിയൽസ്, തലയോലപ്പറമ്പ് പി.ഒ. കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കണം.

കെ.കെ. രാജു

വിവർത്തന ശില്പശാല

കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ഹിന്ദി വകുപ്പിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി മലയാളത്തിലെ കഥകൾ ഹിന്ദിയിലേക്കു വിവർത്തനം ചെയ്യുന്നതിനായി സെപ്റ്റംബറിൽ ഒരു ശില്പശാല നടത്തുന്നു. കഴിഞ്ഞ ഒരു പതിറ്റാണ്ടിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചതും അല്ലാത്തതുമായ കാലാതിവർത്തികളായ കഥകൾ തെരഞ്ഞെടുത്തു ഹിന്ദിയിലേക്കു വിവർത്തനം ചെയ്യുന്നതാണ്. സമൃദ്ധമായ മലയാള കഥാസാഹിത്യത്തെ മുഴുവൻ ഭാരതീയർക്കും പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന ശില്പശാലയിൽ സഹകരിക്കണമെന്നു മലയാള സാഹിത്യലോകത്തോട് അഭ്യർത്ഥിക്കുന്നു. വിവർത്തനം ചെയ്യപ്പെടുന്ന രചനകൾ ഡൽഹിയിൽനിന്നും ഒരു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. കേരളത്തിലെ പ്രസിദ്ധരായ വിവർത്തകരും, ഭാഷാപണ്ഡിതരും ശില്പശാലയിൽ പങ്കെടുക്കുന്നതാണ്. വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാനായി കഥകൾ സെപ്റ്റംബർ 15-ാം തീയതിക്കുമുമ്പായി ഡോ. പവൂർ ശശീന്ദ്രൻ, ജനറൽ കൺവീനർ, സിൽവർ ജൂബിലി ആഘോഷക്കമ്മിറ്റി, ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്, കോഴിക്കോട്-673018 എന്ന വിലാസത്തിൽ അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു. ലേഖകരെക്കുറിച്ചുള്ള പരിചയപ്പെടുത്തൽ കുറിപ്പും. വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്താനുള്ള സമ്മതപത്രവും ഇതോടൊപ്പം അയയ്ക്കേണ്ടതാണ്.

ഡോ. പവൂർ ശശീന്ദ്രൻ
ജനറൽ കൺവീനർ
ഗവ: ആർട്സ് ആൻഡ് -
സയൻസ് കോളേജ്, കോഴിക്കോട്-18.

നായനാരെ തത്തയാക്കരുത്



ഈ നാട്ടിൽ മന്ത്രിമാരും ഗവർണർമാരുമൊക്കെ ഒരുപാട് പ്രസംഗിക്കാറുണ്ട്. ഉദ്ഘാടനവും ശിലാസ്ഥാപനവുമൊക്കെ അവരുടെ കുത്തകയാണ്. അവരുടെ ഇത്തരം പ്രസംഗങ്ങൾ പത്രങ്ങളിൽ വെണ്ടക്കയിൽ അച്ചടിച്ചു വരാറുമുണ്ട്. ഈ പ്രസംഗങ്ങൾക്കകത്ത് ഒരുപാട് തമാശകളും രഹസ്യങ്ങളുമുണ്ട്. മലയാളം ഒരക്ഷരം പോലുമറിയാത്ത ഒരു ഉത്തരപ്രദേശത്തുകാരനോ, ആന്ധ്രാക്കാരനോ ഒരു ദിവസം രാവിലെ കേരള ഗവർണറായി വരുന്നുവെന്നിരിക്കട്ടെ. അടുത്ത ദിവസം തന്നെ അദ്ദേഹം മലയാളത്തിലെ ഒരു മഹാകവിയുടെ ജന്മശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്യാൻ തയ്യാറായെത്തുന്നു. മഹാകവിയുടെ കാവ്യസംഭാവനയെക്കുറിച്ച് ഘോരഘോരം പ്രസംഗിക്കുന്നു. പത്രങ്ങളിൽ അച്ചടിച്ചു വരുന്നു. പാവം ജനങ്ങൾ പണ്ടൊക്കെ വിചാരിക്കുമായിരുന്നു ആന്ധ്രക്കാരനായ ഗവർണർക്ക് മലയാള കവിതയിലെന്തൊരു പാണ്ഡിത്യം! ഇന്ന് പക്ഷേ ജനങ്ങൾക്കറിയാം അദ്ദേഹമല്ല പ്രസംഗിക്കുന്നത്, അദ്ദേഹം അദ്ദേഹത്തിന്റെ സെക്രട്ടറിയുടെ അക്ഷരങ്ങൾക്ക് ശബ്ദം നൽകുകയാണെന്ന്.

എന്തിനാണിങ്ങനെ നമ്മുടെ നാട്ടിലെ ഗവർണർമാരും മന്ത്രിമാരും ജനങ്ങളുടെ മുമ്പിൽ മറ്റുള്ളവർ എഴുതികൊടുക്കുന്ന പ്രസംഗങ്ങൾ വായിക്കുന്നത്? സ്വന്തമായി പറയാനുള്ളത് സ്വന്തം ശൈലിയിൽ പറഞ്ഞാൽ പോരെ? പണ്ടിവിടെ ഒരു മന്ത്രി പ്രസംഗത്തിനിടെ 'പാശ്ചാത്തലത്തിൽ' എന്നുമാത്രമേ പറയാറുണ്ടായിരുന്നുള്ളൂ. കാരണം അദ്ദേഹത്തിനു പ്രസംഗമെഴുതികൊടുക്കുന്നയാളുടെ അറിവിൽ 'പശ്ചാത്തലം' 'പാശ്ചാത്തല'മായിരുന്നു.

മന്ത്രിമാർ ജനനേതാക്കളാണ്. ജനനേതാവ് എന്ന പദവിക്ക് സർവ്വദാ അർഹനായ ഒരാളാണ് കേരളത്തിലെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ കെ നായനാർ. ജനങ്ങൾക്ക് അദ്ദേഹത്തെ ഇഷ്ടമായത് അദ്ദേഹത്തിൽ നിറഞ്ഞുനിൽക്കുന്ന ജനകീയ ഭാവം കൊണ്ടാണ്. സ്വന്തമായ ഒരു ജീവിതശൈലിയും കർമ്മശൈലിയും സംസാരശൈലിയുമുള്ള നേതാവാണ് നായനാർ. മനുഷ്യസ്നേഹം തുടിച്ചു നിൽക്കുന്ന ഹൃദയവും ജനങ്ങളോടുള്ള സ്നേഹവുമാണ് ഈ നേതാവിന്റെ കൈമുതലെന്നെല്ലാവർക്കുമറിയാം. ജനങ്ങളോട് നേരിട്ട് സംസാരിക്കാൻ അദ്ദേഹത്തിനാരുടെയും സഹായം വേണ്ട. ആരും അദ്ദേഹത്തിന് പ്രസംഗം എഴുതികൊടുക്കുകയും വേണ്ട. ഏതെങ്കിലുമൊരു നൂറാം ക്ലാസ് എം.എക്കാരൻ എഴുതിക്കൊടുക്കുന്ന പ്രസംഗം മൈക്കിനു മുമ്പിൽ നിന്നുകൊണ്ട് ജനങ്ങളുടെ നേരെ വായിക്കേണ്ടുന്ന നേതാവല്ല ശ്രീ. ഇ.കെ. നായനാർ


നായനാർക്ക് തോന്നുന്നത് തന്റെ സ്വന്തം സ്റ്റൈലിൽ തങ്ങളോട് പറയാനുള്ള സ്നേഹോദാരമായ അനുമതി ജനങ്ങൾ എന്നോ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. സായിപ്പിന്റെ പുസ്തകങ്ങളെ ഉദ്ധരിച്ചുകൊണ്ടുള്ള പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ കുപ്പായ കിശയിൽ തിരുകികൊടുക്കുന്ന ആളുകൾ ആരായാലും അവർ കുറ്റവാളികളാണ്. അദ്ദേഹത്തെ കുരങ്ങുകളിപ്പിക്കുന്നവരാണ്. നായനാരുടെ ബുദ്ധിയുടെ കൊക്കിലൊതുങ്ങുന്ന ആശയങ്ങളേ ഈ നാട്ടിലെ സാധാരണ ജനങ്ങൾക്ക് വേണ്ടൂ. ജനങ്ങളുടെ മുമ്പിൽ ആരെങ്കിലും എഴുതികൊടുത്തത് തത്തയെപ്പോലെ ആവർത്തിക്കുമ്പോൾ വന്നു ഭവിക്കുന്ന തെറ്റുകൾ കേട്ട് ഇവിടത്തെ ബൂർഷ്വാപിന്തിരിപ്പൻ വർഗ്ഗം ചിരിക്കുന്നു. അങ്ങനെ തന്റെ നേരെ പരിഹാസച്ചിരി ഉയരാനുള്ള ഒരവസരം മുഖ്യമന്ത്രി ആ വർഗ്ഗത്തിനു നൽകരുത്. കടലാസ്സിലെ പ്രസംഗമല്ല, ഹൃദയത്തിലെ ആത്മാർത്ഥമായ ശബ്ദമാണ് ജനങ്ങൾ നായനാരിൽ നിന്നും പ്രതീക്ഷിക്കുന്നത്.

-രാഷ്ട്രീയ ലേഖകൻ



എം.പി.നാരായണപിള്ള

രണ്ട് സ്വാതന്ത്ര്യസമരങ്ങൾ



ചിങ്ങം കന്നിമാസങ്ങളാണ് സ്വാതന്ത്ര്യത്തെയും അതിനുവേണ്ടി നടത്തിയ സമരപരിപാടികളെപ്പറ്റിയും നമ്മളെ ഓർമ്മപ്പെടുത്തുന്നത്.

ആഗസ്റ്റ് പതിനഞ്ചിന് ഒരു ത്രിവർണ്ണ പതാകയുമായി പള്ളിക്കൂടം പിള്ളേർ ഇറങ്ങുന്നു. വീടുകളിലും ആപ്പീസുകളിലുമൊക്കെ പതാക ഉയർത്തുന്നു. ആ ദിവസത്തിന് ചേർന്ന വാചകങ്ങൾ മന്ത്രിമാരും നേതാക്കന്മാരും പ്രസംഗത്തിലൂടെ പുറത്തുവിടുന്നു. പണ്ടായിരുന്നെങ്കിൽ. ആ ദിവസം അച്ചടിക്കാനായി കവികൾ നാലുവരി കവിത നേരത്തെ കൂട്ടി എഴുതിവയ്ക്കാറുണ്ടായിരുന്നു. കവികൾക്ക് ബുദ്ധിയുറയ്ക്കുന്നതിന് തെളിവായി ഇത്തരം മംഗളപത്രങ്ങൾ ഇക്കാലത്തധികം കാണാറില്ല.

ഈ സ്വാതന്ത്ര്യദിനത്തെയും 'ക്വിറ്റ് ഇന്ത്യ' സമരത്തെയും മറ്റും എങ്ങനെയാണ് നമ്മൾ കാണേണ്ടത്? വിദേശമേൽക്കോയ്മയിൽ നിന്നുള്ള മോചനം മാത്രമാണോ സ്വാതന്ത്ര്യം? അതുമാത്രമാണെന്നു സമ്മതിച്ചുകൊടുത്താൽ ആ സ്വാതന്ത്ര്യത്തിന്റെ ഫലമായി കുട്ടിക്ഷവരമായ ഈദി അമീന്റെ ഉഗണ്ടയും ഇന്നും സ്വാതന്ത്ര്യാനന്തര നരമേധം തുടരുന്ന റുവാണ്ട ബുറുണ്ടിയും ജനസംഖ്യയുടെ മുപ്പതുശതമാനത്തെ തദ്ദേശവാസികൾ കൊലചെയ്ത ഹീറോ കമ്പോഡിയായും അരാജകത്വത്തിന്റെ പ്രളയത്തിൽ പെട്ടുപോയ പരശ്ശതം മറ്റു രാജ്യങ്ങളുടെയും സ്വാതന്ത്ര്യം ഒരു നേട്ടമായി സമ്മതിച്ചുകൊടുക്കേണ്ടിവരും. ടി രാജ്യങ്ങളിൽ പെട്ടുപോയ മനുഷ്യരെ സംബന്ധിച്ചിടത്തോളം "സ്വാതന്ത്ര്യം" പാരയായി.

ബ്രിട്ടീഷുകാരെ പറഞ്ഞയയ്ക്കാൻ വേണ്ടി മാത്രം നടത്തിയ ഒരു പരിപാടിയായിരുന്നു ഇന്ത്യയുടെ സ്വാതന്ത്ര്യസമരമെങ്കിൽ അതൊരു വലിയ ആനക്കാര്യമൊന്നുമല്ല. കാനഡപോലെയും ആസ്ട്രേലിയപോലെയും സ്വയംഭരണത്തിലേക്ക് ക്രമാനുഗതമായി മുന്നേറുകയാണ് ഇന്ത്യൻ നയമെന്ന് 1920-ൽ തന്നെ ബ്രിട്ടീഷ് ഗവൺമെന്റ് ഒരു തീരുമാനം എടുത്തുകഴിഞ്ഞിരുന്നു. അക്കാലത്തുണ്ടായിരുന്ന തർക്കം സ്വാതന്ത്ര്യത്തിനുള്ള ' ടൈം ടേബിൾ' നിശ്ചയിക്കുന്നതിൽ മാത്രമായിരുന്നു.

ഈ നൂറ്റാണ്ടിലെ ഇന്ത്യാചരിത്രം ശ്രദ്ധാപൂർവ്വം പഠിച്ചാൽ നമ്മൾ കൊട്ടിഘോഷിക്കുന്ന -അതായത് സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തെ കെട്ടുകെട്ടിച്ചു എന്ന അടിസ്ഥാനപ്രശ്നത്തിന് മറുപടി തേടുന്ന -സ്വാതന്ത്ര്യസമരം 1920-ൽ തന്നെ അവസാനിച്ചിരുന്നു.

" പിന്നെ കുടിച്ചതൊന്നും കള്ളായിരുന്നില്ലേ?"യെന്ന് വായനക്കാർ സംശയിച്ചേക്കും.

കള്ളായിരുന്നില്ല. പടക്കമായിരുന്നു. കത്തിച്ചാൽ കത്തുന്ന ചരക്ക്.

എത്രവേഗം സ്വാതന്ത്ര്യം വേണം, എങ്ങനെ വേണം, ആർക്കൊക്കെ വേണം. മുസ്ലീങ്ങൾക്കും തൊട്ടുകൂടാത്തവർക്കും വെവ്വേറെ നിയോജകമണ്ഡലം വേണോ. നാട്ടുരാജാക്കന്മാരുമായുള്ള ബ്രിട്ടീഷ് ഗവൺമെന്റിന്റെ കരാറുകൾ ആർക്കു കൈമാറണം എന്നൊക്കെയുള്ള കാര്യങ്ങളിൽ തദ്ദേശവാസികളായ രാഷ്ട്രീയക്കാർ തമ്മിലുണ്ടായിരുന്ന തർക്കങ്ങൾ പരിഹാരം തേടാനുള്ള ശ്രമമായിരുന്നില്ലേ പിന്നത്തെ 27 വർഷം.

ഈ പാളയത്തിൽ പടയാണ് 1920-നുശേഷം ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ബ്രിട്ടീഷ് ഇംപീരിയലിസത്തിനെക്കാൾ വലിയ തടസ്സമായി വന്നത്.

അവനവന്റെ കുറ്റം സ്വയം ഏറ്റെടുക്കാനുള്ള ധൈര്യം ഇന്നത്തെപ്പോലെ തന്നെ അന്നും നമ്മുടെ നേതാക്കന്മാർ കാണിച്ചില്ല. പകരം എല്ലാ കുറ്റവും ബ്രിട്ടീഷുകാരുടെ തലയിൽ കെട്ടിവച്ച് സ്വന്തംതൊലി സംരക്ഷിക്കാനുള്ള ശ്രമമായിരുന്നു. അതായത്, ബ്രിട്ടീഷുകാരുടെ 'ഡിവൈഡ് ആൻഡ് റൂൾ' നയമാണ് ഇന്ത്യയിലെ മതങ്ങളും ജാതികളും തമ്മിലുള്ള അഭിപ്രായവ്യത്യാസത്തിന് കാരണമെന്ന് പറഞ്ഞു പരത്തുക. ഇതിൽ വല്ല കഴമ്പുമുണ്ടോ?

അന്യന്മാർ ഭിന്നിപ്പിക്കാൻ ശ്രമിച്ചോട്ടെ. നമ്മൾ ഭിന്നിക്കില്ല എന്ന തരത്തിൽ ഉത്തരവാദിത്വബോധമുള്ള ഒരു നേതൃത്വം ഇന്ത്യക്കാർക്കുണ്ടായിരുന്നെങ്കിൽ ' എല്ലാ ഗർഭവും ബ്രിട്ടീഷുകാരുടെ പുറത്തു കെട്ടിവയ്ക്കുന്ന' ഈ ഡയലോഗ് പിൻതലമുറകൾ കേൾക്കേണ്ടിവരില്ലായിരുന്നു.

മതത്തിന്റെയും ജാതിയുടെയും പേരിലുള്ള നമുക്കിടയിലെ തമ്മിൽത്തല്ല് ബ്രിട്ടീഷുകാരുണ്ടാക്കിയതല്ലെന്നും ജാത്യാ നമ്മുടെ ചോരയിലുള്ളതാണെന്നും, സ്വാതന്ത്ര്യത്തിനുശേഷമുള്ള അമ്പതുവർഷത്തെ ചരിത്രം തെളിയിച്ചില്ലേ? ഇന്നു കാണുന്നതൊക്കെ ബ്രിട്ടീഷുകാരുണ്ടാക്കുന്ന 'ഡിവൈഡ് ആന്റ് റൂൾ'' ആണോ?

അതേസമയം ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ കോൺഗ്രസ്സ് പാർട്ടിയുടെ നേതൃത്വം മിതവാദികളുടെ കൈയിൽ പോവുകയും ക്രമാനുഗതമായി സ്വാതന്ത്ര്യം എന്ന ലക്ഷ്യത്തിലേക്ക് സമരം തിരിയുകയും ചെയ്തിരുന്നെങ്കിലോ? (പരിഭാഷ: ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ നിന്ന് വന്നില്ലായിരുന്നെങ്കിലോ?)

പാകിസ്ഥാൻ എന്ന ആശയം പോലും അന്ന് ആരുടെയും തലയിൽ കയറിയിരുന്നില്ല. സ്വാതന്ത്ര്യസമരത്തിന്റെ ഫോക്കസ് തെരുവുകളിൽ നിന്ന് കേന്ദ്ര സംസ്ഥാന നിയമസഭകൾക്കകത്തേക്ക് മാറുമായിരുന്നില്ലേ? ഇന്ത്യയുടെ വിഭജനം. ഒരു പക്ഷേ, ഒഴിവാക്കാൻ പോലും പറ്റുമായിരുന്നില്ലേ? നാസിസത്തിനും ഫാസിസത്തിനും എതിരായി ജീവന്മരണസമരത്തിലേർപ്പെട്ടിരുന്ന രാജ്യങ്ങൾക്ക് പാരവയ്ക്കാനായി നടത്തിയ "ക്വിറ്റ് ഇന്ത്യാസമരം" പോലുള്ള ധർമ്മനിരപേക്ഷമായ സമരങ്ങൾ ഒഴിവാക്കാൻ പറ്റില്ലായിരുന്നോ?

സുഭാഷ് ചന്ദ്രബോസിന്റെ കീഴിൽ ജപ്പാൻ ഇങ്ങ് വന്നിരുന്നെങ്കിലോ? ചൈനയിൽ അവർ ചെയ്തതുപോലെ ജീവനുള്ള ഇന്ത്യാക്കാരെ ജാപ്പനീസ് പട്ടാളത്തിന് ബയണറ്റ് പരിശീലനത്തിന് വിട്ടുകൊടുക്കും. കൊറിയയിലും ഫിലിപ്പൈൻസിലും ചെയ്തപോലെ ഇന്ത്യൻ സ്ത്രീകളെ നിർബന്ധിത വ്യഭിചാരത്തിനിറക്കും.

1920 നുശേഷമുള്ള സ്വാതന്ത്ര്യസമരത്തെ വിമർശനബുദ്ധിയോടെ നമ്മൾ പരിശോധിച്ചാൽ പല ഹിമാലയ തുല്യരായ നേതാക്കളുടെയും മഹത്വം ബലൂൺപൊട്ടുന്നതുപോലെ പൊട്ടിയേക്കും. ഈ ഭയമല്ലേ സ്വാതന്ത്ര്യസമരത്തെക്കുറിച്ചുള്ള എല്ലാ തുറന്ന ചർച്ചകളും ആശങ്കയോടെയും സംശയബുദ്ധിയോടെയും കാണാൻ ഇന്ത്യാക്കാരെ പ്രേരിപ്പിക്കുന്നത്.

പോരെങ്കിൽ പരേതരെ വിമർശിക്കരുതെന്നാണല്ലോ നമ്മുടെ സന്മാർഗ്ഗനിഷ്ഠ. കാരണം പ്രേതങ്ങളെ കൈകാര്യം ചെയ്യേണ്ടത് മന്ത്രവാദികളാണ്.

വെളുത്ത സായിപ്പിനെ മാറ്റി കറുത്ത സായിപ്പിനെ അവരോധിക്കുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം മാത്രമാണ് സ്വാതന്ത്ര്യസമരം എന്ന തെറ്റിദ്ധാരണ നമ്മൾ മാറ്റണം. യഥാർത്ഥ സ്വാതന്ത്ര്യസമരം ജനങ്ങളുടെ പൗരാവകാശവും വ്യക്തിസ്വാതന്ത്ര്യവും സംരക്ഷിക്കാനുള്ള സമരങ്ങളാണ്. ആ വകുപ്പിൽ ഒരു സ്വാതന്ത്ര്യസമരം മാത്രമേ അഖിലേന്ത്യാടിസ്ഥാനത്തിൽ നടന്നിട്ടുള്ളൂ. അത് ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥയ്ക്കെതിരായി നടന്ന സമരമാണ്. അതിലകപ്പെട്ട് ജയിലിൽ പോയവരാണ് "ഗ്രേഡ് - I സ്വാതന്ത്ര്യസമര ഭടന്മാർ". പെൻഷനും സൗജന്യമായ തീവണ്ടി യാത്രയും പഴയ സ്വാതന്ത്ര്യസമരക്കാരെക്കാൾ അർഹിക്കുന്നത് അടിയന്തിരാവസ്ഥയ്ക്കെതിരേ സമരം ചെയ്തവരും തല്ലുകൊണ്ടവരും ജയിലിൽ പോയവരുമല്ലേ? "സായിപ്പിനെ മാറ്റുക" എന്ന പോപ്പുലർ വികാരത്തെക്കാൾ ഒരായിരം മടങ്ങ് വിലപ്പെട്ട ചിന്തയല്ലേ ഇന്ത്യാക്കാരുടെ ജനാധിപത്യവും പൗരാവകാശങ്ങളും വ്യക്തിസ്വാതന്ത്ര്യവും സംരക്ഷിക്കുകയെന്നത്.


വെളുത്ത സായിപ്പു ഭരിച്ചാലും കറുത്ത സായിപ്പു ഭരിച്ചാലും നമുക്ക് വലുത് നമ്മുടെ പൗരാവകാശങ്ങളാണ്. ദേശീയത പൗരാവകാശത്തിന്റെ കൊലക്കയറാകാതെ സൂക്ഷിക്കുക എന്നതല്ലേ യഥാർത്ഥ പൗരധർമ്മം?



വിജു വി. നായർ

മണൽക്കാട്ടിൽ വീണ്ടും വെടിയൊച്ചകൾ

അമേരിക്ക ഇറാക്കിനുനേരെ നടത്തിയ മിസൈലാക്രമണം ക്രൂരമായ ഒരു കടന്നുകയറ്റമാണ്. അമേരിക്കയുടെ വാലുകളല്ലാത്ത മുഴുവൻ രാഷ്ട്രങ്ങളും പ്രതിഷേധത്തിന്റെ ജ്വാലകളുയർത്തിക്കഴിഞ്ഞു. ഇറാക്കിലെ കുർദ്ദുകൾ എന്ന വംശത്തെ സദ്ദാംഹുസൈൻ ദ്രോഹിക്കുന്നുവെന്ന കാരണം പറഞ്ഞുകൊണ്ടാണ് അമേരിക്ക ഇറാക്കിനുനേരെ മിസൈലാക്രമണം നടത്തിയത്. ഒരു രാഷ്ട്രത്തിന്റെ തികച്ചും ആഭ്യന്തരമായ പ്രശ്നത്തിന്റെ പേരും പറഞ്ഞാണ് അമേരിക്ക ഇറാക്കിനുമേൽ ചാടിവീണിരിക്കുന്നത്. എന്നാൽ ഈ മിസൈലാക്രമണത്തിന് ഒരു പിന്നാമ്പുറമുണ്ട്. ആ പിന്നാമ്പുറമെന്താണെന്ന് ഈ ലേഖനത്തിൽ വിവരിക്കുന്നു.



കയ്യൂക്കുള്ളവന്റെ കല്പനയായി ചരിത്രം മാറിയതിന്റെ ചരിത്രമാണ് ഓരോ ദൈനംദിന സംഭവവും ആവർത്തിച്ചെഴുതുന്നത്. ഇറാക്കിലെ മണൽക്കാട്ടിൽ വീണ്ടും വെടിയൊച്ച മുഴങ്ങുമ്പോൾ ആ തനിയാവർത്തനത്തിന്റെ ധ്വനി മാത്രമല്ല. ശ്രദ്ധിക്കപ്പെടാതെ പോകുന്ന തന്ത്രങ്ങളുടെ മാറ്റൊലിയും ഉയരുന്നുണ്ട്.

സദ്ദാം ഹുസൈൻ എന്ന പുതിയ ഹിറ്റ്ലറുടെ അഹങ്കാരത്തിനുള്ള ചുട്ട മറുപടി. അമേരിക്കൻ ഇലക്ഷനിലെ അജണ്ട മാറ്റിത്തുടങ്ങുന്നതിനുള്ള ചുടാത്ത അടവ്. എന്നൊക്കെപ്പറഞ്ഞും വ്യാഖ്യാനിച്ചും ലളിതവത്കരണം കൊണ്ട് സത്യത്തിന്റെ മുഖം മറയ്ക്കുന്ന പ്രവണതയ്ക്കാണ് നാമടക്കമുള്ള സർവ്വകാണികളും ചൂട്ടുപിടിച്ചുകൊടുക്കുന്നത്. ഒരു രാഷ്ട്രത്തിന്റെ ആഭ്യന്തര പരമാധികാരത്തിൽ മറ്റൊരു രാഷ്ട്രം നടത്തുന്ന നഗ്നമായ കയ്യേറ്റമായിട്ടുപോലും ഈ പ്രവൃത്തിയെ കാണാൻ ഒരു കൂട്ടർക്കും മനസ്സുറപ്പില്ലാതെ പോയതെന്തെന്നു മാത്രം ചിന്തിച്ചാൽ മതി. ഈ ഹീനവൃത്തിയുടെ പൊരുൾ മേൽപ്പറഞ്ഞ ലളിതവത്കരണങ്ങളിലൊന്നുമല്ല കിടക്കുന്നതെന്നറിയാൻ. എന്താണത്?

പശ്ചാത്തലം

കെന്നഡി ശൈലിയുമായി ഭരണം തുടങ്ങിയ ബിൽക്ളിന്റന്റെ കാലത്ത് അമേരിക്ക നടത്തിയ കടന്നാക്രമണങ്ങളിൽ ഒടുവിലത്തേതു മാത്രമാണ് ഇറാക്കിലെ മിസൈലാക്രമണം. വടക്കൻ അയർലണ്ടിൽ ഒത്തുതീർപ്പുശ്രമമെന്നും സൊമാലിയായിൽ ശാന്തിദൂതെന്നും ഹെയ്ത്തിയിൽ ബദൽനടപടിയെന്നുമൊക്കെ പറഞ്ഞ് നടത്തിയതൊക്കെ സത്യത്തിൽ കടന്നാക്രമണങ്ങൾ മാത്രമായിരുന്നു. കമ്മ്യൂണിസ്റ്റ് ബ്ലോക്കിന്റെ പതനത്തോടെ അന്താരാഷ്ട്ര വേദിയിൽ പ്രതിയോഗിയെ നഷ്ടപ്പെട്ട ബുള്ളിയുടെ സ്വാഭാവികമായ അങ്കലാപ്പ് മാത്രമാണിത്. ബിൽ ക്ളിന്റൺ എന്ന വ്യക്തിക്കു മാത്രമല്ല, അമേരിക്കൻ ഉപരിവർഗ്ഗത്തിന് മുഴുവൻ വ്യാധിയാണിത്. ക്ളിന്റന്റെ മൂർച്ചയില്ലാത്ത വിദേശനയം മൂലം അമേരിക്കയ്ക്കുള്ള നഷ്ടക്കഥകളുടെ പ്രചരണമാണല്ലോ റിപ്പബ്ലിക്കൻ പാർട്ടിക്കാർ നടത്തുന്നത്. ബോബ് ഡോൾ വോട്ടുപിടിക്കുന്നതു തന്നെ ഈ മൂർച്ചക്കഥ പറഞ്ഞ് പ്രലോഭിപ്പിച്ചാണെന്നോർക്കണം. ക്ളിന്റനെ എതിർക്കുന്നുവെങ്കിലും, ഇറാക്കിലെ ആക്രമണകാര്യത്തിൽ പരിപൂർണ്ണ പിന്തുണയാണ് ഡോൾ പ്രഖ്യാപിച്ചിരിക്കുന്നത്. കാര്യത്തോടടുക്കുമ്പോൾ സർവ്വഅമേരിക്കൻ രാഷ്ട്രീയക്കാരുടേയും ബുള്ളിമുഖം മറനീക്കി പുറത്തുവരുന്നതു കാണുക.

ഇത് കേവലം അമേരിക്കൻ രാഷ്ടീയതയുടെ പ്രകൃതഫലം മാത്രമാണെന്നു കരുതരുത്. യഥാർത്ഥത്തിൽ, ലോകമുതലാളിത്തത്തിനു സംഭവിക്കുന്ന അപചയത്തിന്റെ ഭാഗമായ അങ്കലാപ്പാണ് മുതലാളിത്ത ലോകത്തിന്റെ കാവൽനായ്ക്കളായ അമേരിക്ക പ്രകടിപ്പിക്കുന്നത്. വ്യക്തമാക്കാം.

തൊള്ളായിരത്തി അറുപതുകളിൽ മുതലാളിത്ത ലോകത്തിന്റെ സാമ്പത്തികവളർച്ചാ നിരക്ക് പ്രതിവർഷം 5 ശതമാനമായിരുന്നു. (ഇൻഫ്ളേഷൻ കഴിച്ചുള്ളത്) എഴുപതുകളിൽ അത് 3.6 ശതമാനമായി. എൺപതുകളിൽ 2.8 ശതമാനവും. തൊണ്ണൂറുകളുടെ ആദ്യപാതിയിൽ അതു വെറും രണ്ടുശതമാനമായി ചുരുങ്ങി. അഥവാ രണ്ടു ദശകം കൊണ്ട് മുതലാളിത്തത്തിന് 60 ശതമാനം ചലനശേഷി നഷ്ടമായെന്നു ചുരുക്കം.

1974 മുതൽ 94 വരെ യൂറോപ്പിന് ഒരൊറ്റ പുതിയ തൊഴിൽ മേഖലയും സൃഷ്ടിക്കാൻ കഴിഞ്ഞില്ല. ഇന്നവിടുത്തെ തൊഴിലില്ലായ്മനിരക്ക് 20 ശതമാനമാണ്. ജപ്പാനിലെ ഓഹരിവിപണിയിലെ ഇപ്പോഴത്തെ ഇടിവ് 64 ശതമാനമാണ്. (നൈക്കി ഇൻഡക്സ്) അവിടുത്തെ വ്യാവസായിക വളർച്ചാനിരക്ക് കഴിഞ്ഞ രണ്ടുവർഷത്തിനകം മൂന്നു ശതമാനമാണു കുറഞ്ഞിരിക്കുന്നത്. അമേരിക്കയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗം നോൺ സൂപ്രവൈസറി തൊഴിലാളികളാണ്. കഴിഞ്ഞ രണ്ടു ദശകത്തിൽ 14 ശതമാനമാണ് അവരുടെ വേതനം ഇടിഞ്ഞത്. അതേസമയം അവിടുത്തെ ജനസംഖ്യയുടെ ഒരു ശതമാനം മാത്രം വരുന്ന ഉപരിവർഗ്ഗത്തിന്റെ വരുമാനത്തിലുള്ള വർദ്ധനവ് 64 ശതമാനവും.

ഒരേ വ്യവസ്ഥിതിക്കുള്ളിലെ വിവിധ വർഗ്ഗങ്ങൾ തമ്മിലുള്ള അന്തരം ഇത്രകണ്ട് രൂക്ഷമാകുമ്പോൾ സ്വാഭാവികമായും ഹാനിയുണ്ടാവുക ആ വ്യവസ്ഥിതിക്കാണ്. മുതലാളിത്ത വ്യവസ്ഥിതിയുടെ ഹാനി തടയാനുള്ള ബാധ്യത അതിന്റെ മുഖ്യ ഉപഭോക്താക്കൾക്കും അവരുടെ ഒത്താശക്കാർക്കുമാണ്. അതവർ എക്കാലവും ഭംഗിയായി അനുവർത്തിച്ചിട്ടുമുണ്ട്.



സദ്ദാം ഹുസൈൻ

മാർക്സ് കരുതിയതിലും പതിൻമടങ്ങു മിടുക്കരാണ് മുതലാളിത്തവർഗ്ഗം. സമൂഹത്തിൽ വിപ്ളവസാദ്ധ്യത ഉണ്ടാകുന്നത് തങ്ങളുടെ വ്യവസ്ഥിതിയെയും താൽപ്പര്യങ്ങളെയും തകർക്കുമെന്നവർ കാലേകൂട്ടി മനസ്സിലാക്കി പോംവഴികൾ ചെയ്യാറുണ്ട്. ഓർക്കണം, ഒരു യാഥാസ്ഥിതിക ഏകാധിപതിയായിരുന്ന ബിസ്മാർക്കാണ് ജർമ്മനിയിൽ വാർദ്ധക്യപെൻഷൻ ഏർപ്പെടുത്തുന്നത്. ഒരു ബ്രിട്ടീഷ് പ്രഭുവിന്റെ പുത്രനായ വിൻസ്റ്റൺ ചർച്ചിലാണ് ലോകത്ത് ആദ്യമായി തൊഴിലില്ലായ്മ ഇൻ

ഷ്വറൻസ് പദ്ധതി രൂപീകരിച്ചത്. അമേരിക്കയിൽ തന്നെ മുതലാളിത്തം ആദ്യം തകർന്നപ്പോൾ. സോഷ്യൽ വെൽഫെയർ സ്റ്റേറ്റ് എന്ന തന്ത്രം വഴി അതു പുനഃസ്ഥാപിച്ചെടുത്ത് ഫ്രാങ്ക്ളിൻ റൂസ്‌വെൽറ്റാണ്. ഇതൊക്കെ മുതലാളിത്ത വ്യവസ്ഥിതിക്ക് ഭീഷണി ഉയർന്നതുകൊണ്ടുമാത്രംനടപ്പിലായ കാര്യങ്ങളാണ്. വാസ്തവത്തിൽ സോഷ്യലിസം എന്ന വ്യവസ്ഥ തന്നെ സൃഷ്ടിക്കപ്പെട്ടത് മുതലാളിത്ത വ്യവസ്ഥിതിയുടെ ജീർണ്ണതകൾ ചിലർക്കൊക്കെ ബോധ്യമായിത്തുടങ്ങിയതു മൂലമാണല്ലോ. മുതലാളിത്തത്തിന്റെ മുഖ്യജീർണ്ണതകൾ വിപുലമാവുന്ന വർഗ്ഗ വ്യത്യാസവും അസമത്വവും തൊഴിലില്ലായ്മയും സമൂഹത്തിന്റെ പുറമ്പോക്കിലേക്കു തള്ളപ്പെടുന്നവരുടെ എണ്ണപ്പെരുക്കവുമാണ്. ഇതിനൊരു പോംവഴിയായിട്ടാണ് "സോഷ്യൽ ഇൻഡിവിഡ്വൽ " ആശയവുമായി സോഷ്യലിസ്റ്റുകൾ രംഗത്തിറങ്ങിയത്. കമ്മ്യൂണിസം അതിന്റെ ഒരു വിപുലീകരണം മാത്രമായിരുന്നു.


ബിൽ ക്ലിന്റൻ

കമ്യൂണിസത്തിന്റെ വരവോടെ മുതലാളിത്തവ്യവസ്ഥിതികൾ കൂടുതൽ ഉഷാറായി. ഇരുവ്യവസ്ഥിതികളും തമ്മിൽ പോരടിക്കുകവഴി യഥാർത്ഥത്തിൽ അവർ പരസ്പരം ഉത്തേജിപ്പിക്കുകയായിരുന്നു.

1920 കളിലും മുപ്പതുകളിലും സോവിയറ്റ് പൗരൻമാരെ കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതി ഉത്തേജിപ്പിച്ചതൊക്കെ സോഷ്യലിസം കെട്ടിപ്പടുക്കുക എന്ന ആവശ്യം പറഞ്ഞായിരുന്നു. നാൽപ്പതുകളിൽ, ഹിറ്റ്ലറെ തോൽപ്പിക്കുക എന്നതായി പ്രചോദനമർമ്മം. ലോകത്തിനു ഫാസിസമുണ്ടാക്കിയ നാശനഷ്ടങ്ങളിൽ നിന്നുള്ള കരകയറ്റം എന്നതായിരുന്നു അടുത്ത 20 കൊല്ലത്തെ പ്രചോദനബിന്ദു. അമ്പതുകൾക്കുശേഷം പക്ഷെ അത്രകണ്ട് ശക്തിമത്തായ പ്രചോദനങ്ങൾ കണ്ടെത്താൻ സോവിയറ്റ് ഭരണാധികാരികൾക്കു കഴിഞ്ഞില്ല. മറ്റൊരു സമാന്തരകാരണം കൂടിയുണ്ട്.

സാമൂഹികലക്ഷ്യങ്ങളുടെ പേരുപറഞ്ഞ് വ്യക്തികളെ ദീർഘകാലം പ്രചോദിപ്പിക്കാൻ കഴിയില്ല. വൈയക്തികമായ നേട്ടങ്ങൾക്ക് ഇടം തീരെ കുറവായ വ്യവസ്ഥിതിയിൽ വിശേഷിച്ചും. സോവിയറ്റ് യൂണിയന്റെ പതനത്തിന് കാരണം ഇപ്പറഞ്ഞ രണ്ടു ഘടകങ്ങളാണ്. വൈയക്തിക മൂല്യങ്ങളും സാമൂഹിക ലക്ഷ്യങ്ങളും തമ്മിലുള്ള ഘർഷണത്തിൽ ആദ്യഘടകം വിജയിച്ചു. ഇതൊരുവശം.

1941 ൽ രണ്ടാം ലോക യുദ്ധത്തിൽ അമേരിക്ക പ്രവേശിക്കുമ്പോൾ. അവരും ബ്രിട്ടനും മാത്രമായിരുന്നു ഭൂമുഖത്ത് കാര്യമാത്രപ്രസക്തമായി അവശേഷിച്ച, രണ്ടേരണ്ടു മുതലാളിത്ത സമൂഹങ്ങൾ. ബ്രിട്ടനാകട്ടെ ഏറെക്കുറെ തകർച്ചയുടെ വക്കിലുമായിരുന്നു. ബാക്കിയുള്ള രാഷ്ട്രങ്ങൾ ഒന്നുകിൽ കമ്യൂണിസ്റ്റ് അല്ലെങ്കിൽ ഫാസിസ്റ്റ്. അതുമല്ലെങ്കിൽ മൂന്നാംലോക ഫ്യൂഡൽ കോളനികൾ. 1920 കളിലെ സാമ്പത്തിക തകർച്ചയും , മുപ്പതുകളിലെ "ഗ്രേറ്റ് ഡിപ്രഷനും" വഴി മുതലാളിത്തം തകർച്ചയുടെ വക്കിലായിരുന്നു. ഒടുവിൽ ഒരു ആറ്റംബോംബുകൊണ്ട് (അഥവാ ടെക്നോളജിയുടെ ശേഷികൊണ്ട്) ബഹുമുഖമായ തകർച്ചയ്ക്ക് അവർ പ്രതിരോധം കണ്ടെത്തി. അടുത്ത ദശകം ആ മറയിൽ അവർ വളർച്ച നേടി. പിന്നീടുണ്ടായിരുന്ന മുഖ്യപ്രതിയോഗിയായ കമ്യൂണിസം ആത്മഹത്യ ചെയ്യുകയും സോഷ്യലിസ്റ്റു സ്റ്റേറ്റുകൾ സ്വന്തം പ്രശ്നങ്ങളിൽപ്പെട്ടുഴലുകയും ചെയ്തതോടെ മുതലാളിത്തത്തിന്റെ പഴയ പ്രതിസന്ധികൾ സടകുടഞ്ഞെണീൽക്കുകയായി. അവയെ ഒന്നും തന്നെ നേർക്കുനേർ നിന്ന് പരിഹരിക്കാൻ ഒരു മുതലാളിത്ത ബുദ്ധിജീവിക്കും സാധ്യമല്ല. കാരണം, മുതലാളിത്ത വ്യവസ്ഥിതിയുടെ സഹജമായ ജീർണ്ണതകളാണവ. അവയ്ക്ക് അതേ വ്യവസ്ഥിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് ശാശ്വത പരിഹാരങ്ങളില്ല. പകരം. കാലികമായ പുകമറകൾ സൃഷ്ടിച്ച് ഈ പ്രതിസന്ധികൾ താൽക്കാലികമായി മറച്ചുവയ്ക്കാനേ നിവൃത്തിയുള്ളു.

കമ്യൂണിസ്റ്റ് വ്യവസ്ഥിതി തകരുന്നു. സോഷ്യൽസ്റ്റേറ്റ് വ്യവസ്ഥിതി തകർന്നില്ലെങ്കിലും സാമ്പത്തികമായി ഏറെക്കുറെ പാപ്പരായി. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയുടെ ഉശിരൻ വക്താക്കളായ സ്വീഡനിൽപ്പോലും അതു പിൻവലിയുകയാണ്. ഒടുവിൽ കയ്യൂക്കുള്ളവന്റെ നിലനിൽപ്പ് മാത്രം സാധ്യമാക്കുന്ന കമ്പോളമുതലാളിത്തം അവശേഷിക്കുന്നു. ഫ്രഞ്ചു സോഷ്യലിസ്റ്റുകൾ തൊട്ട് ചൈനീസ് കമ്മ്യൂണിസ്റ്റുകാർ വരെ കമ്പോള മുതലാളിത്തനയങ്ങളെ അഭയം പ്രാപിക്കുന്നു.

മൂന്നാം ലോകമാകട്ടെ പാടേ ഛിന്നഭിന്നമാകുന്നു. അതിനുള്ളിലെ ഘടകങ്ങൾ തന്നെ പല തട്ടിലാണ്. ഹോംകോംഗും തെക്കൻ കൊറിയയും തയ്‌വാനും സിംഗപ്പൂരും മുതലാളിത്തത്തെ വരിച്ചുകഴിഞ്ഞ ജേതാക്കളാണ്. തായ്‌ലൻഡും മലേഷ്യയും പോലെ ജയസാധ്യതകളുള്ളവരുടെ വഴിയും വ്യത്യസ്തമല്ല. ചൈന ലോകമുതലാളിത്തവുമായി ഇഴുകിച്ചേരാൻ സ്വന്തം വഴി തേടുന്നു. ആഫ്രിക്കയാകട്ടെ ഈ ഗ്രൂപ്പിലെ പരാജിതരുടെ റോളിലും.

ചുരുക്കത്തിൽ കമ്യൂണിസ്റ്റ് ലോകം പോലെ മൂന്നാം ചേരിയും അസ്തമിച്ചിരിക്കുന്നു.

പുതിമുഖം

ഈ പശ്ചാത്തലത്തിൽ വേണം അമേരിക്കയുടെ ഇറാക്ക് ആക്രമണത്തെ നോക്കിക്കാണാൻ. "ശത്രു"ക്കളെ നഷ്ടപ്പെട്ട മുതലാളിത്ത വ്യവസ്ഥിതിക്ക് സ്വകീയമായ പ്രതിസന്ധികളും അസ്തിത്വ പ്രശ്നവും മറച്ചുവയ്ക്കാൻ പുതിയ മറകളൊരുക്കേണ്ടതുണ്ട്. ഗൾഫ് മേഖല അതിനുള്ള ഉത്തമ സാഹചര്യം ഒരുക്കിക്കൊടുക്കുമ്പോൾ അവരുടെ ജോലി എളുപ്പമായി. 1991 ലെ ഗൾഫ് യുദ്ധത്തിന്റെ യഥാർത്ഥ കാരണം സദ്ദാംഹുസൈന്റെ ആക്രമണോൽസുകതയായിരുന്നില്ല. ഇറാനുമായുള്ള എട്ടു കൊല്ലത്തെ യുദ്ധക്ഷീണം തീർക്കാൻ പാങ്ങില്ലാതിരിക്കെ സദ്ദാം എന്തുകൊണ്ട് മറ്റൊരു പടനീക്കത്തിനു മുതിർന്നു എന്നാരും അന്നു തിരക്കിയില്ല. കുവൈറ്റ് – ഇറാക്ക് അതിർത്തിയിലെ എണ്ണക്കിണറുകളിൽ നിന്ന് പരിധിവിട്ട് എണ്ണയെടുക്കുക വഴി, ഇറാക്കിന്റെ അതിർത്തിക്കടുത്ത എണ്ണക്കിണറുകൾക്കു ഗണ്യമായ ശോഷണം സംഭവിച്ചു. പലവട്ടം ഒപ്പെക്കിൽ ഇക്കാര്യം പറഞ്ഞിട്ടും അറബിനേതാക്കൾ കേട്ടഭാവം നടിച്ചില്ല. ഒടുവിൽ സാമ്പത്തികത്തകർച്ചയിലേക്കു കൂപ്പുകുത്തും മുമ്പത്തെ അവസാന അടവായിരുന്നു സദ്ദാമിന്റെ ഭീഷണി. അവിടെയാണ് മുതലാളിത്ത ലോകത്തിന്റെ കളി തുടങ്ങുന്നത്. ഭൂമിയിൽ തൽക്കാലമുള്ള മുഖ്യ ഇന്ധനമായ എണ്ണയ്ക്കുമേൽ ശാശ്വതമായൊരു "പിടി" ഉണ്ടാക്കാൻ കഴിഞ്ഞാൽ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ കമ്പോളനേട്ടമാകുമത്.

അത്തരമൊരു കളിയാണ് ഗൾഫ് യുദ്ധമെന്ന പേരിൽ 1991 ൽ അരങ്ങേറിയത്. എണ്ണവിപണിയുടെ മേൽ പൗരുഷമുള്ളൊരു നിയന്ത്രണം ഏർപ്പെടുത്താൻ അതുവഴി അമേരിക്കയ്ക്കു കഴിഞ്ഞു. ഭൂമിയിലെ വിപണികളുടെ ഇന്ധനമൂല്യത്തിനുമേലുള്ള ഈ നിയന്ത്രണത്തിൽ അന്തർലീനമായ മറ്റൊരു കമ്പോള ഘടകം കൂടിയുണ്ട്. ലോക വിപണിയിലെ എണ്ണവിലയുടെ നിർണയച്ചുമതല ഗൾഫിലെ വിരലിലെണ്ണാവുന്ന ചില കുടുംബങ്ങളുടെ കുത്തകയാണ്. അവരുടെ ഇഷ്ടാനുസരണം വിപണന എണ്ണയുടെ തോത് കുറയ്ക്കാനും വില നിജപ്പെടുത്താനും കഴിയും. എന്നാൽ കഴിഞ്ഞ ആറുവർഷമായി അത്രകണ്ട് നിയന്ത്രണം ഇക്കാര്യത്തിൽ നടപ്പിലാവുന്നില്ല. ഈ പശ്ചാത്തലത്തിലാണ് അമേരിക്കൻ ബുള്ളിയുടെ ഇടനില ലോക വിപണിയിൽ ഒപ്പെക്കിന് സഹായമാകുന്നത്.

അമേരിക്കയുടെ ഗൾഫിലുള്ള ഓരോ ഇടപെടലും ഇതിനു തെളിവാകുന്നുണ്ട്. ഇപ്പോഴത്തെ ആക്രമണത്തിന് പറയുന്ന കാരണം. കുർദുകളെ (ഇറാക്കിൽ തന്നെയുള്ള ഒരു വംശത്തെ) സദ്ദാംഹുസൈൻ ഉപദ്രവിക്കുന്നെന്നും തങ്ങൾ ഏർപ്പെടുത്തിയ വ്യോമയാന നിരോധനമേഖല ലംഘിച്ചെന്നുമുള്ള ആരോപണങ്ങളാണ്. വാസ്തവത്തിൽ ഇതുരണ്ടും ഇറാക്കിന്റെ തികച്ചും ആഭ്യന്തരമായ കാര്യങ്ങളാണ്. ഇറാക്കിനുള്ളിൽ ഇറാക്കിഭരണാധികാരികൾ നടത്തുന്ന

(ശേഷം 58-ാം പേജിൽ)



ജോർജ്ജ് ജോസഫ്, പറവൂർ

ഉയരത്തിൽ പറക്കുന്ന കഴുകൻ



സമകാലിക ലോക സാഹചര്യങ്ങളിൽ അശാന്തിയുടെ തുരുത്താണ് പേർഷ്യൻ ഗൾഫ്. എന്നും അവിടത്തെ പ്രശ്നങ്ങൾക്ക് ഒരു അന്താരാഷ്ട്ര മാനമുണ്ട്. അതുകൊണ്ടാണ് ഇറാക്കിൽ യാങ്കിപ്പട ചെന്നിറങ്ങുമ്പോൾ ലോകത്തിന്റെ നെഞ്ചിടിപ്പ് ഗണനീയമായി ഉയരുന്നത്. കുർദ്ദ് മേഖലകളിൽ സദ്ദാം ഹുസൈന്റെ മുട്ടാളത്തം എന്ന പുതിയ ആരോപണവുമായി ആധുനിക ലോകത്തെ പൊലീസായി മാറിക്കഴിഞ്ഞ അമേരിക്ക നാനാവിധമായ ആയുധങ്ങൾ ഇറാക്കിനു മേൽ പ്രയോഗിക്കുകയാണ്; പരീക്ഷിക്കുകയാണ്. ഈ വർഷം നവംബർ 5-ന് നടക്കുന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ബോബ് ഡോളുമായി ഏറ്റുമുട്ടുന്നതിന് തയ്യാറെടുക്കുന്ന ബിൽക്ളിന്റനെ സംബന്ധിച്ചിടത്തോളം ഇതു വ്യക്തിനിഷ്ഠമായ അധീശത്വത്തിന്റെ പ്രശ്നമായിരിക്കാം. എന്നാൽ ക്രൂയിസ് മിസൈലുകൾ കുതിച്ചുയരുമ്പോൾ ഉൾക്കടലിനും മഹാസമുദ്രത്തിനുമിപ്പുറം കൊച്ചുകേരളത്തിൽ പോലും ആശങ്ക വട്ടമിട്ടു പറക്കുകയാണ്.

ചെച്നിയയോ. അഫ്ഗാനിസ്ഥാനോ, കൊറിയൻ പ്രശ്നമോ. ഇന്ത്യാ - പാക് പ്രശ്നമോ. ആഫ്രിക്കയിലെ വംശീയ പോരാട്ടങ്ങളോ ഒന്നും ഇതുപോലെ ലോകത്തിനു ഉൾക്കിടിലമുണ്ടാക്കാറില്ല. അവിടങ്ങളിൽ അമേരിക്ക നേരിട്ടിടപെടാറുമില്ല. എന്തുകൊണ്ടാണിത്? ലളിതമായ ഒരു സാമ്പത്തിക സമവാക്യമാണിതിനുത്തരം. പേർഷ്യൻ ഉൾക്കടൽ മേഖലയിലെ എണ്ണ സമ്പന്നതയാണ് എന്നും അമേരിക്കയുടെ ഉന്നം. അതുകൊണ്ട് ഗൾഫിൽ ഈച്ചയനങ്ങിയാൽ ആ രാജ്യം വാളോങ്ങുന്നു.

സദ്ദാം ഹുസൈനെ ഒരു ആഗോള ഭീകരനായും തങ്ങൾ ആ ഭീകരനിൽ നിന്നും മറ്റു ഗൾഫ് രാജ്യങ്ങളെ രക്ഷിക്കുന്ന പൊലീസായും യു. എസ്. മേനി നടിക്കുന്നു. ആ രീതിയിൽ പ്രചണ്ഡമായ പ്രചാരണ താണ്ഡവവും ആഗോള മാധ്യമങ്ങൾ വഴി ആ രാഷ്ട്രം സംഘടിപ്പിക്കുന്നു. വിദ്യാഭ്യാസവും [illegible] കണ്ണിൽ പോലും ഇറാ[illegible] അനുഷ്ഠാനകാല[illegible]ത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരാണ് കഴുക ചിഹ്നം നെഞ്ചിൽ പേറുന്ന അമേരിക്ക. പലപ്പോഴും ചിന്തിക്കാറുള്ള ഒരു കാര്യമാണ് ലോകപ്രശ്നങ്ങളിൽ 'മാലാഖ'യുടെ റോൾ വഹിക്കാറുള്ള യു. എസിന് എങ്ങനെ കഴുകൻ ചിഹ്നമായി.

കഴിഞ്ഞ ഗൾഫ് യുദ്ധത്തിൽ സിവിലിയൻ കേന്ദ്രങ്ങളെ ആക്രമിച്ചതും തോറ്റ് ആയുധമുപേക്ഷിച്ച് പിന്തിരിഞ്ഞോടിയ ആയിരക്കണക്കിന് നിസ്സഹായരായ ഇറാക്കി പട്ടാളക്കാരെ ജീവനോടെ കുഴിച്ചുമൂടിയതും ലോകം മറന്നേക്കണം. പക്ഷേ മനുഷ്യാവകാശത്തിന്റെ പാഠഭേദങ്ങൾ ചമയ്ക്കുന്നതിന്റെ കുത്തകാവകാശം അവർക്കു മാത്രം. യുദ്ധം ആഘോഷിക്കുന്ന കുത്തകപ്പത്രങ്ങൾക്കാകട്ടെ അതു നുരയുന്ന ലഹരിയും.

ഏറ്റവും ഒടുവിലത്തെ ആക്രമണം ഉയർത്തുന്ന ഒരുപിടി സാമ്പത്തിക പ്രശ്നങ്ങളുണ്ട്. ഗൾഫിൽ എവിടെയെങ്കിലും ഒരു വെടിയൊച്ച മുഴങ്ങിയാൽ മതി എണ്ണവില ഉയരാൻ. യുദ്ധാനന്തര സാഹചര്യങ്ങളിൽ അതു പഴയ നിലവാരത്തിലേക്ക് മടങ്ങുക അത്ര സ്വാഭാവികമല്ലതാനും. നമ്മുടേതു പോലെ എണ്ണയ്ക്ക് അറബി രാജ്യങ്ങളുടെ വീട്ടുപടിക്കൽ കാവൽ കിടക്കേണ്ടി വരുന്ന ഒരു രാജ്യത്തിന് ഓർക്കാപ്പുറത്ത് ഇത്തരം സംഭവവികാസങ്ങൾ തിരിച്ചടിയാകുന്നു. ദുബായിലെ എണ്ണ വിപണിയെ ആശ്രയിച്ചാണ് ഇന്ത്യയുടെ ഇറക്കുമതി കണക്ക്. അവിടെ എണ്ണവില ബാരലിന് രണ്ട് ഡോളറിലധികം കൂടിക്കഴിഞ്ഞു. ആഗസ്റ്റ് 28-ന് 18.23 ഡോളറായിരുന്ന വില സെപ്റ്റംബർ 5 ആയപ്പോൾ 20 ഡോളറിന് മുകളിലായി. സിംഗപ്പൂരിൽ നാലു ഡോളർ കൂടി. ലണ്ടൻ വിപണിയിൽ ബാരലിന് ഒരു ഡോളർ ഉയർന്നു. സെപ്റ്റംബർ മൂന്നിന് 22.66 ഡോളറായിരുന്ന നാഫ്തയുടെ വില ടണ്ണിന് 5 ഡോളറും മണ്ണെണ്ണക്ക് ബാരലിന് 2 ഡോളറും കൂടി കഴിഞ്ഞു അവിടെ വില.

1996 - 97 ൽ 49.276 ദശലക്ഷം ടൺ ക്രൂഡ് ഓയിലും 759 കോടി ഡോളറിന്റെ പെട്രോളിയം ഉത്പന്നങ്ങളും ഇറക്കുമതി ചെയ്യുന്ന ഇന്ത്യയെപ്പോലെ ഒരു രാജ്യത്തെ ഇതെത്രമാത്രം ദുരിതത്തിലാഴ്ത്തുമെന്ന് പരത്തി പറയേണ്ടതുണ്ടോ?

ഓയിൽ ഇറക്കുമതി ഇടപാടിൽ ഉണ്ടായിരുന്ന 11,000 കോടിരൂപയുടെ കമ്മി കുറയ്ക്കുന്നതിനാണ് മാസങ്ങൾക്കുമുമ്പ് ദേവഗൗഡ സർക്കാർ പെട്രോൾ. ഡീസൽ വില ഉയർത്തിയത്. ഇതുവഴി കമ്മി 2000 കോടിയായി കുറയ്ക്കാനാകുമെന്നും കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ അന്താരാഷ്ട്ര വിപണയിലെ പുതിയ മാറ്റംമറിച്ചിലുകൾ മൂലം ഈ വർഷം ഒടുവിൽ കമ്മി വീണ്ടും 11,000 കോടിയായി ഉയരുമെന്ന് പെട്രോളിയം മന്ത്രാലയം കണക്കുകൂട്ടുന്നു. വഞ്ചി വീണ്ടും തിരുനക്കര തന്നെ കാണാമെന്നു ചുരുക്കം. ഈ വിലക്കയറ്റം താത്ക്കാലിക പ്രശ്നമെന്ന് പറയുന്നുണ്ടെങ്കിലും മുന്നനുഭവങ്ങൾ വച്ച് വിദഗ്ദ്ധർ വ്യക്തമാക്കുന്നത് പ്രശ്നങ്ങൾ തീർന്നാലും വില കുറയുന്നതു വളരെ കുറഞ്ഞ ഗതിവേഗത്തിലാണെന്നാണ്. അമേരിക്കൻ നീക്കം ലോകവിപണികളിൽ ചെയ്യേണ്ട നാശം വിതറികഴിഞ്ഞിരിക്കുന്നുവെന്നു ചുരുക്കം.

> സദ്ദാം ഹുസൈനെ ഒരു ആഗോള ഭീകരനായും തങ്ങൾ ആ ഭീകരനിൽ നിന്നും മറ്റു ഗൾഫ് രാജ്യങ്ങളെ രക്ഷിക്കുന്ന പൊലീസായും യു. എസ്. മേനി നടിക്കുന്നു. ആ രീതിയിൽ പ്രചണ്ഡമായ പ്രചാരണ താണ്ഡവവും ആഗോള മാധ്യമങ്ങൾ വഴി ആ രാഷ്ട്രം സംഘടിപ്പിക്കുന്നു.

ഏഷ്യൻ രാജ്യങ്ങളിലെ വിവിധ സ്റ്റോക്ക് മാർക്കറ്റുകളിലും ലണ്ടൻ വിപണിയിലും ഓഹരി വിലകളിൽ ഗണ്യമായ ഇടിവുണ്ടായിട്ടുണ്ട്. ഓഹരി വിപണന കേന്ദ്രങ്ങളെ അമേരിക്കൻ നീക്കം മ്ളാനതയിലാഴ്ത്തിയിരിക്കുകയാണ്. മുംബയ് സ്റ്റോക്ക് എക്സ്ചേഞ്ചിലെ പ്രധാന സൂചിക സെപ്റ്റംബർ 3ന് മാത്രം 76.32 പോയിന്റ് താഴ്ന്നു. ഗൾഫ് മേഖലയിൽ അമേരിക്ക നടത്തിയ പരിമിതമായ ഒരു നീക്കം ഉണ്ടാക്കിയ ഉടൻ പ്രത്യാഘാതങ്ങളാണിവ. ഇതു ലോകത്തെ പാവപ്പെട്ട ജനതകളെ എത്രമാത്രം വലയ്ക്കുമെന്ന് കണക്കെടുക്കേണ്ട ബാധ്യതയൊന്നും യു. എസ്സിനില്ല. സഖ്യരാജ്യങ്ങൾ നീക്കത്തിന് ഓശാനയും പാടിയിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലെ നോക്കുകുത്തി സംഘടനയായ യു. എൻ. ഒയുടെ മേലംഗീകാരവും ക്ളിന്റനുണ്ട്.

അധീശത്വമുറപ്പിക്കുവാനും ലോകത്തെ ചൊൽപ്പടിക്കു നിർത്താനും അമേരിക്കയ്ക്ക് പൂർണ്ണമായും കഴിഞ്ഞിരിക്കുന്നു. ആരെങ്കിലും അംഗീകരിക്കുന്നില്ലെങ്കിൽ അവർക്കുള്ള ചൂണ്ടുപലകയാണ് ഗൾഫ്. അമേരിക്കയിൽ കഴുത ചിഹ്നമായുള്ള പാർട്ടി ജയിച്ചാലും ആ അടയാളമായ കക്ഷി ജയിച്ചാലും അതിനു ഭേദമില്ല. ഏറ്റവുമുയരത്തിൽ പറക്കുന്നത് കഴുകൻ തന്നെയാണല്ലോ.

ജിനേഷ്കുമാർ

ആഹ്ലാദകരമായ ഭാവനയും 'പുതിയമൂഡും'

ഏറ്റവും നന്നായി മനശ്ശാസ്ത്രം പഠിച്ചവർ ആരാണ്? സംശയമില്ല. പരസ്യക്കാർതന്നെ. മനശ്ശാസ്ത്രം മാത്രമല്ല, സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രവും ചരിത്രവുമെല്ലാം സൂക്ഷ്മമായി അവർ പഠിക്കുന്നു. ജനമനസ്സിൽ ഇരച്ചുകയറി ഉപഭോഗസംസ്കാരത്തിന്റെ പതാക പറപ്പിക്കാൻ ഇതെല്ലാം പഠിച്ചേ പറ്റൂ. ഇങ്ങനെ സജ്ജമായിത്തന്നെയാണ് ഹിന്ദുസ്ഥാൻ ലാറ്റക്സും ആഗസ്റ്റ് 17-നു രംഗത്തെത്തിയത്. മറ്റേതു പരസ്യക്കാരെയും വെല്ലുന്ന ഒരു തന്ത്രവും അവർ മെനഞ്ഞെടുത്തിരുന്നു.

പറഞ്ഞുവരുന്നത് വിവാദമായ 'മൂഡ്സ്' ഗർഭനിരോധന ഉറയുടെ പരസ്യത്തെക്കുറിച്ചാണ്. 'പുതിയകാലത്തിനു പറ്റിയ പരീക്ഷണമാണ് ഹിന്ദുസ്ഥാൻ ലാറ്റക്സ് നടത്തിയത്. മനോരമപത്രം തന്നെ അതിനു വേദിയായത് എന്തുകൊണ്ടും അന്വർത്ഥമായി. ലക്ഷങ്ങൾ ചെലവഴിച്ചു പ്രസിദ്ധീകരിച്ച കാൽപേജ് പരസ്യത്തിൽ നഗ്നനായ പുരുഷനെ നോക്കിനില്ക്കുന്ന സ്ത്രീയുടെ ചിത്രമായിരുന്നു. അവൾ ആ പുരുഷനെക്കുറിച്ച് എന്താണ് ആലോചിക്കുന്നതെന്ന് എഴുതി അയച്ചാൽ വിലപിടിച്ച സമ്മാനങ്ങൾ നേടാം. 'ആഹ്ലാദകരമായ ഭാവന' ഉപയോഗിച്ച് സ്ത്രീകളുടെ മനസ്സറിയാനുള്ള പ്രാഗല്ഭ്യം തെളിയിക്കുന്ന പ്രതിഭാശാലികളുടെ പേര് എല്ലാ പത്രത്തിലും പ്രസിദ്ധീകരിക്കുമെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്.

മനോരമയിലൂടെ ഏഴുലക്ഷം കുടുംബങ്ങൾ ഈ പരസ്യം കണ്ടു സ്തംഭിച്ചിരിക്കവേയാണ് പിറ്റേന്നു തന്ത്രപൂർവമായ മറ്റൊരു നീക്കം നടന്നത്. പരസ്യം പിൻവലിച്ചു എന്നു കമ്പനിക്കാർ അറിയിച്ചു. പരസ്യച്ചെലവുകൂടാതെ ഈ വാർത്ത മിക്കവാറും എല്ലാ പത്രങ്ങളിലും വന്നു. പരസ്യം പ്രസിദ്ധീകരിച്ച മനോരമയാകട്ടെ, കുറച്ചുകൂടി കടന്നു പ്രവർത്തിച്ചു. ഒന്നാം പേജിൽ ഏറ്റവും മുകളിൽ ഒന്നാം കോളത്തിൽത്തന്നെ ഈ വാർത്തയോടൊപ്പം പരസ്യത്തിലെ ചിത്രം പുനഃപ്രസിദ്ധീകരിച്ചു.

ഭേഷ്. ഗൂഢാലോചന നടത്തുമ്പോൾ ഇങ്ങനെ വേണം. ആദ്യദിവസം പരസ്യം ശ്രദ്ധിക്കാത്തവർ പോലും പിറ്റേന്നത്തെ വാർത്തയും ചിത്രവും കണ്ട് ഉത്തേജിതരായി തലേന്നത്തെ പത്രം തിരഞ്ഞു പോയി. ചെറിയ ഒരു നീക്കത്തിലൂടെ കേരളീയരുടെ ചർച്ചാവിഷയമായി ഇതു മാറിയെന്നർത്ഥം. മാസങ്ങളോളം തുടർച്ചയായി പരസ്യം കൊടുത്താലും കിട്ടാത്ത പ്രചാരം ഇങ്ങനെ ലഭിച്ചു. പരസ്യം പിൻവലിക്കുക എന്നതുതന്നെ തട്ടിപ്പാണെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാകും. ലക്ഷക്കണക്കിനാളുകളുടെ മനസ്സിലെത്തിയ ഒരു പരസ്യം എങ്ങനെയാണ് പിൻവലിക്കുക? അവരുടെ മനസ്സിൽനിന്നും അതു മായ്ച്ചുകളയാൻ പറ്റുമോ? യുക്തിപൂർവ്വമുള്ള ഇത്തരം ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങിയാൽ ഉപഭോഗവ്യവസ്ഥതന്നെ തകർന്നു വീഴും. അതുകൊണ്ടാണല്ലോ യുക്തിബോധമില്ലാത്ത, സാങ്കല്പികജീവികളാക്കി പരസ്യക്കാർ നമ്മെ മാറ്റുന്നത്. അശ്ലീലച്ചുവയുള്ളതിനാലാണത്രേ പിൻവലിച്ചത്. (അത് ഒന്നാം പേജിൽ മനോരമ പിന്നീടു പ്രസിദ്ധീകരിച്ചതും അശ്ലീലത്തിന്റെ സാദ്ധ്യത മനസ്സിലാക്കിയാവും.)

കേരളീയ സമൂഹം ഇന്ന് എത്തിപ്പെട്ട അവസ്ഥയുടെ കണ്ണാടിയാണ് ഈ പരസ്യം. മനശ്ശാസ്ത്രയുദ്ധത്തിന് ഏറ്റവും മികച്ച ഉദാഹരണവും. ജന്മവാസനകളെ പരമാവധി മുതലെടുത്തും പ്രലോഭിപ്പിച്ചും ബോധത്തെ കീഴടക്കുക എന്നതാണ് പരസ്യങ്ങളുടെ രീതി. ലൈംഗികത കാട്ടി വശീകരിക്കൽ പണ്ടേയുള്ള തന്ത്രമാണ്. എന്നാൽ ലൈംഗിക അരാജകത്വത്തിന്റെയും പച്ചയായ അശ്ലീലത്തിന്റെയും തലത്തിലേക്ക് അതു ചുവടുമാറുന്നത് അടുത്തകാലത്താണ്. കൃത്യമായിപ്പറഞ്ഞാൽ ഉദാരവൽക്കരണത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും വരവോടെ. അഞ്ചുവർഷംമുമ്പുവരെ ഇങ്ങനെയൊരു പരസ്യം കൊടുക്കാൻ ഒരു കമ്പനിയും ഒരു പത്രവും ധൈര്യപ്പെടില്ലായിരുന്നു. ഇപ്പോൾ ഏതു വൃത്തികേടും ആഹ്ലാദപൂർവം സ്വീകരിക്കാൻ കഴിയുംവിധം കേരളീയ മനസ്സും പരുവപ്പെട്ടു എന്ന് അവർക്കും ബോദ്ധ്യപ്പെട്ടുകാണും. ഉദാരവൽക്കരണമെന്ന അമേരിക്കൻവൽക്കരണത്തിന്റെ ദുരന്തഫലങ്ങളിലൊന്നാണിത്. പതിനഞ്ചു വയസ്സുകാരന്റെ കൈയിൽ തോക്കും, പതിനഞ്ചു വയസ്സുകാരിയുടെ കൈയിൽ അവിഹിതശിശുവും പതിവുകാഴ്ചയാവുന്ന അമേരിക്കൻ സംസ്കാരത്തിലേക്ക് ഇനി നമുക്കും അധികം ദൂരമില്ല.

ജീവിതം ഉപഭോഗവൃത്തി മാത്രമാണെന്നു വരുത്താൻ മുതലാളിത്തം മുമ്പുതന്നെ ശ്രമം തുടങ്ങിയിട്ടുണ്ട്. എന്നാൽ, ജീവിതം വെറും സംഭോഗവൃത്തി മാത്രമാണെന്നു നമ്മെ തെറ്റിദ്ധരിപ്പിക്കാൻ വ്യാപകനീക്കം നടക്കുന്നത് അടുത്തകാലത്താണ്. ഏതു പ്രവൃത്തിയെയും ലൈംഗികതയിലേക്കു വെട്ടിച്ചുരുക്കാനും, ഏതനുഭവത്തെയും ലൈംഗികാനുഭവമാക്കി അവതരിപ്പിക്കാനും കമ്പോളവും അതിന്റെ പ്രചാരണവ്യവസ്ഥയും പ്രത്യേകം ശ്രദ്ധിക്കുന്നു. ഉദാരവൽക്കരണത്തോടെ കുടുംബങ്ങളിലേക്കു കടന്നുവന്ന 24 മണിക്കൂർ ചാനലുകളും സിനിമ, പൈങ്കിളി വാരിക, മഞ്ഞപ്പത്രം തുടങ്ങിയവയും നഗ്നതയുടെയും ഇണചേരലിന്റെയും കൂത്തരങ്ങു മാത്രമായി മാറി. ജീവിതത്തിന്റെ അജണ്ടയിൽനിന്നു യഥാർത്ഥ പ്രശ്നങ്ങൾ മായ്ച്ചുകളയുകയും അശ്ലീലത്തെ പകരം സ്ഥാപിക്കുകയുമാണ് ഇവ ചെയ്തത്. ദ്വയാർത്ഥപ്രയോഗങ്ങളും അശ്ലീലവർത്തമാനവും ഫാഷൻപോലെ എല്ലാതരക്കാരിലും പടർന്നിരിക്കയാണ്.

> ജീവിതം ഉപഭോഗവൃത്തി മാത്രമാണെന്നു വരുത്താൻ മുതലാളിത്തം മുമ്പുതന്നെ ശ്രമം തുടങ്ങിയിട്ടുണ്ട്. എന്നാൽ, ജീവിതം വെറും സംഭോഗവൃത്തി മാത്രമാണെന്നു നമ്മെ തെറ്റിദ്ധരിപ്പിക്കാൻ വ്യാപകനീക്കം നടക്കുന്നത് അടുത്തകാലത്താണ്.

ഈ അവസ്ഥയെ കുറേക്കൂടി വളർത്തുന്നതിലേക്കുള്ള കനപ്പെട്ട സംഭാവനയാണ് മൂഡ്സിന്റെ പരസ്യം. നമ്മുടെ അശ്ലീലഭാവനയ്ക്കു യഥേഷ്ടം വിഹരിക്കാനുള്ള ആകാശം ഒരുക്കിത്തരികയാണ് പരസ്യം ചെയ്തത്. ഇനിയുള്ള കാലത്ത് ഭാവന എന്നാൽ അശ്ലീലഭാവന മാത്രം എന്നാണിതിന്റെ ധ്വനി. പേരുകേട്ട എഴുത്തുകാർപോലും ഈ സ്ഥിതിയിലെത്തി എന്നതിനു കഴിഞ്ഞാഴ്ച പുറത്തിറങ്ങിയ ചില വിശേഷാൽപ്രതിയിൽ അക്ബർ കക്കട്ടിൽ എഴുതിയ കുറിപ്പ് സാക്ഷ്യം വഹിക്കുന്നു. കഥയുമായി ബന്ധപ്പെട്ട ഓർമ്മകളെക്കുറിച്ചാണത്രേ അദ്ദേഹം എഴുതുന്നത്. പക്ഷേ, സ്ത്രീക്കുമുമ്പു പുരുഷൻ രതിമൂർച്ഛയിലെത്തുന്നതാണ് സ്ത്രീകളുടെ ഇന്നത്തെ പ്രശ്നമെന്ന് എഴുതി മൂഡ്സിന്റെ പരസ്യത്തെയും തോല്പിക്കുകയാണ് അദ്ദേഹം.

കേരളീയജീവിതം ഇന്ന് എത്രമാത്രം ഭീകരമായിരിക്കുന്നു എന്ന യാഥാർത്ഥ്യവുമായി ചേർത്തു വായിക്കുമ്പോഴേ ഇത്തരം ആഭാസങ്ങളുടെ ദൗത്യമെന്തെന്നു തിരിച്ചറിയാനാവൂ. കൂട്ട ബലാത്സംഗവും നീലച്ചിത്രനിർമ്മാണവും സൂര്യനെല്ലികളും അനുനിമിഷം പെരുകുകയാണ്. എട്ടുമാസം മുതൽ 80 വയസ്സുവരെ പ്രായമുള്ള സ്ത്രീജന്മങ്ങൾ ബലാൽക്കാരത്തിനു വിധേയമാവുന്നു. പുതിയ സമൂഹത്തിന്റെ പ്രായോഗികപ്രവർത്തനം ഇതാണ്. ഇതിനുള്ള സൈദ്ധാന്തിക അടിത്തറയാണ് പരസ്യങ്ങളും

(ശേഷം 58-ാം പേജിൽ)

കള്ളിക്കാട് രാമചന്ദ്രൻ

പടനിലങ്ങളിൽ ഇനി പനിനീർ പുഷ്പങ്ങൾ

എലികൾ വാസമില്ലാത്ത ഇല്ലങ്ങളും ചുട്ടുനശിപ്പിക്കലാണ് ചില ഇസ്ലാമിക മതമൗലികസംഘടനകൾ എന്നു പറഞ്ഞാൽ അത് ഒരു സമീപകാല നോക്കാനിരിക്കില്ല. എലികൾ വാസമില്ലാത്ത ഒരു പുരയിടത്തിൽ ഇല്ലം എലികളെ കൊല്ലാനെന്ന വ്യാജേന ഇസ്ലാമിക് തീവ്രവാദി സംഘടനകൾ ചുട്ടെരിച്ചത് പാലസ്തീൻ ദേശത്ത് നാം കണ്ടതാണ്. പാലസ്തീൻ ഒരു സ്വതന്ത്രരാജ്യം എന്ന സ്വപ്നത്തിൻ കീഴിൽ 'ഹമാസ്', 'ഹിസ്ബുള്ള' എന്നീ മതമൗലിക തീവ്രവാദി ചാവേർ സംഘങ്ങൾ തീ കൊളുത്തിയതു കൊണ്ടെന്തു നേടി? വലതുപക്ഷക്കാരനിലും വലതുപക്ഷക്കാരനായ ഒരു സിയോണിസ്റ്റ് ഭ്രാന്തൻ ഇസ്രയേലിന്റെ പ്രധാനമന്ത്രിയായി പ്രതിഷ്ഠിക്കപ്പെട്ടു. പാലസ്തീനികളുടെ ചരിത്രത്തോടു കനിവുള്ളവനായിരുന്ന ഷിമോൺ പെരസ് എന്ന നന്മയുള്ളവനെ ഏതാണ്ടൊരു രാഷ്ട്രീയ വനവാസത്തിന് അയയ്ക്കുന്നതിനു അവർ പങ്കുവഹിച്ചു. സൂയസ് തോടിന്റെ പടിഞ്ഞാറെക്കരയിൽ നിന്ന് ഷിമോൺ പെരസിന്റെ ലേബർ പാർട്ടി ഭരണം സമാധാനത്തിന് വേണ്ടി ഒഴിപ്പിച്ചു പറഞ്ഞുവിട്ട ജൂതന്മാർ തീവ്രവിദ്വേഷത്തോടെ തിരിച്ചെത്തി പാർപ്പിടങ്ങൾ പണിയുന്നു. അവർ പാലസ്തീനികളെ നോക്കി പുലയാട്ടും നടത്തുന്നു.

'ഹമാസും' 'ഹിസ്ബുള്ള'യും മദ്ധ്യശതക പ്രാകൃതം ചിന്തകളിൽ കൊണ്ടാടുന്നവരാണ്. സ്വപ്നദേശങ്ങൾ ചാർത്തിക്കിട്ടാൻ വിട്ടുവീഴ്ചയും നല്ലൊരായുധമാണെന്ന് അവർ മനഃപൂർവ്വം മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. വിട്ടുവീഴ്ചയുടെ ഗുണപാഠങ്ങൾ അവർ നൂർ മിസ്വയെറിയിൽ നിന്ന് മനസ്സിലാക്കട്ടെ.

നമുക്ക് കഴിഞ്ഞുപോയ ആഴ്ച നൽകിയ ഏറ്റവും സുഖകരമായ വാർത്ത ഫിലിപ്പൈൻസിലെ ഭരണകൂടവും മുസ്ലീം വിഘടനവാദികളായ പോരാളികളും തമ്മിലുള്ള ഒത്തുതീർപ്പു കരാറാണ്. പോയ ഇരുപത്തിനാലു വർഷമായി രക്തതർപ്പണം നടന്നു കൊണ്ടിരുന്ന പടനിലത്താണ് വെള്ളക്കൊടി ഉയർന്നിരിക്കുന്നത്. ഒന്നേ കാൽലക്ഷം പേരെയാണ് ഇരുപത്തിനാലുവർഷത്തെ പോരാട്ടം കൊണ്ടു മരണത്തിന് ലഭിച്ചത്. അവരുടെ ആത്മാക്കൾ സമാധാനക്കരാറിൽ ഒപ്പുവയ്ക്കുക തന്നെ ചെയ്യും. എലി

[illegible] റിപ്പബ്ലിക്ക്. ദ്വീപുകളുടെ തുന്നിക്കൂട്ടൽ അത്ര ദൃഢമല്ല, സുഖകരവുമല്ല. കത്തോലിക്കാ വിഭാഗക്കാരായ ക്രിസ്ത്യാനികളുടെ അധികാരത്തിന്റെ കുരിശടയാളം ഫിലിപ്പൈൻസിന്റെ ഭരണത്തിൽ പതിഞ്ഞിരിക്കുന്നു. അമേരിക്കൻ സംരക്ഷിത പ്രദേശമായതുകൊണ്ട് അമേരിക്കക്കാരുടെയും മറ്റു സന്ദർശകരുടെയും 'രാ പാർക്കൽ പ്രദേശ'മെന്ന ദുഷ്കീർത്തിയും ഫിലിപ്പൈൻസിന് ഒരു കാലത്ത് അവകാശപ്പെട്ടതായിരുന്നു. ഫിലിപ്പൈൻസിൽ നിന്ന് മറുനാടുകളിലേക്ക് വിസയെടുത്തു പോകുന്ന 'മാൻ പവറി'ന് ഇപ്പോഴുമുണ്ട് ലിപ്സ്റ്റിക്ക് പുരട്ടിയ മദനപുഷ്പങ്ങൾ. പ്രസിഡന്റ് പദവിയിലായിരുന്നുവെങ്കിലും ചക്രവർത്തിയായി വിരാജിച്ച മാർക്കോസിന്റെ പലായന

വും കോറി അക്വിനോ എന്ന വിധവയുടെ അഗ്നിപ്രതിജ്ഞ നിറവേറുന്നതു പോലുള്ള വരവും ഫിലിപ്പൈൻസിന്റെ മഗ്ദലീൻ കൊടിയുയർത്തി എന്ന നേര് അവഗണിക്കാനാവില്ല. കോറി അക്വിനോയുടെ പിൻഗാമിയായി വന്ന ഫിഡൽ റാമോസ് ഫിലിപ്പൈൻസിനെ ഒരു സമാധാനദേശമായി പൊക്കിയെടുക്കാനുള്ള ശ്രമത്തിലാണ്. അതിന്റെ ഉത്തമ തെളിവാണ് നൂർമിസ്വയെറിയുമായുള്ള പോരാട്ടനിവൃത്തി കരാർ.

മിൻഡനാവോയിലൂടെയാവട്ടെ നൂർ മിസ്വയെറിയെ അറിയാനുള്ള നമ്മുടെ പോക്ക്. വലിപ്പം കൊണ്ട് ഫിലിപ്പൈൻസ് ദ്വീപ് സഞ്ചയത്തിലെ രണ്ടാമനാണ് മിൻഡനാവോ. ഫിലിപ്പൈൻസിന്റെ ഏറ്റവും തെക്കായി അലകടലിൽ കിടക്കുന്ന ഈ ദ്വീപിൽ ഭരണത്തിൽ ക്രൈസ്തവ അധീശത്വമാണെങ്കിലും മുസ്ലീങ്ങൾ പ്രബലശക്തിയാണ്. ദൂരെ ദൂരെ ഒരുപാടു കടലിടുക്കുകളുടെ വിടവുകൾക്കപ്പുറം മനിലായിൽ ഇരുന്നു ഭരിച്ചുകൊണ്ടിരുന്നവർ മിൻഡനാവോയെ ഏതാണ്ടൊരു പുറംപോക്കു ഭൂമിയായി എഴുതിത്തള്ളുകയായിരുന്നു. ആ എഴുതിത്തള്ളലിന് വില കൊടുക്കേണ്ടിവന്നു. മിൻഡനാവോയെ ഒരു സ്വതന്ത്രരാജ്യമാക്കാൻ വേണ്ടി മുസ്ലീം ജനത ആയുധമെടുത്തു പോരാട്ടം തുടങ്ങി. ലിബിയയിലെ ഗദ്ദാഫി അവരുടെ ആയുധപ്പുരകൾ നിറച്ചുകൊടുത്തു. പ്രസിഡന്റ് മാർക്കോസുമായി ചങ്ങാത്തമുണ്ടായിരുന്ന ഇസ്ലാമിക് രാജ്യങ്ങൾ പോലും മിൻഡനാവോയിലെ ഒളിപ്പോരാളികളുടെ ധാന്യപ്പുരകൾ രഹസ്യമായി നിറച്ചുകൊണ്ടിരുന്നു. അമേരിക്കൻ നിർമ്മിത ആയുധങ്ങളുമായി എത്ര പൊരുതിയിട്ടും മിൻഡനാവോയിലെ മുസ്ലീം ഗറില്ലകളുടെ മുമ്പിൽ മാർക്കോസ് പുല്ലുത്തിലും അല്പം

> 'ഹമാസും' 'ഹിസ്ബുള്ള'യും മദ്ധ്യശതക പ്രാകൃതം ചിന്തകളിൽ കൊണ്ടാടുന്നവരാണ്. സ്വപ്നദേശങ്ങൾ ചാർത്തിക്കിട്ടാൻ വിട്ടുവീഴ്ചയും നല്ലൊരായുധമാണെന്ന് അവർ മനഃപൂർവ്വം മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു. വിട്ടുവീഴ്ചയുടെ ഗുണപാഠങ്ങൾ അവർ നൂർ മിസ്വയെറിയിൽ നിന്ന് മനസ്സിലാക്കട്ടെ.

നൂർ മിസ്വയെർ

മുകളിൽ കേറി നിൽക്കുന്ന നേട്ടമേ വാങ്ങിയുള്ളൂ. മാർക്കോസിനെ ഓടിച്ച് കോറി അക്വിനോ ഭരണത്തിൽ വന്നതോടെ മിൻഡാനാവോയിൽ പ്രതീക്ഷകൾ പൂക്കാൻ തുടങ്ങി. മിസിസ്സ് അക്വിനോ സമാധാനത്തിന്റെ പൂക്കൾ മിൻഡാനോവയിലേക്ക് കൊടുത്തയച്ചു. പണ്ടു മാർക്കോസ്കൊടുത്തയച്ചു കൊണ്ടിരുന്നത് ശവപ്പെട്ടികളും മിസാൻ കല്ലുകളുമായിരുന്നുവല്ലോ. ഫിഡേൽ റാമോസ് പഴയ പട്ടാളക്കാരനാണെങ്കിലും കോറി അക്വിനോയ്ക്കും നേടാൻ കഴിയാത്ത സമാധാന ഉടമ്പടിയിൽ കയ്യൊപ്പുവച്ചിരിക്കുന്നു. നന്ദിപൂർവ്വം സ്മരിക്കപ്പെടേണ്ടത് ഫിലിപ്പൈൻ സർവ്വകലാശാലയിൽ പൊളിറ്റിക്കൽ സയൻസ് പാഠിപ്പിച്ചിരുന്ന നൂർ മിസുയെറി എന്ന പോരാട്ട നേതാവിനെയാണ്. മിൻഡാനാവോയിൽ സമാധാനത്തിന്റെ ഇല്ലങ്ങൾ പണിയാനുള്ള ശ്രമത്തിലാണ് നൂർ മിസുയെറി. പക്ഷേ സമാധാന ഉടമ്പടി കൊണ്ടു തൃപ്തിവരാത്ത ചില

വും നൂറുല്ലജി മിസുയെറി (അതാണ് മുഴുവൻ പേര്) യുടെ ബുദ്ധി വികാസത്തിന് തടസ്സം നിന്നില്ല. പഠനത്തിൽ ബഹുസമർത്ഥനായിരുന്ന മിസുയെറി വിദൂരമായ മനിലയിലെ യൂണിവേഴ്സിറ്റി ഒഫ് ഫിലിപ്പൈൻസിൽ പോയി പഠിച്ചു. അന്നു ഹോസ്റ്റലിലെ സഹവാസി റൂബൻ ടോറസ്സായിരുന്നു. ആ പഴയ ചങ്ങാതി ഇന്ന് പ്രസിഡന്റ് ഫിഡേൽ റാമോസിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയാണ്. മിസുയെറിയുടെ മുസ്ലീം പോരാട്ടസേനയുമായുള്ള യുദ്ധം മയപ്പെടുത്തി ചരിത്രത്തിൽ ഒരു വിരലൊപ്പിടാൻ റാമോസിനെ പ്രേരിപ്പിച്ചത് റൂബനാണ്. മിസ്സുയെറി പറഞ്ഞു കേൾപ്പിച്ച കടൽത്തീര യക്ഷിക്കഥകളുടെ മധുരം ഇപ്പോഴും റൂബന്റെ മനസ്സിലുണ്ടാവാം.

വിയറ്റ്നാം യുദ്ധകാലത്ത് അമേരിക്കയ്ക്കും അമേരിക്കയുടെ മെതിയടി പൂജാരിയായ പ്രസിഡന്റ് മാർക്കോസിനുമെതിരേ വിദ്യാർത്ഥികളെ നയിച്ചുകൊണ്ട് നൂർ മിസുയെറി തെരുവിലിറങ്ങുകയും

ബറേഷൻ ഫ്രണ്ടിന് പിറവി നൽകിയത്. മൂന്നു വർഷത്തിനുശേഷം മിസുയെറിയെ അരിശം പിടിപ്പിച്ച സംഭവം നടന്നു. ഫിലിപ്പൈൻസിൽ ഒരു പുതിയ ഭരണഘടന തയാറാക്കാനുള്ള നിയമനിർമ്മാണസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ മിസുയെറി സ്ഥാനാർത്ഥിയായിരുന്നു. പട്ടാളക്കാർ വ്യാജവോട്ടുകൾ പെട്ടിയിൽ നിറച്ച തിരഞ്ഞെടുപ്പിൽ മിസുയെറി തോറ്റു. ജനാധിപത്യം തോറ്റു കഴിഞ്ഞാൽ പിന്നെ പോരാട്ടത്തിന്റെ വഴിയല്ലേയുള്ളൂ. ദരിദ്രരും അധികാരസ്ഥാനങ്ങളിൽ നിന്ന് മാറ്റിനിറുത്തപ്പെട്ടവരുമായ മോറോ മുസ്ലീങ്ങൾ നൂർ മിസുയെറിയെ വിമോചന നായകനായി കണ്ടു. ഒളിപ്പോരാളികൾ ലിബിയയിൽ ചെന്നു. ആയുധ പരിശീലനവും പുതിയ ഇസ്ലാമിക് സൂക്തങ്ങളും സമ്പാദിച്ചു. ഫിലിപ്പൈൻ സൈന്യം അവരുടെ പോരാട്ടം കണ്ട് അമ്പരന്നു. ആയിരത്തി തൊള്ളായിരത്തി എഴുപത്തിരണ്ടിൽ പ്രസിഡന്റ് മാർക്കോസ് മിൻഡാനോവയെ മാർഷ്യൽ ലോയുടെ കവചം ധരിപ്പിച്ചു. മുസ്ലീങ്ങൾ തങ്ങളുടെ സ്വപ്നങ്ങളുടെ അന്തകരായിത്തീരുമെന്ന ഭയം കൊണ്ടാവണം മിൻഡാനാവോയിലെ ക്രൈസ്തവർ പട്ടാളക്കാരുടെ ഒറ്റുകാരായി മാറി. അത് മുസ്ലീങ്ങളും ക്രൈസ്തവരും തമ്മിലുള്ള രക്തരൂഷിത ആഭ്യന്തരയുദ്ധത്തിന് ചോരച്ചാലുകൾ കീറിക്കൊടുത്തു. മിസുയെറിയുടെ ഇളയ സഹോദരൻ യുദ്ധത്തിൽ കൊല്ലപ്പെട്ടു. അതോടെ യുദ്ധം രൂക്ഷമാകേണ്ടതായിരുന്നു. പക്ഷേ മിസുയെറിയുടെ ദൈവമായ ലിബിയയിലെ കേണൽ ഗദ്ദാഫി ചുവടുമാറി ഒരു കളികളിച്ചു. പക്ഷേ ഗദ്ദാഫിയുടെ ആ കളി ഫിലിപ്പൈൻസിന്റെ മാറിയ ചരിത്രത്തോടുള്ള ഒരു സന്ധി ചെയ്യലായിരുന്നു. അമേരിക്കയുടെ മെതിയടി പൂജക്കാരനായിരുന്ന മാർക്കോസിനു പകരം അത്രയധികം അമേരിക്കൻ വിധേയത്വമില്ലാത്ത കോറി അക്വിനോയും പിന്നീട് ഫിഡേൽ റാമോസും ഭരണത്തിൽ കയറിയത് ഗദ്ദാഫിയുടെ മനംമാറ്റത്തിന് കാരണമായി.

മുസ്ലീം അധീശത്വമുള്ള മിൻഡാനാവോ എന്ന സ്വതന്ത്ര രാജ്യം അയാഥാർത്ഥ്യമാണെന്ന് ഗദ്ദാഫിക്ക് മാത്രമല്ല 56 അംഗ ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫറൻസിനും ബോദ്ധ്യമായി. സ്വയംഭരണാവകാശമുള്ള ഒരു സ്റ്റേറ്റിന്റെ പദവി കൊണ്ടു തൃപ്തിയടയാൻ അവർ മിസുയെറിയെ ഉപദേശിച്ചു. ഉപദേശം കേൾക്കാൻ മിസുയെറിയെ പ്രേരിപ്പിച്ച രണ്ടു കാരണങ്ങൾ കൂടിയുണ്ട്. ലോകത്തിലെ മറ്റേതു ഭരണഘടനയെക്കാൾ മിസുയെറി ആരാധിച്ചിരുന്നത് അമേരിക്കൻ ഫെഡറൽ ഭരണഘടനയെയായിരുന്നു. ഓരോ ദേശങ്ങൾക്കും അവരുടേതായ പ്രാദേശിക നിയമങ്ങൾക്ക് കീഴിൽ ഐശ്വര്യം കൈവരിക്കാനുള്ള വകുപ്പുകൾ അമേരിക്കൻ ഫെഡറൽ ഭരണഘടനയിലുണ്ടല്ലോ.

രണ്ടാമത്തെ കാരണം ഒരു വാഗ്ദാനമാണ്. മിസുയെറിയുടെ ആദ്യബീബിയും ഏഴുകുട്ടികളുടെ അമ്മയുമായ ഡെസ്ഡിമോണ മരണക്കിടക്കയിൽ

നൂറിന്റെ ആരാധകരായ മുസ്ലീം വനിതകൾ

മതമൗലികസംഘടനകൾ തുരപ്പൻ എലികൾ ആകാതിരിക്കില്ല.

മിൻഡാനോവയിൽ നിന്ന് വളരെ വടക്കായി ഫിലിപ്പൈൻസിനും ബോർണിയയ്ക്കും മദ്ധ്യേ സുലു ഉൾക്കടലിൽ അലിയുന്ന കേക്കിൻ കഷണം പോലെ കിടക്കുന്ന ജോലോ എന്ന കൊച്ചു ദ്വീപിൽ മീൻ പിടിച്ച് അന്നന്നത്തെ അന്നം കണ്ടെത്തുന്ന ഒരു സാധു കുടുംബത്തിന്റെ വാതിയിൽ വന്നു പിറന്ന പതിനൊന്നു മക്കളിൽ ഒരുവനാണ് മിൻഡാനാവോയ്ക്ക് സ്വയംഭരണാവകാശം നേടിക്കൊടുക്കാൻ പോകുന്നു നൂർമിസു യെറി. സ്വതന്ത്ര രാഷ്ട്രമെന്ന സ്വപ്നം സ്വയംഭരണ സ്റ്റേറ്റായത് 'സർവ്വ'കലാശാലയിൽപൊളിറ്റിക്കൽ സയൻസ് പാഠിപ്പിച്ചിരുന്ന ഗറില്ലാ നേതാവിന്റെ നയവിദഗ്ദ്ധത കൊണ്ടു തന്നെയാവണം. അതിലേറെ വർത്തമാനകാലത്തോടുള്ള ഒരു രമ്യപ്പെടലും.

കുടുംബത്തിലെ ദാരിദ്ര്യവും തന്നെ തിരയാട്ടു പാടി വളർത്തിയ ദ്വീപിന്റെ പുറമ്പോക്ക് വാസ

ഉണ്ടായി.

ഫിലിപ്പൈൻസിലെ അമേരിക്കൻ സൈനികത്താവളങ്ങളിൽ അന്ന് പെട്രോൾ ബോംബുകൾ വീണു. അമേരിക്കൻ സൈനികരുടെ ഉറക്കം മിസുയെറിയും സഖാക്കളും കവർന്നുകൊണ്ടുപോയി. നൂർ മിസുയെറി ഒളിപ്പോരാട്ടത്തിന്റെ ഒലിവ് നിറ വസ്ത്രങ്ങൾ ധരിച്ചത് 1968-ലായിരുന്നു. മലേഷ്യൻ ഭരണത്തിന് കീഴിലായിരുന്ന സബാപ്രദേശത്തെ ഫിലിപ്പൈൻസിനോടു കൂട്ടിച്ചേർക്കാൻ പ്രസിഡന്റായിരുന്ന മാർക്കോസിന് മോഹമുണ്ടായിരുന്നു. അതിനുവേണ്ടി മുസ്ലീം യുവാക്കൾ മാത്രമടങ്ങിയ ഒരു രഹസ്യസേനാവിഭാഗം രൂപീകരിച്ചു. യഥാർത്ഥത്തിൽ രഹസ്യസേനാവിഭാഗത്തിൽ ചേർന്ന മുസ്ലീം യുവാക്കൾ മാർക്കോസ് മനസ്സിൽ സൂക്ഷിച്ചിരുന്ന ഗൂഢോദ്ദേശം മനസ്സിലാക്കിയിരുന്നില്ല. മനസ്സിലായപ്പോൾ അവർ കലാപം നടത്തി. ആ കലാപത്തിൽ ഇരുപത്തിയെട്ടുപേർ കൊല്ലപ്പെട്ടു. ഈ കൂട്ടക്കൊലയാണ് മുസ്ലീം മോറോ ലി

(ശേഷം 53-ാം പേജിൽ)

ഉണ്ണികൃഷ്ണൻ ശ്രീകണ്ഠപുരം

മാടായിപ്പാറ കരയുന്നു

ഇക്കഴിഞ്ഞ ആഗസ്റ്റ് 30-ന് കണ്ണൂരിലെത്തിയ വ്യവസായമന്ത്രി ശ്രീമതി സുശീലാഗോപാലൻ നടത്തിയ ഒരു പ്രഖ്യാപനം മാടായിപ്രദേശത്തെ ജനങ്ങളെയാകെ ആശങ്കയിലാഴ്ത്തിയിരിക്കുന്നു.

മാടായിപ്പാറയിലെ വൻതോതിലുള്ള ചൈനാക്ലേ ലിഗ്നൈറ്റ് നിക്ഷേപം വ്യവസായാവശ്യങ്ങൾക്കായി വിപുലമായ തോതിൽ ഖനനം ചെയ്യാൻ ഗവൺമെന്റ് തയ്യാറെടുക്കുന്നുവെന്നായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം.

ലോകത്തിലെതന്നെ ഏറ്റവും ഗുണനിലവാരമേറിയ ചൈനാക്ലേയും ലിഗ്നൈറ്റുമാണ് മാടായിപ്പാറയിലുള്ളതെന്നും നിലവിലുള്ള ഖനനം മൊത്തം സ്ഥലത്തിൽ ചെറിയൊരു ഭാഗം മാത്രമേ ചൂഷണം ചെയ്യപ്പെട്ടിട്ടുള്ളൂ എന്നും മന്ത്രി പറഞ്ഞു. മുഴുവൻ ചൈനാക്ലേയും ഖനനം ചെയ്തെടുക്കാൻ സാധിച്ചാൽ അതുപയോഗിച്ച് പല വ്യവസായങ്ങളും തുടങ്ങാം. വ്യവസായം തൊഴിലവസരം വർദ്ധിപ്പിക്കും. അതുമൂലം നാട് വികസിക്കും. ജനങ്ങളുടെ ജീവിതനിലവാരം ഉയരും. അതിനാൽ ഈ അപൂർവ്വ സമ്പത്ത് പരമാവധി പ്രയോജനപ്പെടുത്തണം. അതിനുവേണ്ട ഖനന പ്രവർത്തനങ്ങൾ ഗവൺമെന്റ് ഉടൻ ആരംഭിക്കും.- മന്ത്രിയുടെ പ്രസ്താവനയുടെ ചുരുക്കം ഇതായിരുന്നു. ജനജീവിതത്തിനോ പരിസ്ഥിതിക്കോ യാതൊരുവിധത്തിലും ദോഷം വരാത്ത ഖനന പ്രവർത്തനങ്ങളാണ് മാടായിപ്പാറയിൽ സർക്കാർ വിഭാവനം ചെയ്യുന്നതെന്നും മന്ത്രി പറഞ്ഞിരുന്നു.

സുശീലാഗോപാലൻ

വ്യവസായ മന്ത്രിയെന്ന നിലയിൽ തന്റെ വകുപ്പിന്റെ വികസന സാധ്യതകളെക്കുറിച്ചുള്ള അന്വേഷണമാകാം മാടായിപ്പാറ ഖനനം ഊർജ്ജിതമാക്കാൻ മന്ത്രിയെ പ്രേരിപ്പിച്ചത്. എന്നാൽ മാടായി പ്രദേശത്തെ ജനങ്ങൾ മന്ത്രിയുടെ ഈ നീക്കത്തെ ആപത്കരമായാണ് കാണുന്നത്. മന്ത്രിയുടെ പ്രഖ്യാപനം വന്ന് മണിക്കൂറുകൾക്കകം മാടായിപ്പാറയുടെ സംരക്ഷണത്തിനുവേണ്ടി നിലകൊള്ളുന്ന പരിസ്ഥിതി സംഘം അത് പുച്ഛിച്ചുതള്ളി. മാടായിപ്പാറയിൽ ഒരുതരത്തിലുള്ള ഖനനവും തുടർന്നനുവദിക്കില്ലെന്ന നിലപാടിലാണ് പാറസംരക്ഷണ സമിതി. മന്ത്രിയുടെ പ്രഖ്യാപനം വന്ന അന്നുതന്നെ വീട്ടമ്മമാരടക്കം 300 ഓളം വരുന്ന ഒരു ജനക്കൂട്ടം ഖനനത്തിനെതിരേ ഉപവാസം നടത്തി.

വടുകുന്ദക്ഷേത്രത്തിനരികെ ഖനനനിക്ഷേപം കൂട്ടിയിട്ടിരിക്കുന്നു

തുടർന്നുള്ള ദിവസങ്ങളിൽ പ്രകടനവും പൊതുയോഗവും സംഘടിപ്പിച്ച സമിതി. ജീവൻ വെടിഞ്ഞായാൽപ്പോലും മാടായിപ്പാറ സംരക്ഷിക്കുമെന്ന ഉറച്ച നിലപാടിലാണ്.

ഉപഭോഗാസക്തിയുടെ പേരിലുള്ള പാരിസ്ഥിതിക ചൂഷണത്തിന്റെ ഭാഗമാണ് മാടായിപ്പാറ ഖനനമെന്നു കരുതുന്ന സമിതി പ്രവർത്തകർ തങ്ങളുടെ ജീവിതത്തിനുമേലെ കരിനിഴൽ പരത്തുന്ന ഒന്നായാണ് ഖനന പ്രവർത്തനങ്ങളെ കാണുന്നത്. സെപ്തംബർ എട്ടുമതൽ തീക്ഷ്ണമായ സമരങ്ങൾ സംഘടിപ്പിക്കാനുള്ള ശ്രമത്തിലാണവർ.

മാടായിപ്പാറയിലെ ചൈനാക്ലേ ഖനനത്തിനും അതേച്ചൊല്ലിയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്കുമെല്ലാം ദശകങ്ങളുടെ പഴക്കമുണ്ട്.

കണ്ണൂർ നഗരത്തിൽനിന്ന് 22 കിലോമീറ്റർ വടക്കാണ് മാടായിപ്പാറ. പഴയങ്ങാടി റെയിൽവേസ്റ്റേഷനോടു വളരെയടുത്ത്. കടൽനിരപ്പിൽനിന്ന് 120 അടി ഉയരത്തിലുള്ള പാറയ്ക്ക് 900 ഏക്കറാണ് വിസ്തൃതി. അറബിക്കടലിലേക്ക് ഇവിടെ നിന്ന് ദൂരം വെറും രണ്ടുകിലോമീറ്റർ മാത്രം. സമുദ്രത്തിൽ നിന്നു വീശുന്ന ശീതളക്കാറ്റ് കടുത്ത വേനലിലും പാറപ്പുറത്ത് കുളിർമ്മ പരത്തും. ഈ പാറപ്പരപ്പിലാണ് പ്രശസ്തമായ ശ്രീ.വടുകുന്ദ ശിവക്ഷേത്രം. ക്ഷേത്രത്തിനു സമീപം രണ്ടേക്കറിലേറെ പരന്നു കിടക്കുന്ന ഒരു തടാകമുണ്ട്. മാടായിപ്പാറയുടെ തെക്കുവശത്താണ് പഴയങ്ങാടിപ്പുഴ. വടക്ക് രാമപുരം പുഴയും. പാറയുടെ പാർശ്വഭാഗത്തുള്ള ചെറിയ വനം അപൂർവ്വ സസ്യജാലങ്ങളും പക്ഷികളും ശലഭങ്ങളും കൊണ്ട് ശ്രദ്ധേയമാണ്.

പാറപ്പുറത്തുനിന്നു നോക്കുമ്പോൾ അകലക്കാഴ്ചയിലെ സമുദ്ര ദൃശ്യവും താഴ്വാരത്തെ തെങ്ങിൻ തോപ്പുമെല്ലാം മനോഹരമായ ദൃശ്യങ്ങളാണ്. ശാന്തമായ ഈ പാറപ്പുറത്തെച്ചൊല്ലിയാണ് ഇപ്പോൾ മാടായിയിലും പഴയങ്ങാടിയിലുമെല്ലാം അശാന്തി നിറയുന്നത്.

സഹസ്രാബ്ദങ്ങൾക്കപ്പുറമെന്നോ ഉണ്ടായ കടൽക്ഷോഭത്തിൽ ഉടലെടുത്തതാവണം ഈ പാറയും സമീപപ്രദേശങ്ങളും എന്നാണ് ഊഹം. കടൽക്ഷോഭത്തിൽ അടിഞ്ഞുകൂടിയ ചിപ്പികളും മറ്റുമാണ് കാലാന്തരത്തിൽ ഇവിടെ ചൈനാക്ലേ നിക്ഷേപമായിത്തീർന്നത്.

120 അടി ഉയരമുള്ള പാറയുടെ ഉപരിതലത്തിൽനിന്ന് 30 അടി താഴ്ചവരെ ലാറ്ററൈറ്റ് നിക്ഷേപമാണ്. അതിനുതാഴെ 12 അടിവരെ അലോയ് വിയൽ സോയിലും തുടർന്ന് വിവിധ അടുക്കുകളായി ചാർക്കോളും ബോൾ ക്ളേയും ആണുള്ളത്. 78 അടി താഴ്ച കഴിഞ്ഞാൽ 40 അടിയിലേറെ കനത്തിൽ ചൈനാക്ളേ നിക്ഷേപവും ഗ്രാഫിക്സ് കാണുക) ഉണ്ട്. ഈ ചൈനാക്ളേ ഖനനം ചെയ്തെടുക്കാനുള്ള ശ്രമം ആദ്യം തുടങ്ങിയത് സാമുവൽ ആറോണാണ്. 1952-ൽ ചിറയ്ക്കൽ തമ്പുരാനിൽനിന്ന് 12 ഏക്കർ സ്ഥലം വാങ്ങിയാണ് ഖനന പ്രവർത്തനങ്ങൾക്ക് ആറോൺ തുടക്കമിട്ടത്. '64-ൽ. ഖനനം ചെയ്ത മണ്ണ് നിക്ഷേപിക്കാൻ മറ്റൊരു 19 ഏക്കർ കൂടി ആറോൺ വാങ്ങിയിരുന്നു. 1975-ൽ സാമ്പത്തിക പരാധീനതയെത്തുടർന്ന് കമ്പനി അടച്ചുപൂട്ടുമെന്ന നില വന്നപ്പോൾ റിലീഫ് അണ്ടർടേക്കിംഗ് അടിസ്ഥാനത്തിൽ കമ്പനി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറായി. 76-ൽ ഏറ്റെടുക്കൽ നടന്നു. '84-ൽ അതിന് നിയമപ്രാബല്യവുമായി. ഇതേത്തുടർന്ന് കഴിഞ്ഞ എട്ടൊൻപതു വർഷമായി കേരളാ ഗവൺമെന്റിനു കീഴിലുള്ള കേരളാ ക്ളേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് എന്ന ഈ കമ്പനിയാണ് മാടായിപ്പാറയിൽ ചൈനാക്ളേ ഖനനം നടത്തിവരുന്നത്. 200 ഓളം തൊഴിലാളികളാണ് ഇന്നി കമ്പനിയിലുള്ളത്.

കേരളത്തിലെ 120-ലേറെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നതിൽ മൂന്നാം സ്ഥാനമുണ്ട് കേരളാ ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്. പക്ഷേ ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ കമ്പനിക്കെതിരേ വർഷങ്ങളായി ഇവിടുത്തെ ജനങ്ങൾ ശബ്ദമുയർത്തിത്തുടങ്ങിയിട്ട്. ആദ്യമൊക്കെ അതൊറ്റപ്പെട്ടതായിരുന്നെങ്കിലും ഇന്നതിന് സംഘടിതരൂപം കൈവന്നിരിക്കുന്നു.

മാടായിപ്പാറയുടെ ഖനനം പ്രതിഷേധം പിടിച്ചുപറ്റാൻ ഒട്ടേറെ കാരണങ്ങളുണ്ട്. ചരിത്രപരവും പരിസ്ഥിതിപരവും വിശ്വാസപരവുമായ കാരണങ്ങൾ.

ഉത്തരകേരളത്തിലെ പ്രാചീന രാജവംശമായ മൂഷികവംശവും അതിന്റെ പില്ക്കാലരൂപമായ കോലത്തിരിവംശവും ചിറയ്ക്കൽ രാജവംശവുമെല്ലാം ചരിത്രപരമായ ഒട്ടേറെ കാരണങ്ങളാൽ മാടായിപ്പാറയുമായി ബന്ധപ്പെട്ടു നിന്നിരുന്നുവെന്നതിന് തെളിവുണ്ട്. അക്കാലത്തെ ഒട്ടേറെ ചരിത്രാവശിഷ്ടങ്ങൾ അതിന്റെ സ്മാരകമായി ഇന്നും മാടായിയിൽ കാണാം. മാലിക് ദിനാർ പണിയിച്ചതെന്ന് വിശ്വസിക്കുന്ന പ്രാചീനമായ മുസ്‌ലിം പള്ളിയും ഈ പാറയ്ക്ക് സമീപമാണ്. ആദ്യകാലത്ത് ജൂതന്മാരും ഈ പ്രദേശവുമായി ബന്ധപ്പെട്ടിരുന്നു. ഇത്രയേറെ ചരിത്രപ്രാധാന്യമുള്ള ഒരു സ്ഥലം. ഖനനം നടത്തുകവഴി ചരിത്രത്തിൽനിന്നേ മാച്ചുകളയുകയാണുണ്ടാവുകയെന്ന് ഒരുപറ്റമാളുകൾ വിശ്വസിക്കുന്നു. ഒരു ചരിത്രസ്മാരകമായി ഈ പ്രദേശം സംരക്ഷിക്കപ്പെടണമെന്നാണ് അവരുടെ ആഗ്രഹം.

മാടായിപ്പാറയുടെ ഒത്ത മുകളിലുള്ള വടുകുന്ദക്ഷേത്രവും സമീപത്തുള്ള എട്ടോളം ക്ഷേത്രങ്ങളും ഖനനം നടന്നാൽ നാശത്തെ നേരിടുമെന്നാണ് വിശ്വാസികളുടെ ഭയം. ക്ഷേത്രങ്ങൾ മാത്രമല്ല അഞ്ചു മുസ്‌ലിം പള്ളിയും ഒരു ക്രിസ്ത്യൻപള്ളിയും ഈവിധം നശിച്ചുപോകാനിടയുണ്ടെന്നും അവർ ചൂണ്ടിക്കാട്ടുന്നു. തങ്ങളുടെ ആചാരങ്ങൾക്കും ആരാധനയ്ക്കും കോട്ടംതട്ടുന്ന ഖനന പ്രവർത്തനങ്ങൾ തുടരാൻ അനുവദിക്കുന്ന പ്രശ്നമേ ഇല്ല എന്നാണ് വിശ്വാസികളുടെ നിലപാട്. ഖനനത്തിനെതിരേ പ്രതിഷേധവുമായി രംഗത്തുവന്നവരിൽ ക്ഷേത്രഭാരവാഹികളുമുണ്ട്.

മാടായിപ്പാറയുടെ ഖനനം ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉളവാക്കും എന്നതാണ് പ്രതിഷേധത്തിന്റെ മറ്റൊരു കാരണം.

നിലവിലുള്ള ഖനന പ്രവർത്തനങ്ങൾ തന്നെ പാറയ്ക്ക് ഏറെ സമീപത്തുള്ള 60-ലേറെ കുടുംബങ്ങളിൽ കുടിവെള്ളത്തിന്റെയും കൃഷിയുടെയും സൈ്വരജീവിതത്തിന്റെയും പ്രശ്നങ്ങളുയർത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിൽ നടന്ന ഖനന പ്രവർത്തനങ്ങളെല്ലാംതന്നെ ഓപ്പൺ കാസ്റ്റ് മൈനിങ് തന്ത്രമുപയോഗിച്ചായിരുന്നു. ഏതാണ്ട് 5 സെന്റ് സ്ഥലത്തെ ക്ലേയാണ് ഓരോ വർഷവും കുഴിച്ചെടുക്കുന്നത്. ക്ലേ ശേഖരണത്തിന് 80 അടിവരെയെങ്കിലും കുഴിക്കേണ്ടതുള്ളതിനാൽ മേൽഭാഗത്തെ 15 സെന്റ് സ്ഥലത്തെ മണ്ണെങ്കിലും നീക്കം ചെയ്യേണ്ടതുണ്ട്. ഖനനം ചെയ്തെടുക്കുന്ന അവിശിഷ്ട മണ്ണിൽ വിവിധ രാസപദാർത്ഥങ്ങളുണ്ട്. മേൽഭാഗത്തുനിന്ന് നീക്കം ചെയ്യുന്ന മണ്ണും രാസപദാർത്ഥങ്ങൾ കലർന്ന മണ്ണും തുറന്ന സ്ഥലത്ത് കൂട്ടിയിടുകയാണുപതിവ്. മഴക്കാലത്ത് ഇവ ഒഴുകി ചുറ്റുവട്ടത്തെ വയലിലും തൊടിയിലും കിണറിലും എത്തുന്നു. തന്മൂലം വയലിലും തൊടിയിലും കൃഷി നടത്താൻ വയ്യാതാവുകയും കിണറിലെ ജലം ഉപയോഗിക്കാനാവാതെ വരികയും ചെയ്തിരിക്കുന്നു.

കുടിവെള്ള പ്രശ്നവും കൃഷിയിടം തരിശ്ശാവുകയും മാത്രമല്ല, ഗന്ധകം കലർന്ന വിഷവായു ശ്വസിക്കാനും ജനങ്ങൾ നിർബന്ധിക്കപ്പെടുന്ന സാഹചര്യമാണ് ഖനന പ്രദേശത്തിനു ചുറ്റുമുള്ളത്. ഖനനത്തിനുപയോഗിക്കുന്ന സ്ഫോടകവസ്തുക്കളെക്കുറിച്ചും ജനങ്ങൾക്ക് പരാതിയുണ്ട്. തുടർച്ചയായ സ്ഫോടനം വടുകുന്ദ ക്ഷേത്രത്തിനും തടാകത്തിനും ഭീഷണിയാകുമെന്ന് നേരത്തേതന്നെ ജനങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഖനന മേഖലയിലെ മണ്ണ് ഇന്ന് കൂട്ടിയിടുന്നത് ക്ഷേത്രത്തിനും തടാകത്തിനും വളരെയടുത്താണെന്നുമാത്രമല്ല എതിർപ്പുണ്ടായിട്ടും അവിടെ സ്ഫോടനം തുടരുന്നതായും ജനങ്ങൾ പരാതിപ്പെടുന്നു. പരിസരത്തെ വീടുകൾക്കും തടാകത്തിനും ക്ഷേത്രത്തിനും ഇതുമൂലമുണ്ടാകുന്ന നാശം നേരിടാൻ ഒരു നടപടിയും അധികൃതർ കൈക്കൊണ്ടിട്ടില്ല.

മാടായിപ്പാറയിലെ 900 ഏക്കറിൽ 600 ഏക്കർ സ്ഥലത്തെ ചൈനാക്ലേ ഖനനം ചെയ്യാൻ കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനും ഗുജറാത്ത് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനും സംയുക്തമായി തയ്യാറെടുക്കുന്നതായി കഴിഞ്ഞ വർഷം ഇക്കണോമിക്സ് ടൈംസിൽ ഒരു വാർത്ത വന്നിരുന്നു. മാടായിപ്പാറയിലെ പരിസ്ഥിതി പ്രശ്നത്തിന് തീപിടിക്കുന്നത് അതോടെയാണ്. എൻവയേൺമെന്റ് ആന്റ് കൺസർവേഷൻ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ രൂപീകരിച്ച മാടായിപ്പാറ സംരക്ഷണ സമിതി പ്രശ്നം ഏറ്റെടുത്തതോടെ ഖനന പ്രവർത്തനങ്ങൾക്കെതിരേ ജനവികാരം ശക്തിപ്പെട്ടു. എങ്കിലും ഖനന പദ്ധതികളെ സംബന്ധിച്ചുള്ള പ്രോജക്ട് റിപ്പോർട്ടുകളൊന്നും വരാത്ത സാഹചര്യത്തിൽ ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള സംഘടനകൾ പ്രശ്നത്തെ ഗൗരവമായെടുത്തിരുന്നില്ല. നിലവിലുള്ള ഖനന പ്രവർത്തനങ്ങളോട് പരിഷത്ത് എതിർപ്പ് പ്രകടിപ്പിക്കുന്നില്ല. പകരം ഖനനം മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണാൻ അധികൃതർ തുനിയണം എന്നതായിരുന്നു പരിഷത്തിന്റെ നിലപാട്. അവശിഷ്ട രാസപദാർത്ഥങ്ങൾ കൃഷിയിടങ്ങളിലേക്കും കിണറിലേക്കും ഒലിച്ചുപോകുന്നതു തടയാൻ ഖനന മേഖലയിൽ ചുറ്റുമതിൽ പണിയാനും, സമീപപ്രദേശത്തെ ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനും സ്ഫോടനഭീഷണി ഒഴിവാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും അധികൃതർ തയ്യാറാകണം എന്നതാണ് പരിഷത്തിന്റെ നിലപാട്.

"മാടായിപ്പാറയിലെ വിലപ്പെട്ട ചൈനാക്ലേ ചൂഷണം ചെയ്യപ്പെടേണ്ടതാണ്. എന്നാൽ അതുണ്ടാക്കാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ തടഞ്ഞേ പറ്റൂ എന്നതാണ് ഞങ്ങളുടെ നിലപാട്." പരിഷത്തിന്റെ പരിസ്ഥിതികാര്യ പ്രവർത്തകനായ പി.നാരായണൻകുട്ടി ഇക്കാര്യത്തെപ്പറ്റി പറയുന്നു.

എന്നാൽ പരിഷത്തിന്റേതിൽനിന്ന് തീർത്തും വ്യത്യസ്തമായ നിലപാടാണ് മാടായിപ്പാറ സംരക്ഷണ സമിതി ഭാരവാഹികളായ ഡോ. ഡി. സുരേന്ദ്രനാഥിന്റേതും പി. കൃഷ്ണൻ മാഷിന്റേതും. മാടായിപ്പാറയോടുള്ള അവരുടെ സമീപനം കുറെക്കൂടി വികാരപരമാണ്.

"ഇവിടുത്തെ ചൈനാക്ലേ ലോകോത്തരമൊന്നുമല്ല. കാസർകോട്ടും കർണ്ണാടകയിലുമെല്ലാം ജനവാസം കുറഞ്ഞ മേഖലകളിൽ ഇതേക്കാൾ നല്ല ക്ലേയുണ്ട്. ഖനന പ്രവർത്തനങ്ങൾ അവിടെ നടത്തിയാൽ മതി. ചരിത്രപരവും മതപരവുമായ ജനങ്ങളുടെ വിശ്വാസങ്ങൾക്ക് കോട്ടം തട്ടിച്ചും വൻ പാരിസ്ഥിതിക ദുരന്തം വരുത്തിവച്ചും ഈ പദ്ധതി തുടരാൻ ഞങ്ങൾ സമ്മതിക്കില്ല." അവർ തുറന്നടിക്കുന്നു.

"ഖനനം തുടരുക എന്നുപറഞ്ഞാൽ മാടായിപ്പാറ തന്നെ ഇല്ലാതാവുക എന്നാണർത്ഥം. അതി പ്രദേശത്തിന്റെ ഭൂമിശാസ്ത്ര ഘടനയ്ക്കുതന്നെ മാറ്റം വരുത്തും. അതനുവദിക്കാൻ പറ്റില്ല. വൻതോതിലുള്ള ഖനനത്തിന് കൂറ്റൻ യന്ത്രങ്ങളും മറ്റും ഉപയോഗിക്കുമ്പോൾ, തൊഴിലവസരം കൂടും എന്നു പറയുന്നതും തെറ്റാണ്. ആ വഴിക്കും ജനങ്ങളെ കബളിപ്പിക്കാനാവില്ല. അതിനാൽ ശക്തമായ സമരത്തിനുതന്നെയാണ് ഞങ്ങളുടെ തീരുമാനം. ഖനനം വേണ്ടെന്നുവയ്ക്കുന്നതുവരെ ഞങ്ങൾ പോരാടും."

മാടായിപ്പാറ ഖനനത്തിനെതിരെ സംരക്ഷണസമിതിയുടെ പ്രകടനം

(ശേഷം 58-ാം പേജിൽ)

നിത്യചൈതന്യയതി

അർത്ഥം

ഓം എന്ന പ്രണവമന്ത്രത്തിൽ ഉച്ചരിക്കപ്പെടുന്ന ശബ്ദങ്ങൾ അ. ഉ. മ് എന്നിവ മാത്രമാണ്. നാലാമതു വരുന്ന ദീർഘമൗനം ശാബ്ദികമായ അക്ഷരങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നു. ഇതുപോലെ പുരുഷാർത്ഥങ്ങളെപ്പറ്റി പറയുമ്പോൾ ധർമ്മാർത്ഥകാമങ്ങൾ ഒന്നിച്ചുനില്ക്കുന്നു. മോക്ഷം തനിയേ നില്ക്കുന്നു. അസ്തി ഭാതി പ്രിയങ്ങളെപ്പറ്റി പറയുമ്പോൾ അവ യഥാക്രമം ധർമ്മത്തെയും അർത്ഥത്തെയും കാമത്തെയും ദ്യോതിപ്പിക്കുന്നു. എന്നാൽ സർവകാമങ്ങളെയും അതിശയിച്ചു നില്ക്കുന്ന പരമമായ കാമം മോക്ഷംതന്നെയാണ്. ഇതിലെല്ലാം അടങ്ങിയിരിക്കുന്ന ഒരു രഹസ്യമുണ്ട്. അതു മനസ്സിലാക്കിയാൽ ഈശ്വരനും ജഗത്തും ബ്രഹ്മവിദ്യയിൽ എപ്രകാരമാണു വ്യവസ്ഥാപിതമായിരിക്കുന്നതെന്നു മനസ്സിലാക്കുവാൻ കഴിയും.

ബ്രഹ്മശബ്ദത്തെ പാരിഭാഷികമായി വിടർത്തിനോക്കുമ്പോൾ എല്ലാറ്റിന്റെയും അധിഷ്ഠാനമായ ഉൺമയെ സദ്വസ്തുവായും ആ ഉൺമയുടെ ചിത്സ്വരൂപത്തെ അറിവായും ആത്യന്തികമായ അവസാനിക്കാത്ത മൂല്യവിവക്ഷയെ അനന്തമായ ആനന്ദരൂപമായും പറയപ്പെടുന്നുണ്ട്. എന്നാൽ ബ്രഹ്മശബ്ദത്തിന്റെ വ്യുല്പത്തി പറയുമ്പോൾ വർദ്ധിക്കുന്നത് എന്ന അർത്ഥമാണ് എടുക്കേണ്ടത്. വർദ്ധിക്കുക, വിരളമായിത്തീരുക ഇതെല്ലാം വ്യാവഹാരികദൃഷ്ടിയിൽ മാത്രമേയുള്ളൂ. ഓരോന്നും അറിഞ്ഞുവരുമ്പോൾ അതിന്റെയൊക്കെയും ഉൺമയെ ബ്രഹ്മശബ്ദംകൊണ്ടു ദ്യോതിപ്പിക്കുന്ന വർദ്ധനവിൽ ഉൾപ്പെടുത്തേണ്ടതായി വരും.

കാലദേശങ്ങളുടെ വ്യാപ്തി മുറിവില്ലാത്ത ഒരു വർദ്ധനവിൽക്കൂടി അനുസ്യൂതമായി പോകുന്നു എന്നതിന് ആധുനിക ശാസ്ത്രജ്ഞന്മാരായ ഐൻസ്റ്റൈൻ മുതലായവർ എടുത്തിരിക്കുന്ന ഉദാഹരണം ഘടികാരത്തിൽ അനുസ്യൂതമായി വരുന്ന ടിക്, ടിക് ശബ്ദം വെളിപ്പെടുത്തുന്ന കാലവർദ്ധനവിനോടും നീരാവിയുടെ ഒരു കണിക പിന്നൊരു കണികയോടു ചേർന്നുചേർന്ന് ആകാശം മുഴുവനും നിറഞ്ഞുവരുന്ന മേഘത്തോടും കാലദേശങ്ങൾക്കുള്ള സാദൃശ്യത്തെ മുമ്പിൽവച്ചുകൊണ്ടാണ്. അതുപോലെ ലോകം ഓരോ വ്യക്തിക്കും (കുഞ്ഞിച്ചയ്ക്കുപോലും) അനുഭവമാകുന്നത് കാതിൽ വന്നുവീഴുന്ന ആദ്യത്തെ ശബ്ദവീചിയായും ശരീരത്തിനു ലഭിക്കുന്ന ആദ്യസ്പർശനമായും ലോചനത്തിൽ അനുഭവപ്പെടുന്ന പ്രകാശദ്യുതിയായും ഉമിനീരിൽ കുതിർന്നു നാവിൽ അനുഭവമാകുന്ന രുചിയായും ശ്വസിക്കുന്ന വായുവിൽ കലർന്നുവരുന്ന ഗന്ധമായുമാണ്. ഐന്ദ്രിയികമായ ഈ ചോദനത്തിന്റെ വർദ്ധനവാണു മരണംവരെ നീണ്ടുപോകുന്ന വ്യാവഹാരിക ലോകത്തിന്റെ അളവറ്റ പ്രതിഭാസമായി വളർന്നുവരുന്നത്.

മുകളിൽപ്പറഞ്ഞ ഈ അഞ്ചും കണ്ണാണ്-അതായത് ലോചനം. ലോചനത്തിൽ നിറഞ്ഞുനില്ക്കുന്നതാണു ലോകം. കണ്ണിനെ അക്ഷി എന്നു വിളിക്കുന്നു. ആദ്യസ്വരമായ 'അ' മുതൽ അന്ത്യ വ്യഞ്ജനമായ 'ക്ഷ' വരെ സകലതിനെയും അറിയാൻ സഹായിക്കുന്ന ദൃക്കാണ് അക്ഷി.

അങ്ങനെ നോക്കുമ്പോൾ വസ്തുതന്ത്രവും ബോധതത്ത്വവും കലർന്നു നിരന്തരമായി വളരുന്ന ഒരു വർദ്ധനവ് ജഗത്തിനും ഉണ്ടെന്നു പറയാം. വർദ്ധമാനമാകുന്നതാണു ബ്രഹ്മമെങ്കിൽ ജഗത്തും വർദ്ധമാനമായിക്കൊണ്ടിരിക്കുന്നതാണ്. ശ്രീരാമാനുജനെപ്പോലുള്ള ആചാര്യന്മാർ ജഗത്തിനെ ഈശ്വരന്റെ ശരീരം എന്നെണ്ണി ജഗത്തിന്റെ വ്യാവഹാരികസത്യത്തെ യഥാർത്ഥമാക്കി വച്ചിരിക്കുന്നു. അതിലെ ഓരോ പരമാണുവിനുപോലും അന്തര്യാമിയായിരുന്നു ഭരിക്കുന്ന നിയമത്തെയും നിയാമകശക്തിയെയും അഭേദമായി കണ്ടിട്ടാണ് ജഗന്നിയന്താവായ ഈശ്വരനെ സങ്കല്പിക്കുന്നത്.

"ജഗദീശ ജയിക്ക ശാശ്വതം
നിശമം തേടിന നിൻ പദാംബുജം".

എന്നു നാം പ്രാർത്ഥിക്കുമ്പോൾ ഈ പ്രപഞ്ചവിധാനീയതയുടെ ആകെത്തുകയായിരുന്ന് എല്ലാറ്റിനും സാമഞ്ജസ്യമായ പാരസ്പര്യം ഉണ്ടാക്കുന്ന തത്വവിശേഷത്തെത്തന്നെയാണു ജഗന്നിയന്താവ് എന്നു പറഞ്ഞിരിക്കുന്നത്.

ഭാരതീയരുടെ അത്യുന്നതമായ ജ്ഞാനഭണ്ഡാഗാരം ശ്രുതിസ്മൃതികളിൽ നിറഞ്ഞുനില്ക്കുന്നു. ശ്രുതി കേൾക്കപ്പെടുന്നതും സ്മൃതി ഓർമ്മിച്ചു ചെയ്യപ്പെടുന്നതുമാണ്. ചതുർവേദങ്ങളുടെ പരമപ്രയോജനമായി വേദങ്ങളുടെ അന്തിമഭാഗത്ത് ഉപനിഷത്തുക്കളെ ചേർത്തിരിക്കുന്നു. ആ ഉപനിഷത്തുക്കളെ വേദാന്തം എന്നു വിളിക്കുന്നു. വേദവേദാന്തങ്ങളിൽ വേദാന്തസ്ഥാനത്തിരിക്കുന്ന ഉപനിഷത്തുക്കളെ പരിപൂർണ്ണമായ ശ്രൗതസത്യമായി കരുതുമ്പോൾ ആ അംശത്തെ ഉത്തരമീമാംസ എന്നു വിളിക്കുന്നു. ഉത്തരം എന്നു പറഞ്ഞതുകൊണ്ട് പൂർവംകൂടി സംഗതമായി വരുന്നു. വേദങ്ങളിലെ ക്രിയാപ്രധാനമായിട്ടുള്ള കർമ്മങ്ങളെ നിർദ്ദേശിച്ചിരിക്കുന്ന ഭാഗത്തെ ജൈമിനി പൂർവമീമാംസയായി സൂത്രിച്ചിട്ടുണ്ട്. ജൈമിനിയുടെ സൂത്രഭാഷ്യത്തെ പൊതുവേ മീമാംസ എന്നു മാത്രം വിളിക്കുന്നു. അതിനെ വിശേഷിപ്പിക്കുമ്പോൾ പൂർവമീമാംസ എന്നു പറയും. പൂർവമീമാംസ ഏറ്റവും പ്രധാനമായിരിക്കുന്നത് അഗ്നിഹോത്രികളായ ഗൃഹസ്ഥന്മാർക്കാണ്. അതുകൊണ്ട് ഗൃഹസ്ഥന്മാർ ഗാർഹികമായി ചെയ്യാറുള്ള ക്രിയകളിൽ അനുസരിക്കേണ്ട വിധിനിഷേധങ്ങൾക്കു ജൈമിനീയം പ്രധാനമായിരിക്കുന്നു. ജൈമിനീയത്തിനു യാസ്കനും ശബരസ്വാമിയും ഭാഷ്യങ്ങൾ എഴുതിയിട്ടുണ്ട്. കർമ്മവിധികളെ പ്രാമാണികമായി മനസ്സിലാക്കുന്നതിനു യാസ്കനെയും ശബരസ്വാമിയെയും ശരണം ഗമിക്കാതെ നിവൃത്തിയില്ല. എന്നാൽ നാലു പുരുഷാർത്ഥങ്ങൾ പറഞ്ഞിരിക്കുന്നതിൽ ധർമ്മാർത്ഥകാമങ്ങൾ കർമ്മകാണ്ഡപ്രധാനമായിരിക്കുന്നു. മോക്ഷദായകമായിരിക്കുന്നത് ഉപനിഷത്തുക്കളിൽ പറഞ്ഞിരിക്കുന്ന ശ്രൗതസത്യമാണ്.

ഭാരതീയരുടെ അത്യുന്നതമായ ജ്ഞാനഭണ്ഡാഗാരം ശ്രുതിസ്മൃതികളിൽ നിറഞ്ഞുനില്ക്കുന്നു. ശ്രുതി കേൾക്കപ്പെടുന്നതും സ്മൃതി ഓർമ്മിച്ചു ചെയ്യപ്പെടുന്നതുമാണ്. ചതുർവേദങ്ങളുടെ പരമപ്രയോജനമായി വേദങ്ങളുടെ അന്തിമഭാഗത്ത് ഉപനിഷത്തുക്കളെ ചേർത്തിരിക്കുന്നു.

ഏതു പഠിക്കുന്നതിനും നാലുകാര്യങ്ങൾ അറിയണം. താൻ ഏതു വിഷയം പഠിക്കുവാൻ പോകുന്നു. ഏതൊരു പ്രയോജനത്തെ മുൻനിർത്തിയാണ് പഠിക്കുവാൻ ആഗ്രഹിക്കുന്നത്. താൻ പഠിക്കുവാൻ തിരഞ്ഞെടുത്ത വിഷയത്തെ പ്രയോജനത്തിൽ കൊണ്ടെത്തിക്കുന്നതിന് ഏതു മാർഗ്ഗം വേണം അവലംബിക്കുവാൻ. അവസാനമായി വിഷയത്തെ പ്രയോജനത്തിൽ കൊണ്ടുവരുന്നതിന് അവയുടെ സംബന്ധം അറിയണം. പിന്നീട് ഇക്കാര്യങ്ങളെല്ലാം ജീവിതത്തിന്റെ ഏറ്റവും ആഴത്തിലുള്ള പൊരുളിനെ പ്രധാനമാക്കിയിരിക്കുന്നതിനാൽ അതൊക്കെ മനസ്സിലാക്കുവാനുള്ള അറിവ് പഠിതാവിനു വേണം. വെറും അറിവല്ല, പഠിക്കുവാൻ തനിക്ക് അധികാരം നല്കിയിരിക്കുന്ന യോഗ്യതയാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. അതുകൊണ്ട് ഒരു ഗുരുവിന്റെയടുത്തു പഠനത്തിനു ചെല്ലുമ്പോൾ ഈ നാലു കാര്യങ്ങൾ ഗുരുവിനു ബോദ്ധ്യമാക്കിക്കൊടുക്കുവാൻ ശിഷ്യനു ബാധ്യതയുണ്ട്. ഒന്ന്- തിരഞ്ഞെടുത്ത വിഷയം പഠിക്കുവാൻ താൻ എപ്രകാരം അധികാരിയായിരിക്കുന്നു

എന്ന്. രണ്ട്- ഏതു വിഷയം പഠിക്കുവാനാണ് താൻ തന്നെ പൂർണ്ണമായി അർപ്പിക്കുന്നത് എന്ന്. മൂന്ന്- ഏതൊരു സംബന്ധപ്രക്രിയയാണ് പഠനത്തിനു സ്വീകാര്യമായി കരുതിയിട്ടുള്ളത് എന്ന്. നാലാമതായി ഏതു പ്രയോജനം കാംക്ഷിക്കുന്നു എന്ന്.

ലോകത്തിൽ അധികംപേരും ശരീരത്തിന്റെ ഉൺമയ്ക്കു പ്രാധാന്യം നല്കി അന്നം, പ്രാണൻ, മനസ്സ്, വിജ്ഞാനം എന്നിവയെ തേടുന്നവരാണ്. അവരുടെ മാർഗ്ഗം ലൗകികമാണ്. ലൗകികത്തിൽ ധർമ്മവും അർത്ഥവും കാമവും പ്രധാനമാണ് എന്നു നാം കണ്ടു. ഈ മാർഗ്ഗം അവലംബിക്കുന്നവർ ഒരു ജീവിതകാലംകൊണ്ട് പരമപ്രയോജനമായ മോക്ഷത്തെ പ്രാപിക്കുന്നില്ല. അവർ ഏറെക്കുറെ പ്രകൃതിലയന്മാരാണ്. സുഖദുഃഖങ്ങൾ കലർന്നിരിക്കുന്നതാണു സത്വരജസ്തമസ്സുകൾ ഉളവാക്കിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ സ്വഭാവം. അതുകൊണ്ട് ശാരീരികധർമ്മത്തെയും ജീവതന്ത്രത്തെയും ലൗകികമായ ജ്ഞാതൃത്വം, കർതൃത്വം, ഭോക്തൃത്വം എന്നിവയെയും പ്രധാനമാക്കി ജീവിക്കുന്നവരാണ് അവർ. അവർക്ക് ഇന്ദ്രിയാരാമത്വം മുമ്പേ നില്ക്കുന്നു. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിവയിൽ അവർ സുഖദുഃഖങ്ങളുടെ അധിഷ്ഠാനം കാണുന്നു. ആ സുഖത്തിന്റെ പ്രാപ്തിക്കും ദുഃഖത്തിന്റെ നിവാരണത്തിനുംവേണ്ടി അവർ വാക്ക്, ക്രിയ, ചര്യ, മൈഥുനം, വിസർജ്ജനം എന്നിവയെ നിത്യകർമ്മങ്ങളുടെ ഭാഗമെന്നതുപോലെ സ്വീകരിച്ചുപോരുന്നു.

അകത്തേക്കു സ്വീകരിക്കുന്ന ഊർജ്ജങ്ങളെയും പുറത്തേക്കു വിടുന്ന ഊർജ്ജങ്ങളെയും അവർ ദൈനംദിനജീവിതത്തിലെ സഹജമായ വ്യവസ്ഥയിൽ ഉൾപ്പെടുത്തി അറിയുന്നു. അതുകൊണ്ടു സംസാരം എന്നു കൂടി വിളിക്കപ്പെടുന്ന ലൗകികത്തിൽ ജീവിക്കുന്നവർ സഞ്ചരിക്കുന്ന മാർഗ്ഗത്തെ ധൂമമാർഗ്ഗം എന്നു പറയുന്നു. ധൂമം എന്നാൽ പുക. പുകമറയിൽ ജീവിക്കുന്നവർ എന്നർത്ഥം. അവർക്ക് ഒന്നും പരമാർത്ഥാവസ്ഥയിൽ അഭിവ്യക്തമാക്കുവാൻ കഴിയുന്നില്ല.

ഓരോ ജന്മം കഴിയുന്തോറും ദുഃഖഹേതുകമായ കർമ്മം പരിത്യജിക്കേണ്ടുന്നതിന്റെ ആവശ്യകത അവർ അറിഞ്ഞുതുടങ്ങും. ദുഃഖം ഉളവാക്കാത്ത അദ്ധ്യാത്മമായ സുഖത്തെ തേടുന്നതിനുള്ള ഉപായങ്ങൾ അന്വേഷിച്ചു കണ്ടെത്തും. ഭൗതികവിജ്ഞാനീയത്തിൽനിന്നും വിരമിച്ച് ആത്മജ്ഞാനത്തിൽ പാരംഗതരായിരിക്കുന്നവരുടെ സംസ്കാരത്തെ ഉൾക്കൊള്ളുവാൻ കൊതിക്കുന്നവർ സമിത്പാണികളായി ശ്രോത്രിയന്മാരായ ഗുരുജനങ്ങളെ തേടിപ്പോകും. അപ്രകാരം ഗുരുലാഭം ഉണ്ടാകുന്നവർ ജനനമരണങ്ങളുടെ ചാക്രികതയിൽനിന്നും പുറത്തുവരുവാൻ ആഗ്രഹിക്കുമ്പോൾ പുനരാവൃത്തി ഇല്ലാത്ത ജ്ഞാനം വേണമെന്നു നിശ്ചയിക്കും. പുനരാവൃത്തി ഇല്ലാത്ത ജ്ഞാനമാണ് ആത്മജ്ഞാനം അഥവാ ബ്രഹ്മജ്ഞാനം.

ഇത്രയും പറഞ്ഞതിൽനിന്നും ജീവിതത്തിന് ഏതർത്ഥമാണ് ഒരുവൻ കൊടുക്കേണ്ടതെന്നു നമുക്ക് ഏകദേശം ഊഹിക്കാം. എന്നാൽ ജനനനിമിഷം മുതൽ ശൈശവവും ബാല്യവും കൗമാരവും കഴിഞ്ഞ് യൗവനപ്രാപ്തിയിലെത്തുന്നതുവരെ ധൂമമാർഗ്ഗത്തിൽ ചരിക്കേണ്ടുന്ന മാതാപിതാക്കളോടൊത്തു കഴിയേണ്ടി വരുന്ന സന്താനങ്ങൾക്കു ലോകത്തിന്റെ ബന്ധനം ഒരു പുകമറയിലെന്നതുപോലെയേ അറിയാൻ കഴിയുന്നുള്ളൂ. അതുകൊണ്ടു മുമ്പേ പോകുന്ന പശുവിന്റെ പിന്നാലേ പോകുന്ന മറ്റു പശുക്കളെപ്പോലെ സഹജമായിട്ടും നാം എത്തിച്ചേരുന്നത് സംസാരത്തിന്റെ ധൂമമാർഗ്ഗത്തിലാണ്. നമ്മുടെ ജീവിതചര്യ, ആഹാരം, ലൗകികവിജ്ഞാനം ഇതെല്ലാം അതിനിണങ്ങുന്ന തരത്തിലാണു നാം വ്യവസ്ഥചെയ്തു വച്ചിരിക്കുന്നത്. ജീവിതത്തിന്റെ വാസ്തവികമായ പ്രയോജനം അറിയാതെ ശാരീരികമായി ഉളവാകുന്ന ആസക്തിയെ പൂരണം ചെയ്യുവാൻ മാത്രം സഹായിക്കുന്ന ഉപാധികൾ സമ്പാദിക്കുന്നതിനുള്ള വ്യഗ്രതയിലാണു നാം.

ശരീരത്തിൽ ബലവാനായിത്തീരുന്നവൻ തന്റെ കൈയൂക്കുകൊണ്ടു ബലഹീനനായവനെ ഹിംസിച്ച് തന്റെ വരുതിയിൽ നിറുത്തുന്നതു കാണുമ്പോൾ, ശരീരത്തിൽ ശക്തനായിത്തീരുന്നതാണു നാം തേടേണ്ടുന്ന അർത്ഥം എന്നു പലരും കരുതുന്നു. ആഹാരമാണു മനുഷ്യന്റെ ആദ്യത്തെ ആവശ്യം. അതുകൊണ്ട് ഏറെ അന്നം ലഭിക്കുന്നവൻ ധനവാൻ എന്നു കരുതുന്നതും സഹജമാണ്. (ധാന്യമുള്ളവൻ ധനവാൻ) മൗലികമായ ധനസമ്പാദനം വരുന്നത് ഉപഭോഗവസ്തുക്കളെ ഉല്പാദിപ്പിക്കുവാനുള്ള വസ്തുവകകളും യന്ത്രസാമഗ്രികളും സ്വന്തമായി ഉണ്ടാകുമ്പോഴാണ്.




അതുകൊണ്ട് ഭൂവുടമ ആകുവാനും സ്ഥാപനങ്ങളുടെ ഉടമസ്ഥനാകുവാനും സഹായിക്കുന്ന ധർമ്മപരിചയം മാത്രമേ ലൗകികർ തേടുന്നുള്ളൂ. കാലക്രമത്തിൽ പ്രയോജനമൂല്യത്തെ വിനിമയമൂല്യത്തിൽക്കൂടി ചോർത്തിയെടുക്കുന്നതിനുവേണ്ടി ലൗകികർ പണം എന്ന വിനിമയമൂല്യ ഉപാധി കണ്ടെത്തി അതിനെ സ്വർണ്ണത്തിൽ അധിഷ്ഠിതമാക്കി വയ്ക്കുവാൻ പഠിച്ചു. ഇന്ന് ഒരുവൻ വൈദ്യശാസ്ത്രത്തിൽ നൈപുണ്യം നേടുന്നത് സഹജീവികളുടെ ദുഃഖനിവൃത്തിക്കായി പണ്ടുമുതലേ ചെയ്തുവന്നിരുന്ന പ്രയോജനമൂല്യമായിട്ടല്ല. വിനിമയമൂല്യമായ പണത്തെ രോഗികളിൽനിന്നും കൊയ്തെടുക്കുന്നതിനുവേണ്ടിയാണ്. മനുഷ്യരുടെ കായക്ലേശങ്ങൾ കുറയ്ക്കുന്നതിനു ശാസ്ത്രീയമായ പദ്ധതികളിൽക്കൂടി ജീവിതോപായങ്ങൾ നിർമ്മിക്കുന്നതിനു വ്യവസ്ഥചെയ്തുവച്ച എഞ്ചിനീയറിംഗ് ഒരു പ്രയോജനമൂല്യമായിരുന്നു. ഇന്ന് ആ വിദ്യ കരസ്ഥമാക്കുന്നത് വലിയ തോതിലുള്ള സാമൂഹിക ആവശ്യനിർവഹണത്തിന്റെ പേരിൽ സബ് കോൺട്രാക്ടർ മുതൽ പി.ഡബ്ല്യു.ഡി മന്ത്രിമാർവരെയുള്ളവർക്കു ജനങ്ങളെ ചൂഷണംചെയ്യുവാനുള്ള വിനിമയമൂല്യത്തിന്റെ സിദ്ധിക്കുവേണ്ടിയായിരിക്കുന്നു. എല്ലാവർക്കും നീതി ലഭിക്കണം എന്ന ഉദ്ദേശ്യത്തോടുകൂടി വ്യവസ്ഥചെയ്തുവച്ച ജനാധിപത്യം, പ്രജായത്തവാദം ഇതെല്ലാം രാഷ്ട്രതന്ത്രജ്ഞതയുടെ പേരിൽ ഗുദഘോഷകാക്കിക്കൊണ്ട് ന്യൂനപക്ഷം ഇല്ലാത്ത ഭൂരിപക്ഷം നടിച്ച് ഭരണകക്ഷികളായി വരുന്നത് പ്രയോജനമൂല്യത്തെ ചവച്ചുതുപ്പുന്ന വിനിമയമൂല്യത്തിന്റെ ഉദാഹരണമാണ്. അങ്ങനെ ഇപ്പോൾ കർഷകനാകുന്നതിനെക്കാളും വ്യവസായിയാകുന്നതിനെക്കാളും മാന്യത കിട്ടാൻ വിനിമയമൂല്യം മാത്രമുള്ള പണം

സ്വന്തം പേരിൽ നിക്ഷേപിച്ചാൽ മതിയെന്നായി.

കർഷകൻ ഭൂമിയിൽ വിളനിലം ഉണ്ടാക്കി അന്നം മുതലായവയെ അടിസ്ഥാനസമ്പത്തായി ആർജ്ജിക്കുന്നു. എന്നാൽ യന്ത്രങ്ങളും മറ്റും മനുഷ്യബുദ്ധിയോടു കൂട്ടിയിണക്കി വിയർപ്പിന്റെ ശക്തിയും ബുദ്ധിയുടെ ശക്തിയും ഉപയോഗിച്ച് മനുഷ്യരുടെ കായക്ലേശത്തിനും ധൈഷണികമായ ക്ലേശത്തിനും അപ്പുറത്തു പോകുവാനായി എല്ലാ പ്രയോജനമൂല്യങ്ങളെയും വിനിമയമൂല്യങ്ങളാക്കി മാറ്റുന്ന അത്യാധുനികമായ സമ്പദ്‌വ്യവസ്ഥയുടെ പുതിയ ചൂഷണപ്രക്രിയ ലോകം മുഴുവൻ മാന്യതയുള്ളതായി കരുതുന്നു. ആധുനിക വിദ്യാഭ്യാസംതന്നെ ഈ ഒരേയൊരു പ്രക്രിയയ്ക്കുവേണ്ടിയുള്ളതായി ഭവിച്ചിരിക്കുന്നു. അസംസ്കൃതവസ്തുക്കളായ പഞ്ഞി, രോമം, എണ്ണകൾ, ഉപ്പുകൾ, തടി ഇതൊക്കെ പ്രകൃതിയിൽനിന്നും എടുത്തുപയോഗിക്കണമെങ്കിൽ വളരെയേറെ മനുഷ്യപ്രയത്നം വേണം. മനുഷ്യപ്രയത്നം മനുഷ്യനിലിരിക്കുന്ന ശാരീരികമായ ശക്തിയിൽനിന്നും പിഴിഞ്ഞെടുക്കേണ്ടതാണ്. അതുകൊണ്ട് അറിവില്ലായ്മയിലും അന്ധവിശ്വാസത്തിലും ഭീഷണിയിലും തളർന്നുകിടക്കേണ്ടുന്ന ഒരു ജനവിഭാഗം അടിമകളുടെ സ്ഥാനത്ത് എന്നും ഉണ്ടാകണമെന്നതു നീക്കുപോക്കില്ലാത്ത ഒരേർപ്പാടായി! മനുഷ്യനു മനുഷ്യൻതന്നെ ഒരു പ്രയോജനവസ്തുവായിത്തീർന്നു. മനുഷ്യനെ മനുഷ്യൻതന്നെ ക്രയവിക്രയം ചെയ്യുവാൻ വിനിമയമൂല്യത്തിന്റെ ധാരാളിത്തം സൗകര്യം നല്കി. ഇന്ന് skilled labour അഥവാ വിദഗ്ദ്ധ തൊഴിലാളിയുടെ കാര്യമെടുത്താൽ അവൻ നേടിയിരിക്കുന്ന തൊഴിൽപരിശീലനംതന്നെ അവനെ ഒരു ഉപഭോഗവസ്തുവാക്കി മാറ്റിയിരിക്കുന്നു. (The skilled labour is a consumer goods.)

—ഒരു ആധുനിക വ്യാപാരിന്യൂയോർക്കിലോ, മാഞ്ചെസ്റ്ററിലോ, ടോക്കിയോവിലോ, ആംസ്റ്റർഡാമിലോ, ഹൈഡൻബർഗിലോ, മ്യൂണിക്കിലോ ഇരുന്ന് ബാങ്ക് അക്കൗണ്ടുകളിലെ കംപ്യൂട്ടറൈസ്ഡ് ചെയ്തുവച്ചിരിക്കുന്ന കണക്കുകൾ ഉയർത്തുകയോ താഴ്ത്തുകയോ ചെയ്യുമ്പോൾ ലോകം മുഴുവൻ അവന്റെ ഇഷ്ടാനുസരണം മാറിക്കൊള്ളും എന്ന നില വന്നിരിക്കുന്നു. കംപ്യൂട്ടറുകളെ വിഴുങ്ങുന്ന കംപ്യൂട്ടറുകൾ ഉണ്ടാക്കി ലോകത്തിന്റെ നാണ്യമൂല്യത്തിൽ പുതിയ ചംക്രമണങ്ങൾ ഉണ്ടാക്കുവാൻ അവനു കഴിയും. അവർ പണം വിതച്ചു പണം കൊയ്യുന്നു.



യേശു പറഞ്ഞ കർഷകനല്ല ഇന്നത്തെ കർഷകൻ. കർഷകൻ വട്ടിപ്പണക്കാരനാകാൻ പോകുന്നതു കണ്ടിട്ടാണ് യേശു യറുശലേം ദേവാലയത്തിൽ കയറി 'കടക്കു പുറത്തേക്ക്' എന്നാക്രോശിച്ചു ചാട്ടവാറുകൊണ്ട് ആഞ്ഞടിച്ചത്. ഇന്നത്തെ സൂപ്പർസ്റ്റോറുകളെല്ലാം യറുശലേം ദേവലായങ്ങളെക്കാളും ക്രൂരത നിറഞ്ഞ വട്ടിപ്പണകേന്ദ്രങ്ങളാണ്.

വെള്ളത്തിൽ ജീവിക്കുന്ന ഒരു ഭീകരസത്വമുണ്ട്. 'നീരാളി' (Octopus). അതിന് എട്ടുദിക്കിലേക്കും പോകുന്നതായ വള്ളിപോലുള്ള കാലുകളുണ്ട്. നൂറു വാര ചുറ്റളവിലുള്ള ആഴത്തെ അതിനു പൂർണ്ണമായിട്ടും നീരാളിപ്പിടിത്തത്തിൽ കൊണ്ടുവരാൻ കഴിയും. അതുപോലെ മനുഷ്യൻ കണ്ടെത്തിയ ഒരേർപ്പാടാണു ബാങ്ക്. കൊച്ചുരാജ്യങ്ങളിലെ ബാങ്കുകൾക്കു വലിയ രാജ്യങ്ങളിലെ ബാങ്കുകൾ പണം കടംകൊടുത്തു പലിശ വാങ്ങുന്നു. അതിനെക്കാൾ വലിയ രാജ്യങ്ങൾ ഇടത്തരം രാജ്യങ്ങൾക്കു പണം കടം കൊടുക്കുന്നു.

ആദ്യകാലങ്ങളിൽ പണം എന്നാൽ സ്വർണ്ണം എന്നായിരുന്നു അർത്ഥം. സ്വർണ്ണം പോയി പിന്നീടു നാണയം വന്നു. നാണയം പോയി കറൻസിനോട്ടായി. കറൻസി പോയി ഐ പ്രോമിസ് യു (I Promise You) എന്ന വാക്കു മാത്രമായി. ഇപ്പോഴിതാ അതും പോയി പോക്കറ്റിൽ ഇട്ടുകൊണ്ടു നടക്കാവുന്ന ഒരു പ്ലാസ്റ്റിക് കാർഡ് മാത്രമായിരിക്കുന്നു പണം. അതായത് ജീവിതത്തിന്റെ അർത്ഥം എന്നു പറയുന്നത് പണത്തെ സംബന്ധിക്കുന്ന ഒരു വാഗ്ദാനം മാത്രമായി ചുരുങ്ങിയിരിക്കുന്നു. ആ വാഗ്ദാനം സത്യമാണെന്നു ബോധിച്ചാൽ ജീവിതത്തിന് അർത്ഥമുണ്ടായി.

ഇങ്ങനെ ആധുനിക സാംസാരികലോകം പണംതന്നെ എല്ലാം എന്ന വിശ്വാസത്തിൽ എത്തിനില്ക്കുന്നു. ഒരു രാജ്യത്തിന്റെ ധർമ്മത്തെ നിലനിർത്തുവാൻ, ജനങ്ങൾതന്നെ അവരുടെ പ്രതിനിധിയായി തിരഞ്ഞെടുത്തു കേന്ദ്രമന്ത്രിപദവിയിൽ അവരോധിക്കുന്ന ഒരുവന് തന്റെ കിടപ്പുമുറിയിലെ കട്ടിലിനടിയിൽ രാജ്യത്തിന്റെ ഭണ്ഡാരത്തിലെ പണം I promise you എന്നെഴുതിയിരിക്കുന്ന കോടാനുകോടി പത്രികകളാക്കി മൂടിവയ്ക്കുവാനും അതിന്റെ മുകളിൽക്കിടന്നുതന്നെ രാജ്യത്തിന്റെ സൂത്രധാരത്വം വഹിക്കുവാനും ഒരു പ്രയാസവുമില്ലെന്ന് ഇപ്പോൾ നാം കണ്ടിരിക്കുന്നു.

നാം നമുക്കുണ്ടായിരുന്ന സകല ശ്രേഷ്ഠതകളും കിരാതന്മാരുടെ മുഷ്കിൽ ഭ്രമിച്ച് ദൂരത്തെറിഞ്ഞപ്പോൾ ഭദ്രദീപം കൊളുത്തി സന്ധ്യാനാമം ചൊല്ലിയിരുന്നിടത്ത് മാളിക പണിത് മദ്യസേവയും മധുരസേവയും ചെയ്യുവാനായിട്ട് വൈദ്യുതി ജ്വലിപ്പിക്കുന്ന സംസ്കാരത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

ഇവിടെ അർത്ഥം എന്നു പറയുന്നത് (അ)ധർമ്മത്തിന് ഉപകരണമായി ഭവിച്ചിരിക്കുന്നു. അർത്ഥംതന്നെ അനർത്ഥമായിക്കഴിഞ്ഞിരിക്കുന്നു. അർത്ഥത്തെ ഭരിക്കുന്നതാകട്ടേ, ഒരു സ്വകാര്യഗൃഹത്തിലെ പ്രാകൃതരായ ജനങ്ങളുടെ ലജ്ജാവിഹീനമായ കാമവും ദുരയും. ഇന്നിപ്പോൾ ഈ രാജ്യത്തു പരമപുരുഷാർത്ഥം പരമദ്രോഹമായി മാറിയിരിക്കുന്നു.

ഇതെങ്ങനെ സംഭവിച്ചു?

നാം നമുക്കുണ്ടായിരുന്ന സകല ശ്രേഷ്ഠതകളും കിരാതന്മാരുടെ മുഷ്കിൽ ഭ്രമിച്ച് ദൂരത്തെറിഞ്ഞപ്പോൾ ഭദ്രദീപം കൊളുത്തി സന്ധ്യാനാമം ചൊല്ലിയിരുന്നിടത്ത് മാളിക പണിത് മദ്യസേവയും മധുരസേവയും ചെയ്യുവാനായിട്ട് വൈദ്യുതി ജ്വലിപ്പിക്കുന്ന സംസ്കാരത്തിൽ എത്തിച്ചേർന്നിരിക്കുന്നു. ജീവിതത്തിന്റെ അർത്ഥം പോയി. അത് അനർത്ഥമായിരിക്കുന്നു. അർത്ഥം എങ്ങനെ അനർത്ഥമായി? അത് ഇനി ആദ്യംമുതൽ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനു ധർമ്മാർത്ഥകാമങ്ങളിലെ കാമത്തിന്റെ അപായകരമായ വശ്യതകൂടി നാം അറിയേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഇനി കാമത്തെപ്പറ്റി പറയാം.



ടി.കെ. സന്തോഷ്കുമാർ

അപൂർവ്വവും അതുല്യവുമായ ഒരു ജന്മമാണ് ഡോ. പി.കെ.ആർ. വാര്യർ. ചികിത്സ ഒരു ജന്മസാഫല്യമാണ് അദ്ദേഹത്തിന്. പണത്തിന്റെ പ്രലോഭനത്തെ അതിജീവിച്ച് പാവപ്പെട്ടവരുടെ ഹൃദയത്തിൽ ഈ ഡോക്ടർ ജീവിക്കുന്നു.

വൈദ്യശാസ്ത്രത്തിനൊരു കീർത്തിമുദ്ര


പതിറ്റാണ്ടുകൾക്കുമുമ്പു ദേശീയവാദിയും മനുഷ്യസ്നേഹിയുമായ ഒരു ഭിഷഗ്വരൻ പതിനെട്ടു വയസ്സു പ്രായമായ തന്റെ മകനോടു പറഞ്ഞു: "രണ്ടു കാര്യങ്ങൾ നീ മനസ്സിലാക്കണം. ഒന്ന്: ഈ ചികിത്സാവൈദഗ്ദ്ധ്യം വില്ക്കാനുള്ളതല്ല; അതു പ്രയോഗിക്കുവാനുള്ളതാണ്. അതിനായി ഇത്രയുംകാലം ഞാൻ പ്രയത്നിച്ചു. ജീവിക്കുവാനാവശ്യമായ ശമ്പളം ഗവൺമെന്റിന്റെ പക്കൽനിന്നു പറ്റി. കാരണം, രോഗികളെ ചികിത്സിക്കുക, അതിനുള്ള ആശുപത്രികളും ഡിസ്പെൻസറികളും നടത്തുക മുതലായവയൊക്കെ ഗവൺമെന്റിന്റെ കർത്തവ്യമാണ്. അതിനായി പ്രവർത്തിക്കുന്ന എല്ലാവർക്കും ശമ്പളം കൊടുക്കുക എന്നതും ഗവൺമെന്റിന്റെ ചുമതലയാണ്. ഇന്നാണെങ്കിൽ എനിക്കു പെൻഷനുണ്ട്. പിരിഞ്ഞുവരുമ്പോൾ ഗ്രാറ്റിറ്റി മുതലായ വകകളിൽ ഞാനൊരിക്കലും പ്രതീക്ഷിക്കാത്ത ഒരു തുക കിട്ടി. ജീവിച്ചുപോരാൻ വലിയ പ്രയാസമൊന്നുമില്ല. രണ്ട്: ധനാഢ്യന്മാരും ജന്മിമാരും പ്രതിഫലം തരുന്നത് എന്നെ അവരുടെ സേവക്കാരനായി മാറ്റാനാണ്. അല്ലാതെ സ്നേഹംകൊണ്ടോ, അതു ഞാൻ പാവങ്ങൾക്കായി ചെലവഴിക്കും എന്ന വിചാരംകൊണ്ടോ അല്ല. ആ പണം വാങ്ങിയാൽപ്പിന്നെ അവരുടെ പല അനീതികൾക്കും ഞാൻ കൂട്ടുനില്ക്കേണ്ടി വരും. പട്ടിണികിടന്നാൽപ്പോലും നമ്മൾ ആ പ്രലോഭനങ്ങൾക്കു വഴങ്ങിക്കൂടാ."

പിതാവിന്റെ വാക്കുകൾ ശ്രദ്ധയോടെ കേട്ടുനിന്ന ഇന്റർമീഡിയറ്റ് വിദ്യാർത്ഥിയായിരുന്ന ആ മകൻ പിന്നീടു മദിരാശിയിലെ മെഡിക്കൽ കോളേജിൽനിന്ന് എം.ബി.ബി.എസ് ബിരുദം നേടി. തുടർന്ന് കേരളത്തിനകത്തും പുറത്തുമുള്ള നിരവധി പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു; കേരളം കണ്ടിട്ടുള്ളതിൽവച്ച് പ്രഗല്ഭമതികളായ സർജന്മാരിൽ ഒരാളായി പ്രശസ്തനായി. അഞ്ചു പതിറ്റാണ്ടു നീണ്ടുനിന്ന തന്റെ സേവനകാലയളവിൽ കടുത്ത സാമ്പത്തികബാദ്ധ്യതകൾക്കും പലതരത്തിലുള്ള പ്രലോഭനങ്ങൾക്കും നടുവിൽ, ഒരിക്കൽപ്പോലും തന്റെ അച്ഛന്റെ ആദർശലോകത്തിൽനിന്നും വഴുതിവീഴാതെ ജീവിച്ചു-അച്ഛനെപ്പോലെ പച്ചമനുഷ്യനായ ഡോക്ടറായി; സർജനായി!

ആ അച്ഛൻ- മദിരാശി ഗവൺമെന്റിന്റെ ആരോഗ്യവകുപ്പിൽ ഉന്നത ഉദ്യോഗസ്ഥനായിരുന്ന ഡോ. പി.കെ. വാര്യർ-ഇന്നു ജീവിച്ചിരിപ്പില്ല. മകൻ, ഡോ. പി.കെ.ആർ. വാര്യർക്ക് 1996 ആഗസ്റ്റ് 13-ന് 75 വയസ്സു തികഞ്ഞു. വാർദ്ധക്യത്തെയും അതുമായി ബന്ധപ്പെട്ട രോഗങ്ങളെയും തെല്ലും കൂസാതെ ഡോ. പി.കെ.ആർ. വാര്യർ 'വിശ്രമജീവിത'ത്തിലും തിരക്കിലാണ്- വൈദ്യശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങളുടെ വായനയിലും സെമിനാർ പേപ്പറുകളുടെ പരിശോധനയിലും മുഴുകുന്നു; തന്റെ ശിഷ്യന്മാരുടെയോ, പഴയ രോഗികളുടെയോ നിർബന്ധത്തിനു വഴങ്ങി പല ശസ്ത്രക്രിയകൾക്കും സാക്ഷിയാകുന്നു-ആവശ്യസന്ദർഭത്തിൽ നിർദ്ദേശം നല്കുന്നു; ആരോഗ്യപരിപാലനത്തിന്റെയും ചികിത്സാരംഗത്തിന്റെയും വളർച്ചയ്ക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളുടെ കൂടിയാലോചനായോഗങ്ങളിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുക്കുന്നു..... എല്ലാത്തിനും കൂട്ടായി ഭാര്യ ദേവകി; ഒരേ ആശയാദർശങ്ങളുടെ പങ്കാളി.

ഡോ. പി.കെ.ആർ. വാര്യർ ഒരു ഉറച്ച/ഇരുത്തം വന്ന കമ്മ്യൂണിസ്റ്റുകൂടിയാണ്. സി.പി.എമ്മിന്റെ കാർഡുള്ള അംഗം. ഭാര്യ ദേവകിയും അങ്ങനെതന്നെ. കൂടാതെ അവർ പാർട്ടിയുടെ മഹിളാവിഭാഗത്തിന്റെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും. (നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരേ ധീരമായ നിലപാടു സ്വീകരിക്കുകയും ജാതിവിരുദ്ധ പ്രസ്ഥാനങ്ങൾക്കു ശക്തി പകരുകയും ഒപ്പം കമ്മ്യൂണിസ്റ്റ് പ്രവർത്തകരുമായിരുന്ന പള്ളം ദമ്പതിമാരുടെ മകൾകൂടിയാണവർ.) സ്ഥാനമാനങ്ങൾക്കുവേണ്ടി പാർട്ടി സഹചാരിയായതല്ല ഡോ. വാര്യർ. മറിച്ച് സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ട് ഉല്പതിഷ്ണുവായി മാറിയതാണ്. ജീവിതത്തിലെ ഓരോ നിമിഷവും കമ്മ്യൂണിസ്റ്റ് ദർശനം അനുഷ്ഠിക്കുകകൂടി ചെയ്യുന്ന ഡോക്ടറാണ് അദ്ദേഹം. ഒരിക്കൽ മദിരാശിയിലെ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ പ്രിൻസിപ്പലിനോട്, നിംങ്ങളെ ഈ കോളേജിലെ സ്റ്റാഫായി നിയമിച്ചാൽ നിങ്ങൾ കമ്മ്യൂണിസമല്ലേ പഠിപ്പിക്കുക? എന്നു ചോദിച്ചതിനു മറുപടിയായി, അദ്ദേഹം പറഞ്ഞു: "മിസ്റ്റർ പ്രിൻസിപ്പാൾ, അനാട്ടമിയിൽ കമ്മ്യൂണിസമുണ്ടെങ്കിൽ അതു ഞാൻ പഠിപ്പിക്കും. ഈ നിയമനത്തിലൂടെ എന്നെ എന്റെ രാഷ്ട്രീയത്തിൽനിന്നു മാറ്റാം എന്നാണ് താങ്കൾ കരുതുന്നതെങ്കിൽ എനിക്കീ ഉദ്യോഗം വേണ്ട." ജീവിതത്തിലുടനീളം ഇത്തരമൊരു സമീപനം താൻ വിശ്വസിക്കുന്ന മൂല്യങ്ങൾക്കായി ഉയർത്തിപ്പിടിക്കാൻ ഡോ. വാര്യർക്കു കഴിഞ്ഞിട്ടുണ്ട്.

'ഒരു സർജന്റെ ഓർമ്മക്കുറിപ്പു'കളിലൂടെ ഡോ. വാര്യർ തന്റെ അനുഭവങ്ങൾ മലയാളികളുമായി പങ്കുവച്ചിട്ടുണ്ട്. ആ പുസ്തകം വായിച്ചിട്ടു വൈദ്യശാസ്ത്രരംഗത്തുള്ളവർ പറഞ്ഞു: "അതു ചരിത്രമാണ്; നമ്മളെക്കുറിച്ച് അതിലൊന്നുമില്ല." അതേ: ഡോ. പി.കെ.ആർ. വാര്യരുടെ ജീവിതം കേരളത്തിന്റെ രാഷ്ട്രീയ നവോത്ഥാനവുമായി കെട്ടുപിണഞ്ഞുകിടക്കുമ്പോൾ അതിൽനിന്നും ഭിന്നമായ ഒരു ചിത്രം അദ്ദേഹത്തിന് എങ്ങനെ അവതരിപ്പിക്കാനാവും? ഇ.എം.എസ് പറഞ്ഞതുപോലെ. "സമർത്ഥനായ ഡോക്ടറും ഉയർന്ന വർഗ്ഗബോധമുള്ള കമ്മ്യൂണിസ്റ്റും മാത്രമല്ല ഇതിന്റെ കർത്താവ്. താൻ ജനിച്ച കാലംതൊട്ടുള്ള വള്ളുവനാട് താലൂക്കിന്റെയും മലബാർ ജില്ലയുടെയും കേരള സംസ്ഥാനത്തിന്റെയും സാമൂഹ്യവും രാഷ്ട്രീയവുമായ വളർച്ച എണ്ണമറ്റ കഥാപാത്രങ്ങളിലൂടെയും സംഭവങ്ങളിലൂടെയും സരസമായി വിവരിക്കുന്ന ഒരു യഥാർത്ഥ സാഹിത്യകാരൻകൂടിയാണ്" ഒരേസമയം ആതുരസേവകനും കമ്മ്യൂണിസ്റ്റ് പ്രവർത്തകനുമായ ഡോ. പി.കെ.ആർ. വാര്യർ!



ഡോ. പി.കെ.ആർ. വാര്യർ

1959-ൽ മെഡിക്കൽ കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറായി പ്രവൃത്തിയെടുക്കുന്ന കാലത്ത് ഡോ. വാര്യരുടെ ശമ്പളം 350 രൂപയായിരുന്നു. അതുകൊണ്ടുവേണം രണ്ടു കുട്ടികളുടെ സ്കൂൾപഠനവും വീട്ടുവാടകയടക്കമുള്ള മറ്റു നിത്യവൃത്തികളും നടന്നുപോകേണ്ടിയിരുന്നത്. കഷ്ടിച്ച് രണ്ടറ്റവും കൂട്ടിമുട്ടിക്കാവുന്ന അവസ്ഥ. എന്നിട്ടും അദ്ദേഹം തന്റെ രോഗികളോ, അവരുടെ ബന്ധുക്കളോ വച്ചുനീട്ടുന്ന പണം വാങ്ങാനുള്ള പ്രലോഭനത്തിൽ വീണില്ല. തികഞ്ഞ മാർക്സിസ്റ്റ് ചിന്താഗതിയും തന്റെ തൊഴിലിനോടുള്ള അഗാധമായ ശുഭാപ്തിവിശ്വാസവുമായിരുന്നു ഇക്കാര്യത്തിൽ അദ്ദഹത്തെ നിയന്ത്രിച്ചിരുന്നത്. ഒരു മാർക്സിസ്റ്റാവുകയെന്നാൽ അതിന്റെ ഐഡിയോളജിയുടെ സംശുദ്ധത സ്വകാര്യജീവിതത്തിൽ പകർത്തുക എന്നാണെന്ന് ഡോ. വാര്യർ നമ്മെ ഓർമ്മിപ്പിക്കുന്നു. ജാഥ നയിക്കാനും ഒരു സവിശേഷ സാഹചര്യത്തിൽ പൊലീസ് മർദ്ദനമേല്ക്കാനും തയ്യാറാവുന്നതിനെക്കാളും എത്രയോ മഹത്തരമാണ് തുടർച്ചയായ പ്രലോഭനങ്ങളെ അതിജീവിച്ച് തന്റെ വിശ്വാസത്തിൽ പതറാതെ ജീവിക്കുവാൻ കഴിയുകയെന്നത്. മാർക്സിസം അതിന്റെ ആദ്യകാലത്ത് കേരളീയ ജനജീവിതത്തിലുണർത്തിവിട്ട പ്രതീക്ഷകൾ അതിന്റെ എല്ലാ സമഗ്രതയോടുംകൂടി സാക്ഷാത്കൃതമായില്ല എന്നു കരുതി, അതിനെ തള്ളിപ്പറയാൻ ഡോ. വാര്യർ ഒരുക്കമല്ല. മറിച്ച് അതിന്റെ പ്രായോഗികതലത്തിൽ സ്വാഭാവികമായി വന്നുചേരാവുന്ന വ്യതിയാനങ്ങളെ ഉൾക്കൊള്ളാനും അതിനനുസരിച്ചു സിദ്ധാന്തപരമായ ശുദ്ധതയെ മുറുകെപ്പിടിച്ചുകൊണ്ടുള്ള തിരുത്തൽപ്രവർത്തനങ്ങൾക്കു തയ്യാറാവുകയുമാണ് വേണ്ടതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ഇതുകൊണ്ടുതന്നെയാണ് അദ്ദേഹം തന്റെ പാർട്ടിയുമായുള്ള ബന്ധം ഇന്നും ഉപേക്ഷിക്കാത്തത്. ഡോ. വാര്യർ പറയുന്നു: "എന്നെ ഞാനായി ജീവിക്കാൻ ശക്തനാക്കിയത് മാർക്സിസ്റ്റാദർശമാണ്. ഒരിക്കൽ എന്റെ പി.ജി വിദ്യാർത്ഥിയായ പി. ജോൺ (ഇപ്പോൾ കോട്ടയം മെഡിക്കൽ കോളേജിൽനിന്നും റിട്ടയർ ചെയ്ത് ഒരു സ്വകാര്യ ആശുപത്രിയിൽ സർജനായി സേവനമനുഷ്ഠിക്കുന്നു) ചോദിച്ചു: "ദൈവമില്ല, ഭക്തി വേണ്ട എന്നൊക്കെ സാറു പറയുന്നു. പിന്നെന്തിനാണ് സാർ രോഗികളുടെ കൈയിൽനിന്നും പണം വാങ്ങാതിരിക്കുന്നത്." ജോൺ പറഞ്ഞതിന്റെ അർത്ഥം, പലരും പണം വാങ്ങാത്തത് ദൈവകോപം ഭയന്നിട്ടാണെന്നാണ്. എനിക്കു ദൈവത്തിൽ വിശ്വാസമില്ലാത്തതുകൊണ്ട് അങ്ങനെയൊന്നുണ്ടാവുകയില്ലല്ലോ. ഞാൻ ചിരിച്ചതേയുള്ളു. മറ്റൊരിക്കൽ പാർട്ടിയിലെ ഒരു സഖാവ് ചോദിച്ചു: "ഡോക്ടർ എന്തിനാണ് ഇങ്ങനെ അരിഷ്ടിച്ചു കഴിയുന്നത്? രോഗികൾ സന്തോഷത്തോടെ തരുന്ന പണം വാങ്ങിക്കൂടേ? ബാബു (മകൻ) വലുതാകുമ്പോൾ അവനെ നല്ല രീതിയിൽ പഠിപ്പിക്കേണ്ടേ? ഞാൻ അതിന് ആ സഖാവിനോടു മറുപടി പറഞ്ഞതിങ്ങനെയായിരുന്നു: "അവൻ വലുതാകുമ്പോഴേക്കും ഇതൊരു സോഷ്യലിസ്റ്റ് സമൂഹമാകും. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിൽ കുട്ടികളെ പഠിപ്പിക്കാനുള്ള ചുമതല സ്റ്റേറ്റിന്റേതാണ്. അതുകൊണ്ട് അവനെ സോഷ്യലിസ്റ്റ് സ്റ്റേറ്റ് പോറ്റിക്കൊള്ളും." ഇത് ഒരു അശാസ്ത്രീയ ചിന്താഗതിയായിരുന്നുവെന്ന് ഇപ്പോൾ മനസ്സിലാക്കുന്നു. കാരണം മാർക്സിസം ഒരു ശാസ്ത്രീയ തത്ത്വസംഹിതയാണ്. അത് ജ്യോതിഷമല്ല. വരാൻ പോകുന്ന കാര്യങ്ങളെപ്പറ്റി അതു പ്രവചിക്കുവാൻ മുതിരില്ല. ആ ശാസ്ത്രീയാവബോധം വച്ചുനോക്കിയാൽ, ഈ രാജ്യത്തു തൊഴിലാളിവർഗ്ഗ വിപ്ളവം പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഒരു സോഷ്യലിസ്റ്റ് സമൂഹം കെട്ടിപ്പടുക്കപ്പെട്ടില്ല എന്നുള്ളതിൽ വലിയ കുണ്ഠിതത്തിനു കാരണമൊന്നുമില്ല. കാരണം മാർക്സിസ്റ്റ് ആചാര്യന്മാർ പറഞ്ഞതുതന്ന മാതിരിതന്നെ, ഓരോ രാജ്യത്തും അതതു രാജ്യത്തെ പരിതഃസ്ഥിതിക്കനുസരിച്ചാണ് വിപ്ളവം നടക്കുക. ഇന്ത്യയിൽ തൊഴിലാളിവർഗ്ഗത്തിന് അധികാരം പിടിച്ചെടുക്കുവാൻ വേണ്ട സാഹചര്യം ഇനിയും നിലവിൽ വന്നിട്ടില്ല. ജനാധിപത്യ വിപ്ളവംപോലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ഒരു സോഷ്യലിസ്റ്റ് സമൂഹത്തെ വിഭാവനം ചെയ്യുന്നത് വളരെ മൗഢ്യമാണ്. ഇന്നത്തെ ഇന്ത്യൻ അവസ്ഥയിൽ ജനാധിപത്യവിപ്ളവം പൂർത്തീകരിക്കുക എന്നതാണ് വിപ്ളവപ്രസ്ഥാനത്തിന്റെ കടമ." ഡോ. വാര്യരുടെ മുഖത്തു തികഞ്ഞ ശാന്തത.

ജീവിതത്തിലെന്നും ഇടതുപക്ഷ രാഷ്ട്രീയ നിലപാടുകളോട് ആഭിമുഖ്യം വച്ചു പുലർത്തിയ ഒരു ഡോക്ടർ.

ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പടുത്തുയർത്തുന്നതിൽ ആദ്യകാലം മുതൽ അക്ഷീണം പ്രവർത്തിച്ചവരിൽ മുമ്പനായിരുന്നു ഡോ. വാര്യർ. അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്- തന്റെ രാഷ്ട്രീയ നിലപാടുകളുടെ പേരിൽ നേരിടേണ്ടി വന്ന ദുരനുഭവങ്ങളെക്കുറിച്ച് അദ്ദേഹം ഓർക്കുന്നു: "ഒരുദിവസം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. തങ്കവേലു (എന്റെ സഹപാഠികൂടിയായിരുന്നു) അന്നു സൂപ്പർ സ്പെഷ്യാലിറ്റിയിലുണ്ടായിരുന്ന ഞാനടക്കമുള്ള പ്രൊഫസർമാരെ വിളിച്ചു പറഞ്ഞു: "ഉന്നത മെഡിക്കൽ സ്പെഷ്യാലിറ്റിയുടെ വികസനത്തിനായി, ശ്രീചിത്തിരതിരുനാളിന്റെ

ഷഷ്ടിപൂർത്തി പ്രമാണിച്ച് എട്ടുലക്ഷം രൂപ രാജകൊട്ടാരത്തിൽനിന്നും മെഡിക്കൽ കോളേജിലേക്കു സംഭാവന ചെയ്യുന്നു" എന്ന്. ഞാൻ അന്ന് 'ഹാർട്ട് സർജറിയുടെ സ്പെഷ്യാലിറ്റിയിലായിരുന്നു. ഞങ്ങളിൽ ചിലർ ചേർന്ന്. ന്യൂറോ സർജറിയുടെ സ്പെഷ്യാലിറ്റിയിലെ ഡോ. സാംബശിവനടക്കം. ഡോ. തങ്കവേലുവിന്റെ നിർദ്ദേശപ്രകാരം ഞങ്ങളുടെ സ്പെഷ്യാലിറ്റി കുറേക്കൂടി നല്ല രീതിയിൽ പ്രവർത്തിപ്പിക്കാനായി ഒരു കമ്മിറ്റി രൂപീകരിച്ചു. പുതിയ കെട്ടിടങ്ങൾ ആവശ്യമായി വന്നു. സർക്കാർ കെട്ടിടം നിർമ്മിക്കാനായി സ്ഥലം നല്കി. കെട്ടിട നിർമ്മാണത്തിനായി ഒരു ബിൽഡിംഗ് കമ്മിറ്റിയും വിളിച്ചുകൂട്ടി. അന്ന് സി. അച്യുതമേനോൻ മുഖ്യമന്ത്രിയും എൻ. കെ. ബാലകൃഷ്ണൻ ആരോഗ്യവകുപ്പുമന്ത്രിയുമായിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻവേണ്ടി ആരോഗ്യവകുപ്പുമന്ത്രി ചെയർമാനായി ഒരു ഗവേണിംഗ് കൗൺസിലും ഉണ്ടായി. അന്നു ഞാൻ രാഷ്ട്രീയത്തിൽ നോട്ടപ്പുള്ളിയാണ്. സി.പി.ഐയുടെ 1969-ലെ പിളർപ്പിനുശേഷം ഞാൻ സി.പി.എമ്മിന്റെ ഒപ്പമായിരുന്നു. രാവും പകലും ഡോ. സാംബശിവനും ഞാനുമൊക്കെ ഇതിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഓടിനടന്നു. ഡോ. സാംബശിവന്റെ സേവനം വളരെ വലുതാണ്. പുതിയ കെട്ടിടവും ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ട മറ്റു സജ്ജീകരണങ്ങളും പൂർത്തിയായി. പുതിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി എന്നെ നിയമിക്കുവാൻ, ഞാൻ ആവശ്യപ്പെടാതെതന്നെ. ഇതിന്റെ പ്രവർത്തനങ്ങൾക്കായി രൂപീകരിക്കപ്പെട്ട കമ്മിറ്റി ഏകകണ്ഠമായി തീരുമാനമെടുത്തു. എന്നാൽ രാഷ്ട്രീയ നിലപാടിന്റെ അടിസ്ഥാനത്തിൽ സർക്കാർ അതു മറികടക്കുകയും എനിക്കു പകരം സ്ഥാപനത്തിന്റെ ഡയറക്ടറായി ഫിസിയോളജി പ്രൊഫ. ഡോ. ഫ്രാൻസിസിനെ നിയമിക്കുകയും ചെയ്തു. എന്നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെഡിക്കൽ സൂപ്രണ്ടായും നിയമിച്ചു. ഇവിടെ യോഗ്യതയെക്കാളും അർഹതയെക്കാളും രാഷ്ട്രീയമായ ചേരിതിരിവിനായിരുന്നു സർക്കാർ പ്രാധാന്യം നല്കിയത്. അപ്പോഴും ഞാൻ എന്റെ സ്ഥാനമാനത്തെക്കുറിച്ചു വേവലാതിപ്പെടാതെ സൂപ്രണ്ടന്ന നിലയിൽ സേവനമനുഷ്ഠിച്ചു. എന്നാൽ ഡോ. ഫ്രാൻസിസിന് സെന്റ് ജോൺസ് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളായി ബാംഗ്ളൂരിലേക്കു പോകേണ്ടി വന്ന അവസരത്തിൽ സർക്കാരിന്റെ. യുക്തിരഹിതമായ തീരുമാനം സ്വീകരിക്കുവാൻ ഞാൻ തയ്യാറായില്ല. വൈദ്യശാസ്ത്രശാഖയുടെയും ആരോഗ്യപരിപാലനരംഗത്തിന്റെയും വളർച്ച ലക്ഷ്യമാക്കി സ്ഥാപിതമായ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി ഗവൺമെന്റ് നിയമിച്ചത് ആരെയാണെന്നോ-പി.എച്ച്.ഡിക്കാരനായ ഡോക്ടറെ! ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ ഡോ. ഗോപാലകൃഷ്ണനെ! ക്യാ



ഡോക്ടർ വാര്യരും സഹധർമ്മിണി ദേവകി വാര്യരും

ബിനറ്റിന്റെ ഈ തീരുമാനത്തെ ഞങ്ങളെല്ലാവരും ചേർന്ന് എതിർത്തു. പക്ഷേ. ഗവൺമെന്റ് അവരുടെ തീരുമാനവുമായി മുന്നോട്ടു പോയി. ഞാൻ സൂപ്രണ്ട്സ്ഥാനം രാജിവച്ചു. രാജിവയ്ക്കരുതെന്നു പലരും സ്നേഹത്തോടെ ഉപദേശിച്ചു. എന്നാൽ ഞാനവർക്കു നല്കിയ മറുപടി "ഒരു നോൺ-മെഡിക്കൽ തലവന്റെ കീഴിൽ ജോലിചെയ്യാൻ സാദ്ധ്യമല്ല" എന്നായിരുന്നു. ശരിക്കും അന്ന് അതൊരു ക്രൈസിസ്തന്നെയായിരുന്നു. ക്യാബിനറ്റ് തീരുമാനിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണസമിതി പുനഃസംഘടിപ്പിക്കുവാനും അതിനായി നിലവിലുള്ള ഭരണസമിതിയിൽ ഒരു പ്രമേയം പാസാക്കണമെന്നും. ഞങ്ങൾക്ക് ഗവൺമെന്റ് ഓർഡർ (ജി.ഒ) വന്നു. അതൊരു വിചിത്രമായ ജി.ഒ ആയിരുന്നു-ഞങ്ങളെ ഭരണസമിതിയിൽനിന്നും പുറത്താക്കണം എന്ന പ്രമേയത്തിനനുകൂലമായി ഞങ്ങൾ വോട്ടുചെയ്യണം! ഒരു സർക്കാരുദ്യോഗസ്ഥന് ജി.ഒ ലംഘിക്കുവാൻ പാടില്ല. എന്നാൽ ഞാൻ ജി.ഒ മറികടന്ന്, മീറ്റിംഗിൽ പങ്കെടുക്കുകയോ. വോട്ടുചെയ്യുകയോ ചെയ്തില്ല. മെഡിക്കൽ സയൻസുമായി ബന്ധമില്ലാത്ത ഒരാളുടെ കീഴിൽ ജോലിചെയ്യുവാൻ സാദ്ധ്യമല്ല എന്നുതന്നെയാണ് ഞാൻ ഗവൺമെന്റിന് അതിനു വിശദീകരണം നല്കിയത്. പിന്നീടു ഞാൻ മെഡിക്കൽ കോളേജിലേക്കുതന്നെ തിരിച്ചുപോയി. സേവനത്തിൽനിന്നും വിരമിക്കുന്നതുവരെ അവിടെ ജോലിചെയ്തു."

ഡോ. ഗോപാലകൃഷ്ണനുശേഷം ഡയറക്ടറായി വന്ന ഡോ. എം.എസ്. വല്യത്താൻ ഡോ. വാര്യരെ ഇൻസ്റ്റിറ്റ്യൂട്ടിലേക്കു വീണ്ടും ക്ഷണിച്ചു. എന്നാൽ ആ ക്ഷണം അദ്ദേഹം നിരസിച്ചു. പിന്നീടു മെഡിക്കൽ കോളേജിൽനിന്നും റിട്ടയർ ചെയ്യുന്ന സമയത്ത് (1977). ചിത്തരഞ്ജൻ ആരോഗ്യവകുപ്പുമന്ത്രിയായിരിക്കുമ്പോൾ. ഡോ. വാര്യരോടു മെഡിക്കൽ കോളേജിൽ തുടരാനാവശ്യപ്പെട്ടു. എന്നാൽ അതിനോട് അദ്ദേഹം യോജിച്ചില്ല. മറിച്ച് ഒരു സീനിയർ സർജൻ എന്ന നിലയിൽ ആഴ്ചയിൽ രണ്ടുദിവസം മെഡിക്കൽ കോളേജിൽച്ചെന്നു ക്ലാസ്സെടുക്കാമെന്നും രോഗികൾക്കു സഹായങ്ങൾ ചെയ്യാമെന്നും അദ്ദേഹം സമ്മതിച്ചു. അതിനു ഡോ. വാര്യരോട്. "എത്ര രൂപ ശമ്പളം വേണ'മെന്ന് അധികൃതർ ചോദിച്ചു. അതിനു മറുപടിയായി ഡോ. വാര്യർ പറഞ്ഞതിങ്ങനെയായിരുന്നു: "റിട്ടയർ ചെയ്യുന്നതിന് ഒരുദിവസംമുമ്പ് എന്നെ പിരിച്ചുവിട്ടിരുന്നുവെങ്കിൽ അതിനെ ഞാൻ നഖശിഖാന്തം എതിർക്കുമായിരുന്നു. എന്നാൽ റിട്ടയർമെന്റിനുശേഷം ഒരുദിവസംപോലും ഈ സർക്കാരിന്റെ വേതനം വാങ്ങി പണിയെടുക്കാൻ ഞാൻ തയ്യാറല്ല."

1991-ൽ തന്റെ രണ്ടു ശിഷ്യന്മാർ തൃശൂരും കുന്നംകുളത്തും നടത്തിയിരുന്ന സ്വകാര്യാശുപത്രിയിൽ പ്രവൃത്തിയെടുക്കുന്ന കാലത്താണ് സർജ്ജറിയിൽനിന്നും ഡോ. വാര്യർ പൂർണ്ണമായും വിടവാങ്ങുന്നത്. 89-ൽ കണ്ണൂർ എ.കെ.ജി ഹോസ്പിറ്റലിൽനിന്നും വിരമിക്കുമ്പോൾ വിശ്രമജീവിതം നയിക്കാനായിരുന്നു അദ്ദേഹം ആഗ്രഹിച്ചിരുന്നത്. എന്നാൽ ഡോ. വാര്യരുടെ ശിഷ്യനായിരുന്ന ഡോ. സി.എൻ. പരമേശ്വരൻ തൃശൂരിൽ 'അശ്വിനി' എന്ന പേരിൽ ഒരു ഹോസ്പിറ്റൽ സ്ഥാപിക്കാൻ തീരുമാനിച്ചപ്പോൾ മുതൽ അവിടേക്കു ചെല്ലണമെന്ന് അദ്ദേഹത്തെ നിർബന്ധിച്ചുകൊണ്ടിരുന്നു. ഡോ. സി.എൻ. പരമേശ്വരൻ മോസ്കോ 'പാട്രിസ് ലുമുംബ യൂണിവേഴ്സിറ്റി'യിൽനിന്നും എം.ബി.ബി.എസ് നേടിയ വ്യക്തിയാണ്. എന്നും ഡോ. വാര്യരോട് ആദരവു നിറഞ്ഞ സ്നേഹബഹുമാനങ്ങൾ കാട്ടിയിരുന്ന ഡോ. പരമേശ്വരൻ ഇടതുപക്ഷ പ്രസ്ഥാനങ്ങളോട് ആഭിമുഖ്യം പുലർത്തുകയും അതിന്റെ വളർച്ചയെയും വികാസത്തെയും സസൂക്ഷ്മം നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഒന്നുകൊണ്ടും ഡോ. വാര്യർക്ക് ഡോ. പരമേശ്വരന്റെ ക്ഷണം നിരസിക്കുവാൻ കഴിയുമായിരുന്നില്ല. 'അശ്വിനി' ഉദ്ഘാടനം ചെയ്യിച്ചതുതന്നെ ഡോ. വാര്യരെക്കൊണ്ടായിരുന്നു-സ്കാൽപ്പൽ (ഓപ്പറേഷനുപയോഗിക്കുന്ന കത്തി) നല്കിക്കൊണ്ടായിരുന്നു ഉദ്ഘാടനം-തന്റെ തൊഴിലിന്റെ-ഒരിക്കലും പിഴയ്ക്കാത്ത-സഹചാരിയായ സ്കാൽപ്പൽ!

തുടർന്ന് 'അശ്വിനി'യിൽ പ്രവൃത്തിയെടുക്കുന്ന അവസരത്തിലാണ് മറ്റൊരു പ്രിയശിഷ്യന്റെ വരവ്-ഡോ. മോഹൻവർമ്മ. ഡോ. വർമ്മ പറഞ്ഞു: "ഞാനും സാറിന്റെ സ്റ്റുഡന്റാണ്. ഞാൻ നടത്തുന്ന കുന്നംകുളം 'യൂണിറ്റി' ഹോസ്പിറ്റലിനും അങ്ങയുടെ സേവനം ആവശ്യമുണ്ട്." നിരസിക്കുവാനാവാത്ത ആ ക്ഷണപ്രകാരം തൃശൂരിൽനിന്നും രണ്ടുദിവസം കുന്നംകുളത്തും പോയി. ഡോ. വാര്യരുടെ സേവനം ലഭ്യമായ ആ ഹോസ്പിറ്റലുകൾക്കു പേരും പെരുമയും വർദ്ധിച്ചു. കുറേനാൾ കഴിഞ്ഞപ്പോൾ. ഡോ. വാര്യർക്കു സ്വയം മനസ്സിലായി. തനിക്കിനി സ്കാൽപ്പൽ പിടിക്കുവാനോ. സൂചി കോർക്കുവാനോ കഴിയുകയില്ലെന്ന്. ഡോ. വാര്യർ പറയുന്നു: "ഞാൻ എന്നും എന്റെ വിദ്യാർത്ഥികളോടു പറയുമായിരുന്നു. "സൂചി കോർക്കുവാൻ എന്നു വയ്യാതെയാകുന്നുവോ. അന്നു ഞാൻ ഇതു നിറുത്തും:" അങ്ങനെ തോന്നിയപ്പോൾ നിർത്തി." സ്വന്തം വിധി നടപ്പാക്കുകയായിരുന്നു ഡോ. വാര്യർ.


ഡോ. വാര്യരും സഹധർമ്മിണിയും കുടുംബസദസ്സിൽ

ശരീരഭാഗങ്ങൾ കീറിമുറിക്കുന്നതിന്റെയും കേടുബാധിച്ചവ എടുത്തുമാറ്റുന്നതിന്റെയും അവയുടെ സ്ഥാനത്ത് പുതിയവ ഘടിപ്പിക്കുന്നതിന്റെയും തുന്നിക്കെട്ടുന്നതിന്റെയും സാങ്കേതിക മാർഗ്ഗങ്ങൾ വിവരിക്കുന്ന നീണ്ടുനില്ക്കുന്ന സർജറി ക്ലാസ്സുകളുടെ വിരസതയെ രസകരമായ കഥകൾകൊണ്ടു സജീവമാക്കുവാൻ ഡോ. വാര്യർ ശ്രമിച്ചിരുന്നു. എന്നാൽ പലപ്പോഴും അത്തരം ക്ലാസ്സുകളുടെ രക്തധമനികൾ ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ അരുണ-ശ്വേതാണുക്കൾകൊണ്ടു നിറയേണ്ടതിനു പകരം ഫിക്ഷണൽ രസലായനികൊണ്ടു പൂരിതമായപ്പോൾ അതിനൊരു 'ബ്ലോക്കു' സൃഷ്ടിച്ചു ഞെട്ടിച്ച പി.ജി വിദ്യാർത്ഥി രഞ്ജിത്കുമാർ ഗ്രോവറെ ഇന്നും ഡോ. വാര്യർ സ്നേഹത്തോടെ ഓർക്കുന്നു. മെഡിക്കൽ വിദ്യാർത്ഥികളെ അവരുടെ അദ്ധ്യയനകാലത്ത്. എത്ര കഴിവുള്ളവരായാലും പ്രൊഫസർമാർ തങ്ങളുടെ മുന്നിൽ മുട്ടുമടക്കി നിർത്താൻ ആഗ്രഹിക്കുന്നു. അവരുടെ ഭാവിയുടെ-തോല്പിക്കാനും ജയിപ്പിക്കാനുമുള്ള-ദൈവമാണ് അദ്ധ്യാപകൻ. എന്നാൽ ഡോ. വാര്യർ അവർക്ക് അങ്ങനെയൊരു ഭീഷണിയുടെ രൂപമായിരുന്നില്ല. മറിച്ച് വിദ്യാർത്ഥികളുടെ മനസ്സറിയാൻ പ്രാപ്തിയുള്ള ഒരു മനുഷ്യനായ അദ്ധ്യാപകനായിരുന്നു അവർക്ക് അദ്ദേഹം. അല്ലെങ്കിൽ രഞ്ജിത്കുമാർ ഗ്രോവർ അത്ര ധൈര്യം കാട്ടുമായിരുന്നില്ല. ഡോ. വാര്യർതന്നെ ആ സംഭവം പറയട്ടെ: "പഠിപ്പിക്കുന്നതിന്റെ ഭാഗമായി ഞാൻ ചില കഥകളൊക്കെ ക്ലാസ്സിൽപ്പറയും. ചിലപ്പോൾ അത് അധികമായും തീരാറുണ്ടായിരുന്നു. ഇത്തരത്തിൽ ക്ലാസ്സിൽ ഒരു കഥ പറയുമ്പോൾ പി.ജി. വിദ്യാർത്ഥിയായ ഗ്രോവർ (ഇപ്പോൾ തൃപ്പൂണിത്തുറയിൽ സ്വന്തമായി ഒരു ഹോസ്പിറ്റൽ നടത്തുന്നു) എന്നോടൊരു കഥ തിരിച്ചുപറഞ്ഞു. അതിപ്രകാരമായിരുന്നു: "സാറേ ഞങ്ങളുടെ നാട്ടിൽ വളരെ നല്ലൊരു വികാരിയച്ചനുണ്ടായിരുന്നു. അച്ചന്റെ കുർബാന കേൾക്കാൻ ആൾക്കാർക്കു വളരെ വലിയ താത്പര്യമായിരുന്നതിനാൽ പള്ളിയിൽ നില്ക്കാൻകൂടി ഇടമില്ലാത്ത അവസ്ഥയെത്തി. ഇടവകയിൽ ഇതൊരു സംസാരവിഷയമാകുകയും ആ അച്ചനെ അവിടെനിന്നും സ്ഥലംമാറ്റുകയും ചെയ്തു. പകരം മുളന്തുരുത്തിയിൽനിന്നും മറ്റൊരച്ചനെ നിയമിച്ചു. ക്രമേണ പള്ളിയിൽ ആരും വരാതെയായി. അപ്പോൾ ആ അച്ചൻ കപ്യാരെ വിളിച്ചു ചോദിച്ചു- "മുമ്പുണ്ടായിരുന്ന വികാരിയച്ചന്റെ കാലത്ത് ഇവിടെ ധാരാളം ഭക്തജനങ്ങൾ വരുമായിരുന്നല്ലോ. ഇപ്പോഴെന്തു പറ്റി?" കപ്യാർ മറുപടി പറഞ്ഞു.

"അല്ലച്ചോ. അച്ചൻ ഇപ്പറയുന്നതു കുറച്ചൊക്കെ വിശ്വസിക്കേണ്ടതാവേണ്ടേ? എങ്കിലല്ലേ ആൾക്കാർക്കു താത്പര്യമുണ്ടാവൂ!" ഇതുകേട്ട് അച്ചൻ കപ്യാരോട് "അത്രയ്ക്കു വിശ്വസിക്കാൻ വയ്യാത്ത മാതിരിയാണോ ഞാൻ പറയുന്നത്?"

കപ്യാർ- അച്ചനു വിരോധം തോന്നരുത്, ഞങ്ങൾക്കുപോലും അച്ചൻ പറയുന്നതു കൂടിപ്പോകുന്നു എന്നു തോന്നുന്നു. അപ്പോൾ കുർബാന കൈക്കൊള്ളാൻ വരുന്നവരുടെ കാര്യം പറയേണ്ടതുണ്ടോ?

അച്ചൻ- അതിനിപ്പോൾ എന്താ ചെയ്ക?

കപ്യാർ- ഇനി മുതൽ അച്ചൻ പറയുന്നതു കൂടിപ്പോകുന്നുവെന്നു കണ്ടാൽ ഞാൻ പിന്നിൽ നിന്നൊരു വിസിൽ അടിക്കും. അപ്പോൾ അച്ചൻ നിറുത്തണം.

അച്ചൻ- അങ്ങനെ ചെയ്യാം.

കപ്യാർ അടുത്ത ഞായറാഴ്ച പള്ളിയിലേക്ക് ആളുകളെ കൂട്ടിക്കൊണ്ടു വന്നു. അച്ചനു വളരെ സന്തോഷമായി. കുർബാന കാര്യമായി നടക്കുന്നു. അതിനിടയിൽ അച്ചൻ പറഞ്ഞു: "യേശുവിന്റെയും ദൈവത്തിന്റെയും കാരുണ്യം പ്രചരിപ്പിക്കുവാൻ ആഫ്രിക്കാപ്പിരികളുടെ ഇടയിൽക്കൂടി നടക്കുകയായിരുന്നു ഞാൻ. അങ്ങനെ ഒരു കാട്ടിൽക്കൂടി നടക്കുമ്പോൾ നേരേ മുന്നിൽ ഒരു നരി. ഞാൻ മുട്ടുകുത്തിനിന്നു പ്രാർത്ഥിച്ചു. നരിയും മുട്ടുകുത്തിനിന്നു പ്രാർത്ഥിക്കാൻ തുടങ്ങി. അങ്ങനെ നില്ക്കുമ്പോൾ വലതുവശത്തുനിന്നു മറ്റൊരു നരി വരുന്നു."

കപ്യാർ ഒന്നു വിസിലടിച്ചു.

അപ്പോൾ അച്ചൻ കപ്യാരോടു പറഞ്ഞു: "കപ്യാരേ. ഇടതുവശത്തുനിന്നുകൂടി ഒന്നു വരാതെ ഞാൻ നിർത്തില്ല."

ഈ കഥ പറഞ്ഞിട്ട് രഞ്ജിത്കുമാർ ഗ്രോവർ പറഞ്ഞു: "സാർ പറയുന്നതു കേൾക്കുമ്പോൾ ഞാനും വിസിലടിക്കുകയാണ്." ഞാനതു കേട്ടു ചിരിച്ചുപോയി. ഗ്രോവർ തുടർന്നു: "സാറിനെന്നോടു വിരോധം തോന്നരുത്."

ഞാൻ പറഞ്ഞു: " ഇല്ല. സത്യം തുറന്നു പറയുക."

ഇതുപോലെ രസകരമായ മറ്റൊരു കഥകൂടി ഡോ. വാര്യർക്ക് ഓർക്കാനുണ്ട്. അതു കൊച്ചിയിൽ ജോലിചെയ്തുകൊണ്ടിരിക്കുന്ന കാലത്താണ്. മരുന്ന് അത്യാവശ്യമാണെങ്കിൽ മാത്രമേ കഴിക്കാവൂ. എല്ലാ മരുന്നും വിഷമാണ് എന്നൊക്കെ തന്റെ രോഗികളോട് ഉപദേശിക്കാറുള്ള അദ്ദേഹത്തിനൊരു പനിവന്നു. പനി 102 ഡിഗ്രി കടന്നു. മൂന്നുനാലു ദിവസം ഹോസ്പിറ്റലിൽ പോകാതെ വീട്ടിൽത്തന്നെ കിടപ്പായി. ഒരുവിധം കുറഞ്ഞപ്പോൾ അദ്ദേഹവും ഭാര്യയും മക്കളുമായി എവിടേക്കോ പോകാൻ കൊച്ചിയിൽനിന്നും ബസ്സുകയറി. ആ ബസ്സിലെ സ്ഥിരം യാത്രക്കാരനായിരുന്നതിനാൽ അദ്ദേഹത്തെ അതിനുള്ളിലെ എല്ലാവർക്കുമറിയാം. ബസ്സിൽ അദ്ദേഹം ജോലിനോക്കുന്ന




ഡോ. വി. രവീന്ദ്രൻ

പ്രകാശഗോപുരംപോലെ വാര്യർ സാർ

ആധുനിക സമൂഹത്തിൽ ഡോക്ടർമാരും രോഗികളും തമ്മിലുള്ള ബന്ധം എന്തായിരിക്കണം എന്നു ചിന്തിക്കാൻ സമയമായിരിക്കുന്നു. ശരാശരി മുതൽ മുകൾത്തട്ടുവരെയുള്ള വിദ്യാർത്ഥിയുടെയോ അവരുടെ രക്ഷാകർത്താക്കളുടെയോ സങ്കല്പങ്ങളിലെ വർണ്ണശബളമായ പ്രതീക്ഷയായാണ് ഇന്ന് ഡോക്ടർമാർ ജനിക്കുന്നത്. ബിസിനസ്സുകാരും സമ്പന്നന്മാരും വൈകാതെ അവരെ വിലയ്ക്കു വാങ്ങുകയും ചെയ്യുന്നതോടെ ആധുനിക ഡോക്ടർമാർ കർമ്മരംഗത്തേക്ക് കടക്കുകയായി. അതിനാൽ ആതുര ശുശ്രൂഷാരംഗം ഇന്ന് മത്സരബുദ്ധിയുടെയും ഭയാനകമായ കുടിലതന്ത്രങ്ങളുടെയും വേദിയായി മാറിയിരിക്കുന്നു. ധനസമ്പാദനം എന്ന ഏകയിന പരിപാടിയുടെ മുന്നിൽ മെഡിക്കൽ എത്തിക്സും ഹിപ്പോക്രാറ്റ്സും വഴിമാറിനില്ക്കുന്നു. ഇവിടെ രോഗി എന്ന വർഗ്ഗം അവഗണിക്കപ്പെട്ടിരിക്കുന്നു. മഹോദരം പിടിച്ചവന്റെയും നട്ടെല്ലൊടിഞ്ഞവന്റെയും മനോരോഗിയുടെയും കവറുകൾ പ്രൈവറ്റ് പ്രാക്ടീസ് എന്ന മറവിൽ ഓരോ ഭിഷഗ്വരന്മാരുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള പേരുകളിൽ ഫ്ളാറ്റുകളായും രമ്യഹർമ്മങ്ങളായും ഉയർന്നുവരുന്നത് ഒരു പതിവുകാഴ്ചയായിരിക്കുന്നു. ഏതാണ്ടൊരു തൊണ്ണൂറു ശതമാനം ഡോക്ടർമാരെയും വിലയ്ക്കു വാങ്ങാം എന്ന ദുരവസ്ഥയിലാണ് നാമിപ്പോൾ. ഇത്തരം ലാഭേച്ഛുക്കളുടെ നടുവിൽനിന്നും തുലോം വിഭിന്നമായി ചിന്തിക്കുകയും ഒരിക്കൽപ്പോലും ഒരു രോഗിയുടെ നീട്ടിയ കവർ വാങ്ങാതെയും രോഗിയെ മനുഷ്യനായിക്കണ്ട് അവന്റെ ദീനമകറ്റുന്നതിൽ മാത്രം ആനന്ദമനുഭവിച്ച് ആത്മസംതൃപ്തി നേടിയ ഒരു വൈദ്യശാസ്ത്രജ്ഞനായിരുന്നു കേരളത്തിലെ ആദ്യകാല FRCS കാരിലൊരാളായ ഡോ.വി.കെ.ആർ. വാര്യർ. എൺപതുകളിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും കാർഡിയോ തൊറാസിക് സർജറി പ്രൊഫസറായി റിട്ടയർ ചെയ്യുംവരെ അദ്ദേഹം വെറും വിദ്യാർത്ഥികളായ ഞങ്ങളിൽ ഉണർത്തിയ ആദരവ് പ്രചോദനവും മാതൃകയുമായിത്തീർന്നിരിക്കുന്നു. ഒരു രോഗിയോട് ഡോക്ടർ എങ്ങനെ പെരുമാറണം എന്നദ്ദേഹം പഠിപ്പിച്ചു. പ്രശസ്തിയുടെ കൊടുമുടിയിൽ നടന്നുനീങ്ങുമ്പോഴും ഒരു ഡോക്ടർക്ക് എത്രത്തോളം 'സിംബിൾ' ആകാമെന്ന് അദ്ദേഹം സ്വന്തം ജീവിതംകൊണ്ട് കാണിച്ചുതന്നു. അടിയന്തരാവസ്ഥക്കാലത്ത് നവലേഖ പ്രസ്സ്ഹാളിൽ ഒരുമിച്ചുകൂടുമ്പോഴെല്ലാം അദ്ദേഹത്തിന് ഒന്നേ പറയാനുണ്ടായിരുന്നുള്ളൂ. മനുഷ്യസ്നേഹത്തിന്റെ മായാമന്ത്രങ്ങളെക്കുറിച്ചുമാത്രം. അന്നത്തെ ഞങ്ങളുടെ പ്രൊഫസർമാരുടെ നടുവിൽ അദ്ദേഹം സേവനത്തിന്റെ അനുകരണീയ മാതൃകയായി നിലകൊണ്ടു. അദ്ദേഹം പകർന്ന സ്നേഹത്തിന്റെ ഒരിറ്റു വെളിച്ചം കെടാതെ സൂക്ഷിച്ചിരുന്ന ചിലരെങ്കിലും പിന്നീടുണ്ടായിട്ടുണ്ട്. അവരിൽ യശ:ശരീരനായ ഡോക്ടർ എം.ആർ.എസ്. മേനോന്റെ നാമധേയം പ്രത്യേകം സ്മരണീയമാണ്. ഡോക്ടർ വാര്യർ തനിക്കുശേഷം പ്രളയമാണ് എന്നു കരുതിയിരുന്നില്ല. തന്റെ പാരമ്പര്യവും സമസ്ത അറിവുകളും തന്റെ ഡിപ്പാർട്ടുമെന്റിലേക്ക് കൈമാറിയശേഷം മാത്രമാണ് അദ്ദേഹം കസേരവിട്ടത്. അദ്ദേഹം തെളിച്ച പാതയിലൂടെ തലയെടുപ്പോടുകൂടി നടന്നുനീങ്ങിയ ഡോ. എം.ആർ.എസ്. മേനോനെ വിധി തട്ടിക്കൊണ്ടുപോയി. നിലച്ചുപോകാവുന്ന അനേകം ഹൃദയങ്ങൾക്ക് നവജീവൻ നൽകി. ആ ജീവത്തുടിപ്പുകളെ സാക്ഷിനിർത്തി അദ്ദേഹം അകാലത്തിൽ പൊലിഞ്ഞുപോയത് നമ്മുടെ വൈദ്യശാസ്ത്ര രംഗത്തേറ്റ കനത്ത പ്രഹരമായിരുന്നു. എങ്കിലും ഇന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഈ ഡിപ്പാർട്ടുമെന്റ് തലയെടുപ്പോടുകൂടിത്തന്നെ നില്ക്കുന്നുവെന്നത് ശുഭവാർത്തയാണ്.

കൈക്കൂലി കവറുകളുടെ പ്രലോഭനങ്ങളെ പുറംകാലുകൊണ്ടു ചവിട്ടി. ജാതിമത കോളങ്ങളിൽ ഭാരതീയൻ എന്ന് എഴുതിച്ചേർത്ത് മാർക്സിന്റെ സ്വപ്നഭൂമിയിലൂടെ ജീവിതംകൊണ്ട് നടന്നുനീങ്ങിയ ഈ വലിയ മനുഷ്യൻ മെഡിക്കൽ പ്രൊഫഷനിലെ ഓരോരുത്തർക്കും അനുകരണീയ ബിംബമായിത്തീർന്നിരിക്കുന്നു.

ഇനിയും മരിച്ചിട്ടില്ലാത്ത മനുഷ്യത്വത്തിന്റെ ദീപസ്തംഭങ്ങളായി വിലസുന്ന ഇത്തരം പ്രതിഭകൾ ഇനിയുമുണ്ടാകട്ടെ എന്നു പ്രതീക്ഷിക്കാം. സുഖരാമന്മാരായി ഇരുട്ടിൽ തപ്പി നടക്കുന്ന ഇന്നത്തെ ഭിഷഗ്വരവൃന്ദത്തിന് ഒരിറ്റു വെളിച്ചം നൽകാൻ ഇത്തരം പ്രതിഭകൾക്ക് കഴിഞ്ഞിരുന്നെങ്കിൽ! വേദനയുടെ ലോകത്ത് ഒരു കുളിർകാറ്റായി മാറുവാൻ ഇന്നത്തെ ഡോക്ടർമാർക്ക് കഴിഞ്ഞിരുന്നെങ്കിൽ!




ഹോസ്പിറ്റലിലെ നഴ്സിംഗ് സൂപ്രണ്ട് മിസിസ്സ് മാമ്പള്ളിയുമുണ്ടായിരുന്നു. അവർ ഡോക്ടറോടു ചോദിച്ചു: "പനി സുഖമായോ?" ഡോക്ടർ മറുപടി പറഞ്ഞു: "സുഖമായി വരുന്നു." മിസിസ്സ് മാമ്പള്ളി-മരുന്നുകഴിക്കുന്നുണ്ടോ?" ഡോക്ടർ- "മരുന്നോ? മരുന്നുകൊണ്ട് ആർക്കെങ്കിലും ഗുണം കിട്ടിയിട്ടുണ്ടോ?" അതുകേട്ട മിസിസ്സ് മാമ്പള്ളിക്ക് അദ്ഭുതമായി. അവർ ചോദിച്ചു: "പിന്നെന്തിനാ നൂറുകണക്കിനു രോഗികൾ ആശുപത്രിയിൽ ക്യൂ നില്ക്കുന്നത്?"

ഡോക്ടർ- " അതവരുടെ വിഡ്ഢിത്തം."

ഇതു കേട്ട ബസ്സിലെ കണ്ടക്ടർ- "അല്ലെങ്കിലും കുശവൻ നല്ല കലത്തിൽ വയ്ക്കാറില്ല." ബസ്സിലുണ്ടായിരുന്ന എല്ലാവരും ഇതുകേട്ട് ഉറക്കെച്ചിരിച്ചു. പക്ഷേ, കണ്ടക്ടറുടെ മുഖം മ്ളാനമായി. അയാൾ ഡോക്ടറോടു പറഞ്ഞു: "സർ. ഞാൻ കളിയാക്കാൻവേണ്ടി പറഞ്ഞതല്ല. ക്ഷമിക്കണം." ഡോക്ടർ അയാളെ ആശ്വസിപ്പിച്ചു പറഞ്ഞു: "സാരമില്ലെടോ, താൻ പറഞ്ഞതു സത്യമല്ലേ?"

ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ രോഗനിർണ്ണയത്തിൽ സഹായകമായ കാലത്തുപോലും കൃത്യമായി രോഗം ഡയഗ്നൈസ് ചെയ്യാതെ ചികിത്സ നടത്തുന്ന സമ്പ്രദായം പിന്തുടരുന്ന ഡോക്ടർമാരുടെ എണ്ണം കുറവല്ല. പലപ്പോഴും ഇതു രോഗികളുടെ ജീവൻ പന്താടുന്ന ഒരു പ്രവർത്തനമാണ്. ഡോ. വാര്യർക്കു മുന്നിൽ ഇത്തരത്തിൽ ചികിത്സ നടത്തി അപകടസന്ധിയിലെത്തിയ നിരവധി കേസുകൾ എത്തിയിട്ടുണ്ട്. അതിലൊന്നാണ് മെഡിക്കൽ കോളേജ് സൂപ്രണ്ടായിരുന്ന ഡോ. അമ്പാടി ഭാസ്കരമേനോന്റെ ഒരു ബന്ധുവായ പെൺകുട്ടിയുടെ കഥ. ഇരുപതു വയസ്സു പ്രായമായ ആ പെൺകുട്ടിക്കു തുടർച്ചയായുള്ള ചുമ; ചുമച്ചുതുപ്പിയപ്പോൾ കഫത്തിൽ രക്തം. വീടിനടുത്തുള്ള ഒരു സ്വകാര്യാശുപത്രിയിൽ ചെന്നു. അവിടുത്തെ ഡോക്ടർ രോഗലക്ഷണം നോക്കി ടി.ബി ആണെന്നു തീരുമാനിച്ചു. അതിനു ചികിത്സയാരംഭിച്ചു. ടി.ബിക്കുള്ള ഇഞ്ചക്ഷൻ ഏകദേശം മുപ്പത്തിയഞ്ചോളമെടുത്തു. എന്നിട്ടും മാറ്റമൊന്നും കണ്ടില്ല. ആ ഡോക്ടർ ഉടനേ എക്സ്-റേ എടുപ്പിച്ചു. അതൊരു ശനിയാഴ്ച ഉച്ചയ്ക്കായിരുന്നു. തന്മൂലം തിങ്കളാഴ്ചയേ എക്സ്-റേ ഡോക്ടർക്കു കാണാൻ പറ്റിയുള്ളൂ.



ഡോ. വാര്യരും സഹധർമ്മിണിയും മകൾ അനുസൂയയോടൊപ്പം

അതിൽ നെഞ്ചിൽ ഒരു സേഫ്ടി-പിൻ ഇരിക്കുന്നതു കണ്ടു. അത് ബ്ളൗസിന്മേലത്തേതായിരിക്കുമെന്നു കരുതി ബ്ളൗസ് അഴിപ്പിച്ച് വീണ്ടും ഒരു എക്സ്-റേകൂടി എടുപ്പിച്ചു. അതിലും സേഫ്ടി-പിൻ അവിടത്തന്നെ ഇരിക്കുന്നു. ഡോക്ടർക്കാകെ വേവലാതിയായി. നേരേ മെഡിക്കൽ കോളേജിലേക്ക് ആ പെൺകുട്ടിയെ അയച്ചു. ഡോ. അമ്പാടി ഭാസ്കരമേനോനും ഇ.എൻ.ടി സൂപ്രണ്ടായിരുന്ന ഡോ. കുര്യൻ ജോർജ്ജിനും നിർബന്ധം, ആ സേഫ്ടി-പിൻ ഡോ. വാര്യർതന്നെ എടുക്കണമെന്ന്. എങ്ങനെയാണെന്നോ ആ സേഫ്ടി-പിൻ അവിടെയെത്തിയത്? പെൺകുട്ടി തന്റെ വീടിനടുത്തുള്ള കുളത്തിൽ കുളിച്ചിട്ട് വസ്ത്രം ധരിക്കുകയായിരുന്നു. ബ്ളൗസ് ഇട്ടപ്പോൾ സേഫ്ടി-പിൻ രണ്ടുമൂന്നെണ്ണം വായിൽ കടിച്ചുപിടിച്ചിരുന്നു. അപ്പോൾ പെട്ടെന്ന് ഒരു നീർക്കോലി പെൺകുട്ടിയുടെ കാലുകൾക്കിടയിലൂടെ ഇഴഞ്ഞുപോയി. ഭയന്നുവിറച്ച അവൾ "അയ്യോ" എന്നു കൂകി. അപ്പോൾ അകത്തേക്കു ശ്വാസംപിടിച്ച നിമിഷത്തിൽ വായിൽ കടിച്ചുപിടിച്ചിരുന്ന പിന്നുകളിലൊരെണ്ണം അകത്തേക്കു പോയതാണ്. ഭയചകിതമായ ആ സന്ദർഭത്തിൽ അക്കാര്യം അവളറിഞ്ഞിരുന്നില്ല.

ഡോ. വാര്യർ ആ സേഫ്ടി-പിൻ എടുക്കാൻ സന്നദ്ധനായി. Endoscopyക്ക് ഓപ്പറേഷൻ ചെയ്യാതെ ആന്തരാവയവങ്ങൾ നേരിൽക്കണ്ടു പരിശോധിക്കുന്ന സംവിധാനം) തയ്യാറായിക്കഴിഞ്ഞു. അപ്പോഴേക്കും അവളുടെ നില വളരെ നിർണ്ണായകമായിക്കഴിഞ്ഞിരുന്നു. 'ട്രെക്കിയ'യിൽ തടഞ്ഞുനിന്ന സേഫ്ടി-പിൻ. മുപ്പത്തിയഞ്ചോളം ദിവസം നീണ്ടുനിന്ന ടി.ബി ചികിത്സയ്ക്കിടയിൽ, തൊട്ടുകിടക്കുന്ന 'അയോർട്ട'യിലേക്കു തുളഞ്ഞുകയറി നിയന്ത്രണാതീതമായ രക്തപ്രവാഹമുണ്ടായി. അതു കാരണം അവൾ മരിച്ചു. അവളെ സംബന്ധിച്ചിടത്തോളം അബദ്ധംമൂലം വന്നു സംഭവിച്ചതാണ് സേഫ്ടി-പിൻ അകത്തായിയെന്നുള്ളത്. പക്ഷേ, അവളുടെ മരണത്തിനുത്തരവാദിയായിത്തീർന്നതോ? ടി.ബിയാണെന്നു സംശയിച്ച് ചികിത്സ നടത്തിയ ഡോക്ടർതന്നെ. കൃത്യസമയത്തുതന്നെ Endosecopy നടത്തിയിരുന്നുവെങ്കിൽ അവൾ മരിക്കുകയില്ലായിരുന്നുവെന്ന് ഡോ. വാര്യർ തറപ്പിച്ചു പറയുന്നു. ഇവിടെ രോഗം കൃത്യമായി നിർണ്ണയിക്കാതെ മുപ്പത്തിയഞ്ചോളം ഇഞ്ചക്ഷൻ എടുത്തു ചികിത്സിക്കാൻ മുതിർന്ന ഡോക്ടറുടെ ധനമോഹംകൂടി ഓർക്കുക. ഡോ. വാര്യർ പറയുന്നു: "ഇന്നായിരുന്നുവെങ്കിൽ ഒരുപക്ഷേ, ആ ഡോക്ടർ കൺസ്യൂമർ കോടതിയിലെത്തുമായിരുന്നു. മാസങ്ങൾക്കുശേഷം കുറേ ലക്ഷങ്ങൾ നഷ്ടപരിഹാരമായി വിധിച്ചുകിട്ടുമായിരുന്നു. ഒരിരുപതു വയസ്സുകാരിയുടെ ജീവന് ഏതാനും ലക്ഷങ്ങൾ പരിഹാരമായി കണക്കാക്കുന്ന സമൂഹം!"

ചികിത്സിക്കുന്ന ഡോക്ടർമാരുടെ അശ്രദ്ധയും ധനമോഹവുംപോലെ രോഗികളുടെയും അവരുടെ ബന്ധുക്കളുടെയും അന്ധവിശ്വാസവും പലപ്പോഴും അപകടങ്ങൾ വരുത്തിവയ്ക്കാറുണ്ട്. അത്തരമൊരു കേസ് ഡോ. വാര്യരുടെ ഓർമ്മയിലുണ്ട്. രോഗി പ്രശസ്തനായ ഒരു പൊലീസ് സൂപ്രണ്ടിന്റെ മകളാണ്. ഒരുദിവസം പൊലീസ് സൂപ്രണ്ടും മകളുംകൂടി മെഡിക്കൽ കോളേജിൽ ഡോ. വാര്യരെ കാണാനെത്തി. ഒ.പിയിൽ നിന്ന രോഗികളുടെ കൂട്ടത്തിൽ അവരുടെ അവസരമെത്തിയിട്ടും സാവകാശം കാണാൻവേണ്ടി അവർ കാത്തുനിന്നു. അവസാനം രണ്ടുപേരുംകൂടി ഡോക്ടറുടെ

മുന്നിലെത്തി. കുട്ടിയുടെ കഴുത്തിൽ ഒരു ഗ്രന്ഥിക്കു വീക്കം വന്നിരിക്കുന്നു. അതുടനേ നീക്കം ചെയ്യണം. ഡോക്ടർ വാര്യർ അവരോടു പറഞ്ഞു: "ആദ്യമായി പതോളജി റിപ്പോർട്ടെടുക്കുക: അതിനുശേഷം അഡ്മിറ്റ് ചെയ്യാം." അപ്പോൾ കുട്ടിയുടെ പിതാവു പറഞ്ഞു: "പതോളജി റിപ്പോർട്ടുമായി ഞങ്ങൾ അങ്ങയെ വീട്ടിൽ വന്നു 'കാര്യമായി' കാണാം." ഡോക്ടർ: "രോഗികളെ സാധാരണയായി ഞാൻ വീട്ടിൽ സ്വീകരിക്കാറില്ല. റിപ്പോർട്ടു കിട്ടിയാലുടനേ അഡ്മിറ്റ് ചെയ്യാനുള്ള ഏർപ്പാട് ഞാനിവിടെത്തന്നെ ഏർപ്പാടാക്കാം." അതിനുശേഷം ഓപ്പറേഷൻ വളരെപ്പെട്ടെന്നു നടത്തിയില്ലെങ്കിൽ അപകടമാകുമെന്നതിനാൽ അതിനുള്ള സൗകര്യങ്ങളെല്ലാം സജ്ജമാക്കി. അത്രയുമായപ്പോൾ അവർക്കൊരപേക്ഷ-ജാതകവശാൽ കുട്ടിക്കു മൂന്നു മാസത്തിനു ചീത്തക്കാലമാണ്. അതിനുശേഷം പോരേ ഓപ്പറേഷൻ? അത്ര താമസിച്ചാൽ ഓപ്പറേഷൻ വിഷമമാണെന്നു പറഞ്ഞെങ്കിലും അതവർക്കു സമ്മതമായില്ല. ഇങ്ങനെ ഓരോ കാരണങ്ങളാൽ ഓപ്പറേഷൻ നീണ്ടുപോയി. ഒരിക്കൽ, ആ ഓപ്പറേഷൻ നടത്താൻ നിശ്ചയിച്ചിരുന്ന ദിവസം രാവിലെ. ഒരു കാറുനിറയെ രോഗിയുടെ ബന്ധുക്കൾ ഡോ. വാര്യരുടെ വീട്ടിലെത്തി. അവർ പറഞ്ഞു: "സാർ. ഞങ്ങൾ അങ്ങയുടെ കാലുപിടിക്കാം. ഒരുകാരണവശാലും ഇന്ന് ഓപ്പറേഷൻ നടത്തരുത്. ഇന്നു ചീത്ത ദിവസമാണ്." അതു കേട്ടപ്പോൾ ഡോ. വാര്യർക്കു ക്ഷോഭമടക്കാനായില്ലായെങ്കിലും അദ്ദേഹം അവരോടു പറഞ്ഞു: "അതു പറ്റില്ല. ഉടൻതന്നെ ഓപ്പറേഷൻ നടത്തിയില്ലെങ്കിൽ കുഴപ്പമാണ്. നിങ്ങൾ തടസ്സം നില്ക്കരുത്." എന്നാലവർക്ക് അതിന്റെ ഗൗരവമുൾക്കൊള്ളാനായില്ല. അവരുടെ 'സമയദോഷ'ങ്ങളെല്ലാം മാറിയശേഷം ആ കുട്ടിയെ ഓപ്പറേഷനു വിധേയയാക്കി. ഡോ. വാര്യർതന്നെ പറയട്ടെ: "അങ്ങനെ വേണ്ടസമയത്ത് ഓപ്പറേഷൻ ചെയ്യാതിരുന്നതുമൂലം ആ സാധുപെൺകുട്ടിയുടെ ജീവൻ ഓപ്പറേഷൻ കഴിഞ്ഞു കുറച്ചുദിവസങ്ങൾക്കുശേഷം നഷ്ടപ്പെടുകയാണുണ്ടായത്."

അറിവിനും കഴിവിനും അപ്പുറത്തായി വൈദ്യശാസ്ത്രത്തിനും ജാതിയുണ്ടോ? തൃപ്പൂണിത്തുറയിലെ ഒരു പഴയ തറവാട്ടിൽ ഒരാൺകുട്ടി പിറന്നു. അതിന് 'കോൺജനിറ്റൽ പൈലോറിക് സ്റ്റിനോസിസ്' എന്ന രോഗം-ഏതുതരം ആഹാരസാധനം ഉള്ളിൽച്ചെന്നാലും അതുടൻ ഛർദ്ദിക്കും. ഇതൊരു ചെറിയ ശസ്ത്രക്രിയയിലൂടെ ഭേദമാക്കാവുന്നതാണ്. അല്ലെങ്കിൽ കുട്ടി ശോഷിച്ചു മരണപ്പെടും. 'തറവാട്ടിൽപ്പിറന്ന കുട്ടി' ഈ രോഗംമൂലം ഈർക്കിൽരൂപമായി.

ഡോ. വി.ബി. മുഹമ്മദ് എന്ന പ്രശസ്തനായ സർജ്ജനെ കാണിക്കാൻ പലരും വീട്ടുകാരോടുപദേശിച്ചു. എന്നാൽ അതിനോട് അവരുടെ പ്രതികരണം വിചിത്രമായിരുന്നു-എന്തു വന്നാലും മുഹമ്മദിയൻ തൊട്ട് കുട്ടിയെ അശുദ്ധമാക്കേണ്ട!

കുട്ടി മരിക്കുമെന്ന അവസ്ഥയിലാണ്. അതി

നാൽ ഓപ്പറേഷൻ അപകടസാദ്ധ്യത നിറഞ്ഞതാണ്. ഒരു മുഹമ്മദീയൻ കുട്ടിയെത്തൊട്ട് അശുദ്ധമാക്കിയാൽ കുട്ടിയുടെ ആത്മാവിനു ഗതികിട്ടില്ലത്രേ! എങ്കിൽ മറ്റൊരു ശസ്ത്രക്രിയാവിദഗ്ദ്ധനായ ഡോ. ഉറുമ്മീസിനെ കാണിക്കണം-അതും സാദ്ധ്യമല്ല. കാരണം ഉറുമ്മീസ് നസ്രാണിയാണല്ലോ!

അപ്പോൾ തൃപ്പൂണിത്തുറയുള്ള. ഡോ. വാര്യരുടെ ജ്യേഷ്ഠത്തി അവരെ നിർബന്ധിച്ചു പറഞ്ഞു: "ഫോർട്ടുകൊച്ചിയിൽ എന്റെ അനുജനുണ്ട്. അവിടെ കൊണ്ടുപോയി ചികിത്സിച്ചു നോക്കുക."

മുഹമ്മദീയന്റെയും നസ്രാണിയുടെയും സമീപത്തു കുട്ടിയെ ചികിത്സിക്കാൻ തയ്യാറാകാതിരുന്ന അവർ ഡോ. വാര്യരുടെ പേരു കേട്ടപ്പോൾ താത്പര്യം കാണിച്ചു: മറ്റൊന്നുംകൊണ്ടല്ല. കുട്ടി മരിക്കുകയാണെങ്കിൽ അതിന്റെ ആത്മാവിനു ഗതികിട്ടും. കാരണം ഡോക്ടർ 'വാര്യരാ'ണല്ലോ. അങ്ങനെ ഫോർട്ടുകൊച്ചിയിൽ ഡോ. വാര്യരുടെ സമീപത്തേക്ക് 42 ദിവസം പ്രായമുള്ള, ശുഷ്കിച്ച, മൃതപ്രായമായ ആ കുട്ടിയെ കൊണ്ടുവന്നു. അദ്ദേഹം അല്പംപോലും വൈകാതെ കുട്ടിയെ ശസ്ത്രക്രിയയ്ക്കു വിധേയമാക്കി. ഡോ. വാര്യർ പറയുന്നു: "ആ നിമിഷം മുതൽ കുട്ടിക്കു മാതാവിന്റെ പാൽ കുടിക്കാമെന്നായി. കുട്ടി വളരെവേഗം സുഖംപ്രാപിച്ചു. ഒരാഴ്ചകഴിഞ്ഞ് തയ്യൽ എടുത്തു. അവർ മടങ്ങി. ഏകദേശം എട്ടുവർഷങ്ങൾക്കുമുമ്പ് എനിക്ക് ഒരു വിവാഹ ക്ഷണക്കത്തു കിട്ടി. അതിലിങ്ങനെ എഴുതിച്ചേർത്തിരുന്നു-എനിക്കൊരു ജീവൻ തന്ന അങ്ങുന്ന്, ഈ വിവാഹച്ചടങ്ങിലും പങ്കെടുത്ത് ഞങ്ങളെ അനുഗ്രഹിക്കണം. അത് അന്നു ഞാൻ ഓപ്പറേഷൻ നടത്തി രക്ഷപ്പെടുത്തിയ കുട്ടിയുടേതായിരുന്നു. ഇന്ന് അയാൾ ബോംബെയിൽ ഒരു കമ്പനിയിൽ സാമാന്യം ഭേദപ്പെട്ട ഉദ്യോഗം നോക്കുന്നു."

രോഗം പൂർണ്ണമായും ചികിത്സിച്ചു മാറ്റിയാലും അതു പിന്നെയും തുടരുന്നുണ്ടോ എന്നുള്ള സന്ദേഹം പലരെയും അലട്ടാറുണ്ട്. ഏതെല്ലാം തെളിവുകൾ അതിനുവേണ്ടി നിരത്തിയാലും അതിൽനിന്നു വിമുക്തമാകാത്ത അവസ്ഥ പല ജീവിതത്തിന്റെയും താളം തെറ്റിക്കുന്നു. ഇത്തരത്തിൽ, ചെറുപ്പകാലത്തുണ്ടായിരുന്ന ഒരു രോഗത്തിന്റെ പേരിൽ, അതിൽനിന്നും സമ്പൂർണ്ണ വിടുതൽ കിട്ടിയെന്നു തെളിവു നല്കിയിട്ടും, ദാമ്പത്യ ജീവിതത്തിൽ ദുരിതമനുഭവിക്കുന്ന ഒരു ചെറുപ്പക്കാരിയെക്കുറിച്ചും അവരുടെ ഭർത്താവിനെക്കുറിച്ചും ഡോ. വാര്യർക്കു പറയാനുണ്ട്.

മെഡിക്കൽ കോളേജിൽ ജോലിചെയ്യുന്ന കാലത്താണ് പൊന്നാനി സ്വദേശികളായ മാതാപിതാക്കൾ അവരുടെ മകളുമായി ഡോ. വാര്യരെ കാണാനായെത്തുന്നത്. കുട്ടിക്ക് 'പെർസിസ്റ്റന്റ് ഡക്ടസ് ആർട്ടിരിയോസസ്' എന്ന ജന്മനാൽത്തന്നെയുണ്ടാകാറുള്ള ഹൃദയവൈകല്യം. ഒരു ഓപ്പറേഷനിലൂടെ ഇതു പൂർണ്ണമായും ഭേദമാക്കാൻ കഴിയുന്നതാണ്. ഡോ. വാര്യർ കുട്ടിയെ വിജയകരമായി ശസ്ത്രക്രിയ നടത്തി. അവൾ സുഖമായി മടങ്ങി. ആ കുട്ടി മറ്റു കുട്ടികളെപ്പോലെ വളർന്നു; വിദ്യാഭ്യാസം ചെയ്തു. 20 വയസ്സു പ്രായമായപ്പോൾ അവൾക്ക് വിവാഹാലോചന വന്നു. അപ്പോൾ അവർ ഡോക്ടർ വാര്യരെ സമീപിച്ച് അവൾക്കു രോഗം ഇല്ലായെന്നതിനു തെളിവായി ഒരു സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടു. അത് അദ്ദേഹം നല്കുകയും ചെയ്തു. അവളുടെ വിവാഹം കഴിഞ്ഞു. രണ്ടു കുട്ടികളുമായി. ഡോ. വാര്യർ മെഡിക്കൽ കോളേജിൽനിന്നും വിരമിച്ചശേഷം മണിപ്പാലിൽപ്പോയി



ഈ മധുരം ഒരു മധുരസ്മൃതി

തിരികെ വന്ന കാലം. ഒരിക്കൽ അദ്ദേഹവും ഭാര്യയുംകൂടി അവർ താമസിക്കുന്ന തൃശൂരുള്ള വീട്ടിൽപ്പോയി. അവർക്കു വലിയ സന്തോഷം. എന്നാൽ സംസാരിച്ചിരിക്കുമ്പോൾ അവൾ, തനിക്കു പണ്ടുണ്ടായിരുന്ന രോഗത്തിന്റെ പേരിൽ ഇന്നു നേരിടേണ്ടിവരുന്ന വിഷമതകളെക്കുറിച്ചു പറഞ്ഞു. സാധാരണ ഏതൊരാൾക്കും ഉണ്ടാകുന്ന ഏതുതരം അസുഖം അവൾക്കു വന്നാലും ഉടനേതന്നെ അവളുടെ ഭർത്താവ്, അവൾക്കു കുട്ടിക്കാലത്തുണ്ടായിരുന്ന രോഗമാണതിനു കാരണമെന്നു പറഞ്ഞു കലഹിക്കും. മാത്രവുമല്ല പലപ്പോഴും ഭർത്താവിൽനിന്നും അവൾക്കു മർദ്ദനം സഹിക്കേണ്ടതായും വരുന്നു. വിട്ടുവിട്ടു പുറത്തിറങ്ങാൻകൂടി അവളെ അയാൾ അനുവദിക്കാറില്ല. അയാളുടെ പക്ഷം, അവൾ അയാളെ ചതിച്ചുവെന്നാണ്. ഡോ. വാര്യർ പറയുന്നു: "ഒരിക്കലും ആ കുട്ടി അവളുടെ ഭർത്താവിനെ ചതിച്ചിട്ടില്ല. ഇതും ഒരുതരം അന്ധവിശ്വാസമാണ്. സത്യം തിരിച്ചറിയാനുള്ള അയാളുടെ വിവേകമില്ലായ്മയാണ് അവരുടെ മനസ്സമാധാനമില്ലായ്മയ്ക്കു കാരണം. നഷ്ടപ്പെടുന്നതോ, വിലപിടിപ്പുള്ള ഒരു ജീവിതം."

ആത്മവിശ്വാസമാണ് ഡോ. പി.കെ.ആർ. വാര്യരുടെ മുഖമുദ്ര. തന്റെതന്നെ സ്വഭാവ സവിശേഷതകളെക്കുറിച്ച് അദ്ദേഹത്തിനു വ്യക്തമായ ധാരണയുണ്ട്. നിരീശ്വരവാദിയായ താനൊരു മുൻശുണ്ഠിക്കാരനാണെന്ന് അദ്ദേഹം തുറന്നു സമ്മതിക്കുന്നു. ഭാര്യ ദേവകിക്കാകട്ടേ, അതിനോടു നൂറു ശതമാനം യോജിപ്പുമാണ്. ഇക്കാര്യത്തിൽ അദ്ദേഹം തന്നെ സാദൃശ്യപ്പെടുത്തുന്നത് ലണ്ടനിലെ ബ്രോംപ്ടൺ ഹോസ്പിറ്റലിലെ സർ. റസ്സൽ ബ്രോക്കിനോടാണ്. ഡോ. വാര്യർ പറയുന്നു: "സാധാരണ മിക്ക ഡോക്ടർമാരും ചെയ്യുന്ന ഒരു ശസ്ത്രക്രിയയാണ് 'മൈട്രൽ വാൽവോട്ടമി'. ഹൃദയത്തിന്റെ വാൽവ് ചുരുങ്ങിപ്പോകുമ്പോൾ ചെയ്യുന്ന ഈ ശസ്ത്രക്രിയയായിരിക്കും ഇന്നു ലോകത്ത് ഏറ്റവും കൂടുതൽ നടത്തപ്പെട്ടിട്ടുള്ളത്. ഇതിനെ സ്റ്റാൻഡേർഡൈസു ചെയ്തയാളാണ് ഡോ. ബ്രോക്ക്. താൻ വലിയ ആളാണെന്നാണ് അദ്ദേഹത്തിന്റെ വിചാരം. ഓപ്പറേഷൻ തിയേറ്ററിൽ താൻ മനസ്സിൽ കരുതുന്ന കാര്യങ്ങൾ കൂടെ നില്ക്കുന്നവർ ചെയ്തില്ലെങ്കിൽ, അതിനവരോട് ബ്രോക്ക് കലഹിക്കാറുണ്ടായിരുന്നു. മാത്രവുമല്ല, നഴ്സുമാരെ തല്ലുകകൂടി ചെയ്തിരുന്നു അദ്ദേഹം. ഇതു പറയാൻ കാരണം ശുണ്ഠി മൂത്ത് പലപ്പോഴും ഓപ്പറേഷൻ

തിയേറ്ററിൽവച്ച് ഞാനും ബ്രോക്കിനെപ്പോലെ നഴ്സുമാരെ തല്ലിയിട്ടുള്ളതിനാലാണ്. ഒരിക്കൽ മറിയാമ്മ എന്ന ഹെഡ് നഴ്സ് എന്റെ ഭാര്യ ദേവകിയോടു പറഞ്ഞു: "ഒന്നിവിടെ വന്നു നില്ക്കൂ. ഈ ശുണ്ഠിയൊന്നു മാറാനായി." അതുകേട്ട് എന്നെ നന്നായി അറിയാവുന്ന ദേവകി ചിരിച്ചതേയുള്ളു. ബ്രോക്കിന്റെ നേർവിപരീത സ്വഭാവമുള്ള ഡോക്ടറായിരുന്നു പ്രശസ്തനായ ക്ളിലന്റ്. എന്തുവന്നാലും പതറാത്ത, ശുണ്ഠിവരാത്ത പ്രകൃതത്തിനുടമ. ഒരിക്കൽ ക്ളിലന്റ് ജൂനിയറായ ഒരു നഴ്സിനോടു ചോദിച്ചു: "ഈ ഇൻസ്ട്രുമെന്റിനു പകരം വേറൊന്നു കൊണ്ടുവരാമോ?" അതിന് ആ നഴ്സ്



മാധുര്യമാണ് അഭിവസാരം

നല്കിയ മറുപടി: "I don't think it is worthwhile" എന്നായിരുന്നു. അതുകേട്ട ഡോ. ക്ളിലന്റ് ചിരിച്ചുകൊണ്ട് അവളോടു പറഞ്ഞു: "Worth whose while?" ക്ളിലന്റിന്റെ സ്ഥാനത്ത് ഡോ. ബ്രോക്കോ, ഞാനോ ആയിരുന്നെങ്കിൽ ആ നഴ്സിനു നല്ല ഒരു പെട പെടയ്ക്കുമായിരുന്നു. ഞാൻ ഡോ. ബ്രോക്കിനെപ്പോലെ മുൻശുണ്ഠിക്കാരനായിരുന്നുവെങ്കിൽ എനിക്കൊരു ശിഷ്യൻ ക്ളിലന്റിനെപ്പോലെയുണ്ടായിരുന്നു. ഡോ. ജോൺ തരിയൻ. ഇപ്പോൾ ആസ്ട്രേലിയയിൽ ജോലിനോക്കുന്നു."

ആരോഗ്യപരിപാലനത്തെക്കുറിച്ചു നിരന്തരം രോഗികളെ ഉപദേശിക്കാറുണ്ടായിരുന്ന ഡോ. വാര്യർ ആരോഗ്യത്തിനു ഹാനികരമാണെന്നറിയാമായിരുന്നിട്ടും, ഒരു ദുശ്ശീലത്തിനടിമയായിരുന്നു-പുകവലിക്ക്. കോഴിക്കോട്ട് ഇന്റർമീഡിയറ്റിനു പഠിക്കുന്ന കാലത്ത് അദ്ദേഹത്തിന് ആ ശീലമുണ്ടായിരുന്നില്ല. 1940-ൽ മെഡിക്കൽ കോളേജ് ഹോസ്റ്റലിൽ താമസിക്കുന്ന സമയത്താണ് കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി പുകവലി തുടങ്ങിയത്. അതും വളരെ രഹസ്യമായി. പിന്നീട് അത് ഒരുദിവസം 15 സിഗരറ്റുവരെ എന്ന കണക്കിലെത്തി. ഹോസ്റ്റലിൽനിന്നും വീട്ടിലെത്തിയപ്പോഴും സിഗരറ്റുവലിക്കാതെ കഴിയാൻ സാധിക്കാത്ത അവസ്ഥയായി. ഒളിച്ചുനിന്നു സിഗരറ്റ് വലിക്കുന്നതു കണ്ടിട്ട് ഒരിക്കൽ അദ്ദേഹത്തിന്റെ അമ്മ പറഞ്ഞു: "സിഗരറ്റ് വലിക്കണമെങ്കിൽ അത് ഒളിച്ചുനിന്നു വേണ്ട. നേരിട്ടുനിന്നുതന്നെ ആയിക്കോളൂ." പിന്നീട് കാലത്തിൽ അത് സിഗരറ്റുവലിക്ക് ഒരു ലൈസൻസായി മാറി. ഡോ. വാര്യർ പറയുന്നു: "വിവാഹശേഷം, സിഗരറ്റുവലി നിർത്തിക്കൂടേയെന്നു ദേവകി എന്നോടു ചോദിച്ചു. ഞാൻ അതിനൊരു മറുചോദ്യം ചോദിച്ചു: "എന്തിനാ നിർത്തുന്നത്?" അതിനു ദേവകി നല്കിയ മറുപടി: "അത് ആരോഗ്യത്തിനു ദോഷമല്ലേ!"

ഞാൻ- "ആരു പറഞ്ഞു?" ദേവകി- "എല്ലാവരും."

ഞാൻ- "എല്ലാവരും എന്നു പറഞ്ഞാൽ ഞാനും അതിൽ ഉൾപ്പെടില്ലേ?"

ദേവകി- "ഉൾപ്പെടും."

ഞാൻ- "എന്നാൽ ഞാൻ പറഞ്ഞില്ലല്ലോ!"

ദേവകി- "എന്നാൽ വിവരമുള്ളവർ."

ഞാൻ- "ഞാനങ്ങനെ പറയാത്തതുകൊണ്ട് എനിക്കു വിവരമില്ലേ!"

ദേവകിക്കു മൊഴിമുട്ടി: ഇങ്ങനെ ചോദിച്ചു: "എന്നാൽ കുട്ടികളുണ്ടാകുമ്പോൾ ഇതിനു ചെലവാകുന്ന തുകകൊണ്ട് കുറേക്കൂടി നല്ല രീതിയിൽ ജീവിച്ചുകൂടേ? ഇപ്പോൾ കിട്ടുന്ന ശമ്പളം അന്നു തികയുമോ?"

കുട്ടികളുണ്ടാകട്ടെ എന്നായി ഞാൻ. പിന്നീടു മകനുണ്ടായി. പക്ഷേ, സിഗരറ്റുവലി നിർത്താനായില്ല. എന്നാൽ സിഗരറ്റു വലിക്കുന്ന രീതിക്കു മാറ്റം വരുത്തി. ഒരു സിഗരറ്റ് രണ്ടായി മുറിച്ചു വലിച്ചു തുടങ്ങി. അങ്ങനെയായാൽ പണം ലാഭിക്കാമെന്നായിരുന്നു ധാരണ. പക്ഷേ, എന്തു വിശേഷം? ഒരു മുറി വലിച്ചുതീർത്താലുടനേ അതിൽനിന്നുതന്നെ മറ്റേ മുറി തീകൊളുത്തി വലിക്കും. ഫലത്തിൽ ഒരെണ്ണം വലിച്ചതിനു സമം. ഈ സമ്പ്രദായം വിദ്യാർത്ഥികൾ കണ്ടപ്പോൾ അവർ കളിയാക്കുകയും ചെയ്തു: എങ്കിലും തുടർന്നു."

തന്റെ സിഗരറ്റുവലിമൂലം മറ്റൊരാൾക്കു വന്നുചേർന്ന ദുരനുഭവം ഓർക്കുമ്പോൾ ഇന്നും ഡോ. വാര്യർക്കു സങ്കടം. കുറേ വർഷങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ മരുമകനായ ഷാജി (പിറവി, സ്വം എന്നീ ചലച്ചിത്രങ്ങളുടെ സംവിധായകൻ)യുടെയും മരുമകളായ ഷീലയുടെയും പിതാവിന് ഒരുദിവസം ഹൃദയാഘാതമുണ്ടായി. ചികിത്സിച്ച ഡോ. ഭരത്ചന്ദ്രൻ അദ്ദേഹത്തിന്റെ ജീവിതപശ്ചാത്തലം വളരെ ആഴത്തിൽ അന്വേഷിച്ചു. ജീവിതത്തിൽ ഒരിക്കൽപ്പോലും അദ്ദേഹം സിഗരറ്റ് വലിച്ചിട്ടില്ല. കൃത്യസമയത്തു ഭക്ഷണം, ഉറക്കം, വ്യായാമം മുതലായവയെല്ലാം അനുഷ്ഠിക്കുന്ന വ്യക്തിയാണ് അദ്ദേഹം.. ഡയബറ്റിസില്ല. ഹൈപ്പർടെൻഷനില്ല. ഹൃദ്രോഗം വരാനുള്ള സാദ്ധ്യതകളൊന്നുംതന്നെ അദ്ദേഹത്തിന്റെ ജീവിതചര്യയിലില്ല. പിന്നെങ്ങനെ ഇതു സംഭവിക്കുവാൻ? ഒരു സന്ദിഗ്ദ്ധാവസ്ഥ. ഡോ. ഭരത്ചന്ദ്രൻ അദ്ദേഹത്തോടു ചോദിച്ചു: "ഡോ. വാര്യർ നിങ്ങളുടെ അടുത്തു വരാറുണ്ടോ? വളരെ സാധാരണയായി? അടുത്തിരുന്നു സംസാരിക്കാറുണ്ടോ? ഉണ്ടെങ്കിൽ അതാണ് നിങ്ങൾക്കു ഹൃദയാഘാതം ഉണ്ടാകാൻ കാരണം. ഡോ. വാര്യർ അധികനേരം സിഗരറ്റ് വലിക്കാതിരിക്കുകയില്ല. സിഗരറ്റു വലിക്കുന്നതിനെക്കാൾ ഹാനികരമാണ് അതിന്റെ പുക ശ്വസിക്കുന്നത്-പാസ്സീവ് സ്മോക്കിംഗ്." ഡോ. വാര്യർ പറയുന്നു: "അന്ന് അതു കേട്ടപ്പോൾ എനിക്കൊരു ഹൃദയാഘാതം ഉണ്ടാകുമോ എന്നു ഞാൻ സംശയിച്ചു. കാരണം ഞാൻമൂലം മറ്റൊരാൾക്കു ഹൃദയാഘാതം ഉണ്ടായിരിക്കുന്നു."

കഴിഞ്ഞ അഞ്ചുവർഷമായി ഡോ. വാര്യർ പുകവലി പൂർണ്ണമായി ഉപേക്ഷിച്ചിരിക്കുന്നു. അതിനു പ്രധാന പ്രേരണ നല്കിയവർ ഭാര്യ ദേവകിയും, ശിഷ്യൻ ഡോ. ജോൺ തരിയനുമാണ്. ആസ്ട്രേലിയയിൽ ജോലിനോക്കുന്ന ഡോ. ജോൺ തരിയൻ എല്ലാ വർഷവും തന്റെ അമ്മയെക്കാണാൻ നാട്ടിൽ വരും. അപ്പോഴെല്ലാം അ

ദ്ദേഹം ഡോ. വാര്യരെ സന്ദർശിച്ചേ മടങ്ങൂ. അങ്ങനെയൊരവസരത്തിൽ ജോൺ തരിയൻ വന്നപ്പോൾ ഡോ. വാര്യർക്ക് ഒരുമാസമായി നിലനില്ക്കുന്ന ചുമ. രാത്രിയിൽ ഉറങ്ങാൻ കഴിയാത്ത സ്ഥിതി. തരിയൻ, ഡോ. വാര്യരെ നിർബന്ധിച്ചു ഹോസ്പിറ്റലിൽ കൊണ്ടുപോയി എക്സ്-റേ മുതലായ പരിശോധന നടത്തി. എന്നിട്ടദ്ദേഹം ഡോക്ടറുടെ ഭാര്യ ദേവകിയോടു പറഞ്ഞു. "ശാസ്ത്രീയമായി നടത്താവുന്ന എല്ലാ പരിശോധനകളും ചെയ്തിട്ടും സാറിനിപ്പോൾ ശ്വാസകോശാർബുദമോ മറ്റോ ഇല്ല. പക്ഷേ, സിഗററ്റുവലി തുടർന്നാൽ അധികം താമസിയാതെ അതുണ്ടാകാം." ഡോ. വാര്യർ നേരിട്ടു പറയട്ടെ: "ഡോ. തരിയൻ, സിഗററ്റുവലി ഉപേക്ഷിക്കാൻ എന്നെ ഉപദേശിച്ചു. പക്ഷേ, അതിനു കഴിയേണ്ടേ? ഞാൻ പിന്നെയും അതു തുടർന്നു. അപ്പോൾ ദേവകി ഒരു മാർഗം കണ്ടെത്തി. ഞാൻ പുറത്തുപോകുമ്പോൾ 50 പൈസയിൽക്കൂടുതൽ എനിക്കു തരികയില്ല. എന്റെ പോക്കറ്റിലോ മറ്റോ അതിൽക്കൂടുതൽ പണമുണ്ടെങ്കിൽ അതെടുത്തിട്ടു പറയും- ഇതിലധികം കൈയിലിരുന്നാൽ നിങ്ങൾ സിഗററ്റു വാങ്ങി വലിക്കും. അങ്ങനെ ക്രമേണ സിഗററ്റുവലി നിലച്ചു."

ഡോക്ടർമാർ രോഗികളുടെ കൈയിൽനിന്നും പണം വാങ്ങിയില്ലെങ്കിൽ, രോഗികൾ അസംതൃപ്തരാകും: അതുവഴി അവർക്കു കിട്ടുന്ന ചികിത്സ രണ്ടാംതരമാണെന്നൊരു ധാരണയുണ്ടാകും. ഇതിനെപ്പറ്റി ഡോ. വാര്യർ പറയുന്നു: "അമ്പതു വർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ, ഇതൊരു തെറ്റായ അഭിപ്രായമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത്തരമൊരു ധാരണ ഡോക്ടർമാർതന്നെ മനഃപൂർവ്വം അവരുടെ സൗകര്യാർത്ഥം, സ്വാർത്ഥലാഭത്തിനായി ഉണ്ടാക്കിയെടുത്തതാണ്. എന്നെ സമീപിച്ചിട്ടുള്ള രോഗികളാരുംതന്നെ ഇത്തരമൊരു വിശ്വാസം പുലർത്തിയതായി അറിവില്ല."

"ഡോക്ടർമാർ പണം വാങ്ങിയില്ലെങ്കിൽ ഡോക്ടർമാർക്ക് ഒരു വിലയുമുണ്ടാകില്ല എന്നൊരു ധാരണയുണ്ടല്ലോ?"

"ഇതും തെറ്റാണ്. നമ്മുടെ നാട്ടിലെ എൺപതു ശതമാനം വരുന്ന പാവപ്പെട്ട രോഗികളിൽനിന്നാണ് ഇത്തരക്കാർ പണം വിഴുങ്ങുന്നതെന്നോർക്കുക. വൈദ്യശാസ്ത്രത്തെ വിപണനത്തിലൂടെ കമ്പോളമാക്കി മാറ്റുകയാണ് ഇത്തരക്കാർ. ഞാൻ കുറച്ചുകാലം കെ.ജി.എം.സി.ടി.എ-യുടെ പ്രസിഡന്റായിരുന്നു. അന്ന് അതിന്റെ ഒരു സമ്മേളനത്തിലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു ഡോക്ടർ പറഞ്ഞു- "പ്രൈവറ്റ് പ്രാക്ടീസ് വേണ്ടായെന്ന് ഡോ. വാര്യർ ആവശ്യപ്പെടുന്നുവെങ്കിൽ നമുക്കു നോൺ-പ്രാക്ടീസ് അലവൻസിനുവേണ്ടി വാദിക്കാമല്ലോ?" ഞാൻ അതിനു മറുപടി നല്കിയത്- "എങ്കിൽ അഴിമതി നടത്താത്ത എൻജിനീയർമാർക്ക് നോൺ-കറപ്ഷൻ അലവൻസുമാകാമല്ലോ?" എന്നാണ്. ആ സമ്മേളനത്തിൽ എനിക്കെതിരെയുണ്ടായ മറ്റൊരു വാദഗതികൂടി സൂചിപ്പിക്കട്ടെ: ഒരു ഡോക്ടർ പറഞ്ഞു: "ഞങ്ങളുടെ പ്രസിഡന്റ് കുമാരപുരത്തുനിന്നും മെഡിക്കൽ കോളേജിലേക്കു വരാൻ ബസ്സു കാത്തു നില്ക്കുക: ബസ്സു കിട്ടിയില്ലെങ്കിൽ നടന്നോ, സൈക്കിളിലോ വരിക: ഇതു ഞങ്ങൾക്കു നാണക്കേടുണ്ടാക്കുന്നു." അതുകേട്ടു ഞാൻ ചിരിച്ചുകൊണ്ടു [illegible] മറുപടി- "ഞാൻ അങ്ങനെ ചെയ്യുന്നതിൽ എന്റെ രോഗികൾക്കൊരു നാണക്കേടുമില്ല; സഹപ്രവർത്തകർക്കു തോന്നുന്ന നാണക്കേട് അവർ സ്വയം ചിന്തിച്ചുണ്ടാക്കുന്നതാണ്" എന്നായിരുന്നു.

നമ്മുടെ വൈദ്യശാസ്ത്രമേഖലയെക്കുറിച്ചു ഡോ. വാര്യർ പറയുന്നു: "1959-ൽ ഞാൻ മെഡിക്കൽ കോളേജിൽ ജോലിക്കായി എത്തുമ്പോൾ തിരുവനന്തപുരത്ത് ഒരൊറ്റ സ്വകാര്യ ആശുപത്രി മാത്രമേയുണ്ടായിരുന്നുള്ളൂ-ശാസ്തമംഗലത്തെ രാമകൃഷ്ണമിഷൻ ഹോസ്പിറ്റൽ. അതിന്റെ സ്ഥാനത്ത് ഇന്നു ജില്ലയിൽ 359 സ്വകാര്യാശുപത്രികളുണ്ട്. ഇതുപോലെതന്നെയാണ് മറ്റു പല ജില്ലകളിലെയും സ്ഥിതി. ഇത് ഇനി വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ചികിത്സാരംഗത്തേക്കു സ്വകാര്യമേഖല ഇങ്ങനെ കടന്നുകയറ്റം നടത്തുമ്പോഴും പൊതുമേഖലയിലെ ആശുപത്രികളിൽ തിരക്കിനു കുറവുമില്ല. എങ്കിലും കൂടുതൽ പേർക്കും സ്വകാര്യമേഖലയോടാണു താത്പര്യം. ഇതുപോലെതന്നെയാണ് സ്വകാര്യ ലാബുകളുടെയും വർദ്ധനവ്. ഒരു സ്വകാര്യാശുപത്രിയിൽ ഒരാൾ പനിയായി ചെന്നാലും, അതു കൃത്യമായി ഡോക്ടർക്കു മനസ്സിലാക്കുവാൻ കഴിയുന്നുവെങ്കിലും, അയാളുടെ രക്തവും കഫവുമൊക്കെ പരിശോധിപ്പിക്കുകയും എക്സ്-റേയും സ്കാനുമൊക്കെ എടുപ്പിക്കുകയും ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇതിനെപ്പറ്റി ഒരു ഡോക്ടർ പറഞ്ഞതോർത്തുപോകുന്നു: "ജനങ്ങളുടെ കൈയിൽ ധാരാളം പണമുണ്ട്. ചികിത്സയ്ക്കായി മിഡിൽ ക്ലാസ്സും ധാരാളം പണം ചെലവഴിക്കാൻ തയ്യാറാണ്. സമ്പന്നരെപ്പറ്റി പറയുകയേ വേണ്ട." നമ്മുടെ ചികിത്സാരംഗത്ത് അടുത്തകാലത്തു രൂപപ്പെട്ട ഒരു തത്വശാസ്ത്രമാണിത്. ഇത് സ്വകാര്യമേഖലയുടെയും പണം വാങ്ങുന്ന ഡോക്ടർമാരുടെയും താത്പര്യസംരക്ഷണാർത്ഥം വളർത്തിയെടുത്ത ഒരു മനോഭാവമാണ്. സ്വകാര്യമേഖലയിൽനിന്നും രോഗികൾക്കു കൂടുതൽ ശ്രദ്ധ ലഭ്യമാകുന്നു എന്നൊരു വിശ്വാസവും വളർന്നുവന്നിട്ടുണ്ട്. ഇതുവഴി രോഗി ഏതു വർഗ്ഗത്തിൽപ്പെട്ടയാളായാലും അയാൾക്കു കൂടുതൽ സാമ്പത്തികബാദ്ധ്യത ഏല്ക്കേണ്ടിവരുന്നു."

രോഗികൾക്കു കൂടുതൽ സുരക്ഷിതത്വവും ശാസ്ത്രീയ ചികിത്സാരീതിയും വേണ്ടായെന്നാണോ?

"അല്ല. ഇവിടെ ശാസ്ത്രീയവും സത്യസന്ധവുമായ സമീപനമാണാവശ്യം. ഇന്നു പൊതുമേഖല ശക്തിപ്പെടണമെങ്കിൽ ശാസ്ത്രീയമായ ആസൂത്രണം ആവശ്യമാണ്. ആരോഗ്യപരിപാലനവും രോഗനിവാരണവും ഏതു കുബേരനും കുചേലനും ഒരേവിധം ലഭ്യമാക്കുക എന്നതായിരിക്കണം സർക്കാരിന്റെ കടമ.

രോഗികളുടെ ദീനരോദനത്തിൽനിന്നും ലാഭം കൊയ്യാൻ നോക്കാതിരുന്ന ഭിഷഗ്വരൻ. സ്വന്തം മക്കളുടെ സർട്ടിഫിക്കറ്റുകളിലെ ജാതിയുടെ കോളത്തിൽ അതിനെ പരിഹസിച്ചുകൊണ്ട് 'ഇന്ത്യൻ' എന്നെഴുതിച്ചേർത്ത മനുഷ്യൻ. സിദ്ധാന്തങ്ങൾ നാവുകൊണ്ടു വിളമ്പാതെ ജീവിതചര്യയാക്കി മറ്റുള്ളവർക്കു മാതൃകയായ വൈദ്യശാസ്ത്രപ്രതിഭയായ കമ്മ്യൂണിസ്റ്റ്-ഇത്തരത്തിലുള്ള എത്രയെത്ര വിശേഷണങ്ങൾ നല്കിയാലും അതു ഡോ. പി.കെ. ആർ. വാര്യർക്ക് അധികമാകില്ല. ഓർമ്മകളുടെ തിരകളടിച്ചുയരുമ്പോൾ, അക്ഷോഭ്യനായി നിന്നുകൊണ്ട് ഈ എഴുപത്തഞ്ചുകാരൻ പറയുന്നു: "ഇതാണു ജീവിതം."



ഡോ. ആർ. പ്രസന്നൻ

നിയമസഭയിൽ നിശ്ശബ്ദനായി

രണ്ടാം ഭാഗം

പതിനാല്

"ഈ അദ്ധ്യക്ഷ പീഠത്തിലിരുന്ന് സഭാ നടപടികൾ നിയന്ത്രിക്കുന്ന ഓരോ ദിവസവും, മാനസിക സംഘർഷം മൂലം എന്റെ ആയുർദൈർഘ്യം ഓരോ മാസമെന്ന കണക്കിന് കുറഞ്ഞുവരികയാണ്."

എഴുപതുകളുടെ ആദ്യ പകുതിയിൽ നാലഞ്ചു വർഷക്കാലം ലോകസഭയുടെ അദ്ധ്യക്ഷപദം അലങ്കരിച്ച ഡോക്ടർ. ജി.എസ്. ധില്ലൺ 'ശൂന്യവേള'യിലൊരിക്കൽ മനംനൊന്തു പറഞ്ഞുപോയതാണിത്.

ചോദ്യോത്തരങ്ങൾ കഴിഞ്ഞ് കാര്യപരിപാടിയിലെ മറ്റിനങ്ങളിലേക്കു കടക്കുന്നതിനുമുമ്പുള്ള സമയത്തെയാണ് 'ശൂന്യവേള' എന്നുപറയാറുള്ളതെങ്കിലും, മറ്റുള്ള സമയത്ത് ശൂന്യമായി കാണപ്പെടാറുള്ള സഭ, അംഗനിബിഡവും ശബ്ദമുഖരിതവും, പലപ്പോഴും ആക്രമണോത്സുകവുമായിത്തീരുന്നത് അപ്പോഴാണ്.

ലോകസഭാദ്ധ്യക്ഷ സ്ഥാനത്തുനിന്നും വിരമിച്ചതിൽപ്പിന്നീട്, രണ്ടുതവണ കേന്ദ്ര മന്ത്രിസഭാംഗമായും, അതിനിടയിൽ കുറെക്കാലം കാനഡയിലെ ഇന്ത്യൻ ഹൈക്കമ്മിഷണറായും വീണ്ടും രംഗപ്രവേശം ചെയ്ത ശേഷമാണ് ഡോക്ടർ ധില്ലൺ കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

ലോകസഭാദ്ധ്യക്ഷനായിരുന്ന കാലത്ത് അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചതുപോലെ, ഹൃദയത്തിന് ക്ഷതം തട്ടിയില്ലായിരുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ ധന്യവും സേവനനിരതവുമായ ജീവിതം കുറെക്കാലംകൂടി നീണ്ടുപോകുമായിരുന്നുവോ എന്ന് തീർത്തുപറയാൻവയ്യ.

സഭാദ്ധ്യക്ഷപദവി എന്ന മുൾക്കിരീടം ശിരസ്സിലണിയുന്നത്, സഭ സമ്മേളിക്കുന്ന അവസരങ്ങളിൽ മാനസിക സംഘർഷം ഉണ്ടാക്കുമെന്നുള്ളത്, സഭാ നടപടികൾ വീക്ഷിച്ചിട്ടുള്ള ഏതൊരാൾക്കും ബോദ്ധ്യമാവും. പക്ഷേ അതിനൊരു മറുവശം കൂടിയുണ്ടെന്നുള്ള കാര്യം പലർക്കും അറിയില്ല.

സഭ സമ്മേളിക്കാത്ത കാലത്ത് മാനസികോല്ലാസപ്രദമായ വിദേശ യാത്രകൾ നടത്തുന്നതിന് സഭാദ്ധ്യക്ഷന് ലഭിക്കുന്നിടത്തോളം അവസരങ്ങൾ ഉന്നതാധികാര സ്ഥാനങ്ങൾ അലങ്കരിക്കുന്ന മറ്റാർക്കുംതന്നെ ലഭിക്കുകയില്ല.

നമ്മുടെ കഥാപുരുഷനായ ഡോക്ടർ ധില്ലൺ [illegible] ളിൽ [illegible] പോലും ഉണ്ടായിരുന്നു.

"സഭ സമ്മേളിക്കുന്ന [illegible] കാരൻ...."

ലോകസഭ വർഷത്തിൽ [illegible] സമ്മേളനങ്ങളിലായി [illegible] പത്തോ ദിവസങ്ങൾ മാത്രമേ [illegible] സമ്മേളനങ്ങൾക്കിടയിൽ [illegible] വേളകൾ ഉണ്ടാകും. ഈ ഇടവേളകളാണ് സഭാദ്ധ്യക്ഷൻ വിദേശ പര്യടനം നടത്തുവാൻ ഉപയോഗിക്കുന്നത്. അതിലേക്കുള്ള അവസരങ്ങളാണെങ്കിൽ അനവധിയും.

കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ, ഇന്റർ പാർലമെന്ററി യൂണിയൻ എന്നി സംഘടനകളുടെ സമ്മേളനങ്ങൾ എല്ലാ വർഷവും ഏതെങ്കിലും ഒരു അംഗ രാഷ്ട്രത്തിൽ വച്ചുണ്ടാകും. ആ സംഘടനകളുടെ ഔദ്യോഗിക ഭാരവാഹി കൂടിയാണെങ്കിൽ, വർഷത്തിൽ ഒന്നിലധികം തവണ കമ്മിറ്റി യോഗങ്ങളിൽ സംബന്ധിക്കേണ്ടിവരും. രണ്ടോ മൂന്നോ വർഷത്തിലൊരിക്കൽ കൂടുന്ന കോമൺ വെൽത്ത് രാഷ്ട്രങ്ങളിലെ സ്പീക്കർമാരുടെ സമ്മേളനം മേൽപ്പറഞ്ഞവയ്ക്കു പുറമേയാണ്. പാർലമെന്റംഗങ്ങൾ അടങ്ങിയ പ്രതിനിധി സംഘങ്ങളെ വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുമ്പോൾ അവർക്ക് [illegible] സാധാരണയായി ലോകസഭാദ്ധ്യക്ഷനായിരിക്കും. [illegible] പാർലമെന്റ് സമ്മേളനാരംഭത്തിന്റെ തലേന്നാൾ തലസ്ഥാന നഗരിയിലെത്തുന്ന ലോകസഭാദ്ധ്യക്ഷൻ സമ്മേളന [illegible] വിദേശരാജ്യങ്ങളിലേക്ക് പറന്നു [illegible].

[illegible] രാജ്യങ്ങളിലെ 'വിർപ്പുമുട്ടിക്കുന്ന' [illegible] സഭാസമ്മേളനക്കാലത്തു [illegible] ഹൃദയാസ്വാസ്ഥ്യങ്ങളൊക്കെ അകന്നുപോകുമെന്നു മാത്രമല്ല, കായകല്പ ചികിത്സ കഴിഞ്ഞൊരാൾക്കുണ്ടാകുന്ന കർമ്മശേഷി കൈവരിക്കുകയും ചെയ്യും. അടുത്ത സമ്മേളനക്കാലത്തെക്കുറിച്ചുള്ള അസുഖപ്രദമായ ചിന്തകൾ മാത്രമാണ് അല്പം അലോസരപ്പെടുത്തുവാൻ ഉണ്ടാവുക.

തൃശ്ശൂർ പൂരത്തിന്റെ മേളവും കൊഴുപ്പും മറ്റൊരു ഉത്സവത്തിനുമില്ലെന്നു പറയുന്നപോലെയാണ്, കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ വാർഷിക സമ്മേളനങ്ങളും. സമ്മേളനം ഏതൊരു രാജ്യത്തുവച്ചായാലും, അതൊരു വലിയ മാമാങ്കമായിരിക്കും. താരതമ്യേന സമ്പന്നവും അതിവിസ്തൃതവുമായ കാനഡ, ആസ്ത്രേലിയ മുതലായ രാജ്യങ്ങൾ ആതിഥേയത്വം അരുളുമ്പോഴത്തെ കഥ പറയാനുമില്ല.

1977 ജൂൺ മാസാവസാനത്തിൽ ഒരു ദിവസം തികച്ചും അപ്രതീക്ഷിതമായി എനിക്ക് ലോകസഭാ സെക്രട്ടേറിയറ്റിൽനിന്നും ഒരു അടിയന്തര സന്ദേശം ലഭിച്ചു. സെപ്തംബർ മാസത്തിൽ കാനഡായിലെ ടൊറന്റോ നഗരത്തിൽ ചേരുന്ന 23-ാമത് കോമൺവെൽത്ത് സമ്മേളനത്തിലേക്കുള്ള ഇന്ത്യൻ പ്രതിനിധി സംഘത്തിന്റെ സെക്രട്ടറിമാരിൽ ഒരാളായി എന്നെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും, അസൗകര്യമൊന്നുമില്ലെങ്കിൽ വിവരം ഉടനെ അറിയിക്കണമെന്നുമായിരുന്നു സന്ദേശത്തിന്റെ ഉള്ളടക്കം.

തൃശ്ശൂർ പൂരത്തിന്റെ മേളവും കൊഴുപ്പും മറ്റൊരു ഉത്സവത്തിനുമില്ലെന്നു പറയുന്നപോലെയാണ്, കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ വാർഷിക സമ്മേളനങ്ങളും. സമ്മേളനം ഏതൊരു രാജ്യത്തുവച്ചായാലും, അതൊരു വലിയ മാമാങ്കമായിരിക്കും. താരതമ്യേന സമ്പന്നവും അതിവിസ്തൃതവുമായ കാനഡ, ആസ്ത്രേലിയ മുതലായ രാജ്യങ്ങൾ ആതിഥേയത്വം അരുളുമ്പോഴത്തെ കഥ പറയാനുമില്ല.

ജനസംഖ്യയിൽ ഏറ്റവും മുന്നിട്ടുനില്ക്കുന്ന ഇന്ത്യയിൽനിന്നുള്ള പ്രതിനിധി സംഘമാണ്, അംഗസംഖ്യയിലും വലിപ്പമേറിയത്. പാർലമെന്റിലെ ഇരുസഭകളിൽനിന്നുള്ള അഞ്ചോ ആറോ അംഗങ്ങളെക്കൂടാതെ സംസ്ഥാന നിയമസഭകളുടെ ഓരോ പ്രതിനിധിയും പ്രതിനിധി സംഘത്തിലുണ്ടാവും. അവരെല്ലാംതന്നെ സംസ്ഥാന നിയമസഭാദ്ധ്യക്ഷന്മാരായിരിക്കുക

യാണു പതിവ്. സംഘത്തിന് നേതൃത്വം നൽകുന്നതാകട്ടെ, ലോകസഭാദ്ധ്യക്ഷനും.

മുപ്പതിൽപ്പരം അംഗങ്ങൾ ഉള്ള ഇന്ത്യൻ പ്രതിനിധിസംഘത്തിന് അക്കാലത്ത് രണ്ടു സെക്രട്ടറിമാരേ ഉണ്ടായിരുന്നുള്ളൂ. ലോകസഭയുടെയോ രാജ്യസഭയുടെയോ സെക്രട്ടറിയും സംസ്ഥാന നിയമസഭാ സെക്രട്ടറിമാരിൽ നിന്നും ഏതെങ്കിലും ഒരാളും മാത്രം!

ആ വർഷം എന്റെ ഊഴമായിരുന്നില്ല. അതിനാൽ ലോകസഭാ സെക്രട്ടേറിയറ്റിൽനിന്നുള്ള അറിയിപ്പ് എന്നെ അദ്ഭുതപ്പെടുത്തി.

കേന്ദ്രത്തിലും ഉത്തരേന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ജനതാപാർട്ടി അധികാരത്തിൽ വന്ന കാലമായിരുന്നു അത്. നിയമസഭാദ്ധ്യക്ഷന്മാരിൽ പലരും പുതുമുഖങ്ങളായിരുന്നു. വിദേശപര്യടനം നടത്തിയിട്ടുള്ളവരാണെങ്കിൽ വളരെ ചുരുക്കം. തീരെ അപരിചിതമായ അന്യനാടുകളിലേക്ക് പോകേണ്ടിവരുമ്പോൾ അവർക്കുണ്ടാകാവുന്ന പ്രായോഗിക വൈഷമ്യങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ.

വിദേശവാസ-സഞ്ചാര പരിചയമില്ലാത്തവർ അടങ്ങുന്ന ഒരു പ്രതിനിധിസംഘത്തിലെ സെക്രട്ടറിമാരുടെ ചുമതല ഭാരിച്ചതു മാത്രമല്ല, ക്ലേശകരവുമായിരിക്കുമെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ഉന്നത വിദ്യാഭ്യാസകാലത്ത് അമേരിക്കൻ ഐക്യനാടുകളിൽ രണ്ടുമൂന്നുവർഷക്കാലം കഴിഞ്ഞ എന്നെ ഡെലിഗേഷൻ സെക്രട്ടറിയായി നിശ്ചയിച്ചത് ആ സാഹചര്യത്തിലാണ്. രാജ്യസഭാ സെക്രട്ടറിയായി പുതുതായി ചുമതലയേറ്റ ശ്രീ. ബാലറാവു ആയിരുന്നു സെക്രട്ടറിമാരിൽ അപരൻ. ഒരു പാർലമെന്ററി ഡെലിഗേഷന്റെ സെക്രട്ടറിയായി അദ്ദേഹവും ആദ്യമായാണ് വിദേശത്തേക്കു പോകുന്നത്.

എന്നെ സംബന്ധിച്ചിടത്തോളം, ലോകസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള അപ്രതീക്ഷിതമായ ക്ഷണം വളരെയേറെ സന്തോഷപ്രദമായിരുന്നു. കോൺഫറൻസ് കാനഡയിൽ വച്ചായതുകൊണ്ടല്ല: അമേരിക്ക വീണ്ടും സന്ദർശിക്കുവാനുള്ള ഒരവസരം കൂടി തന്മൂലം ലഭിക്കുമെന്നതിനാലാണ്.

വസന്തത്തിന്റെ നാളുകളിൽ ഒരിക്കൽ കടന്നുപോയ വഴിത്താരകളും അവിടെ കണ്ടുമുട്ടിയ ചില മനുഷ്യരും ധന്യമധുരമായ ഓർമകളായി വർഷങ്ങൾക്കു ശേഷവും മനസ്സിൽ തങ്ങിനിൽക്കുമ്പോൾ, നീണ്ടുപോയ ഇടവേളയ്ക്കുശേഷം വീണ്ടും കാണുവാനും ഏതാനും മണിക്കൂറുകളെങ്കിലും ഒത്തുകൂടി പഴയകാല സ്മരണകൾ അയവിറക്കാനും കഴിയുക എത്ര അപൂർവസുന്ദരമായ അനുഭവമാണ്! അവരിൽ സ്നേഹസമ്പന്നരായ സുഹൃത്തുക്കളുണ്ട്: പ്രശസ്തരായ ധിഷണാശാലികളുണ്ട്. മനസ്സിന് കുളിർമ്മയും തലച്ചോറിന് ഉന്മേഷവും പകരുന്ന പുനഃസമാഗമത്തിന്, നിനച്ചിരിക്കാത്ത നേരത്ത് ഒരു അവസരം ലഭിച്ചത് ഒരു വരദാനമായി എനിക്കുതോന്നി.

ഞാനും കൂടി കൂട്ടിനുണ്ടാവുമെന്നറിഞ്ഞപ്പോൾ ഏറെ സന്തോഷവാനായത് സ്പീക്കർ ശ്രീ.ചാക്കീരി അഹമ്മദുകുട്ടിയായിരുന്നു. അടുത്തറിയുന്നവർ ആരുമില്ലാതെ അപരിചിതമായ അന്യനാടുകളിലേക്ക് പോകണമെന്ന ചിന്ത അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കിയിരുന്നു. വിനോദപ്രിയനായ അദ്ദേഹത്തിന് സഹചരന്മാരില്ലാത്ത യാത്ര വിരസവും ദുസ്സഹവും ആയിരിക്കുമെന്ന് തോന്നിയിരിക്കണം. ഒരുപക്ഷേ, അതിലുപരിയായി അത്രയേറെ തൃപ്തികരമല്ലാത്ത ആരോഗ്യനിലയും അദ്ദേഹത്തെ അലട്ടിയിരിക്കാം. വിദേശയാത്രയിൽ ഉടനീളം ഞാനും കൂടിയുണ്ടായിരിക്കുമെന്ന് അറിഞ്ഞതോടെ അദ്ദേഹം ഉഷാറായി.

ഞങ്ങളുടെ യാത്രയെപ്പറ്റിയുള്ള ഔപചാരികമായ അറിയിപ്പ് ലഭിച്ചയുടനെ മുഖ്യമന്ത്രി ശ്രീ. ആന്റണി സ്പീക്കറെ കാണുവാനെത്തി.

"ഏതായാലും ചാക്കീരി സാഹിബിന് നല്ല കമ്പനി കിട്ടിയല്ലോ. അത് നന്നായി." എന്നിട്ടൊരു അഭ്യർത്ഥനയും കൂടി:

"തിരിച്ചുവരുമ്പോൾ ഗൾഫ് രാജ്യങ്ങളിൽ കൂടി പോയാൽ കൊള്ളാം. നമ്മുടെ ആളുകൾക്ക് അവിടെ പല പ്രശ്നങ്ങളുമുണ്ട്. അവർക്കുവേണ്ടി എന്തു ചെയ്യുവാൻ കഴിയുമെന്ന് നോക്കണം...."

ചാക്കീരി സാഹിബിന്റെ ബന്ധുക്കളും നാട്ടുകാരുമായി ഗൾഫ് നാടുകളിൽ ഒട്ടനവധി പേരുണ്ട്-ഇളയമകൻ ഉൾപ്പെടെ. അദ്ദേഹത്തിന്റെ ഗൾഫ് സന്ദർശനം അവർക്കും സന്തോഷപ്രദമായിരിക്കും.

കോമൺവെൽത്ത് പാർലമെന്ററി സമ്മേളനത്തിൽ സംബന്ധിക്കുന്ന ഇന്ത്യൻ പ്രതിനിധി സംഘാംഗങ്ങൾക്കുവേണ്ടി പാർലമെന്റ് മന്ദിരത്തിൽ വച്ച് ആഗസ്റ്റ് അവസാന വാരത്തിൽ ഒരു ബ്രീഫിംഗ് സെഷനുണ്ടായിരുന്നു. അവിടെവച്ചാണ് പ്രതിനിധി സംഘത്തിലെ അംഗങ്ങളെയെല്ലാം പരിചയപ്പെട്ടത്.

ലോകസഭാദ്ധ്യക്ഷനായ (ജസ്റ്റിസ്) കെ.എസ്. ഹെഗ്ഡെ ആയിരുന്നു പ്രതിനിധി സംഘനേതാവ്. സുപ്രീം കോടതി ജഡ്ജിയായിരുന്ന അദ്ദേഹം ചീഫ് ജസ്റ്റീസ് നിയമനത്തിൽ പ്രതിഷേധിച്ച് രാജിവയ്ക്കുകയും അടുത്ത തിരഞ്ഞെടുപ്പിൽ ജനതാപാർട്ടി സ്ഥാനാർത്ഥിയായി മത്സരിച്ചുവിജയിക്കുകയും ചെയ്ത്, ഏറെ വാർത്താപ്രാധാന്യം നേടിയ പ്രശസ്ത വ്യക്തിയായിരുന്നു.

കോൺഗ്രസ്സിലെ ഒരു പ്രമുഖാംഗമായിരുന്ന ശ്രീ. റാംനിവാസ് മിർധയായിരുന്നു ഉപനേതാവ്. രാജസ്ഥാനിൽ മന്ത്രിയായും നിയമസഭാദ്ധ്യക്ഷനായും സേവനമനുഷ്ഠിച്ച ശേഷമാണ് അദ്ദേഹം ലോകസഭയിൽ എത്തിയത്. കോൺഗ്രസ്സ് അന്ന് പ്രതിപക്ഷത്തായിരുന്നതിനാൽ അദ്ദേഹത്തിന് അധികാരസ്ഥാനത്ത് എത്താൻ കഴിഞ്ഞില്ല. പിൽക്കാലത്ത് അദ്ദേഹം ഒരു മന്ത്രിയായി. (ഏറ്റവും ഒടുവിൽ, ഓഹരി കുംഭകോണത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തമായ സംയുക്ത പാർലമെന്ററി കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായിരുന്നു.)

അവരെക്കൂടാതെ പാർലമെന്റിൽനിന്നും ശ്രീമതി മാർഗരറ്റ് ആൽവ ഉൾപ്പെടെ നാലംഗങ്ങൾ കൂടിയുണ്ടായിരുന്നു. സംസ്ഥാന നിയമസഭാദ്ധ്യക്ഷന്മാരായ പതിനെട്ടു പേരും കൂടിച്ചേർന്നതായിരുന്നു വൈപുല്യത്തിൽ മുന്നിൽനിന്ന ഇന്ത്യൻ പ്രതിനിധി സംഘം.

നാട്ടിൽ നിരവധി പേഴ്സണൽ സ്റ്റാഫ് അംഗങ്ങളാൽ പരിസേവിതരായി കഴിയുന്ന തങ്ങൾക്ക് മറുനാട്ടിൽ തുണയ്ക്ക് ആരോരുമുണ്ടാകില്ല എന്ന് നിയമസഭാദ്ധ്യക്ഷന്മാർക്ക് അറിവുണ്ടായിരുന്നു. ഒരു പക്ഷേ, അതിനാലാവും ഡെലിഗേഷൻ സെക്രട്ടറിയെത്തേടി പലരുമെത്തി പരിചയപ്പെട്ടത്.

കാനഡയിലേക്കു പോകുമ്പോഴും മടക്കയാത്രയിലും മറ്റു പല രാജ്യങ്ങളും സന്ദർശിക്കുവാൻ പ്രതിനിധി സംഘത്തിൽപ്പെട്ട മിക്കാവറും എല്ലാ അംഗങ്ങൾക്കും പരിപാടിയുണ്ടായിരുന്നു. അതിനാൽ അംഗങ്ങളെല്ലാം നിശ്ചിത ദിവസം മോൺട്രിയൽ നഗരത്തിലെത്തിയാൽ മതിയെന്ന് തീരുമാനിച്ചു.

യാത്ര പുറപ്പെടുന്നതിനു മുമ്പായി രാഹുകാലമോ ശകുനമോ നോക്കുന്ന കൂട്ടത്തിലല്ല ഞാൻ. പക്ഷേ ചാക്കീരി സാഹിബിന് അതിലൊക്കെ വിശ്വാസമുണ്ടായിരുന്നു. നല്ല നേരം നോക്കിയാണ് യാത്ര തിരിച്ചതെങ്കിലും യാത്രയിൽ ഉടനീളം പല 'ഉടക്കു'കളും ഉണ്ടായി.

ഞങ്ങൾ ബോംബെയിൽ എത്തിയപ്പോഴാണ് അറിയുന്നത്, അന്നേദിവസം ലണ്ടനിലേക്കു പോകുന്ന എയർ ഇന്ത്യാ വിമാനം ദില്ലി,ടാഷ്കെന്റ്, മോസ്കോ, ഫ്രാങ്ക്ഫർട്ട് എന്നീ താവളങ്ങളിൽ ഒക്കെ ഇറങ്ങിക്കയറിയതിനു ശേഷമാണ് ഉദ്ദിഷ്ടസ്ഥാനത്ത് ചെന്നെത്തുന്നതെന്ന്. ദീർഘ ദീർഘ ദീർഘമായ യാത്ര. എത്ര മണിക്കൂറുകളാണ് വിമാനത്തിനുള്ളിൽ കഴിയേണ്ടിവരുന്നതെന്ന് ഓർത്തപ്പോൾ വല്ലാത്ത മടുപ്പുതോന്നി.

ഉയർന്ന ക്ലാസ്സായിരുന്നതിനാൽ; ബോംബെ മുതൽ ദില്ലി വരെ വളരെക്കുറച്ചു സഹയാത്രികർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പിന്നീട് ഞങ്ങളും ഇന്ത്യൻ എംബസിയിലെ ഒരു ഉദ്യോഗസ്ഥനും മാത്രമായി. ടാഷ്കെന്റ് കഴിഞ്ഞപ്പോൾ അദ്ദേഹം വിടപറഞ്ഞതോടെ യാത്രക്കാരായി ഞങ്ങൾ മാത്രം. 'പരിചരണ'ത്തിന് ഒരു സുന്ദരിക്കുട്ടിയും-എയർ ഹോസ്റ്റസ്.

ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളിൽ എവിടെയും ചെന്നിരിക്കാം; നീണ്ടുനിവർന്നു കിടക്കാം: മുഷിയുമ്പോൾ മയങ്ങാം: വേണമെങ്കിൽ സുഖസുഷുപ്തിയിൽ അമരാം; സുന്ദരസ്വപ്നങ്ങൾ കാണാം.

പക്ഷേ ഒരു ശല്യം മാത്രം. പടിഞ്ഞാറോട്ടു പറക്കുന്നതിനാൽ മണിക്കൂറുകൾ തുരുതുരാ കൊഴിഞ്ഞുവീണുകൊണ്ടിരുന്നു. ബ്രേക്ക് ഫാസ്റ്റിനും ലഞ്ചിനും ഡിന്നറിനും അവയ്ക്കിടയിലുള്ള തീറ്റയ്ക്കും ഉള്ള സമയക്രമം ചട്ടപ്പടിയുള്ളതാകയാൽ ഒന്നിനുപിറകെ മറ്റൊന്നായി അവയെല്ലാം കൃത്യമായി വന്ന് നിരന്നുകൊണ്ടിരുന്നു. വിശിഷ്ട ഭോജ്യങ്ങളാണെങ്കിലും, വെളുക്കുവോളവും തുടർന്നും എങ്ങനെയാണ് അശിക്കുക?

അതിഥി സൽക്കാരത്തിലെന്നപോലെ സമയനിഷ്ഠ പാലിക്കുന്നതിലും അതീവ ശ്രദ്ധാലുവായിരുന്നു ആകാശസുന്ദരി. കൃത്യസമയത്തിന് തട്ടിയുണർത്തി വിഭവസമൃദ്ധമായ ഭക്ഷണം 'വിളമ്പുവാൻ' തുടങ്ങും. കുറച്ചെങ്കിലും കഴിക്കുവാൻ നിർബന്ധിക്കും. എങ്ങനെയാണ് നിരസിക്കുക?

ആകാശത്തിലെ ആതിഥേയയോട് അവസാനം പറയേണ്ടിവന്നു. "ദയവായി കുറച്ചുസമയം ഉറങ്ങുവാൻ അനുവദിക്കുക." സുന്ദരിയുടെ ചന്ദ്രബിംബത്തിൽ നിഴൽ വീശിയോ, എന്നറിഞ്ഞില്ല.

അതിഥി സൽക്കാരത്തിലെന്നപോലെ സമയനിഷ്ഠ പാലിക്കുന്നതിലും അതീവ ശ്രദ്ധാലുവായിരുന്നു ആകാശസുന്ദരി. കൃത്യസമയത്തിന് തട്ടിയുണർത്തി വിഭവസമൃദ്ധമായ ഭക്ഷണം 'വിളമ്പുവാൻ' തുടങ്ങും. കുറച്ചെങ്കിലും കഴിക്കുവാൻ നിർബന്ധിക്കും. എങ്ങനെയാണ് നിരസിക്കുക? ആകാശത്തിലെ ആതിഥേയയോട് അവസാനം പറയേണ്ടിവന്നു. "ദയവായി കുറച്ചുസമയം ഉറങ്ങുവാൻ അനുവദിക്കുക." സുന്ദരിയുടെ ചന്ദ്രബിംബത്തിൽ നിഴൽ വീശിയോ എന്നറിഞ്ഞില്ല.

മോസ്കോയിലെത്തിയപ്പോൾ 'സോവിയറ്റ് മണ്ണിൽ' അല്പസമയത്തേക്ക് കാലുകുത്താനുള്ള അവസരം കിട്ടി. കൈയും കാലും നിവർത്താമെന്നു കരുതി എയർപോർട്ടിലെ കടകളിൽ കയറിയിറങ്ങി. റഷ്യൻ നിർമ്മിതവും അല്ലാത്തതുമായ ക്യാമറകൾ, വാച്ചുകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവയെല്ലാം തീരെ അനാകർഷകമായ രീതിയിൽ അവിടെ 'ഡിസ്പ്ലേ' ചെയ്തിരുന്നു. കേട്ടാൽ ഞെട്ടിപ്പോകുന്ന വിലകൾ. വില്പനക്കാരികൾക്കാണെങ്കിൽ തീരെ താത്പര്യമില്ല. ഒന്നാമത്, സ്ഥാപനം സർക്കാർ വക. രണ്ടാമത്, ഇന്ത്യാക്കാരായ ഞങ്ങളുടെ കൈയിൽ ഡോളർ നോട്ടുകെട്ടുകൾ ഉണ്ടാവില്ലെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. അന്നും അവർക്ക് അമേരിക്കൻ ഡോളറിനോടായിരുന്നു ആർത്തി!

വീണ്ടും ഫ്രാങ്ക്ഫർട്ടിലേക്കുള്ള മണിക്കൂറുകൾ നീണ്ട യാത്ര. ഒടുവിൽ അവിടെ എത്തിയപ്പോഴേക്കും ഞങ്ങളുടെ 'മഹാരാജാ' ഓടിത്തളർന്നുകഴിഞ്ഞിരുന്നു. കിതച്ചുതുടങ്ങിയ 'ഉഡാൻ' തിരുമനസ്സിന് ഞങ്ങളേയും വഹിച്ചുകൊണ്ട് വീണ്ടും കുതിച്ചുയരാൻ വയ്യാത്ത സ്ഥിതിയിലായി.

നീണ്ട കാത്തിരിപ്പിനുശേഷം ബ്രിട്ടീഷ് എയർവേയ്സ് കരുണ കാട്ടിയതുകൊണ്ട് ഞങ്ങൾ സന്ധ്യമയങ്ങും നേരത്ത് ലണ്ടനിലെത്തി. വളരെ വൈകിയാണ് എത്തിയതെങ്കിലും ഞങ്ങളെ സ്വീകരിക്കുവാൻ ഹൈക്കമ്മിഷനിലെ ഉദ്യോഗസ്ഥന്മാർ കാത്തിരിക്കുന്നുണ്ടായിരുന്നു.

ലണ്ടനിലേക്ക് ഹാർദ്ദമായ സ്വാഗതം! പക്ഷേ എന്തു ഫലം? ഞങ്ങളുടെ ഇടത്താവളമായ ഹോട്ടലിലേക്ക് തിരിക്കാനൊരുങ്ങുമ്പോൾ, ഒരുദ്യോഗസ്ഥൻ അല്പം പരിഭ്രമത്തോടെ വന്നറിയിച്ചു.

"ബഹുമാനപ്പെട്ട സ്പീക്കറുടെ പെട്ടികൾ രണ്ടും എത്തിയിട്ടില്ല."

ഫ്രാങ്ക് ഫട്ടിൽ വച്ച് വിമാനം മാറിക്കയറിയപ്പോൾ പെട്ടികൾ കയറ്റാൻ വിട്ടുപോയതാവണം.

'ശകുനപ്പിഴ'യുടെ ഫലം അനുഭവിക്കുകതന്നെ.

ചാക്കീരി സാഹിബിന്റെ നർമ്മബോധമൊക്കെ താത്കാലികമായെങ്കിലും അദ്ദേഹത്തെ കൈവിട്ടുകഴിഞ്ഞിരുന്നു. വിദേശയാത്രയിലും വിദേശവാസക്കാലത്തും അണിയുവാനായി ദില്ലിയിൽ തുന്നിച്ച വസ്ത്രശേഖരമൊക്കെ നഷ്ടമാകുമോ എന്ന ഭയമല്ലായിരുന്നു അദ്ദേഹത്തെ അലട്ടിയത്, നീണ്ട മണിക്കൂറുകൾ ഇരിക്കേണ്ടിവന്നതുമൂലം, എന്നും അദ്ദേഹത്തിന്റെ പേടിസ്വപ്നമായിരുന്ന 'സ്ലിപ് ഡിസ്ക്' പിടിയമർത്തുമോ എന്ന ആശങ്കയാണ് അദ്ദേഹത്തെ അസ്വസ്ഥനാക്കിയത്.

പിറ്റേദിവസം രാവിലേതന്നെ പെട്ടികൾ രണ്ടും എങ്ങനെയും എത്തിച്ചുകൊള്ളാമെന്ന് എയർ ഇന്ത്യാക്കാർ വി.ഐ.പിക്ക് ഉറപ്പുകൊടുത്തു. കൂടാതെ ഒരു ജോടി നിശാവസ്ത്രങ്ങളും ഷേവിംഗ് ഉപകരണങ്ങളും മറ്റും അടങ്ങിയ കിറ്റും അവർ കോംപ്ളിമെന്ററിയായി നൽകി.

ക്ഷീണിതനായി കാണപ്പെട്ട ചാക്കീരി സാഹിബിന് അല്പം വിശ്രമം ആവശ്യമായിരുന്നു. അതിനാൽ ഹോട്ടലിൽ എത്തി ഒന്നുരണ്ടു മണിക്കൂർ കഴിഞ്ഞതിനുശേഷമാണ് ക്ഷേമാന്വേഷണത്തിനായി ഞാൻ അദ്ദേഹത്തിന്റെ മുറിയിലേക്കു ചെന്നത്.

ചാക്കീരി സാഹിബ് അതിനകം വേദനശമനത്തിനായുള്ള ചില സ്വയം ചികിത്സകളും, കുളിയും ഭക്ഷണവും കഴിഞ്ഞ്, എയർ ഇന്ത്യയുടെ ഉപഹാരമായി ലഭിച്ച നിശാവസ്ത്രങ്ങളും അണിഞ്ഞ് ഇരിക്കുകയായിരുന്നു. നല്ല ഉഷാർ.

"വേഷം നന്നായിട്ടുണ്ട്. അല്പം ഇറുകിയതാണോ എന്നൊരു സംശയം."

തികച്ചും നിർദ്ദൂഷ്ടമായ എന്റെ പ്രസ്താവം മതിയായിരുന്നു, ചാക്കീരി സാഹിബിനെ 'പ്രകോപിപ്പിക്കാൻ'!

"അതേയതെ. പുതുമണം മാറാത്ത മണവാട്ടിയെ കിട്ടിയപോലുണ്ട്."

മൂപ്പർ ഫാമിലായി എന്നർത്ഥം.

അത്തരം ദ്വയാർത്ഥ പ്രയോഗങ്ങളിലുള്ള ചാക്കീരി സാഹിബിന്റെ പ്രാവീണ്യം പ്രസിദ്ധമാണ്.

'മഹാരാജാ' വാക്കു പാലിച്ചു. പിറ്റേന്നു രാവിലെ പെട്ടികൾ രണ്ടുമെത്തി. പക്ഷേ അടുത്ത ദി

വസം മഹാരാജാവിന്റെ തിരുവുള്ളക്കേടു കൊണ്ട് ഞങ്ങൾ വീണ്ടും വലഞ്ഞു.

ലണ്ടനിൽനിന്ന് ഒറ്റക്കുതിപ്പിന് അറ്റ്ലാന്റിക് സമുദ്രം കടന്ന് ന്യൂയോർക്കിലെത്താൻ അല്പം വൈകി. അതിനാൽ ഞങ്ങൾ ന്യൂയോർക്കിലെത്തിയപ്പോൾ വാഷിംഗ്ടൺ ഡി.സി.യിലേക്ക് ഞങ്ങൾക്കു പോകേണ്ട വിമാനം പോയിക്കഴിഞ്ഞിരുന്നു.

ശകുനപ്പിഴ വിട്ടുമാറിയിട്ടില്ല.

മൂന്നോ നാലോ മണിക്കൂർ നേരത്തെ കാത്തിരിപ്പിനുശേഷം. മറ്റൊരു ഫ്ളൈറ്റിൽ വാഷിംഗ്ടണിൽ എത്തിയപ്പോഴാണ് ശകുനപ്പിഴയുടെ തിക്തഫലം പൂർണ്ണമായും അനുഭവിക്കേണ്ടി വന്നത്.

അർദ്ധരാത്രി കഴിഞ്ഞ സമയം. സ്വീകരിക്കാൻ ആരുമില്ല. അടുത്ത ഫ്ളൈറ്റിലാണ് എത്തുന്നതെന്ന് ന്യൂയോർക്കിൽ നിന്നും അയച്ച സന്ദേശം എംബസി ഉദ്യോഗസ്ഥന്മാർക്ക് ലഭിച്ചിട്ടുണ്ടാവില്ല. എംബസിയിലേക്കു വിളിച്ചാൽ ആ അസമയത്ത് അവിടെ ആരുണ്ടാവാനാണ്?

രാപാർക്കാൻ ഏതു ഹോട്ടലിലാണ് സൗകര്യപ്പെടുത്തിയിരിക്കുന്നതെന്ന് നേരത്തെ അറിയിച്ചിരുന്നെങ്കിൽ നേരെ അങ്ങോട്ടേക്കു പോകാമായിരുന്നു. അതിനും തരമില്ല. കൂനിന്മേൽ കുരു എന്നപോലെ ചാക്കീരി സാഹിബിന്റെ സ്ലീപ് ഡിസ്കും കടുംപിടിത്തം തുടങ്ങി. അസഹ്യമായ വേദന. ഇരിപ്പിടത്തിൽ നിന്നും അനങ്ങാൻ പറ്റാത്ത സ്ഥിതി.

'നീയേ തുണ' എന്ന് മേല്പോട്ടുനോക്കി കേണുപോകുന്ന അവസ്ഥ. അശരണർക്ക് അഭയം അവിടെ നിന്നല്ലേ ലഭിക്കൂ!

ഒടുവിൽ ആപൽബാന്ധവൻ തുണയ്ക്കെത്തി.

തികച്ചും അപ്രതീക്ഷിതമായി നേരംകെട്ട നേരത്ത് രണ്ട് ഇന്ത്യാക്കാർ അങ്ങോട്ടേക്ക് കടന്നുവന്നു. ആരെയോ തിരക്കി വന്നതാണ്. തികച്ചും അപരിചിതർ. അവരോടു കാര്യങ്ങളെല്ലാം പറഞ്ഞു. ഇന്ത്യൻ എംബസിമന്ദിരത്തിൽ ഞങ്ങളെ കൊണ്ടെത്തിക്കാമെന്നും അവിടെ ആരുമില്ലെങ്കിൽ മറ്റെന്തെങ്കിലും വഴി നോക്കാമെന്നും അവർ പറഞ്ഞതോടെ ഏറെ ആശ്വാസമായി.

എംബസി മന്ദിരത്തിൽ എത്തിയപ്പോൾ. ഞങ്ങൾക്ക് എന്തുപറ്റിയെന്നോ. എന്തു ചെയ്യണമെന്നോ അറിയാതെ പരിഭ്രാന്തരായി നിന്നിരുന്ന രണ്ട് ഉദ്യോഗസ്ഥന്മാരെയാണു കണ്ടത്. ദൈവത്തിന് സ്തുതി പറഞ്ഞുകൊണ്ട്. 'ദൈവദൂതന്മാരെ' നന്ദി പറഞ്ഞ് മടക്കി അയച്ചശേഷം, ഞങ്ങൾക്കു താമസിക്കുവാൻ ഏർപ്പാടു' ചെയ്തിരുന്ന ഹോട്ടലിലേക്കു പോയി.

പിറ്റേന്നുരാവിലെ എംബസി മന്ദിരത്തിൽ എത്തിയപ്പോൾ ഞങ്ങളെ സ്വീകരിച്ച ഒന്നാം സെക്രട്ടറി സ്വാഗതമോതിയത് ശുദ്ധമായ മലയാള ഭാഷയിൽ! അദ്ഭുതത്തോടെ ഞങ്ങൾ നോക്കുന്നതു കണ്ട് അദ്ദേഹം പറഞ്ഞു:

"ജെ.എൻ. ദീക്ഷിത് എന്നു കേട്ടപ്പോൾ വടക്കേ ഇന്ത്യാക്കാരനാണെന്ന് തോന്നിയിരിക്കും. ആ ധാരണയും തെറ്റല്ല. ഞാൻ തെക്കനുമാണ്. എന്റെ അച്ഛൻ ഒരു മലയാളിയാണ്."

കഴിഞ്ഞ തലമുറയിലെ സുപ്രസിദ്ധ നാടകകൃത്തും സാഹിത്യകാരനുമായിരുന്ന മുൻഷി പരമുപിള്ളയുടെ മകനാണ് അദ്ദേഹം. പിൽക്കാലത്ത് ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറിയായി അന്താരാഷ്ട്ര പ്രശസ്തി നേടിയ ശ്രീ.ദീക്ഷിത്.

"നിങ്ങൾക്ക് ഒരു നാട്ടുകാരനെത്തന്നെ കൂട്ടിനുതരാം." എന്നിട്ട് അല്പം അകലെ നിന്നിരുന്ന ഒരാളെ ഞങ്ങൾക്കു പരിചയപ്പെടുത്തി.

"മി. സ്റ്റീഫൻ. മലയാളി. ഇവിടെ ലൈബ്രേറിയനായി ജോലിനോക്കുന്നു. അടുത്ത മൂന്നുദിവസവും സ്റ്റീഫൻ നിങ്ങളോടൊപ്പം ഉണ്ടാവും...."

ആ ദിവസങ്ങളിൽ ശ്രീ. സ്റ്റീഫനായിരുന്നു ഞങ്ങളുടെ മാർഗ്ഗദർശി. അമേരിക്കൻ തലസ്ഥാന നഗരിയിൽ ഞങ്ങൾ കാണേണ്ടവരേയും കാണേണ്ടതും എല്ലാം കണ്ടു. എംബസിയിലെ ഒരു ചെറിയ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും. അന്നും ശ്രീ.

സ്റ്റീഫന് അതിവിപുലമായ പരിചിത വലയമുണ്ടായിരുന്നു. അതിനാൽ സന്ദർശനങ്ങൾക്കൊന്നും പ്രതിബന്ധമോ പ്രയാസമോ ഞങ്ങൾക്ക് ഒരിടത്തും അനുഭവപ്പെട്ടില്ല.

മദ്ധ്യതിരുവിതാംകൂറിലെ ഒരു ഉൾനാടൻ പ്രദേശത്തുനിന്നും. കോളേജ് വിദ്യാഭ്യാസം കഴിഞ്ഞ് അമേരിക്കയിൽ എങ്ങനെയോ എത്തിച്ചേർന്ന സാഹസികനായ ഒരു യുവാവ്. അടിയുറച്ച ആത്മവിശ്വാസവും. കഠിനാദ്ധ്വാനം ചെയ്യുവാനുള്ള കഴിവും ഉണ്ടെങ്കിൽ അനന്തമായ അവസരങ്ങൾ ഉള്ള അമേരിക്കയിൽ എവിടെയും എത്തിച്ചേരാം. ഭൗതികമായി എന്തും നേടാം.

ശ്രീ.സ്റ്റീഫൻ ഇന്ന് വാഷിംഗ്ടൺ ഡി.സി.യിൽ. ജീവിതവിജയം നേടിയ. അറിയപ്പെടുന്ന ഒരു മലയാളിയാണ്. മൾട്ടി മില്ല്യനർ. പല സ്ഥാപനങ്ങളുടെയും ഉടമ. അമേരിക്കൻ വംശജരും ഇന്ത്യാക്കാരുമായ നിരവധി ആളുകൾ അവിടെ പണിയെടുക്കുന്നു. ആയിരക്കണക്കിനു ഡോളർ പല വഴികളിലുംകൂടി ശ്രീ. സ്റ്റീഫന്റെ കൈകളിലേക്ക് ഒഴുകിയെത്തുന്നു. സ്വന്തമായി ഒരു ടെലിവിഷൻ കേന്ദ്രം പോലുമുണ്ട്.

ആ ദിവസങ്ങളിൽ ശ്രീ. സ്റ്റീഫനായിരുന്നു ഞങ്ങളുടെ മാർഗ്ഗദർശി. അമേരിക്കൻ തലസ്ഥാന നഗരിയിൽ ഞങ്ങൾ കാണേണ്ടവരേയും കാണേണ്ടതും എല്ലാം കണ്ടു. എംബസിയിലെ ഒരു ചെറിയ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും. അന്നും ശ്രീ.സ്റ്റീഫന് അതിവിപുലമായ പരിചിത വലയമുണ്ടായിരുന്നു.

ഡിസംബർ 10-ാം തിയതി മോൺട്രിയൽ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയപ്പോൾ കൂറ്റൻ ബാനറുകൾ ഞങ്ങൾക്ക് സ്വാഗതമോതി. പ്രതിനിധികളെ സ്വീകരിക്കുവാനും സുഖസൗകര്യങ്ങൾ അന്വേഷിക്കുന്നതിനുമായി സേവനോത്സുകരായ അസംഖ്യം വാളന്റിയർമാർ. അതിഥികൾക്കെല്ലാം നഗരത്തിലെ ഏറ്റവും മുന്തിയ ക്വീൻ എലിസബത്ത് ഹോട്ടലിലാണ് താമസസൗകര്യം ഒരുക്കിയിരുന്നത്.

ഇന്ത്യൻ പ്രതിനിധി സംഘത്തിലെ എല്ലാ അംഗങ്ങളും ഊരുചുറ്റൽ കഴിഞ്ഞ് എത്തിക്കഴിഞ്ഞിരുന്നില്ല. പിറ്റേന്നുരാവിലെ ഇന്ത്യൻ ഹൈക്കമ്മിഷൻ മന്ദിരത്തിൽ വച്ചുനടന്ന ആദ്യത്തെ ബ്രീഫിംഗ് സെഷനിൽ വച്ചാണ് എല്ലാവരേയും വീണ്ടും ഒന്നിച്ചുകാണുവാൻ കഴിഞ്ഞത്.

ഡൽഹിയിലെ ബ്രീഫിംഗ് സെഷനിൽ കണ്ട ഉത്സാഹമൊന്നും കാണാനില്ല. പലരേയും 'ഹോംസിക്നസ്' കലശലായി ബാധിച്ചുകഴിഞ്ഞിരിക്കുന്നു. അപരിചിതമായ നാടുകൾ. ചുറ്റിനും പരിചയമില്ലാത്ത മുഖങ്ങൾ. വിശ്രമരഹിതമായ യാത്ര. തിരക്കുപിടിച്ച ദിനരാത്രങ്ങൾ. സർവോപരി മനസ്സിനു പിടിക്കാത്ത ഭക്ഷണം. കൂട്ടത്തിൽ വല്ലാതെ വലഞ്ഞുപോയത് സസ്യഭുക്കുകളാണ്.

പ്രതിനിധി സംഘത്തിന്റെ സെക്രട്ടറിയായതിനാൽ എല്ലാ അംഗങ്ങളുടേയും അടുത്തുചെന്ന് കുശലാന്വേഷണം നടത്തി. "എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ പറയുവാൻ മടിക്കരുത്" എന്നു ഞാൻ പറഞ്ഞപ്പോൾ. അവ ഔപചാരികമായ ഭംഗിവാക്കുകളല്ല എന്ന് അവർക്ക് തോന്നിയിരിക്കണം.

കൂട്ടത്തിൽ വയോവൃദ്ധനായ ഒരംഗം എന്റെ അടുത്തുവന്ന് കരം ഗ്രഹിച്ചശേഷം പറഞ്ഞു:

"ഇനിയുള്ള ദിവസങ്ങളിൽ നിങ്ങൾ കൂടിയുള്ളത് വലിയ അനുഗ്രഹമായി. ഞാന് ആകെ തളർന്നുപോയി. ഇടയ്ക്കിടെ ഞാൻ അല്പം ബുദ്ധിമുട്ടിച്ചു എന്നുവരും. മറ്റൊന്നും തോന്നരുതേ!"

അദ്ദേഹം ക്ഷമാപണസ്വരത്തിൽ ഇത്രയും പറഞ്ഞപ്പോൾ എനിക്ക് അദ്ദേഹത്തോടു കൂടുതൽ ആദരവു തോന്നി.

"എന്തു ബുദ്ധിമുട്ട്. എന്നാൻ കഴിവുള്ളതു ചെയ്യുവാൻ എനിക്ക് സന്തോഷമേയുള്ളു."

മൂപ്പർക്ക് വലിയ സന്തോഷമായി. എന്നിട്ട് അടക്കിയ സ്വരത്തിൽ പറഞ്ഞു:

"എന്തു ചെയ്യാം. ആരേയും വിശ്വസിക്കുവാൻ പാടില്ലാതായിരിക്കുന്നു. കൂടെയുള്ള സ്പീക്കർമാരെപ്പോലും...."

യാത്രയ്ക്കിടയിൽ എന്തോ പന്തികേട് ഉണ്ടായിട്ടുള്ളതായി മനസ്സിലായി.

"എന്തുണ്ടായി അങ്ങനെ തോന്നുവാൻ?"

അദ്ദേഹം സംഭവം വിവരിച്ചു. അദ്ദേഹത്തോടൊപ്പം മൂന്നുനാലു സ്പീക്കർമാർ ഉണ്ടായിരുന്നു. ലണ്ടനിൽ നിന്നും ന്യൂയോർക്കിലേക്കുള്ള വിമാനയാത്രയിൽ അദ്ദേഹത്തിന്റെ സീറ്റിനടുത്ത് ഇരുന്നത് വടക്കുകിഴക്കൻ സംസ്ഥാനത്തിലെ സ്പീക്കറായിരുന്നു. യുവാവ്. രസികൻ. ഒരു പ്ളേബോയിയുടെ കെട്ടും മട്ടുമെല്ലാം വേഷത്തിലും ഭാവത്തിലുമുണ്ട്.

ഉയർന്ന ക്ളാസ് യാത്രക്കാരെല്ലാം ആസനസ്ഥരായ ഉടനേതന്നെ. മുന്നിൽ വച്ചിരുന്ന ചഷകങ്ങളിൽ ഷാംപെയ്ൻ വിളമ്പി. തികഞ്ഞ ഗാന്ധിയനായ അദ്ദേഹത്തിനാണെങ്കിൽ മദ്യത്തിന്റെ മണംകൂടി അറിയില്ല. അതിനാൽ അദ്ദേഹം അടുത്തിരുന്ന സുഹൃത്തിനോട് ആരാഞ്ഞു:

"തികച്ചും നിരുപദ്രവകരമായ ഒരു പാനീയമാണ്. ക്ഷീണം തീർക്കാൻ അത്യുത്തമം." മുഖത്ത് ഭാവഭേദമൊന്നും വരുത്താതെ 'പ്ളേബോയ്' സ്പീക്കർ തട്ടിവിട്ടു.

ഷാംപെയ്ൻ മുഴുവനും ഒറ്റവലിക്ക് ഉള്ളിലാക്കിയതിനുശേഷം. 'ഗാന്ധിയൻ' ഉള്ളിൽതോന്നിയത് പറഞ്ഞു.

"വല്ലാത്ത ഒരുതരം രുചി. എന്നാലും ക്ഷീണം പോയതുപോലെ, കൊള്ളാം...."

അപകടമൊന്നും സംഭവിച്ചില്ല. അല്പം ഉണർവ്വുണ്ടായോ എന്നൊരു സംശയം മാത്രം.

ന്യൂയോർക്കിൽ ചെന്നിറങ്ങിയശേഷം പ്ളേബോയ് സ്പീക്കർ മറ്റുള്ളവരോട് താൻ പറ്റിച്ച പണിയെപ്പറ്റി പറഞ്ഞപ്പോഴാണ്. തനിക്കു പിണഞ്ഞ അമളിയെപ്പറ്റി മദ്യവിരോധിയായ പാവം സ്പീക്കർ ബോധവാനായത്. പിന്നെ എന്തു ചെയ്യാനാണ്. നീണ്ട വിമാനയാത്രയ്ക്കിടയിൽ മദ്യത്തിന്റെ 'വിഷാംശം' രക്തധമനികളിലാകെ വ്യാപരിച്ചതിനുശേഷം പുറത്തുപോയിക്കാണും എന്നു സമാധാനിച്ചിരിക്കണം.

ബഹുമാന്യരായ നിയമസഭാദ്ധ്യക്ഷന്മാർപോലും ഇങ്ങനെ കരുതിക്കൂട്ടി. മനഃപൂർവം തെറ്റിദ്ധരിപ്പിക്കാൻ തുടങ്ങിയാലോ? സ്വന്തം സഭയിലാണെങ്കിൽ അവകാശലംഘനക്കുറ്റം ചുമത്താമായിരുന്നു.

"നിങ്ങളെ എനിക്ക് പൂർണ്ണ വിശ്വാസമാണ്. ഇനിയുള്ള ദിവസങ്ങളിൽ ഞാൻ നിങ്ങളുടെ കൈകളിലാണ്. ഈ വയസ്സന്റെ മേൽ എപ്പോഴും ഒരു കണ്ണുവേണം."

തുടർന്നുള്ള ദിവസങ്ങളിൽ എപ്പോഴും അദ്ദേഹത്തിന്റെ മേൽ ഒരു കണ്ണുണ്ടായിരുന്നു. സാത്വികൻ. മിതഭാഷി. സൗമ്യൻ. അട്ടഹാസവും പൊട്ടിച്ചിരിയുമൊന്നുമില്ല. പക്ഷേ. വിരുന്നുസൽക്കാരവേളകളിൽ അദ്ദേഹം ഏറെ വിമ്മിട്ടപ്പെട്ടിരുന്നു എന്നു ഞാൻ കണ്ടെത്തി. മദ്യം മാത്രമല്ല. മത്സ്യമാംസാദികളും അദ്ദേഹം തൊടില്ല. ആഹ്ളാദത്തിമിർപ്പിനിടയിൽ. ആൾക്കൂട്ടത്തിൽ തനിയെ ഒരിടത്ത് ഒഴിഞ്ഞുനിന്നിരുന്ന അദ്ദേഹത്തിന് കുറെ നേരത്തേക്കെങ്കിലും കമ്പനി നൽകാൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

എന്നെ അദ്ഭുതപ്പെടുത്തിയ മറ്റൊരു കാര്യവും എന്റെ കണ്ണിൽപ്പെട്ടു. ഏറ്റവും ലളിതമായിരുന്നു അദ്ദേഹത്തിന്റെ വസ്ത്രധാരണം. എന്നുപറഞ്ഞാൽ മാത്രം പോരാ. വിരുന്നുസല്ക്കാരവേളകളിൽ മാത്രമല്ല. സന്ദർശനങ്ങൾ നടത്തുമ്പോഴും. സമ്മേളനങ്ങളിൽ പങ്കെടുക്കുമ്പോഴും യാത്രാസമയത്തും എല്ലാം ഒരേയൊരു വേഷം. കഴുത്തുമുതൽ കണങ്കാൽ വരെ എത്തുന്ന നവിട്ടുനിറത്തിലുള്ള ഒരു കമ്പിളിക്കോട്ട്. താഴെ അതേ നിറത്തിലുള്ള പാന്റ്സുപോലുള്ള മറ്റൊരു വസ്ത്രവും.

അവസരത്തിനൊത്തും അല്ലാതെയും ഒരു ദിവസംതന്നെ അനേകം തവണ വർണ്ണശബളമായ വിദേശവസ്ത്രങ്ങളണിഞ്ഞ് എത്തിയിരുന്ന പ്രതിനിധികൾക്കും ആതിഥേയ രാജ്യത്തിലെ പ്രമാണിമാർക്കും ഇടയിൽ ഒരേ വസ്ത്രമണിഞ്ഞ് വീണ്ടും വീണ്ടും പ്രത്യക്ഷമാകുവാന് അസാമാന്യമായ ആത്മധൈര്യവും വിശ്വാസദാർഢ്യവും ഉള്ള ഒരു ഗാന്ധിയനു മാത്രമേ കഴിയൂ!

ശ്രീ. മെഹബൂബ് അഹമ്മദായിരുന്നു അന്നത്തെ ഇന്ത്യൻ ഹൈക്കമ്മിഷണർ. കാനഡയുടെ ചരിത്രം. ഭൂമിശാസ്ത്രം. സംസ്കാരം. ഭരണസമ്പ്രദായം. ഇനങ്ങളുടെ സ്വഭാവ സവിശേഷതകൾ. അവരുടെ

(ശേഷം 50-ാം പേജിൽ)



എ.എം. വാസുദേവൻപിള്ള

അതിർത്തികൾ ലംഘിക്കുന്നവർ

ആറ്

പ്രകൃതിയുടെ പ്രതികരണം

കാട്ടിൽനിന്നു വിറകുവെട്ടി കോണ്ടൂർ ...നിൽ കൊണ്ടുവയ്ക്കുക പണ്ടാരങ്ങളുടെ പതിവാണ്. പിന്നെ ആവശ്യത്തിനു കുറേശ്ശെ എടുത്തുകൊണ്ടുപോകും. ഇത് തടയണമെന്നു നിശ്ചയിച്ചിട്ടുതന്നെ വളരെ ദിവസങ്ങളായി. ഇതുവരെ നടന്നിട്ടില്ല. ദണ്ഡപാണി ചില പദ്ധതികളൊക്കെ തയ്യാറാക്കിയിട്ടുണ്ട്. ഓരോന്നു നടപ്പാക്കും.

വഴിത്താരകളടഞ്ഞുപോകുന്നതും അടയ്ക്കുന്നതും കാടിന്റെ നിലനില്പിന് നല്ലതല്ല. വഴിച്ചാലുകളില്ലാത്തിടത്തുകൂടി നടക്കരുതെന്നാണ് വന നിയമം.

കാട്ടുതീ പടരാതിരിക്കാനാണ് കോണ്ടൂർ ലൈനുകളിടുന്നത്. വിറകും ചുള്ളിയും വാരിയിട്ട് ലൈനുകളടയ്ക്കരുതെന്ന് എത്ര പ്രാവശ്യമാണു താക്കീതു ചെയ്തിട്ടുള്ളത്! ഡിയെഫോക്കു കഴിയാത്തത് ഒരുപക്ഷേ റെയ്ഞ്ചർക്കു കഴിഞ്ഞേക്കാം. ആ ധൈര്യത്തിലാണ് വഴിതെളിക്കാൻ ചെന്നത്. പണ്ടാരങ്ങൾ എതിർത്തു. വല്ല്യേമാനെക്കാൾ വല്ല്യേമാനാകണ്ടാ എന്നൊരു വിരുതൻ തട്ടിവിടുന്നതും കേട്ടു.

വൈകിട്ട് കൂട്ടത്തോടെ പ്രതിഷേധിക്കാൻ വന്നു. ദണ്ഡപാണി റെയ്ഞ്ചർ ഇല്ലെന്നറിഞ്ഞ് മടങ്ങി. കൂടുതൽ പണ്ടാരങ്ങളെ കിട്ടിയില്ലെങ്കിലും മുതിർന്നവർ ചേർന്ന് അമ്പലത്തിനു കിഴക്കേ വഴിയിലൂടെ ബഹളം വെച്ചുവരുന്നത് രാവിലെ ദണ്ഡപാണി കണ്ടിരുന്നു.

ഇവർ പൊതുവേ ശാന്തരാണ്. ആവർത്തിച്ചുള്ള ഈ വരവിനു പിന്നിൽ ആരെങ്കിലും ശക്തമായി നിൽക്കുന്നുണ്ടെന്ന് ദണ്ഡപാണിക്കു മനസ്സിലായി.

ബഹളക്കാർ അലമേലുവിന്റെ കുടിലിനു കിഴക്കു വന്ന് മുകളിലോട്ടു നോക്കി പകച്ചുനിന്നു. മരങ്ങളിൽ തീ പടർന്നുപിടിക്കുന്നു! പൊരിപ്പൂവത്തിന്റെ പുറംചട്ട മുഴുവൻ എരിയുകയാണ്.

മലമ്പണ്ടാരങ്ങൾ വഴിമാറി ഓടി. കാട് കത്തുന്നതു കണ്ടിട്ടുണ്ട്. നെടുനെടുങ്കനെ മരംനിന്നു കത്തുക! പേച്ചിയോ മാടനോ മരം കത്തിക്കുന്നു. പണ്ടാരങ്ങൾ പരിഭ്രമിച്ചു. ഒരുപറ്റം റെയ്ഞ്ചർ ക്വാർട്ടേഴ്സിലേക്ക് തള്ളിക്കയറി.

ശബ്ദം ദൂരെനിന്നുതന്നെ ദണ്ഡപാണി കേട്ടിരുന്നു. ഒന്നും കേൾക്കാത്തതുപോലെ കൂട്ടിലെ വെരുകുകളെ കളിപ്പിച്ച് മുഖംതിരിഞ്ഞുനിന്നു.

ഒരു മൂത്ത പണ്ടാരം വിളിച്ചുപറഞ്ഞു:

-എമാനേ പേച്ചി. പൊരിപ്പൂവത്തിപ്പേച്ചി.

പേച്ചി എല്ലാം കത്തിക്കും. കാട് സ്വയം കത്തുകയാണെങ്കിൽ അവർക്ക് രക്ഷപ്പെടാനറിയാം. പേച്ചി കത്തിച്ചാൽ നിവൃത്തിയില്ല. അതാണവരുടെ ഭയം.

അവർ മുറ്റത്തിനരികിലെ പാതയിൽ ചടഞ്ഞിരുന്നു. ചിലർ അപ്പോഴും ഭയപ്പെട്ട് പലതും പുലമ്പുന്നു...ണ്ടായിരുന്നു.

മരം കത്തുന്നത് ദണ്ഡപാണി കണ്ടിട്ടുണ്ട്. ചെറുപ്പത്തിൽ. പ്രായം കൃത്യമായി ഓർക്കുന്നില്ല. ഓർമ്മ തെളിഞ്ഞുനിൽക്കുന്നൊരു കാലമാണ്. ശുചീന്ദ്രത്ത് തേരോട്ടത്തിന് ഒരകന്ന ബന്ധു കൂട്ടിക്കൊണ്ടുപോയി. ഉത്സവം മുഴുവൻ കണ്ടിട്ടും ബാക്കിനിന്നത് ചൊക്കപ്പന കത്തുന്ന കാഴ്ചയാണ്. പെണ്ണുങ്ങൾ രഥംവലിക്കുന്ന അദ്ഭുതം കണ്ടുതീർന്നപ്പോഴാണ് ഈ അദ്ഭുതം.

അലങ്കരിച്ച പനമരം കൊട്ടും ഘോഷവുമായി എഴുന്നള്ളിക്കുന്നു. എഴുന്നള്ളിച്ച പനമരം കുളക്കരയിൽ നാട്ടുന്നു. പിന്നെ മുകളറ്റംവരെ മുളങ്കീറുകൾ വരിഞ്ഞ് പനയോല പൊതിയുന്നു. അതാണ് ചൊക്കപ്പന. ഒരു ഭീകര യക്ഷിയുടെ രൂപമാണിപ്പോൾ ചൊക്കപ്പനയ്ക്ക്. യക്ഷിയുടെ ഉപദ്രവത്തിൽനിന്ന് നാടിനെ രക്ഷിക്കേണ്ടത് ഭഗവാന്റെ ചുമതലയാണ്. ഭഗവാന്റെ പ്രതിനിധിയായി വട്ടപ്പള്ളി എന്ന പ്ടാക പ്രധാനി പനയുടെ മുകളിൽ കയറുന്നു. നാട്ടുകാരുടെ ഉത്കണ്ഠ അവിടംകൊണ്ടും തീരുന്നില്ല. വട്ടപ്പള്ളിയെ യക്ഷി കൊന്നാലോ! വട്ടപ്പള്ളി താഴെയിറങ്ങിയാൽ യക്ഷിയെ അവർ നിഗ്രഹിച്ചുകൊള്ളാമെന്നു ചുവട്ടിൽ ഭക്തന്മാർ വാക്കുകൊടുക്കും. വട്ടപ്പള്ളി താഴെയിറങ്ങാൻ സമ്മതിക്കുന്നു. വട്ടപ്പള്ളി ഇറങ്ങുന്നതോടെ പന കത്തിക്കുകയായി. ആകാശംമുട്ടെ പടർന്നുകത്തുന്ന ചൊക്കപ്പനയുടെ ചിത്രം ഇപ്പോഴും മനസ്സിലുണ്ട്.

.....അത് പൊരിപ്പൂവമായാൽ! മനസ്സിൽ ഒരു വെച്ചുമാറ്റം നടന്നു. ചൊക്കപ്പനയ്ക്കു പകരം പൊരിപ്പൂവം. കത്തിയുയർന്നൊരു അഗ്നിസ്തൂപം. താഴെ അലമേലുവിന്റെ കുടിൽ ചാമ്പൽ.

ദണ്ഡപാണി പണ്ടാരങ്ങങ്ങൾക്കടുത്തേക്കു ചെന്നു. അദ്ഭുതമാണോ അഭയപ്രാർത്ഥനയാണോ അവരുടെ കണ്ണുകളിൽ കണ്ടതെന്നു വ്യക്തമായില്ല. ശ്രദ്ധ മാറിയത് മാറനും മാറന്റെ പങ്കാളിയും വന്നുകയറിയപ്പോഴാണ്. മാറൻ പോയി വിളിച്ചുകൊണ്ടുവന്നതാവണം.





ദണ്ഡപാണി സൂക്ഷിച്ചുനോക്കിനിന്നു. മാറന്റെ പങ്കാളിക്ക് നല്ല കുരുക്കമൊത്ത ശരീരം. നല്ല വടിവ്. മുടി ഇത്രയും പറ്റെ വെട്ടേണ്ടിയിരുന്നില്ല.

എത്ര തവണ നേർക്കുനേർ കണ്ടതാണ്. ഈ ഭംഗി തോന്നിയിട്ടില്ല. ഇവനും ആൾമാറാട്ടത്തിലാണോ അക്രമങ്ങൾക്കിറങ്ങിയിരുന്നത്!

-വൈകിട്ടു കാണാം.

ദണ്ഡപാണി മുഖംനോക്കാതെ പറഞ്ഞു. ഇങ്ങനെ പറയുമെന്ന് ജോൺ കരുതിയില്ല. ശരിക്ക് പൂശിയിരിക്കയാണല്ലോ. ക്വാർട്ടേഴ്സിലേക്കു കൊണ്ടുപോകുമെന്നും ഒരുപാടു സംസാരിക്കുമെന്നും ഊഹിച്ചു.

മാറനും പങ്കാളിയും തിരിഞ്ഞുനടന്നു. പങ്കാളി ഒരിക്കൽ പിന്നിലേക്കു മാറി ദണ്ഡപാണിയെ രൂക്ഷമായി നോക്കിയത് ദണ്ഡപാണി കാര്യമാക്കിയില്ല.

.... സമയമായില്ല.... നീ ഇപ്പം പൊക്കോ. ദണ്ഡപാണി മനസ്സിൽ പറഞ്ഞു.

അലമേലുവിന്റെ മുറ്റത്തും പരിസരത്തും പണ്ടാരങ്ങൾ കൂടിനിൽക്കുന്നുണ്ട്. ദണ്ഡപാണി ബൈനാക്കുലറെടുത്ത് ഗ്ലാസ്സുകൾ തുടച്ചു. തുടയ്ക്കാൻ കുറച്ചു സമയമെടുത്തു. എന്തോ ആലോചിച്ചതാവണം.

ബൈനാക്കുലറിലൂടെ അകലെ മരത്തിലേക്കു നോക്കിയപ്പോഴാണു വിശേഷം. ബ്ലിസ്റ്റർ ചെയ്ത കറ തടിയാകെ മൂടിയിരിക്കുന്നു. തായ്ത്തടിയിലെ വിണ്ടുകീറിയ വിടവുകളിലാകെ കറ പടർന്നിരിക്കയാണ്. ഉണങ്ങിയ കറയിൽ പ്രഭാതത്തിലെ സൂര്യരശ്മികൾ തട്ടി പ്രതിഫലിക്കുമ്പോൾ പല നിറങ്ങൾ കാണുന്നു. ഒന്നായി നോക്കുമ്പോൾ അഗ്നിസ്തൂപംതന്നെ. മരം നിന്നെരിയുന്നു.

ദണ്ഡപാണി ചിരിച്ചു.

-സാരമില്ല. നമുക്കു വഴിയുണ്ട്.

ജോൺ അനുനയത്തിനു വ്യക്തമായി കേട്ടു. ജോൺ കേട്ടാൽ പോരാ പണ്ടാരങ്ങൾക്ക് ഉറപ്പുകിട്ടണം. ജോൺ ആവർത്തിച്ചു. പറഞ്ഞുകേൾപ്പിച്ചു.-സാരമില്ല. നമുക്കു വഴിയുണ്ട്.

റെയ്ഞ്ചർ പണ്ടാരങ്ങൾക്കിടയിലേക്കു ചെന്നു. ഒരാളിന്റെ കൈയിലുള്ള മുറുക്കാൻപൊതി വാങ്ങി പൊതിയഴിച്ച് വെറ്റില മുറുക്കി. അവർക്ക് ആസമായി. ശെടാ. ഇങ്ങനെയുമുണ്ടോ റെയ്ഞ്ചാപ്പീസറ്? അവരിലൊരാൾ ദണ്ഡപാണിയുടെ ദേഹത്തു തൊട്ടു. ദണ്ഡപാണി ചിരിച്ചില്ല. ഗൗരവമായി പറഞ്ഞു:

-നിങ്ങള് പൊയ്ക്കൊ. ഞാൻ തീ കെടുത്തിക്കാം.

അവർക്ക് വിശ്വാസമായി. അവർ പിരിഞ്ഞുപോയി.

വൈകിട്ട് മാറനും കൂട്ടുകാരനും വന്നു. അവർ വരാന്തയിൽ വന്നിരുന്നിട്ടും ദണ്ഡപാണി പുറത്തുവന്നില്ല. മാറൻ ഉറക്കെ വിളിച്ചതുകേട്ട് ദണ്ഡപാണി കതകു തുറന്നു.

-കുറച്ചുനേരമായുണ്ടായിരുന്നു. നിങ്ങളു വന്നതറിഞ്ഞില്ല. മാറനിതെന്തു വേലയാ. ഈ പുള്ളിക്കാരനെയൊക്കെ കൊണ്ടുവരുമ്പം ഒന്നു വിളിക്കാൻ പാടില്ലേ മാറാ?

മാറനൊന്നുമറിയാത്ത വണ്ണമായി.

-മാറൻ വിളിച്ചു സാർ....

പിന്നെ മാറന്റെ കൂട്ടുകാരനെ ഒന്നുനോക്കി. അയാൾക്ക് പ്രതികരണമില്ല.

ദണ്ഡപാണി തന്നെ സംസാരത്തിന് മുൻകൈ എടുത്തു:

ഇദ്ദേഹത്തിന്റെ പേരെന്താ?

-ടോമി. എന്റെ നാട് പാലായാണ്. തടിവ്യവസായം.

അയാൾതന്നെ പരിചയപ്പെടുത്തി.

ദണ്ഡപാണി ഒന്നിൽ ഉത്സാഹത്തോടെ നിന്നു.

-നന്നായി. കണ്ടപ്പോഴേ ഒരു മൊതലാളിടെ മട്ടാണങ്ങട് തോന്നീത്.

-തീപിടിച്ചതൊന്നും പറയാനല്ല ഞങ്ങൾ വന്നത്. ഈ കാട്ടിൽ ചിലതൊക്കെ ചെയ്യാനുണ്ട്. അതിന് സാറിന്റെ സഹായം വേണം. വെറുതെ വേണ്ട സാർ. എല്ലാത്തിനും കണക്കുണ്ട്.

-അതെല്ലാം ഇനി ഞാനേറ്റു.

ദണ്ഡപാണി അയാളെ കൈകാട്ടി അടുത്തുവിളിച്ച് സ്വകാര്യമായി പറഞ്ഞു:

-എനിക്കിതിനൊക്കെ ശതമാനമാ. മുതലും ലാഭവും കൂടുന്നതിന്റെ ശതമാനം. കിട്ടിയാലും ഇല്ലെങ്കിലും എനിക്കു കിട്ടേണ്ടതു കിട്ടണം. സമ്മതിച്ചോ?

-സമ്മതിച്ചു. വാക്ക്. അഡ്വാൻസായി ഇതാ ഇതുവാങ്ങണം സാർ.

ഒന്നുണ്ട്. അവർ പരസ്പരം കൈപിടിച്ചുകുലുക്കി. വാക്ക്.

അതിബുദ്ധിയെന്നു പരിഹസിക്കാനാളുണ്ടാവും. ആകട്ടെ. വിജയിച്ചാൽ പിന്നെ എന്തുപറഞ്ഞാലെന്താ. അതുവരെ അല്പസ്വല്പം സമാധാനക്കുറവുണ്ടാകും. അതു വകവയ്ക്കാനില്ല.

എവിടെയാണല്ലെങ്കിൽ സമാധാനം? ഈ മണ്ണിലൊരിടത്തും അതുണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും ഒരു കാരണംകൊണ്ട് എല്ലാവരും അസ്വസ്ഥരാണ്. തനിക്കുമാത്രമെന്തിനീ ദുഃഖമെന്നു ചിന്തിച്ചപ്പോൾ ദണ്ഡപാണി ചിരിച്ചു. എല്ലാം വേഷമാണ്.



അവർ പോയപ്പോൾ ദണ്ഡപാണി അകത്തുകയറി ഒരിക്കലൂടെ കണ്ണാടിയിൽ നോക്കി. ഇതുവരെ വിജയിക്കുന്നുണ്ട്.

സ്റ്റിക്കറൊട്ടിച്ച പല്ലുകൾ പരിശോധിച്ചു. ഇളക്കമില്ല. അടർന്നുപോയതാണ്. പെട്ടെന്നൊരവിശ്വാസം തോന്നി. പല്ലുകൾ ഇല്ലാതായോ! വിരൽകൊണ്ടമർത്തി. വെറും തോന്നലാണ്.

രാത്രിയിലാണു തീർച്ചയായത്. റോഡിലിറക്കിക്കെട്ടിയിരിക്കുന്ന ചായ്പ്പുകളും കുടിലുകളും പൊളിച്ചുമാറ്റാൻ. വാഹനങ്ങൾ തടസ്സമില്ലാതെ പോകണം. വഴിയോരത്തെ ചായ്ച്ചിറക്കലുകളും കുടിലുകളുമാണ് വനംകൊള്ള

പുനർനിർമാണത്തിന്റെ നൂറു നാളുകൾ

അന്ന്

അശാന്തിയുടെ ദിനങ്ങൾ... കുതിച്ചുയരുന്ന വില....12000 കോടിരൂപയോളമെത്തിയ കടബാദ്ധ്യത....തകർച്ചയിലായ സമ്പദ്ഘടന.... മന്ദീഭവിച്ച പൊതുവിതരണ ശൃംഖല.... അടച്ചുപൂട്ടിയ വ്യവസായങ്ങൾ.... അരക്ഷിതത്വത്തിന്റെ പാതകൾ.... സർവോപരി ഉന്നതങ്ങളിലെ അഴിമതികളും....

ഇന്ന്


ഇ.കെ.നായനാർ
മുഖ്യമന്ത്രി

നൂറുദിവസങ്ങൾക്കുള്ളിൽ ജനങ്ങൾക്ക് ആശ്വാസകരമായ ഒട്ടേറെനടപടികൾ
● ജാതിമതശക്തികളെ ഭരണത്തിൽ നിന്നകറ്റി നിറുത്തി ● മന്ത്രിമാരുടെ എണ്ണം പതിന്നാലിലൊതുക്കി ● അഴിമതിക്കെതിരേ സമഗ്രമായ അന്വേഷണം; ശക്തമായ നടപടി ● വിലക്കയറ്റത്തിന്റെ പ്രളയത്തിൽ വിലക്കുറവിന്റെ തുരുത്തായി കേരളം മാറുന്നു. ● വർദ്ധിപ്പിച്ച പെട്രോൾ, ഡീസൽ, പാചകവാതക വിലയിൽ ഇളവ്, പൊതുവിതരണശൃംഖല ശക്തമാക്കി. ● റേഷനരിക്ക് സബ്സിഡി, അവശ്യസാധനങ്ങൾ ന്യായവിലയ്ക്കു നൽകാൻ കൂടുതൽ മാവേലി സ്റ്റോറുകൾ. ● കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവയിൽ വർദ്ധനവ് ● അധികാരം [illegible]ളിലെത്തിക്കാനും വികസനത്തിൽ ജനപങ്കാളിത്തമുണ്ടാക്കാനും ക[illegible]രാഷ്ട്രീയത്തിനതീതമായ ജനകീയാസൂത്രണ പ്രസ്ഥാനം - ഇന്ത്യയിൽ ആദ്യമായി. ● 50 ലക്ഷം പേരുടെ കർമ്മസേന ● കോഴിക്കോട്ടെ സോപ്സ് ആന്റ് ഓയിൽസ് ഉൾപ്പെടെ പൂട്ടിക്കിടന്ന നിരവധി വ്യവസായങ്ങൾ തുറക്കുന്നു. ● ബോണസ് തർക്കങ്ങൾക്ക് രമ്യമായ പരിഹാരം ● വിദ്യാഭ്യാസരംഗത്തെ കച്ചവടവത്കരണത്തിനറുതി ● വർഗീയ പ്രശ്നങ്ങൾ ഇല്ല; ● വൈക്കം ടി.വി.പുരം പ്രശ്നം രമ്യമായി പരിഹരിച്ചു ● പൊലീസ് നയത്തിൽ മൗലികമായ മാറ്റം... ● സ്ത്രീ പീഡനങ്ങൾക്കറുതി വരുത്താൻ പൊലീസിൽ പ്രത്യേക സെൽ ● വനിതാ കമ്മീഷൻ പ്രവർത്തനമാരംഭിച്ചു; ● തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം. ● 2200 കോടിരൂപയുടെ വാർഷിക പദ്ധതി. 41% വർദ്ധനവ്.

അതെ

നൂറുദിവസങ്ങൾക്കുള്ളിലാണെങ്കിലും പറയാനിനിയുമേറെയുണ്ട്. തങ്ങളുടെ പ്രശ്നങ്ങൾ അറിയുകയും ഭരണത്തിൽ തങ്ങളെക്കൂടി പങ്കെടുപ്പിക്കുകയും ചെയ്യുന്ന ഒരു ഭരണകൂടത്തിന്റെ സാന്നിദ്ധ്യം ജനങ്ങൾ തൊട്ടറിയുന്നു.



ഐശ്വര്യപൂർണ്ണമായ ഒരു സമ്പന്നകേരളത്തിന് അടിത്തറയൊരുങ്ങുന്നു

ഇടതുപക്ഷ ജനാധിപത്യമുന്നണിസർക്കാർ
ജനാഭിലാഷങ്ങളുടെ സാഫല്യം

പബ്ളിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

design: p.v. krishnan

ക്കാർക്ക് ഒളിക്കാനിടംകൊടുക്കുന്നത്. മാറന്റെ കൂട്ടാളി ടോമിക്കും ഇതു സൗകര്യമായിരിക്കയാണ്. അവനെ ഒറ്റയ്ക്ക് പല സന്ദർഭങ്ങളിലും കൈയിൽ കിട്ടിയിരുന്നു. അപ്പോഴൊക്കെ പ്രധാന തടസ്സമായത് കോരുതിന്റെ കാപ്പിക്കടയാണ്. അവിടെ കാപ്പിയല്ല ഒഴിച്ചുകൊടുക്കുന്നത്. വാറ്റുചാരായമാണ്.

കോരുതിന്റെ കാപ്പിക്കട പി ഡബ്ല്യു ഡി റോഡിനും ഫോറസ്റ്റ് റോഡിനും ഇടയിൽ ഫോറസ്റ്റ് റോഡ് അടച്ചുകൊണ്ടാണു നിൽക്കുന്നത്. പൊളിച്ചുമാറ്റിയേതീരൂ. പലപ്പോഴും പ്ളാനിട്ടിട്ട് നടന്നില്ല. അന്നൊക്കെ പരാജയകാരണം തന്റെ അമിതമായ മാന്യത കാണിക്കലായിരുന്നു. ദണ്ഡപാണി കുറ്റം ഹരിഭാസ്കറുടെ തലയിലാക്കി.

ഡിയെഫോ ഹരിഭാസ്കർ വരുന്നതിനു മുമ്പുണ്ടായിരുന്ന റെയ്ഞ്ചറന്മാർക്കും കോരുതിന്റെ കട പൊളിക്കാൻ പറ്റിയിട്ടില്ല. പൊളിക്കാനുത്തരവിടുമ്പോൾ കോരുത് ചെറുപ്പക്കാരിയായ ഭാര്യയെ റെയ്ഞ്ചർ ക്വാർട്ടേഴ്സിൽ വിട്ടിട്ട് ചെങ്കോട്ടയ്ക്കു പോകും. കോരുത് മടങ്ങുമ്പോൾ കട പൂർവാധികം സമൃദ്ധമായി നടക്കും.

ഇന്നും അതുണ്ടായി. ദണ്ഡപാണി തടഞ്ഞില്ല. വരാന്തയിൽ കൊണ്ടുവിട്ടിട്ട് കോരുതു പോയി. റെയ്ഞ്ചറേമാന്മാരൊക്കെ സുഖം അറിഞ്ഞിട്ടുണ്ട്. ഈ റെയ്ഞ്ചർക്കെന്താ, ശരീരമൊക്കെ പൊന്നിൻകുരിശുവെച്ച് പൊതിഞ്ഞിരിക്കുകയാണോ? ഇയാളും വീഴും. കോരുതിന് ഉറപ്പായിരുന്നു.

ദണ്ഡപാണി ഇറങ്ങി സ്വീകരിച്ചു. നിന്ദിക്കരുതല്ലോ. ഇവിടെ എത്ര ശതമാനമാണ് കമ്മിഷൻ എന്ന് ഹരിഭാസ്കർ ദണ്ഡപാണിയോടു ചോദിച്ചു. ഉത്തരം കിട്ടിയില്ല.

എഴുപതു കഴിഞ്ഞ ഗുജറാത്തി പ്രൊഫസർ വർമ്മയായിരുന്നു, ഫോറസ്റ്റ് ട്രെയിനിംഗ് സെന്ററിലെ മുഖ്യ റിസോഴ്സ് പേഴ്സൻ. പരിശീലനകാലം തീരുന്ന മുറയ്ക്ക് അദ്ദേഹം ഒരു പാഠം തരുമായിരുന്നു. വനഭൂമി കൈയേറാൻ മലയോരവാസികളെപ്പോലും അനുവദിക്കരുത്. അവരെ അവരുടെ ഹാബിറ്റാറ്റ് അനുസരിച്ചുള്ള സ്ഥലങ്ങളിൽ താമസിക്കാൻ വിടണം. വഴിത്താരകൾ തെളിച്ചിടണം....

ഇപ്പോൾ ആവശ്യം വന്നിരിക്കുന്നു. ഡിയെഫോ ഹരിഭാസ്കർക്കു സാധിക്കാതെ വന്നതൊക്കെ ഇതാ ദണ്ഡപാണി സാധിക്കാൻ പോകുന്നു.

ഇരുട്ടിയപ്പോൾ അവൾ കട്ടിലിനരുകിൽ വന്നു. കാട്ടുചേറിന്റെ മണം. അവളുടെ മുഖത്തെ മിനുസതയിൽ ദണ്ഡപാണി തടവി. അവൾ കോരിത്തരിച്ചില്ല. ദണ്ഡപാണിക്കുള്ളിലെ ഹരിഭാസ്കർ കണ്ണും കാതും നട്ട് കാവലിരുന്നു. നീ തോൽക്കുന്നുവോ! നീ ദുർബലനാണ്. മനുഷ്യരെല്ലാം ദുർബലരാണ്. ബ്രഹദ്രഥനെന്ന മഹർഷിയുടെ കഥ നീ കേട്ടിട്ടില്ലേ? അദ്ഭുതവീര്യനായ ദ്രോണരുടെ ജനനം....

നീ ഇനി എന്തു ചെയ്യുന്നു?

ദണ്ഡപണിയുടെ കൈപ്പത്തിയിൽ അവൾ അമർത്തി. പിന്നെ കൈത്തണ്ടയിലൂടെ തടവി. പരുപരുത്തതാണ് അവളുടെ കൈവെള്ളയെന്നനുഭവപ്പെട്ടു.

ദണ്ഡപാണി അവളുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി.

-എന്താ നിന്റെ പേര്?

-സുജാത.

-ഹിന്ദുവാണോ?

-അല്ല.

-പിന്നെ?

-അങ്ങനാ വിളിക്കുന്നെ.

-നല്ല പേര്.

എണ്ണനിറമുള്ള ശരീരത്തിന് മടുപ്പിക്കുന്ന ഗന്ധമായിരുന്നു ആദ്യം. അതുമാറി. ഇപ്പോൾ ഈ ഗന്ധം സിരകളിലൂടെ ഊറിപ്പിടിക്കുന്നു!

മനുഷ്യന്റെ കേവലപ്രകൃതിയുടെ ഭാവങ്ങൾ അതിസൂക്ഷ്മങ്ങളാണ്. വികാരങ്ങളുടെ തള്ളലുകളിൽ അവ അപ്പാടെ അടർന്നുമറിയും.

ദണ്ഡപാണി ഒരു ദുർബലമായ ചോദ്യം ഇടയ്ക്കു ചോദിച്ചു.

-നീ ഡിയെഫോ ഏമാനെ അറിയുമോ?

-അറിയും.

അവൾ ചിരിച്ചുകൊണ്ട് രണ്ടുപ്രാവശ്യം അതു പറഞ്ഞു.

-പോയിട്ടുണ്ടോ?

-ഇല്ല.

-ങ്ഹും?

-അവരൊരു കൊണോം ഇണോമില്ലാത്തവനാ.

പിന്നെ സംസാരമുണ്ടായില്ല.

ദണ്ഡപാണി ജയിച്ചു. ഹരിഭാസ്കർ കണ്ണു പൊത്തി പിന്മാറി.

രാവിലെ ദണ്ഡപാണി യുവതിയെ പുറത്തേക്കു വിളിച്ചു.

-നിനക്കു പോകാം. കോരുതു വരാൻ പറയൂ. ദാ, ഇതുകൊണ്ടുപോ. ഒരു പൊതി കൈയിൽ കൊടുത്തു.

അവളതു മടിയിൽ തിരുകി മുണ്ടിന്റെ കോണുകൊണ്ടു മുഖം തുടച്ചുനിന്നു.

-അവരില്ല സാർ. ചെങ്കോട്ട പോയി. എന്നോടു പറയാം സാറിന്.

-സാധനങ്ങളെല്ലാം ഇന്നുതന്നെ മാറ്റിക്കോ.

-ഞാൻ പിന്നെ വന്നതോ?

-അതിനാണാപ്പൊതി.

-പൊതിയോ? കൊള്ളാമല്ലോ. പൊതി തന്നതു വേറെ. ഇതു വേറെ. അവൾ വാതിൽപ്പടിയിലോട്ടു കയറിയൊരിരുപ്പങ്ങിരുന്നു. ഇനിയൊന്നിളക്കുന്നതു കാണട്ടെ. അങ്ങനെതോന്നും ആ മട്ടുകണ്ടാൽ.

പരമാർത്ഥത്തിൽ ദണ്ഡപാണിയും ഒന്നിളകി. ഇവളുപോകുന്ന ലക്ഷണമല്ലല്ലോ.

ദണ്ഡപാണി വരാന്തയിലെ കതകുപാളികൾ ശക്തിയായി തുറന്ന് പുറത്തിറങ്ങി. ഷൂസുകൊണ്ട് തറയിൽ ആഞ്ഞുചവിട്ടി ശബ്ദമുണ്ടാക്കി.

പോകുന്ന ലക്ഷണമില്ല! ദണ്ഡപാണി അലറി:

-എറങ്ങെടീ പൊറത്ത്. എറങ്ങ്. സാധനം പെറുക്കി വേഗം കട കാലിയാക്കിക്കോ.

-ഇല്ല. വേലയങ്ങു കൈയിലിരിക്കട്ടെ സാറെ. എന്നെ കടേന്നു വലിച്ചിഴച്ചുകൊണ്ടുവന്നിട്ട്.... ഇതെവിടെയുള്ളവനാ.... ഈ ചെറ്റ! നാലുപേരു വരട്ടെ ചോദിക്കാം.

അവൾ തുള്ളിച്ചാടി നൃത്തം ചവിട്ടി. ഡുംഡും ന്നിട വിടാതിടുന്നൊരു തടം തകർക്കണ നൃത്തം. ആകെ പരിഭ്രമമായി ദണ്ഡപാണിക്ക്.

ശബ്ദങ്ങൾ കേട്ട് ജോൺ ഓടിവന്നു. സുജാത ഇളകിയാടുന്നതുകണ്ട് ജോൺ കാര്യം മനസ്സിലാക്കി.

-എടോ പാറഷ്ടറേ താൻ പറ. ഇതെവിടത്തെ ന്യായമാടോ? എന്നെ ഇന്നലെ പിടിച്ചോണ്ടുവന്നിട്ട്....

അവൾ തുണിരമഴിച്ചു. ഇനി രക്തംകുടിച്ചേ അടങ്ങൂ. അതിനു മുന്നോടിയായി സ്വന്തം വസ്ത്രങ്ങളഴിച്ചുമാറ്റുമോ? എന്തിന്റെയോ ആരംഭമാണ്.

ജോൺ പെട്ടെന്നു തടഞ്ഞു:

-വേണ്ടാ. നെനക്കിനിയെന്തുവേണം?

-ഒന്നും വേണ്ടാ. ഇവിടെ മനുഷ്യരൊണ്ടല്ലോ. അവരു വരട്ടെ. വന്ന് ന്യായം പറയട്ടെ.

അവൾ കൈലി പൊക്കി പാവാട പുറത്തുകാണിച്ചുകൊണ്ട് വീണ്ടും ഉറക്കെപ്പറഞ്ഞു:

-ദാ നോക്ക്. എന്റെ ഈ പാവാടയെല്ലാം ഇവൻ വലിച്ചുകീറി.

ദണ്ഡപാണി രോഷത്തോടെ അവളെ അടിക്കാൻ ഓങ്ങുമ്പോൾ ജോൺ പിടിച്ചെങ്കിലും ദണ്ഡപാണി നിന്നില്ല.

-രണ്ടിലൊന്നറിയട്ടെ. ഒന്നുകിൽ ഞാൻ അല്ലെങ്കിൽ ഇവൾ. പറഞ്ഞുതൊടിയിലാഞ്ഞടിച്ചു. മിന്നൽ വേഗതയിൽ അടിവീണു. അവൾ കരണംകുത്തി വീണപ്പോൾ ചവിട്ടാൻ കാലുയർത്തി...

-വേണ്ടാ സാർ. അവളു പൊക്കോളും. ആ കട ഇന്നു പൊളിക്കണ്ടാ.

-ഇന്നെന്നു പറഞ്ഞാൽ? ഇനിയൊരിക്കലും?

ദണ്ഡപാണി കയർത്തു ചോദിച്ചു. ജോണിന് ഉത്തരം അറിയാമെങ്കിലും പറഞ്ഞില്ല.

അഴിയാൻപോയ കൈലി മുറുക്കിയുടുത്ത് വേഗം നടന്നുപോയ സുജാതയുടെ കടയിൽ ഒളിച്ചിരിക്കുന്ന കോരുതിനും രണ്ടിട്ടുകൊടുക്കണമെന്ന് ദണ്ഡപാണിക്കു തോന്നാതിരുന്നില്ല.

മലമ്പണ്ടാരങ്ങൾ ഓടിക്കൂടുമെന്നെല്ലാം ദണ്ഡപാണി ഭയന്നിരുന്നു. ഒന്നുരണ്ടു ഗാർഡുകളൊഴികെ ആരും അറിഞ്ഞിട്ടില്ല. പക്ഷേ, ജോണിനെ മറ്റൊരു വിധത്തിൽ വിശ്വസിപ്പിക്കാൻ, അല്ലെങ്കിൽ തലേരാത്രിയിൽ അവിഹിതമൊന്നും നടന്നിട്ടില്ലെന്നു ധരിപ്പിക്കാൻ ദണ്ഡപാണിക്കു സാധിക്കില്ല എന്ന് തിട്ടമായി. രണ്ടുപേരും പരസ്പരം നോക്കാതെ പിരിഞ്ഞതുതന്നെ അതിനു തെളിവാണ്.

സായർപുരത്തുനിന്ന് ഡ്വാർഫ് കാവന്റിഷ് ബനാനയുടെ വിത്തുകൾ കയറ്റിയ ലോറിയെത്തിയിട്ടുണ്ടെന്ന് പ്യൂൺ വന്നറിയിച്ചു. കുറെനേരത്തേക്ക് ദണ്ഡപാണി ഒന്നും മിണ്ടാതെനിന്നു. പിന്നെ ഇറക്കാൻ അനുവാദം കൊടുത്തിട്ട് അകത്തുപോയി വിഗ്ഗുകളഴിച്ചുവെച്ച് മുഖത്ത് ധാരയായി വെള്ളം ഒഴിച്ചു. മുഖത്തെ ചൂട് കൈത്തലങ്ങളിലറിയാം.

വെറുതെ ഒരു സീനുണ്ടായതാണ്. പരാജയപ്പെട്ടു. ഒരു പാഠം കൂടി പഠിച്ചു. കാര്യകാരണബന്ധം അറിഞ്ഞുമാത്രമേ ഒന്നിലേക്കെടുത്തുചാടാവൂ എന്ന നീതിസാര തത്ത്വത്തിന് കേവല മനുഷ്യന്റെ ജീവിതത്തിൽ വലിയ സ്വാധീനമില്ല. ഈ ഗിരിവർഗ്ഗക്കാരിയുമായുണ്ടായ ബന്ധത്തിന് ഒരു യുക്തിയും കാണുന്നില്ല.

ഒരു പകലിന്റെ അഭാവം-അത്രയുമാണുണ്ടായത്. സ്നേഹലതയെ മാറ്റിനിർത്താൻ മനസ്സിനാണോ ശരീരത്തിനാണോ കഴിഞ്ഞത്! ഒരുപക്ഷേ തന്നോ



ടുള്ള ബന്ധത്തിലെ ഉറവ വറ്റാൻ സ്നേഹലതയുടെ ജീവിതത്തിൽ ഇതിനെക്കാൾ സമയമെടുത്തിരിക്കണം.

പുരുഷൻ വളരുന്തോറും ബുദ്ധിമാനായിക്കൊണ്ടിരിക്കുന്നു- ഷേക്സ്പിയറിന്റെ കണ്ടെത്തലാണ്. പറയുന്നത് ആസ് യു ലൈക്കിറ്റിൽ ടച്ച്സ്റ്റൺ. ഷേക്സ്പിയറിനു തിർച്ചയായും തെറ്റി. പകരം സ്ത്രീ എന്നെഴുതിയാൽ ശരി. ഇവിടെ കാണുന്ന എല്ലാ സ്ത്രീകളും ബുദ്ധിശാലിനികളാണ്. അവർ വളരുന്തോറും ബുദ്ധിമതികളായി മാറുന്നു. സ്വന്തം ഭാര്യ സ്നേഹലതപോലും.

ആപ്പീസിൽ പോകുമ്പോൾ വീട്ടിൽ സുഹൃത്ത്! ഒരിച്ചയെപ്പോലും നോവിക്കില്ലെന്നാണു പല്ലവി. എന്നിട്ട് എന്നെ നോവിക്കാം.... ദണ്ഡപാണിക്കുള്ളിലെ ഹരിഭാസ്കർ ക്ഷുഭിതനായി.

എത്ര ബുദ്ധിപരമായിട്ടാണ് മറുപടി! ബയോളജിക്കൽ നെസസ്സിറ്റീസ് പോലും! എനിക്കുമില്ലേ ബയോളജിക്കൽ നെസസ്സിറ്റീസ്? അതോ, അതും ബുദ്ധിയുള്ളവർക്കു മാത്രമേയുള്ളോ!

മണിമുത്താറിലെ ലയൺസ് റീജിയണൽ മീറ്റിംഗ് കഴിഞ്ഞ് മടങ്ങുമ്പോൾ വഴിക്ക് കാറിന്റെ ടയർ കേടായി. ആളും പേരുമില്ലാത്തൊരു വഴിവക്കിൽ മണിക്കൂറുകളോളം കാത്തുകിടക്കേണ്ടിവന്നു. അവിടെയും നടന്നു ഒരു ഫീസ്റ്റ്. സ്വല്പം കുടിച്ചവർ കുടിച്ച് ബോധം നഷ്ടപ്പെട്ടവരുടെ ചുവടുകൾ കണ്ടു രസിച്ചിരുന്നു. റോയ് ഈപ്പന്റെ ആശ്ലേഷത്തിലമർന്ന മിസ്സിസ് സ്നേഹലതാഭാസ്കറുടെ ചുവടുകൾ ഭൂമിയിൽ തൊടാതെ പൊങ്ങിക്കൊണ്ടിരുന്നത് കണ്ടുരസിക്കാൻ ഹരിഭാസ്കർക്കു കഴിയാതെ പോയതൊരു കുറ്റമാണോ? ആണെങ്കിൽ മാപ്പ്.

പ്രകൃതിവാസനപോലും! ഒരാഴ്ച സംസാരിക്കാതിരുന്നിട്ട് ആദ്യം പുറത്തുവന്ന മൊഴികളാണ്. വനത്തിൽ മുക്കാലും നാട്ടിൽ കാലുമായി ജീവിക്കുന്ന ഈ റെയ്ഞ്ചാപ്പീസർക്കേതു പ്രകൃതിവാസന? അതൊക്കെ ആർക്കാണു വിധിച്ചിട്ടുള്ളത്?

ദണ്ഡപാണി വരാന്തയിൽനിന്നു പുറത്തിറങ്ങി നടന്നു. നെഞ്ചിടിപ്പ് കൂടുന്നതുപോലെ തോന്നി. ഒരു കരിങ്കല്ലിനു മുകളിൽ ഇരുന്നു.

കാട് ശാന്തിപർവമാണെന്നു പറഞ്ഞതാരാണ്! ശാന്തി തേടി കാട്ടിൽ പോയ പുരാണപുരുഷന്മാർ അധികവും ശാന്തി ശിഥിലമായി മടങ്ങിയവരാണ്. വിദുർപോലും ഒടുവിൽ ഓടുകയായിരുന്നു. ശാന്തി

കിട്ടാൻ.

ദണ്ഡപാണി എന്ന കേവല മനുഷ്യനും ഓടു ന്നു. ഇവിടെ ശാന്തിയില്ല. ജയസൂര്യൻ ഉണ്ടായിരു ന്നെങ്കിൽ മുമ്പൊരിക്കൽ വിശദീകരിച്ച ആ ഇം ഗ്ലീഷ് കവിതയെക്കുറിച്ച് ഒന്നുകൂടി ചോദിക്കാമാ യിരുന്നു: യുദ്ധം അവസാനിക്കുന്നില്ല. പകരം നി രുമ്പോൾ യുദ്ധം തീരുന്നു എന്ന് കണക്കുകൂട്ടുന്ന വർക്ക് ഒരു ശുദ്ധിപാഠം. ഇവിടെ ശാന്തിയിലും യുദ്ധം തുടരുകയാണ്. മൂടൽമഞ്ഞിലും ഇരുട്ടിലും യുദ്ധം തുടരുന്നു.

വെട്ടിയ കരിക്കുകൾ കൈയിൽ വെച്ച് ജോൺ വന്നു.

-മറ്റേതിനോടു ചേർന്നുകുടിച്ചാൽ നല്ല സുഖം കിട്ടും സാർ.

ജോൺ കരിക്കു നീട്ടിനിൽക്കുന്ന ഈ ആവേശം കണ്ടാൽ താനൊരു മുഴുക്കുടിയനാണെ ന്നതിലൊട്ടും സംശയമില്ല. ആദ്യം ദണ്ഡപാണി ക്കു ചിരിവന്നു. പിന്നെ രൂക്ഷമായി പറഞ്ഞു.

-താനതവിടെവച്ച് തൊഴ്. അല്ലെങ്കി കുടിക്ക്. എന്താ വേണ്ടതെന്നുവെച്ചാ ചെയ്യ്.

ദണ്ഡപാണി എഴുന്നേറ്റു നടന്നു.

അപ്പോൾ താഴെ ഇലകളിൽ വിശിവന്ന കാറ്റി ന് മാംസം ചീഞ്ഞ ഗന്ധമുണ്ടായിരുന്നു. രാവിലെ കോട്ടവാസിൽ പ്രദേശത്തുനിന്നു വീശുന്ന കാറ്റി ന് ചിലപ്പോഴീ ഗന്ധമുണ്ടാകാറുണ്ട്. ചെങ്കോട്ടയ്ക്കു പടിഞ്ഞാറ് തമിഴ്നാടതിർത്തിയിലെ മലയിടുക്കി നിപ്പുറം മലങ്കുറവന്മാരുടെ ഒരു ശ്മശാനമുണ്ട്. കോട്ട വാസിലിടുക്കിലൂടെ അച്ചൻകോവിൽ താഴ്വാരത്തി ലെത്തുമ്പോഴും കാറ്റിൽ ശ്മശാനത്തിന്റെ ഗന്ധം തങ്ങിനില്ക്കും. അതാവാം ഈ ഗന്ധം.

ദണ്ഡപാണി വഴി ഒഴിഞ്ഞുനടന്നു. കാറ്റ് വാ ക്കു മാറിയിട്ടും വായുവിൽ വാടയുണ്ട്. ഇതൊരു നാശമായല്ലോ. അനധികൃതമായി വെച്ചിട്ടുള്ള കു ടിലുകളും റോഡിലേക്കിറക്കിവെച്ചിരിക്കുന്ന ചായ ക്കടയും പൊളിക്കാൻ പാടുനിയിട്ടിറങ്ങിയ തനി ക്ക് മനസ്സ് ഏകാഗ്രമാകുന്നില്ല. ദണ്ഡപാണി കൊ രുതിന്റെ കടയ്ക്കു മുന്നിലൂടെ പോയെങ്കിലും അങ്ങോട്ടു നോക്കിയില്ല. ഇവിടെ ഞാൻ ജീവനോ ടിരിക്കുമെങ്കിൽ ഈ കട പൊളിച്ചുകൊണ്ടാവും നാളെ ഒഴിപ്പിക്കലിന്റെയും പുനരധിവസിപ്പിക്കലി ന്റെയും തുടക്കം.

അലമേലുവിന്റെ കുടിൽ വളപ്പിലെ പൊരിപ്പൂ വത്തിലെ കാറ്റാണോ ഇപ്പോൾ ചുറ്റിയടിക്കുന്ന ത്? ഇത് തെക്കുപടിഞ്ഞാറൻ കാറ്റല്ല. അത് ഇങ്ങെ ത്താൻ കാലമായിട്ടില്ല. പൊരിപ്പൂവത്തിന്റെ കൊ മ്പുകൾ ശക്തിയായി ഉലയുന്നുണ്ട്.

താഴെത്തട്ടിൽനിന്ന് പൊരിപ്പൂവത്തിന്റെ ചുവ ടുവരെ കാണാം. ദണ്ഡപാണി അതിന്റെ മുകളി ലേക്കു നോക്കി തൊഴുതു:

ഈ ആർമാദവും [illegible] അറിയു. തി രിച്ചറിഞ്ഞതിന്റെ [illegible]മായിട്ടാണോ നീ കൈ കളാട്ടി [illegible] വയ്ക്കുന്നത്? എന്നാൽ തുല്യ്.

പൊരിപ്പൂവം [illegible]. വീണ്ടും ആടിയുല [illegible].

പെട്ടെന്ന് [illegible] കേട്ടു. പൊരിപ്പൂ വം [illegible]?

[illegible] അത്ഭുതങ്ങൾ പലതും [illegible] ദണ്ഡപാണി നോക്കിനിൽ [illegible] ഇതാ കൺമുന്നിൽ [illegible] അലമേലു [illegible] പിടിച്ചിട്ടും [illegible].

[illegible] ശബ്ദ [illegible] വഴികളിലൂടെ വന്നു. [illegible] ആ [illegible] വ്യക്തമായി കണ്ടില്ല.

-ഞാൻ [illegible] വെട്ടി

വാക്കത്തിയ്[illegible]കൊണ്ട് അ ലമേലു വിളിച്ചും [illegible] അവളെ പിടിച്ചുനിർത്തി [illegible] അലമേലുവിനെ [illegible] കൊ ണ്ടുപോകാൻ ദണ്ഡപാണി [illegible].

(തുടരും)

എൻ. രാജൻ

[illegible]

വന്ദനം മിസ്റ്റർ. എന്താ നമ്മുടെയൊക്കെ ജീവിതംകൊണ്ട് ഈ ലോകത്തിനൊരു കാര്യം?

ഇത്രയും പറഞ്ഞ് ചെറുപ്പക്കാരൻ എനിക്കുമുന്നിൽ ഒന്നുകൂടി ചുരുണ്ടുകൂടിയിരിപ്പായി. വിയർപ്പിലൊട്ടി. മുഖം കരുവാളിച്ച് അഗാധതയിൽനിന്ന് ഉറ്റുനോക്കുന്നപോലെ-ആകപ്പാടെ ലക്ഷണംകെട്ട ഇരുപ്പ്. ഇവന്റെ വരവുകണ്ടപ്പഴേ തോന്നിയിരുന്നു. ഒരു ശല്യംപിടിച്ച [illegible] ഒരു ഉൾവിളി ഇവൻ പടികയറുമ്പോഴേ കിട്ടി. ഇത്തരം വെളിപാടുകളൊന്നും ആരെപ്പറ്റിയും തെറ്റാറില്ല. ഇപ്പോഴിതാ. ഇവൻ തന്ന അനുഭവവും സ്വന്തം അന്തർനേത്രങ്ങളെ ഒരിക്കൽക്കൂടി സാധൂകരിക്കുന്നു. മനുഷ്യനെ പഠിക്കാനുള്ള ഈ അത്യപൂർവ്വ സിദ്ധിയിൽ എനിക്കിത്തിരി ആത്മാഭിമാനമൊക്കെ തോന്നിയ നിമിഷം. ഒറ്റ നോട്ടംകൊണ്ടേ ഒരാളുടെ ലക്ഷണവും ഗതികേടുകളും വേണമെങ്കിൽ ഇവനിനി പൂർവ്വചരിത്രംകൂടി പറയാമെന്ന അഹന്തയ്ക്കു മറുപടിയായി. പക്ഷേ. പത്മജ പറഞ്ഞത്. എന്നാപ്പിന്നെ ഇത്തിരി കൈനോട്ടവുംകൂടി വശമാക്കി മൈതാനത്തിലങ്ങാനും ഇരിക്കാമായിരുന്നല്ലോ എന്നാണ്.

-ഇപ്പണിയാകുമ്പോൾ ആദായം ഉണ്ടായേനേ. കട്ടായം.

വശമുള്ള ഏക തൊഴിലായ കഥയെഴുത്തുപോലും ഈയിടെയായി കാണുന്നില്ലല്ലോ എന്ന പരിഭവമാണ് മുള്ളു കൂർപ്പിച്ച് പത്മജ കൊടുത്തത്.

വാസ്തവമാണ്. ഇന്ദ്രപുണ്യമെന്നൊക്കെ ഞാൻ വിശേഷിപ്പിച്ചിരുന്ന കഥയെഴുത്താണ് ഈയിടെയായി എന്നെ കൈവിട്ടിരിക്കുന്നത്.

ഒറ്റ വാക്ക്. വായനക്കാരനെ ഉലയ്ക്കുന്ന ഒരു വരി. എന്തിന്, ഒക്കെ എന്റെയും മോഹമായി മാറുകയാണ്.

ഞാനും കഥയെ കാത്തിരിക്കാൻ തുടങ്ങിയിരിക്കുന്നു.

ഇക്കാലമത്രയും കഥ എന്നെത്തേടി വരികയായിരുന്നു.

അപ്രതീക്ഷിതമായ ഓർമ്മയായി. ഒരു പിൻവിളിയായി കഥ ആവേശിച്ചിരുന്ന ആ നല്ല കാലത്തെ വേദനയോടെ ഞാൻ അയവിറക്കി.

ഒരു ഭൂതബാധപോലെ. തലയിലൊരു കടന്നൽക്കൂടിളകിയപോലെ. സന്നിബാധിച്ച പനിയുടെ ജ്വരബാധപോലെ കഥയുടെ പിറവികാരച്ചിൽ കേട്ടു ഞെട്ടിയുണരാറുള്ള പാതിരാവുകൾ. എവിടെപ്പോയി ആകാലമൊക്കെ?

കഥയ്ക്കുവേണ്ടി വാതിലുകളെല്ലാം തുറന്നിട്ടു കാത്തിരുന്നിട്ടും ഒരൊറ്റ വരിപോലും വന്നെന്നെ അനുഗ്രഹിച്ചില്ലല്ലോ?

എഴുതാനിനി വേണ്ടത് കാരുണ്യമാണ്. മനുഷ്യപ്പറ്റ്. അതില്ലെങ്കിൽ.....

പത്മജയ്ക്ക് എന്തിനും മറുപടിയുണ്ടായിരുന്നു.

നിന്റെ വരവോടെ അതെല്ലാം പോയി എന്നു പറഞ്ഞ് എനിക്കു വേണമെങ്കിൽ അവളെ പ്രകോപിപ്പിക്കാം.

-ഹലോ മിസ്റ്റർ. കുറച്ചുനേരമായല്ലോ നിങ്ങൾ മനോരാജ്യത്തിൽ മുഴുകുന്നു. ഒറ്റയ്ക്കങ്ങനെ സുഖിക്കേണ്ട. മുന്നിൽ ഒരാളിങ്ങനെ ഇരിക്കുന്ന കാര്യംകൂടി മറന്നുപോയോ? പറയണം: എന്താ ഒരു കാര്യം!

-എന്തു കാര്യം?

-അല്ല. അപ്പഴേ അതും മറന്നുപോയോ? നിങ്ങൾ എഴുത്തുകാർക്കൊക്കെയുള്ള സ്ഥിരം ഒഴിവുകഴിവാണിത്. മറവി. അതു പറഞ്ഞ് എന്നെ പറ്റിക്കാമെന്നു ധരിക്കേണ്ട. എന്റെയും നിങ്ങളുടെയും ജീവിതംകൊണ്ട് ആർക്കെന്താ ഒരു കാര്യമെന്നു പറ.

അതു ചോദിക്കാൻ താനാരാ എന്നാണ് നാവിൽ വന്നത്. പക്ഷേ. സാമാന്യമര്യാദയോർത്ത് ഞാനടക്കി. എന്തായാലും വീട്ടിൽക്കയറിവന്ന ഒരാളല്ലേ- മുൻപരിചയമൊന്നുമില്ലെങ്കിലും-ഞാൻ സ്വയം നിയന്ത്രിച്ചു. പിന്നെ ആവുന്നത്ര മയപ്പെടുത്തി ചോദിച്ചു.

-നിങ്ങൾക്കെന്താ വേണ്ടത്? ഇതൊക്കെ ചോദിക്കാൻ മാത്രം നമ്മൾ തമ്മിൽ അത്രയ്ക്കടുപ്പമൊന്നുമില്ലല്ലോ?

ചെറുപ്പക്കാരൻ അപ്പോൾ മാത്രം ഒന്നു ചെറുതായി ചിരിച്ചു. ചിരിയെന്നല്ല അതിനെ പറയേണ്ടത്. വികൃതമായൊരു പല്ലിളിക്കൽ. കറപിടിച്ചു മഞ്ഞച്ച പല്ലുകൾ കണ്ടാലറിയാം. ദിനചര്യകളൊന്നും കാര്യമായി നടക്കാറില്ലെന്ന്.

-ഇതിനിപ്പോൾ എന്തിനാണിത്ര അടുപ്പവും ബന്ധവുമൊക്കെ മിസ്റ്റർ? ലോകത്ത് ഏതൊരാൾക്കും ആരോടും ചോദിക്കാവുന്ന ചെറിയൊരു കാര്യമല്ലേ ഇതിലുള്ളൂ? സന്ദർഭംപോലും തീരെ പ്രസക്തമല്ല.

അയാളുടെ സ്വരത്തിലിപ്പോൾ കുറച്ചുകൂടി അധികാരം സ്ഫുരിക്കുന്നുണ്ടെന്നു തോന്നി. മറുപടി പറയേണ്ട ബാധ്യതയിലേക്കു മനഃപൂർവ്വം അയാളെന്നെ വലിച്ചിഴയ്ക്കയാണ്. ഇങ്ങനെയൊരുത്തന്റെ മുമ്പിൽ തോറ്റുപോകരുത്. അതും എങ്ങാനും കയറിവന്ന. പേരും വിടും നാടും ഒന്നും അറിഞ്ഞുകൂടാത്ത ഏതോ ഒരുത്തന്റെ മുമ്പിൽ. വല്ല ഭ്രാന്താശുപത്രിയിൽനിന്നെങ്ങാനും ചാടി

[illegible]

ഒന്നും തിരിച്ചറിയാൻ ആവശ്യമില്ലാതൊരു മറുപടിയും ഒന്ന് അവളുടെ പാട്ടിനങ്ങു പോകും. എന്തിനാണ് പിന്നെ അറിഞ്ഞുകൊണ്ടു വീണ്ടും- [illegible] എന്റെ മറുപടിക്കു കാക്കാത്ത [illegible] അവൾ ആഗ്രഹിക്കുന്നില്ല [illegible]

[illegible] ഞാൻ കണ്ണുതുറക്കുന്നു. എന്തെങ്കിലും എന്നിൽനിന്നും വീണു കിട്ടിയേക്കുമെന്നും ആശിച്ച് ഒരുപാടുനേരം മുന്നിൽ [illegible] ഇറങ്ങിപ്പോയ [illegible]. ഞാൻ ഓർത്തുനോക്കി- എപ്പോഴാണ് കുനിച്ചുപിടിച്ചുകൊണ്ടുള്ള ഈ ഇരിപ്പു തുടങ്ങിയത്?

പാതി തുറന്നിട്ട പടിവാതിൽ മാത്രം എന്റെ ശ്രദ്ധയിൽപ്പെട്ടു. ആരോ വന്നുപോയ ലക്ഷണം തന്നെയാണ്. എന്തായാലും ഈ ദിവസവും തുലഞ്ഞതുതന്നെ.

ഇനിയിതു മതി. ആ ചെരുപ്പുകാരൻ. ലക്ഷണം കെട്ട അവന്റെ ഇരിപ്പും നോട്ടവും. പിന്നെ ആ ചോദ്യം- അതെല്ലാം മതി ഈ ദിവസം തുലയ്ക്കാൻ.

എന്തിനാണവൻ കയറിവന്നത്? ഒരാവശ്യവുമില്ലാതെ കടന്നുവന്ന് ഓരോരോ പൊരുതികേടിൽ മനുഷ്യരെ തള്ളിച്ചിട്ട് മിണ്ടാതങ്ങു കടന്നുകളയുക.

അവനോടു പറയാമായിരുന്നു-ജീവിതംകൊണ്ടൊരു പ്രയോജനവുമില്ലെങ്കിൽ പോ-പോയി തുലയ്. എവിടെയെങ്കിലും ചാടിച്ചാവ്-

എന്താണിന്നിത്ര ക്ഷോഭം? പുതിയ കഥ ചോദിച്ച് ആരെങ്കിലും വന്നിരിക്കും. അല്ലേ? പോയി ചെന്നു കുളിച്ചിട്ടു വാ. രാവിലേതന്നെ വന്ന് ഇരിക്കുവാൻ തുടങ്ങിയില്ലേ? പോ. കുളിച്ചുവന്ന് കാപ്പി കുടിക്ക്-

പതിമൂന്നു കുളികഴിഞ്ഞെത്തിയിരിക്കുന്നു. ഉണങ്ങിയിട്ടില്ലാത്ത മുടി അറ്റംകെട്ടിയിട്ടിരിക്കുന്നു. അ[illegible]മായി ഒട്ടും ഒരുങ്ങാതെ നില്ക്കുന്ന ഇവളെ കാണാനാണു ചന്തം. ഞാനവളെത്തന്നെ നോക്കിയിരുന്നുപോയി.

ഇപ്പോൾ മനസ്സിനൊരു ലാഘവമുണ്ട്. ചെരുപ്പുകാരനെയും അവന്റെ ചോദ്യത്തെയുമൊക്കെ വിസ്മരിക്കാം. എത്രകാലമായി അവളോടൊരു നല്ല വാക്കു പറഞ്ഞിട്ട്. കളിയായി ഒന്നു ചിരിച്ചിട്ട്? എന്തുപറ്റി എനിക്ക്?

ഞാനവളെ കൈകൊണ്ടു മാടിവിളിച്ചു. ഇങ്ങടുത്തുവാ

-ഇതെന്തുപറ്റി ഇന്ന്? വല്ലാത്തൊരു റൊമാന്റിക് മൂഡിൽ? പഴയ കോളേജുകാലം ഓർത്തുപോ[illegible]

[illegible] ആ കൈകളെടുത്തു [illegible]

[illegible] വല്ലാ[illegible]

[illegible] ഞാൻ തടവി[illegible]

കുളിച്ചുവന്നതിന്റെ [illegible] മണവുമായി പ[illegible] എനിക്കരികിൽ [illegible]

[illegible]

പി. ഇന്ദിര

[illegible]

ഉള്ളിലേയ്ക്കെന്നോ വളർച്ച
അർബുദംപോലെ
കമ്പുകൾ താഴ്ത്തി
തിളച്ച കോൺക്രീറ്റിലേ-
യ്ക്കള്ളിപ്പിടിക്കുന്നു വേരുകൾ. പേശികൾ
ആഴത്തിലോടാതെ
ആർദ്രമറിയാതെ
പച്ചമണ്ണിന്റെ ഗൃഹാതുരത്വംപൂണ്ട
വൃക്ഷപ്രജാപതി ബീജമാകുന്നു ഞാൻ
പൊക്കിൾക്കൊടിയറ്റനാഥത്വമാണു ഞാൻ

കാറ്റിന്റെ കാതിൽ പറഞ്ഞു
പിതാമഹർ.
പകഫലങ്ങളും വല്ക്കലവും നല്കി
അഗ്നിയെരിക്കാൻ. തണുപ്പകറ്റാൻ
[illegible]

സഹസ്രങ്ങളാം ദാരുശാഖികൾ [illegible]
വൃക്ഷദാനത്തിന്റെ [illegible]

കാലദേശങ്ങൾ കടന്നവർ
കാറ്റിന്റെ കാമുകൻ
കാതിൽ പറഞ്ഞു
ധ്രുവാന്തരഭൂവിൻ തരുക്കളെ
ദേവദാരങ്ങളെ
ദാരുപത്രങ്ങളിലേകാന്തമായ് പെയ്തു
ശോകം. വിരഹം ജ്വലിക്കുന്ന കാമിയിൽ
കാവ്യമായ് തീർന്ന മഴക്കാടിനെ
കുറിച്ചൊത്തിരിയാരും കലമ്പുവാനില്ലാത്ത
ഉച്ചനേരങ്ങളിൽ
ഞങ്ങൾ പ്രണയികൾ

[illegible]

[illegible]
[illegible]
[illegible]
[illegible]

ഏകാന്തതകൾ ഏറെയായെ
[illegible]
[illegible]

പെറാനു നല്കുന്നതെന്തെന്നോ? [illegible]

കാറ്റിലൊന്നു വീശട്ടെ
[illegible] പറഞ്ഞു
[illegible]
[illegible]
[illegible]
[illegible]

[illegible]
[illegible]
[illegible]
കണ്ണും
[illegible] കൈകളാൽ
പൊത്തികളിക്കട്ടെ
വേരുകൾ മണ്ണിന്റെ വാത്സല്യമുണ്ടട്ടെ
[illegible]
[illegible]
[illegible] സന്തപ്തികൾ.

പുതിയ കഥയെന്തെങ്കിലും വീണുകിട്ടിയോ? അതിന്റെ ഉന്മേഷമാണോ?

ഉം. കിട്ടി.

എന്താണ്?

അവൾ കൊച്ചുകുട്ടിയെപ്പോലെ പൊടുന്നനേ ഉത്സുകയായി. സ്വതേ വലിപ്പമുള്ള കണ്ണുകൾ വിടർത്തി. എനിക്കരികിലേക്ക് ഒന്നുകൂടി ചാഞ്ഞിരുന്നു.

ഉം. പറ[illegible]

[illegible] പറയണോ? നീയതിന് എന്റെ ആ[illegible]

എന്നാലും പറ.

[illegible] ചെരുപ്പുകാരൻ വന്നി[illegible]

[illegible] കണ്ടതാണ്.

[illegible] മുറ്റത്തെ തിളയ്ക്കുന്ന വെയിലു [illegible] കടന്നുവന്നു.

കഥയിലെ ആദ്യവരിയാണോ? എന്നാലൊരു ര[illegible] ഉം. എന്തായാലും കുറേക്കാലമായി കാ[illegible]കേൾക്കട്ടെ. എന്നിട്ട്?

ഞാൻ കഥ പറഞ്ഞുതുടങ്ങി

[illegible] കാലങ്ങൾക്കുശേഷം ഞാനെഴുതിയ

കഥ സ്വയം അവതരിപ്പിക്കുന്നു എന്ന പ്രചാരണം ഇതിന്റെ സംഘാടകർ ആവോളം കൊടുത്തിരിക്കണം.

തെറ്റില്ലാത്തൊരു സദസ്സുണ്ട്

കഥയിലെ ഓരോ വാക്കും വരിയും തിരുത്തി. തിരുത്തി. ചിലതെല്ലാം ആവർത്തിച്ചു ഞാൻ വായിച്ചുകൊണ്ടിരിക്കുകയാണ് [illegible] ഉയരാത്ത നിശ്ശബ്ദതയിൽ. [illegible] ഒറ്റവീർപ്പിൽ കഥ കേൾക്കുകയാണ് [illegible] ശബ്ദം ഒന്നുകൂടി കനപ്പിച്ചു. [illegible] കൈത്തലംകൊണ്ടു [illegible]

[illegible]

-നിറുത്ത്.

[illegible]



ബാബുഭരദ്വാജ്

കണ്ണുകെട്ടിക്കളിയുടെ നിയമങ്ങൾ

അദ്ധ്യായം 17
കളിയുടെ നിയമങ്ങൾ-1

ഒരു ദിവസം ഊർമ്മിള പറഞ്ഞു. നമുക്ക് കാട്ടിൽ പോവാം. എന്നത്തേയുംപോലെ ഞങ്ങൾ അവളുടെ മുഖത്തേക്ക് പകച്ചുനോക്കി. അവളെന്താണു പറയുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാവുന്നേയില്ല. അവളുടെ മയിൽപ്പീലിക്കാട്ടിലേക്കാണോ ഞങ്ങളെ വിളിക്കുന്നത്? എന്നിട്ട് കടുവകൾക്ക് ഞങ്ങളെ എറിഞ്ഞുകൊടുക്കാൻ. കാട് ഒരു വെളിപാടുപോലെയാണ് ഞങ്ങൾക്കിടയിൽ അടർന്നുവീണിരിക്കുന്നത്. ഞങ്ങളുടെ മറുപടിയും കാത്ത് ചിരിച്ചുകൊണ്ട് അവളങ്ങനെ ഇരുന്നു. ഊർമ്മിള കാടെന്നുപറയുമ്പോൾ കാട്ടുപൂക്കളുടെ സുഗന്ധവും തണുത്ത ഇരുട്ടും ചുറ്റും വ്യാപിക്കുന്നതുപോലെ തോന്നുന്നു. ഊർമ്മിളതന്നെ ഒരു കാടായി ഞങ്ങളെ വലയം ചെയ്യുന്നു. ഞങ്ങളാ കാട്ടിൽ വഴിതെറ്റി അലയുന്നതുപോലെ.

കഴിഞ്ഞ ദിവസം ശരച്ചന്ദ്രൻ ഒരു കഥ എഴുതിയിരുന്നു. കഥയുടെ പേര് 'വനജ്യോത്സ്ന'. കഥ കേട്ടുകഴിഞ്ഞപ്പോൾ വിശ്വംഭരൻ പറഞ്ഞു-കാട്ടിലെ നിലാവെന്നായിരിക്കും നല്ല പേര്. അത്തരം ഒരുപാടു പേരുകളിലൂടെയാണ് ശരച്ചന്ദ്രൻ 'വനജ്യോത്സ്ന'യിൽ എത്തിയതെന്ന് ഞങ്ങൾക്കെല്ലാവർക്കും അറിയാം. കഥ കേട്ടുകഴിഞ്ഞ് ഊർമ്മിള ഊറിയൂറിച്ചിരിച്ചു. അവളുടെ മനസ്സിലും ഒരു വനജ്യോത്സ്ന പരന്നിരിക്കണം. വാക്കുകൾകൊണ്ട് പറഞ്ഞുതീർക്കാൻ പറ്റാത്ത ഒരവസ്ഥയെ ശരച്ചന്ദ്രൻ എങ്ങനെയാണ് വാക്കുകളുടെ കൂട്ടിൽ അടച്ചതെന്ന് ഞങ്ങൾ അദ്ഭുതപ്പെട്ടു. കിളിയെ കൂട്ടിലാക്കാം. എന്നാൽ കിളിയുടെ പറക്കലിനെ കൂട്ടിലാക്കാൻ പറ്റുമോ?

കഥയിത്രയേയുള്ളു. രണ്ട് അപരിചിതർ. ഒരാൺകുട്ടിയും പെൺകുട്ടിയും. അതേ അവർ കുട്ടികൾ തന്നെ. കാടുകാണാത്ത കാടുകാട്ടാത്ത കുട്ടികൾ. അലഞ്ഞു തിരിഞ്ഞൊരു കാട്ടിൽ എത്തുന്നു. രണ്ടു പേരും എന്തിൽനിന്നൊക്കെയോ ഓടി രക്ഷപ്പെടുന്നവരാണ്. എന്താണെന്ന് ശരച്ചന്ദ്രൻ പറയുന്നില്ല. അല്ലെങ്കിൽ അവരുടെ പൂർവ കഥ തന്നെ ഒരു കാട്. രാത്രി പടർന്നപ്പോൾ ഭയചകിതരായി രണ്ടു പേരും രണ്ട് മരപ്പൊത്തുകളിൽ അഭയം തേടുന്നു. രാത്രി കനക്കാൻ തുടങ്ങിയപ്പോൾ ഒരു ജ്ഞാനവാസനപോല ആരോ ഒരാൾ കൂട്ടായുണ്ടെന്ന് ഇരുവരും അറിയുന്നു. ഈ അറിവൊരു ആശ്വാസമാകേണ്ടതാണ്. പക്ഷേ, അതിലും അപകടമുണ്ടല്ലോ? ഈ അപരൻ തന്നെ അപായപ്പെടുത്താൻ പിൻതുടർന്നു വന്നവനാണോ എന്ന ഭയം. ഇരുട്ടിൽ അവരിരുവരും അന്യോന്യം ഇഴഞ്ഞിഴഞ്ഞ് അകന്നുമാറാൻ ശ്രമിക്കുന്നു. ഇപ്പോൾ അവർ കാടിനെക്കാൾ കൂടുതൽ പേടിക്കുന്നത് അവരിരുവരെയും തന്നെയാണ്. നിനച്ചിരിക്കാത്ത നിമിഷത്തിൽ നിലാവുർന്നുവീഴുന്നു. കാടിന്റെ ഹൃദയം അത് മലർക്കെ തുറക്കുന്നു. പേടിച്ചരണ്ട് അന്യോന്യം മുഖത്തോടുമുഖം നോക്കി അവർ നില്ക്കുകയാണ്. അന്യോന്യം അകലാനുള്ള ശ്രമത്തിൽ അവരിപ്പോൾ തൊട്ടടുത്ത് മുഖാമുഖം നില്ക്കുന്നു. ക്രോധത്തോടെ നീയെന്തിനാണെന്നെ ഇങ്ങനെ പിന്തുടരുന്നതെന്ന അർത്ഥത്തിൽ അവരന്യോന്യം നോക്കുന്നു. നിലാവ് അവരുടെ കാലുഷ്യങ്ങൾ പതുക്കെ കഴുകിക്കളയുന്നു. മുഖത്തെ ക്രോധം മാറി അവർ പരസ്പരം നോക്കി പൊട്ടിച്ചിരിക്കുന്നു. പിന്നെ കൈകൾ കോർത്തുകൊണ്ടവർ നിലാവിലേക്കിറങ്ങുന്നു. ഊക്കൻ മരങ്ങൾക്കിടയിൽ കാട്ടുമുല്ലപ്പൊന്തകൾ പൂത്തതുപോലെ ഇക്കഥ പെട്ടെന്ന് മനസ്സുനിറയെ സുഗന്ധം പരത്തി.

ഊർമ്മിളയുടെ മനസ്സിൽ കാടു നിറച്ചത് ശരച്ചന്ദ്രന്റെ ഈ കഥയായിരിക്കണം. ഞങ്ങളെല്ലാം കാടിനെക്കുറിച്ചാവേശം കൊള്ളുന്നതുകണ്ട് ശരച്ചന്ദ്രൻ മാത്രം മുരണ്ടു. നിങ്ങളൊരു കാടും കാണാൻപോവുന്നില്ലെന്ന അർത്ഥത്തിൽ.

യാത്രയുടെ പദ്ധതി തയ്യാറാക്കിയതും ഊർമ്മിളതന്നെ. പോകേണ്ടിടവും അവൾ തന്നെയാണ് തിരഞ്ഞെടുത്തത്. ഇത് അവളുടെ കളിയല്ലേ? സ്ഥലത്തിന്റെ ഭൂമിശാസ്ത്രം അവൾ നേരത്തേ പഠിച്ചുറച്ചതുപോലെ തോന്നി. ദിവസമടുക്കുന്തോറും അസ്പഷ്ടമായൊരു ഭയം ഞങ്ങളെ പിടികൂടാൻ തുടങ്ങിയിരുന്നു. അതിനടുത്ത ആൾപ്പാർപ്പുള്ള ഇടങ്ങളിൽനിന്ന് വന്നെത്തുന്ന വാർത്തകൾ അത്ര സുഖമുള്ളതായിരുന്നില്ല. കാട്ടിൽനിന്ന് പുലികൾ ഇറങ്ങാറുണ്ടത്രെ. യാത്ര വേണ്ടെന്നുവച്ചാലോ എന്നുപോലും തോന്നി. അപ്പോഴൊക്കെ പരിഹാസപൂർവം ഊർമ്മിള ഞങ്ങളെ നോക്കി ചിരിച്ചു.

ഞങ്ങളൊന്നിച്ചല്ല യാത്ര പുറപ്പെടേണ്ടിയിരുന്നത്. ഓരോരുത്തരുടെയും യാത്ര ഒറ്റയ്ക്കൊറ്റയ്ക്കു തന്നെ. അതാണ് കളിയുടെ ആദ്യത്തെ നിയമം. അതിനിടയിൽ ആകസ്മികമായി കണ്ടുമുട്ടിയാൽ തികഞ്ഞ അപരിചിതത്വം ഭാവിക്കണം. രണ്ടാം നിയമം. കാട്ടിനുള്ളിൽ ഒത്തുചേർന്നാൽ എല്ലാവരും പുതിയ ആൾക്കാരായി മാറണം. മൂന്നാം നിയമം. എല്ലാം ആദ്യമേ തുടങ്ങുന്നതുപോലെ. എന്തിനാണീ കണ്ണുകെട്ടിക്കളി എന്ന് ഞങ്ങൾക്ക് മനസ്സിലായില്ല.

യാത്ര പുറപ്പെടുന്നതിന് രണ്ടുദിവസം മുൻപേ



(കഴിഞ്ഞ ലക്കത്തിൽ അച്ചടിച്ചത് നോവലിന്റെ 16-ാം അദ്ധ്യായമായിരുന്നു. ' അദ്ധ്യായം '18' എന്നു തെറ്റായി ചേർത്തതിൽ ഖേദിക്കുന്നു)
എഡിറ്റർ

ഊർമ്മിള വീട്ടിലേക്കു പോയി. അവളുടെ വീട്ടിൽനിന്ന് പുലർച്ചെ പുറപ്പെട്ടാൽ രാവിലെ എട്ടൊൻപതുമണിയാവുമ്പോഴേക്കും എത്തുന്ന ഒരിടമാണത്. ഞങ്ങൾ പലവഴിക്കായി തലേന്നുരാത്രിതന്നെ യാത്ര തിരിച്ചു. അന്നുപകലേ ഞങ്ങൾ അപരിചിതരായി മാറാൻ തുടങ്ങിയിരുന്നു. ചുരുക്കത്തിൽ ഞങ്ങൾ കളിയുടെ നിയമങ്ങളിൽ കുരുങ്ങിയെന്നർത്ഥം. വീട്ടിലേക്കു പോവുന്നതിനുമുൻപ് ഊർമ്മിള ഓർമ്മപ്പെടുത്തിയിരുന്നു-നിയമം തെറ്റുന്നതോടെ കളി അവസാനിക്കും.

യാത്രയുടെ രഹസ്യസ്വഭാവം ഞങ്ങളെ ഉത്തേജിതരാക്കി. ഓരോരുത്തരും ഏതൊക്കെ വഴികൾ ചുറ്റിയെന്ന് ഇപ്പോൾ പറയുന്നില്ല. എന്നെങ്കിലുമൊരിക്കൽ അതൊക്കെ ശരച്ചന്ദ്രൻ പറഞ്ഞേക്കാം. ഏതൊക്കെ അവസ്ഥകളിൽ കണ്ടുമുട്ടിയെന്നും വിശദമായി പറയാൻ വയ്യ. ചിലതൊക്കെ പറയാം.

വിശ്വംഭരന് കാടു കണ്ടപ്പഴേ സംശയങ്ങൾ ഉണരാൻ തുടങ്ങി. ഈ കൊടുംകാട്ടിൽ എങ്ങനെ കടക്കും? കടന്നാൽത്തന്നെ മറ്റുള്ളവരെ കണ്ടെത്തുമെന്ന് എന്താണുറപ്പ്? ആകെ ഇടതൂർന്ന് പടർന്നു പന്തലിച്ചു കിടക്കുന്ന ഈ കാട്ടിൽ ഊർമ്മിള പറഞ്ഞ കാട്ടുവഴികൾ ഉണ്ടാവാൻ ഒരു ന്യായവുമില്ല. വഴിതെറ്റിയതാണോ? അല്പദൂരം നടന്ന് സ്നേഹം കാണിച്ചപ്പോൾ കാട് അല്പം പരിചയം കാണിച്ചു. സംശയിക്കേണ്ട, കടന്നുവരാം എന്ന ഭാവം പോലും അത് പ്രകടിപ്പിച്ചെന്നുതോന്നി. ഇലച്ചാർത്തുകൾക്കിടയിലൂടെ പാളിനോക്കിയപ്പോൾ തുറസ്സായൊരിടവും ഒരു പച്ചപ്പുൽത്തകിടിയും കണ്ടു. ചുറ്റും കോട്ടപോലെ നിലയുറപ്പിച്ച മരക്കൂട്ടങ്ങൾക്കിടയിൽ ഒരു കൊച്ചു മൈതാനം. പക്ഷേ, അതൊരു മൈതാനമാണെന്നതിന് എന്താണുറപ്പ്? പുല്ലുനിറഞ്ഞ ഒരു ചതുപ്പോ പുല്ലുമൂടിയ ഒരു കുളമോ ആയിക്കൂടെ?

എങ്കിലും എങ്ങനെ സംശയിച്ചുനില്ക്കും? കാട്ടുചെടികൾ വകഞ്ഞുമാറ്റി വിശ്വംഭരൻ കാട്ടിനുള്ളിലേക്ക് കയറി. അകലെനിന്നുയരുന്ന കുയിൽ പാട്ടിന്റെ മറുപാട്ടുകേട്ട് തലയുയർത്തി നോക്കിയപ്പോൾ ഒരു കാട്ടുഞാവൽ മരത്തിൽ കാലുകൾ താഴോട്ടു തൂക്കിയിട്ട് തന്നെ നോക്കിയിരിക്കുന്ന ശരച്ചന്ദ്രൻ. തന്റെ പകപ്പും സ്ഥലജലവിഭ്രാന്തിയും അവനെ രസിപ്പിക്കുന്നുണ്ടെന്ന് വ്യക്തം. അവന്റെ ചുണ്ടുകളും കവിളും കൈകളുമൊക്കെ കാട്ടുഞാവൽപ്പഴങ്ങളുടെ കരിനീലച്ചാറുപുരണ്ട് ആകെ നീലിച്ചിരുന്നു. അവനെന്താണ് ഒരു പരിചയവും കാണിക്കാത്തതെന്ന് അദ്ഭുതപ്പെടുമ്പോഴാണ് കളിയുടെ നിയമങ്ങൾ വിശ്വംഭരൻ ഓർത്തത്. എങ്കിലും കുറച്ച് ഞാവൽപ്പഴങ്ങൾ തനിക്കെറിഞ്ഞുതരാമായിരുന്നു. ഞാവൽ മരവും കടന്ന് വിശ്വംഭരൻ നടക്കാൻ തുടങ്ങി. കാട്ടിലോ വഴിയിലോ ഒരു അപരിചിതനെ കണ്ടാലും ചില ലോഹ്യമൊക്കെ കാട്ടണ്ടേ എന്ന തോന്നലിൽ തിരിഞ്ഞുനിന്നു ചോദിച്ചു: "എന്തിനാ ഇവിടെ ഇങ്ങനെ ഇരിക്കണെ-" ഞാവൽമരത്തിലെ മനുഷ്യൻ വെറുതെ ഒന്ന് ചുമൽ കുലുക്കുകമാത്രം ചെയ്തു. ' ഒന്ന് ശല്യപ്പെടുത്താതെ പോ' എന്ന മട്ടിൽ. കളിയുടെ ഗൗരവം അപ്പോൾ മാത്രമാണ് വിശ്വംഭരനെ പിടികൂടിയത്. ഊർമ്മിള എന്തിനാണീ കളികൾ കളിപ്പിക്കുന്നതെന്ന നീരസം പോലും തോന്നി. പക്ഷേ, അത്തരം നീരസങ്ങൾ പോലും കളിയുടെ നിയമങ്ങൾക്കെതിരല്ലേ? ഒരു ചൂളംവിളികേട്ട് വിശ്വംഭരൻ തലയുയർത്തിനോക്കി. മരക്കൊമ്പിൽ കൈകൾ പിണച്ച് തലയിണയാക്കി ശരച്ചന്ദ്രൻ മലർന്നു കിടക്കുന്നു. എന്നിട്ടയാൾ മാനത്തേക്കുനോക്കി ചൂളം വിളിക്കുന്നു. ശരച്ചന്ദ്രനെത്രപെട്ടെന്ന്കളിയുമായും കാടുമായും ഇണങ്ങിച്ചേരാനൊക്കുന്നുവെന്ന് വിശ്വംഭരൻ അദ്ഭുതപ്പെട്ടു.



അധികദൂരം നടക്കേണ്ടിവന്നില്ല. "മാഷേ, ഒന്നുനില്ക്കൂ...." എന്നൊരു വിളി കേട്ടയാൾ തിരിഞ്ഞുനിന്നു. രാഹുലൻ ചിരിച്ചുകൊണ്ട് തന്റെ നേരെ നടന്നുവരുന്നു. വിശ്വംഭരന് ഇതുവരെ തോന്നാതിരുന്ന ഒരു കുതൂഹലം മനസ്സിൽ. തനിക്ക് രാഹുലനെ അറിയില്ലല്ലോ? പൊന്തക്കാടുകളിൽനിന്ന് വെളിവായി തന്റെ നേരെ നടന്നുവരുന്നത് ആരോ ഒരാൾ. ഒരു വെറും സൗഹൃദത്തിനപ്പുറത്തേക്ക് തന്റെ ഹൃദയം നീട്ടേണ്ട കാര്യമൊന്നുമില്ല. എങ്കിലും തന്റെ നിഷ്കളങ്കമായ ചിരിയുമായി രാഹുലൻ നടന്നടുക്കുമ്പോൾ രാഹുലനോടുള്ള മമത ഇരട്ടിക്കുന്നതുപോലെ തോന്നി. ഊർമ്മിള ഈ കളി തിരഞ്ഞെടുക്കാൻ കാരണംതന്നെ ഇതായിരിക്കണം. തികച്ചും സ്വാഭാവികമായ അപരിചിതത്വത്തിലൂടെ രാഹുലൻ ചോദിച്ചു:

"ഈ കാട്ടുവഴി എങ്ങോട്ടാ-"

"വഴി അറിയാതെയാണോ നടപ്പു തുടങ്ങിയ" തെന്ന് ഗൗരവത്തിൽ തിരിച്ചു ചോദിക്കാം. പക്ഷെ എന്നും ഉള്ളിലേക്കു മുനിഞ്ഞുകത്തിക്കൊണ്ടിരുന്ന രഹുലനിപ്പോൾ പ്രകാശം പരത്തി ജ്വലിച്ചുനില്ക്കുന്നതു കണ്ടപ്പോൾ വിശ്വംഭരന് ഗൗരവം നടിക്കാൻ കഴിഞ്ഞില്ല.

"അല്ല, മാഷെങ്ങോട്ടാ പോണത്?"

വിശ്വംഭരന്റെ ആലോചനകളുടെ പിരി പെട്ടെന്നയഞ്ഞു. രാഹുലനും കളിയുടെ സ്പിരിറ്റിൽത്തന്നെയാണ്. പക്ഷേ, ആ കളിയിലേക്ക് തന്നെ കൊണ്ടെറിയാൻ വിശ്വംഭരന് ആവുന്നില്ല. അറച്ചറച്ച് വിശ്വംഭരൻ പറഞ്ഞു.

"ഞാൻ.... ഞാൻ.... വെറുതെ....."

ആ ഉത്തരം തികച്ചും അസ്വാഭാവികവും കളിയുടെ ഗൗരവത്തിൽനിന്ന് തെറിച്ചുമാറിനില്ക്കുന്നതുമാണ്. രാഹുലൻ ഒരു പകപ്പോടെ വിശ്വംഭരന്റെ മുഖത്തു നോക്കി.

അടുത്തുകണ്ട ഒരു പാറപ്പുറത്ത് വിശ്വംഭരൻ വലിഞ്ഞുകയറിയിരുന്നു. ഉയരത്തിലിരിക്കുന്ന അവനെ നോക്കി താഴെ രാഹുലൻ നിന്നു. പാറപ്പുറത്തു വലിഞ്ഞുകയറുന്ന വിശ്വംഭരന്റെ സ്വഭാവം അവനെ വെളിപ്പെടുത്തുന്നതുപോലെ. വിശ്വംഭരൻ കുറച്ചുനേരം എന്തോ ആലോചിച്ചുകൊണ്ടിരുന്നു. പിന്നെ പാറപ്പുറത്ത് എഴുന്നേറ്റുനിന്ന് നാലുപാടും നോക്കി. ഇലപ്പടർപ്പുകൾക്കിടയിലൂടെ ആരെയെങ്കിലും കാണുന്നുണ്ടോ? അകലത്തൊരു കാട്ടരുവി പതഞ്ഞൊഴുകുന്നതുകാണാം. അവൻ പിന്നേയും സൂക്ഷിച്ചുനോക്കി. ആ കാട്ടരുവിയിൽ

ആരോ നീന്തിത്തുടിച്ച് കുളിക്കുന്നുണ്ടല്ലോ? കരയിൽ ഒരു മരക്കൊമ്പിൽ ഒരുപാടു ചിത്രങ്ങളുള്ള വസ്ത്രങ്ങൾ അഴിച്ചുതൂക്കിയിട്ടിരിക്കുന്നു. ആ വസ്ത്രം ആ മരക്കൊമ്പിന്റെ വർണ്ണശബളമായ ഒരു വളർച്ചയാണെന്നേ തോന്നുകയുള്ളു. ഒരു പെണ്ണാണ് തുടിച്ചുകുളിക്കുന്നത്. തീർച്ച. നീലജലത്തിൽ അവളുടെ പൂഞ്ചായൽ ഒഴുകിപ്പരക്കുന്നത് വ്യക്തമായി കാണാം. വിശ്വംഭരന്റെ മുഖം വിവർണ്ണമായി. എന്തോ കണ്ടുപേടിച്ചിട്ടെന്നപോലെ അവൻ വിമ്മിട്ടപ്പെട്ടു. അത് ഊർമ്മിളയല്ലേ? അവളെന്തു ഭ്രാന്താണ് ഈ കാണിക്കുന്നത്? വിജനതയിൽ എല്ലാം മറന്ന് തന്നിൽത്തന്നെ ലീനയായി ഒരു പെൺകുട്ടി കുളിക്കുന്നതുപോലും ഉൾക്കൊള്ളാനാവാത്ത വിധം ഋജുവാണോ തന്റെ മനസ്സെന്ന് അടുത്ത നിമിഷം അവൻ ആലോചിച്ചു. തികച്ചും സ്വാഭാവികമായി തനിക്കതിനെ എന്തുകൊണ്ട് കണ്ടുകൂട. പക്ഷെ കണ്ണുകൾ പിൻവലിച്ചിട്ടും തന്റെ മനസ്സിൽ ആ നഗ്നരൂപം പിന്നേയും പിന്നേയും തെളിഞ്ഞുവരുന്നല്ലോ? ഈശ്വരാ. തനിക്കിനി എങ്ങനെ അവളുടെ മുഖത്തു നോക്കാനാവും? തനിക്കൊരു അപരിചിതനാവാൻ കഴിഞ്ഞില്ലെന്ന സത്യം അപ്പോഴാണവന് ശരിക്കും ബോധ്യമായത്. വിശ്വംഭരൻ ഇങ്ങനെ ചോദ്യങ്ങളിലും ഉത്തരങ്ങളിലും മുഴുകി കുറെനേരം ഇരുന്നു. ഒടുക്കം പാറപ്പുറത്തുനിന്ന് താഴേക്ക് ഓടി. ഇറങ്ങുമ്പോൾ അവൻ രാഹുലനോട് വിളിച്ചുപറഞ്ഞു.

"ദൂരെ ഒരു അരുവിയുണ്ട്. നമുക്കതിന്റെ കരയിലേക്കു പോവാം. ഒരുപാടുദൂരം നടക്കാനുണ്ട്. വലിഞ്ഞുനടക്കാം."

ചോദ്യങ്ങളില്ലാതെ രാഹുലൻ അവനെ പിന്തുടർന്നു.

ഏതായാലും തങ്ങൾ അവിടെ എത്തുന്നതിനു മുൻപ് ഊർമ്മിള നീരാട്ട് [illegible]പ്പിക്കും എന്നവൻ ആശിച്ചു. രാഹുലൻ ഒന്നും അറിഞ്ഞിട്ടില്ലാത്ത സ്ഥിതിയിൽ ഇലപ്പടർപ്പുകൾക്കിടയിലൂടെ രംഗനിരീക്ഷണം നടത്താൻ തനിക്കൊരവസരം കിട്ടാതിരിക്കില്ല. രാഹുലനെ [illegible] പിടിപ്പിക്കുന്ന ഒരവസ്ഥയിലെത്തിക്കാതെ അവനെ രക്ഷിക്കാം. അത്തരം ചിന്ത തന്റെ സ്വാർത്ഥത ആണോ? ഒരു പുരാതന കഥയിലൂടെയാണ് താൻ സഞ്ചരിക്കുന്നതെന്ന് വിശ്വംഭരന് തോന്നി. നാടുചുറ്റിനിറങ്ങിയ യുവരാജാവ് അരുവിയിൽ നീരാടിക്കൊണ്ടിരുന്ന കാട്ടുരാജാവിന്റെ മകളിൽ കാമമോഹിതനായ കഥ. വിശ്വംഭരന് വല്ലാത്ത ലജ്ജ തോന്നി. കൂടെ മറ്റുള്ളവരോടെല്ലാം പകയും. ഉള്ളിൽ എവിടെയോ ഉറങ്ങിക്കിടന്നിരുന്ന കാമം ഉണർന്ന് ഫണം നീർത്തി തന്നെ ആഞ്ഞാഞ്ഞു കൊത്തുന്നപോലെ. ഒരു പക്ഷെ തങ്ങളുടെ കാമത്തിന്റെ വിഷം കൊത്തിക്കൊത്തി ഊറ്റിക്കളയാനായിരിക്കും ഊർമ്മിള ഈ സാഹസത്തിനു മുതിർന്നത്. അവളെന്നും അവർക്ക് പ്രാപ്യയും അപ്രാപ്യയുമായിരുന്നു.

അവരിരുവരും അരുവിയുടെ നേർക്ക് നടന്നുകൊണ്ടിരുന്നു. അവരിപ്പോൾ തീരെ അപരിചിതരായിരുന്നു. വിശ്വംഭരന്റെ ജ്ഞാനോദയം രാഹുലനില്ലല്ലോ?

അരുവിക്കും കാടിനും ഇടയിൽ ഒരു വെളിമ്പ്രദേശം പെട്ടെന്നവർ കണ്ടുപിടിച്ചു. പച്ചപ്പുൽത്തകിടിയിൽ രണ്ടു കൈയും പിന്നിൽ കുത്തി ഊർമ്മിള ചരിഞ്ഞിരിക്കുന്നു. അവളുടെ മുടിക്കെട്ട് പുല്ലിൽ വീണ് പിടയുന്നു. അവൾക്കരികിലായി ശരച്ചന്ദ്രനും ധർമ്മദത്തനും ദിനകരനും. ശരച്ചന്ദ്രൻ ആ ഞാവൽമരത്തിൽ നിന്നിറങ്ങി എപ്പോഴാണ് തങ്ങളെ മറികടന്നുപോയതെന്ന് അവൻ ആലോചിക്കാൻ തുടങ്ങി. അവൻ മരക്കൊമ്പിൽനിന്ന് മരക്കൊമ്പിലേക്ക് ചാടിയാണോ ഇവിടെ എത്തിയത്. ആ ഞാവൽ മരത്തിന്റെ തുഞ്ചാണിക്കൊമ്പത്തിരുന്നാൽ അരുവിയും അരുവിയിൽ നീരാടുന്ന ഊർമ്മിളയേയും കാണാൻ പറ്റുമോ? ഈശ്വരാ. എന്താണ് തന്റെ മനസ്സിൽ [illegible] പക നിറയുന്നത്.

വഴിയിലെങ്ങും ധർമ്മദത്തനെയും ദിനകരനെയും കണ്ടില്ലല്ലോ? അവരെങ്ങനെയാണിവിടെ പൊട്ടിവീണത്? താനനുഭവിച്ച ക്ഷോഭങ്ങളിൽ പെട്ടുഴന്നായിരിക്കണം അവരും ഇവിടെ എത്തിയത്. ഒരു വഴിയമ്പലത്തിൽ പെട്ടെന്ന് കണ്ടുമുട്ടിയ [illegible]രെപ്പോലെ അവരൊരുമിച്ചു. പക്ഷെ. കളിയുടെ നിയമങ്ങൾ എവിടെയൊക്കെയോ തെറ്റിയിട്ടില്ലേ?

അല്പനേരത്തിനുശേഷം ഊർമ്മിള [illegible]ച്ചു. "നമ്മളെന്തിനാണ് ഒരു മരണവീട്ടി[illegible]ലെ തുനിഞ്ഞു കുത്തിയിരിക്കുന്നത്? നമ്മുടെ മനസ്സുകളൊക്കെ എവിടെയോ നഷ്ടപ്പെട്ടതുപോലെ" എല്ലാവരുടേയും മനസ്സ് അവളിൽ നഷ്ടപ്പെട്ടുവെന്നാണോ അവൾ പറഞ്ഞതിന്റെ [illegible]" ഈ കാട്ടരുവി കണ്ടിട്ട് [illegible] തോന്നുന്നില്ലേ? എനിക്ക് ആടാൻ[illegible] കഴിഞ്ഞില്ല. നിങ്ങൾക്കു മുൻപേ പോന്നവളല്ലേ [illegible] ഞാനതിൽ എന്നെ നിമജ്ജനം ചെയ്തുകഴിഞ്ഞു. ഈ അരുവിയിൽ ഇറങ്ങിക്കഴിഞ്ഞാൽ എല്ലാ [illegible]ങ്ങളിൽനിന്നും എല്ലാ വ്യഥകളിൽനിന്നും [illegible]നതുപോലെ തോന്നും. ഈ [illegible] കഴുകുന്നത് മനസ്സിനെയാണ്." പാപം നിമജ്ജനം എന്ന വാക്ക് അവളെന്തിന് [illegible] മോക്ഷത്തേയും മരണത്തേയും മരണാനന്തര [illegible]ങ്ങളേയും ബന്ധിപ്പിക്കാനല്ലേ?

[illegible] ലെ വസ്ത്രങ്ങൾ ഊരി[illegible] അരുവിയിലേക്കൊഴുകി. [illegible] നോക്കി [illegible] അങ്ങൾക്കപ്പോൾ ഉണ്ടായില്ല. തങ്ങളുടെ കളികൾ നോക്കി ചിരിച്ചുല്ലസിച്ചുകൊണ്ട് ഊർമ്മിള കരയിൽ. ശരീരത്തിന്റെ വലിഞ്ഞുമുറുകലൊ[illegible] നിച്ഛയായും പ്രകൃതിയുടെ [illegible] ഹത്തിൽ ഞങ്ങളലിയുന്നു [illegible] തുപോലെയും തോന്നി. [illegible] [illegible] അവളിൽ [illegible] [illegible] പൊട്ടിച്ചിരിച്ചുകൊണ്ട് [illegible] വെള്ളം തെറ്റിക്കാൻ തുടങ്ങി. പിന്നെ ഞങ്ങളെല്ലാവരും. ഇടതുകൈകൊണ്ട് മുഖത്തിനു [illegible]ച്ചു. അവൾ ഞങ്ങളിലേക്ക് [illegible]കൊണ്ടിരു[illegible] [illegible] വെള്ളത്തിൽ [illegible] ങ്ങളുടെ കാലുകൾക്കിടയിലൂടെ ഒരു പരൽമീനിനെപ്പോലെ [illegible] ഞങ്ങളെ ഇക്കിളിയിട്ടുകൊണ്ടവൾ പിടഞ്ഞുകൊണ്ടിരുന്നു. അവളുടെ സാരി [illegible] മരക്കൊമ്പിൽ [illegible]

(തുടരും)

ഹിസ്കിയ

കെ.എം. രാജു

ബി.സി. തൊള്ളായിരത്തി എഴുപത്തിരണ്ട്.

യഹൂദായിലെ രാജാവായിരുന്നു ഹിസ്കിയ. യഹൂദാ രാജാക്കന്മാരിൽ അയാൾക്കു മുൻപോ പിൻപോ അയാളെപ്പോലെ ഒരാൾ ഉണ്ടായിട്ടില്ല. കാരണം, അയാൾ കർത്താവിനോട് പറ്റിച്ചേർന്നുനിന്നു. കർത്താവ് മോശയ്ക്കു നൽകിയ എല്ലാ കല്പനകളും ഹിസ്കിയ അനുസരിച്ചു. പൂർവ്വപിതാവായ ദാവീദിന്റെ ചെയ്തികളെല്ലാം പിന്തുടർന്ന് അയാൾ കർത്താവിന്റെ ദൃഷ്ടിയിൽ ശരിയായതു ചെയ്തു. തന്റെ ദൈവമായ കർത്താവിന്റെ മുൻപാകെ അയാൾ നന്മയും നേരും വിശ്വസ്തതയും കാട്ടി. ഏറ്റെടുത്ത ജോലികളിലെല്ലാം പൂർണ്ണഹൃദയത്തോടെ അയാൾ വ്യാപരിച്ചു. അധികാരമേറ്റപ്പോൾത്തന്നെ അശേറപ്രതിഷ്ഠകളും പൂജാഗിരികളും തന്റെ രാജ്യത്തുനിന്ന് ഹിസ്കിയ നീക്കം ചെയ്തു.

അക്കാലത്ത് ഹിസ്കിയ രാജാവ് രോഗം ബാധിച്ച് ആസന്നമരണനായി. രോഗത്തോടൊപ്പം ഒരുപാട് ശങ്കകളും ഭയവും ഹിസ്കിയയെ പിടികൂടി. ദൈവത്തെയും തന്റെ സിംഹാസനത്തെയും തന്നെത്തന്നെയും ഹിസ്കിയ ഭയന്നു. കൊട്ടാരവും ഉദ്യാനവും മധുചഷകവും നിറഞ്ഞ പെണ്ണുങ്ങളും ഹിസ്കിയയ്ക്ക് അന്യമായി. രോഗം പാപമാണ്. താൻ ചെയ്ത പാപമെന്തെന്ന് കിടക്കയിലേക്ക് അമർന്നുകിടന്ന് ഹിസ്കിയ തന്നോടുതന്നെ ചോദിച്ചു. ഒന്നല്ല നിരവധി തവണ. കുറ്റമറ്റവനും പരമാർത്ഥിയുമായ തനിക്ക് എന്തേ ഇങ്ങനെ സംഭവിക്കാൻ? കിടക്കയിൽ ഒന്നു തിരിഞ്ഞുകിടക്കുവാൻ പോലുമാവാതെ...... ശമരിയായിലെ രാജാവായി ദൈവം തന്നെ നിശ്ചയിച്ചു. ബാല്യം മുതൽ എല്ലാ പ്രലോഭനങ്ങളെയും അതിജീവിച്ചു. ദൈവത്തിനൊപ്പം നടക്കാൻ ആവുന്നതും ശ്രമിച്ചു. എന്നിട്ടും.....

തന്റെ പാപവും ഭയവും ആരെങ്കിലും ഏറ്റെടുക്കണമേ എന്നും അങ്ങനെതന്നെ വെറുതേ വിടണമേ എന്നും ഹിസ്കിയ കേണു. ഹിസ്കിയയ്ക്കൊന്നും: കല്ലെറിഞ്ഞുകൊല്ലാൻ കുഴിയിലേക്ക് ഇറക്കിനിറുത്തപ്പെട്ടവന്റെ അവസാനത്തെ മൗനം ഹിസ്കിയയെ പൊതിഞ്ഞു. ക്രൗര്യവും കാരുണ്യവുമൊക്കെ കണ്ടുനിൽക്കുന്നവർക്കാണ്. വധിക്കപ്പെടാൻ പോകുന്നവന് ഏകാന്തത മാത്രം. എല്ലാം ഒടുങ്ങാറായി എന്ന ആശ്വാസം മാത്രം. ആ ഭാവത്തിന് ഇന്നേവരെ ആരും പേരിട്ടിട്ടില്ല. പേരിട്ടവരാകട്ടെ അതൊന്നു വിളിച്ചുപറയുവാൻ പോലുമാവാതെ ഒടുങ്ങുകയും ചെയ്തു. എന്റെ ദൈവമേ. എന്റെ ദൈവമേ നീ എന്തിനെന്നെ കൈവിട്ടു എന്ന് ദാവീദിനെപ്പോലെ വിലപിക്കാനായെങ്കിൽ..... നിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തൊക്കെ എന്ന് തലയുയർത്തിനിന്ന് ഒന്നു ചോദിക്കാനായെങ്കിൽ.... വേണ്ട. വീണ്ടും പാപം ചെയ്യരുത്. ശമര്യായിലെ രാജാവിന്റെ മരണം കാത്ത് പുറത്ത് അനേകം പരിചാരകരുണ്ട്. പാപത്തിന്റെ നടുങ്ങുന്ന ഒച്ച അവർ കേൾക്കരുത്. പക്ഷേ. പാപത്തിനും മരണത്തിനും ഒച്ചയില്ലല്ലോ! അത് സ്വന്തം നെഞ്ചും പരേതാത്മാക്കളും മാത്രം കേൾക്കുന്ന ഇല്ലാത്ത ശബ്ദമാണ്. അന്തഃപുരത്തിലെ പെണ്ണുങ്ങളും പരിചാരകരും എന്തിന്. ജീവനുള്ള ഒന്നുംതന്നെ ആ ശബ്ദം കേൾക്കില്ല.

തന്റെ കട്ടിലിൽ. തന്റെ രോഗത്തിന്റെ കാഠിന്യത്തിൽ ഹിസ്കിയ കിടന്നു. ദൈവത്തിനഭിമുഖമായാണ് താൻ കിടക്കുന്നതെന്ന് ഹിസ്കിയ സങ്കല്പിച്ചു. വലുതായ എന്തോ പാപം ചെയ്യുന്ന ഒരനുഭൂതി. ധിക്കാരത്തിന്റെ ചെമന്ന ചുവ ഹിസ്കിയ അറിയാൻ തുടങ്ങി. 'ഞാൻ ജീവിച്ചിരിക്കുന്നു'. മുൻപിൽ ദൈവത്തിന്റെ മുഖമുണ്ടെന്നു സങ്കല്പിച്ച് ഹിസ്കിയ അലറി. സങ്കല്പവും രോഗമെന്നപോലെ കാഠിന്യമേറിയും കുറഞ്ഞും കെട്ടുപിണഞ്ഞും പോകുന്നു. ദൈവത്തിന്റെ മുഖം ചിലപ്പോൾ ഇരുളിലാണ്ടുപോകുന്നു. ചിലപ്പോൾ മഞ്ഞനിറം കനക്കുന്നു. ചിലപ്പോൾ കണ്ടുപിടിച്ചിട്ടില്ലാത്ത മറ്റേതോ നിറം. അങ്ങനെ കട്ടിലിൽ ഒറ്റയ്ക്ക്. ചുമരിലേക്ക് മുഖം തിരിഞ്ഞുകിടന്നപ്പോൾ ഹിസ്കിയയിൽ കാലം കനക്കാൻ തുടങ്ങി. കാണക്കാണെ അതു വിർത്തു വിർത്തു വന്നു. കാലം കനിവേറിയതും കാഠിന്യമിയന്നതുമായി മാറിമാറി വന്നു. കണ്ണു പിളർന്നുപോകുന്നു. താഴെ ഭൂമികാടിയിൽ. എല്ലാ കണ്ണുടരുകൾക്കുമിടിയിൽ [illegible] നിന്ന് ബത്ശേബ കുളിക്കുകയാണ്. അപ്പോൾ. ഉപ്പുപോലെ. ജലംപോലെ ബത്ശേബയുടെ ശരീരം [illegible]മായിരു[illegible] [illegible]ണം [illegible] [illegible] ഒന്നുമില്ല. [illegible]. വെള്ളത്തിൽ [illegible] ലയിക്കുന്നതുപോലെ..... ഉർവ്വരമായ മണ്ണിൽ നിൽക്കുന്ന ശാഖകളോടുകൂടിയ മരം മഴയിൽ നനയുന്നപോലെ... കാറ്റിലെ തിരയിളക്കം പോലെ ചെറിയ ചെറിയ ചലനങ്ങൾ. ശരിയും തെറ്റുമില്ലാത്ത പ്രകൃതിയുടെ ഇഷ്ടാനിഷ്ടങ്ങൾ. പ്രസവത്തിലെന്നതുപോലെ നാണമില്ലായ്മയിൽ ബത്ശേബ കുളിച്ചു. ഒരു വഴറ്റാട്ടിയുടെ കണ്ണേറുപോലുമില്ലാത്ത സ്വകാര്യതയിൽ ഒരു ബലി പൂർത്തിയാകുന്നതുപോലെയായിരുന്നു അത്. ദാവീദിന്റെ കണ്ണുകൾ ആ നഗ്നത കണ്ടു. വളരെ ഉയരത്തിൽനിന്ന്. കാമം ആ കയറ്റിറക്കങ്ങളെ മായ്ച്ചുകളഞ്ഞു. അവൻ. അവളുടെമേൽ കൈകൾ വച്ചു ഊറിയാവിനെ കൊന്ന് അവന്റെ [illegible] അവളുടെ മേൽ തളിച്ചു. പിന്നെ അവളെ. അവൻ തനിക്കായി ഏറ്റുവാങ്ങി [illegible] നമ്മുടെ കിടക്ക-അവൻ പറഞ്ഞു. [illegible] മായ്ച്ചു. [illegible] ആ കിടപ്പുമുറിയിൽ നിന്ന് ശാപ

വാക്കുകൾ യക്ഷിക്കാലുകൾകൊണ്ടു കോരിയെടുത്തു. അത് പിൻതലമുറയിലേക്ക് കുടഞ്ഞിട്ടു. കാലത്തിന് എന്നും ഒറ്റക്കണ്ണേയുള്ളൂ. തല പെരുക്കുന്നു.


ലബനോനിലെ മഞ്ഞണിഞ്ഞ താഴ്‌വാരങ്ങളിൽ ദുദായ്പ്പഴം പെറുക്കി നടക്കുകയാണ് താനിപ്പോൾ. ഡമാസ്കസിന് അഭിമുഖമായി. ലബനോനിലെ ഗോപുരം ചിത്രത്തിലെഴുതിയതുപോലെ ദൂരെ. ലില്ലിപ്പൂക്കൾക്കിടയിൽ പെണ്ണിന്റെ മണം. ബാൽസാം പർവ്വതത്തിൽ വിളയുന്ന ഇളമാനുകൾ. ഗിലെയാദ് മലഞ്ചെരുവിലൂടെ ഇറങ്ങിവരുന്ന കോലാട്ടിൻ പറ്റം. തേനട തേനോടുകൂടി തിന്നാൻ ആർത്തി പെരുകുന്നു. ജടാമാഞ്ചിയും കുങ്കുമവും വയമ്പും ലവംഗവും മീറായും അകിലും.... കാമം കള്ളക്കണക്കുണ്ടാക്കുന്നു. കാമത്തിലേക്ക് എല്ലാം ഉരിഞ്ഞ്, ചിതറിവീഴുകയായിരുന്നു. മാലാഖമാർ ആകാശത്ത് ഉപ്പു കുടയുന്നു. പാപമായിരുന്നുവോ? അസീറിയ രാജാവായ സെന്നകെറീബ് പെണ്ണുങ്ങളെ കൂട്ടത്തോടെ പിടിച്ചുകൊണ്ടുപോകുന്നു. കോട്ട കെട്ടി ഉറപ്പിച്ച നഗരങ്ങൾ നിന്നു വേവുന്നു. ശാപമാണ്. ശരീരത്തിന് തീപിടിക്കുമ്പോൾ നഗ്നതയെക്കുറിച്ച് ആരാണ് വേവലാതിപ്പെടുന്നത്? നിറഞ്ഞ അഗ്നിയും ഒഴിഞ്ഞ മണ്ണും. എല്ലാം തിരിഞ്ഞുപോകുന്നു. പുറത്ത് സൂര്യൻ ഉദിക്കുന്നുണ്ടാവുമോ? സൂര്യന് മരണമെന്നും മരണത്തിന് സൂര്യനെന്നും പേരു മാറ്റിയിട്ടാലോ? ശമരിയായിലെ രാജാവായ ഹിസ്കിയ കല്പിക്കുന്നു. അങ്ങനെ-

ആദ്യജാതൻ മരിക്കുന്നതിന്റെ തലേന്ന് ദാവീദ് ഒരുപാടു കരഞ്ഞു. ദാവീദ് ദൈവത്തോടു യാചിച്ചു. ഉപവസിച്ചു. മൂപ്പന്മാർ പറഞ്ഞിട്ടും അയാൾ എഴുന്നേൽക്കുകയോ അവരുടെ കൂടെ ഭക്ഷണം കഴിക്കുകയോ ചെയ്തില്ല. അയാൾ ചുമരിലേക്ക് മുഖം തിരിച്ച് കരഞ്ഞുകൊണ്ടേയിരുന്നു. ചുമരിനും കൃഷ്ണമണിക്കുമിടയിലൂടെ ജനനമരണങ്ങൾ ഒഴുകിപ്പോയി. കാലം ഉടഞ്ഞുചിതറി ചില്ലുകളായി കൃഷ്ണമണികളിൽ കൂമ്പാരം കൂടിക്കിടന്നു. വെട്ടം വീഴ്കെ ഒരു പരിചാരകൻ നനഞ്ഞ കാലടികളോടെ ദാവീദിനെ സമീപിച്ചു. 'കുഞ്ഞു മരിച്ചിരിക്കുന്നു'-പരിചാരകൻ അറിയിച്ചു. ദാവീദ് നിസ്സംഗനായി അതു കേട്ടു. തന്റെ കൃഷ്ണമണിക്കും ചുമരിനുമിടയിൽ സംഭവിച്ചതെന്താണെന്ന് ദാവീദിനറിയാമായിരുന്നു. ഉടൻ എല്ലാവരെയും അമ്പരപ്പെടുത്തിക്കൊണ്ട് ദാവീദ് നിലത്തു നിന്നെഴുന്നേറ്റ് കുളിച്ച് തൈലം പൂശി വസ്ത്രം മാറി ഭക്ഷണത്തിനിരുന്നു. തനിക്ക് അവന്റെ അടുക്കലേക്ക് പോകാം. പക്ഷേ, അവൻ തന്റെ അടുക്കലേക്കു മടങ്ങിവരില്ലെന്ന് ദാവീദിന് ഉറപ്പായിരുന്നു. കാലത്തെയും മരണത്തെയും ജലത്തെയും പോലെ എന്തോ ഒന്ന് തൊലിപോലെ ദാവീദിനെ പൊതിഞ്ഞിരുന്നു. ഇവരൊക്കെ ചെയ്ത പാപം എന്തായിരുന്നു? ജന്മപാപമാവും.

മുലപ്പാലിൽ നനഞ്ഞ കുഞ്ഞുങ്ങൾ. മഞ്ഞിൽ ചിറകൊതുക്കിയിരിക്കുന്ന ഒരു പക്ഷി. മറവിയിലേക്ക് തെന്നിവീണുപോയ കാർമൽ കുന്ന്. എല്ലാറ്റിനും മീതേ ദൈവത്തിന്റെ അരുളപ്പാടുകൾ. ഹിസ്കിയയ്ക്ക് ഓർമ്മകൾ കെട്ടുപിണഞ്ഞു തിരിച്ചറിയാൻ വയ്യാതെയായി. ദൂരെ ഏതോ ഒരമ്മ കുഞ്ഞിനെ കുളിപ്പിക്കുന്നു. ആ വെള്ളത്തുള്ളികൾക്കു മീതെയാണ് യെശയ്യ പ്രവാചകൻ കടന്നുവന്നത്.

"കർത്താവരുൾ ചെയ്യുന്നു"-യെശയ്യ പറഞ്ഞു: "നിന്റെ കുടുംബകാര്യങ്ങളെല്ലാം ക്രമീകരിച്ചുകൊള്ളുക. നീ മരിച്ചു പോകും. നീ സുഖം പ്രാപിക്കയില്ല." യെശയ്യ നടന്നുനീങ്ങിക്കഴിഞ്ഞിരുന്നു. മരണം ഒട്ടും സുഖമുള്ള കാര്യമല്ല. അതിനപ്പുറവും ഇപ്പുറവും ഒരു വാക്കു പോലുമില്ലേ? ഒരു സാന്ത്വനം. യെശയ്യായ്ക്ക് ഹിസ്കിയ അപരിചിതനോ? മരണം ഒന്നു വച്ചുമാറ്റാൻ കഴിയില്ലേ? ഒരു കോലാട്ടിൻ കുട്ടിയിലേക്ക്-അല്ലെങ്കിൽ ഒരു കൊഴുത്ത കാളക്കുട്ടിയിലേക്ക്-ലബനോനിൽ മഞ്ഞു വീഴുന്നു. ഇരട്ട പിറന്ന മാൻകുട്ടികൾ കുന്നുകളിൽ ഓടിത്തിമിർക്കുന്നു. താൻ നടത്തിയ ഹോമബലികൾ ഹിസ്കിയ ഓർത്തു. പാപബലിയും ഹോമബലിയും അർപ്പിക്കാൻ ഹിസ്കിയ രാജാവ് കുന്നുകയറുന്നു. തന്റെ വാഴ്ചയുടെ ഒന്നാം മാസത്തിൽ ആണെന്നു തോന്നുന്നു. മഹത്വം യോവേലും അസര്യായും യെഹൂവേലും കൂടെയുണ്ടായിരുന്നു. അവർ ആണാടുകളെ രാജാവിന്റെ അടുക്കൽ കൊണ്ടുവന്നു. പുരോഹിതർ അവയുടെമേൽ കൈകൾ വച്ചു. പുരോഹിതർ അവയെ കൊന്ന് ഇസ്രായേലിനു മുഴുവനും വേണ്ടി പ്രായശ്ചിത്തം ചെയ്യാൻ അവയുടെ രക്തംകൊണ്ട് ബലിപീഠത്തിൽ ബലി അർപ്പിച്ചു. ഗായകർ ഗാനമാലപിക്കുന്നത് കേൾക്കാം. ലേവ്യർ ഇലത്താളങ്ങളും കിന്നരങ്ങളും ഏന്തിനിന്നിരുന്നു. ഗായകരുടെ ശബ്ദമാണോ കേൾക്കുന്നത്, അകലെ നിന്ന്....?

'ഹിസ്കിയ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്ന് ആരാണ് ഇപ്പോൾ വിളിച്ചുപറഞ്ഞത്? ദൈവമാണോ? ദൈവം തമാശക്കാരനല്ലല്ലോ? അങ്ങ് ഇന്ത്യയിൽ തമാശക്കാരായ ദൈവങ്ങളുണ്ടത്രേ. അവർ ഇണങ്ങുകയും പിണങ്ങുകയും ചെയ്യുമത്രേ.



ഇവിടെയിതാ ഹിസ്കിയ വിണ്ടുചാകുന്നു. ഇസ്രായേലിന്റെ ദൈവമായ കർത്താവിന് പെസഹാ ആചരിക്കാൻ ജറുസലേമിലേക്ക് വന്നുകൊണ്ടിരിക്കുന്ന ജനക്കൂട്ടത്തെ ഹിസ്കിയ കണ്ടു. പണ്ടാണ്..... വാഴ്ചയുടെ രണ്ടാംമാസത്തിൽ പുളിപ്പില്ലാത്ത അപ്പത്തിന്റെ തിരുനാൾ ആചരിക്കുകയായിരുന്നു. ബേർശേബ മുതൽ ദാൻ വരെയുള്ള ഇസ്രായേൽ മുഴുവനുമുണ്ടായിരുന്നു. അവർ പെസഹാ കുഞ്ഞാടിനെ കൊന്നു. സ്വയം ശുദ്ധീകരിക്കാത്ത ഓരോരുത്തർക്കുവേണ്ടിയും പെസഹാക്കുഞ്ഞാടിനെ ലേവ്യർക്കു കൊല്ലേണ്ടിവന്നു. അങ്ങനെ അവർ നിർദ്ദിഷ്ട രീതിയിൽ പെസഹ ഭക്ഷിച്ചു. ഇസ്രായേൽ രാജാവായ ദാവീദിന്റെ പുത്രനായ സോളമന്റെ കാലശേഷം ഇങ്ങനെയൊന്ന് ജറുസലേമിൽ ഉണ്ടായിട്ടില്ല. ഗായകർ ഇപ്പോഴും പാടുന്നുണ്ടോ? ബലിക്കു മുൻപുള്ള അവതരണഗാനം. അമ്മ കുഞ്ഞിനെ കുളിപ്പിക്കുന്ന ശബ്ദം നിലച്ചിരിക്കുന്നു, പുറത്ത് മഴ പെയ്തിരുന്നോ? അതോ പ്രളയമോ? ദിവസങ്ങളും മാസങ്ങളും വർഷങ്ങളും നീണ്ടു നിൽക്കുന്ന തോരാത്ത മഴ. മഴ എത്ര വലിയ ഏകാന്തതയാണ് സൃഷ്ടിക്കുന്നത്. പലപ്പോഴും മഴയിലാണ് മരണം തന്റെ നനഞ്ഞ കാലടികൾ വീഴ്ത്തുന്നത്. 'ഹിസ്കിയ, ഞാൻ നിന്നെ സ്നേഹിക്കുന്നു' എന്നാർക്കെങ്കിലും തമാശയ്ക്കായിട്ടാണെങ്കിൽപ്പോലും ഈ മഴയ്ക്കിടയിലെങ്ങാനും ഒന്നു പറഞ്ഞുകൂടേ? അന്തഃപുരത്തിലെ ഭാര്യമാരും ഉപഭാര്യമാരും അങ്ങനെയൊന്ന് എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? ആർത്തി പെരുത്ത കാമത്തിന്റെ തിരുമുൻപിൽ വച്ചെങ്ങാനും എപ്പോഴെങ്കിലും.... ഹിസ്കിയ ഇതാ തമാശ കാണിക്കാൻ പോകുന്നു. ഹിസ്കിയയ്ക്ക് മരണത്തെ പേടിയില്ല. 'ആരവിടെ?' ആ അലർച്ചയിൽ കൊട്ടാരവും വന്നുകയറിയ മരണവും നടുങ്ങി. ത്ധടിതിയിൽ ഒരു പരി

ചാരകൻ വന്നു വണങ്ങിനിന്നു. ഹിസ്കിയ രാജാവിനെക്കാൾ ആരോഗ്യമുള്ളവൻ. "പരിചാരകരെയും അടിമകളെയും വിളിക്കൂ. ഫറവോന്റെ രഥം വലിക്കുന്ന കുതിരകളെപ്പോലെ കാലു കുടയുന്ന, കറുത്ത പെണ്ണുങ്ങളെയും വിളിക്കൂ. ഈ മുറിക്കു പുറത്തും കൊട്ടാരമുറ്റത്തും പ്രവേശനകവാടത്തിലും തെരുവോരത്തും അവറ്റകളെ അണിനിരത്തൂ. 'ഞാൻ ഹിസ്കിയയെ സ്നേഹിക്കുന്നു' എന്ന് അവറ്റകൾ ഇടമുറിയാതെ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കട്ടെ. ഒരിക്കലും ഞങ്ങൾ എന്ന ബഹുവചനം പ്രയോഗിക്കരുത്. ആരെങ്കിലും അങ്ങനെ തെറ്റി പ്രയോഗിച്ചാൽ ആ നാവ് മുറിച്ചുകളയുക. കൊട്ടാരം ഹാസ്യനടനെ വിളിക്കുക. ഒരു തമാശക്കഥ അഭിനയിക്കാൻ പറയുക. അഭിനയമല്ലാത്തതൊന്നും ഇനി ഈ കൊട്ടാരത്തിൽ വേണ്ട. യഹൂദ ഭവനങ്ങളിലൊന്നും വേണ്ട. നിനക്ക് പോകാം." പരിചാരകനാകട്ടെ രാജസന്നിധിയിൽ പരിഭ്രമം ഒതുക്കിനിൽക്കുകയായിരുന്നു. ചുണ്ടു ചെറുതായി ഒന്നു കോടിയതൊഴിച്ചാൽ വിശേഷിച്ചൊരു ഭാവഭേദവും മുഖത്തുണ്ടാകാതിരിക്കാൻ അവൻ ശ്രദ്ധിച്ചിരുന്നു. നിമിഷങ്ങൾക്കുള്ളിൽ രാജകല്പന നടപ്പാക്കപ്പെട്ടു. 'ഞാൻ ഹിസ്കിയയെ സ്നേഹിക്കുന്നു' എന്ന ശബ്ദം കൊണ്ട് കൊട്ടാരവും പരിസരവും മുഖരിതമായി. ഹിസ്കിയ മരണത്തിന് തയ്യാറെടുത്തു. ഹിസ്കിയ ഇതാ നല്ല മരണം വരിക്കാൻ പോകുന്നു. ഇപ്പോഴാണ് വർത്തമാനം പറഞ്ഞിരിക്കാൻ ഒരാൾ വേണ്ടത്. ഒരു കൂട്ട്.

ഹിസ്കിയ പരിചാരകനെ കൈകൊട്ടി വിളിച്ചു. 'നീ ഈ ശബ്ദഘോഷം കേൾക്കുന്നില്ലേ?' ഹിസ്കിയ ചോദിച്ചു. 'ഉവ്വ്.' 'പറയുന്നവൻ കള്ളനാണെങ്കിലും ശബ്ദം കള്ളമല്ല. അത് വായുവിൽ അനന്തവർഷങ്ങളോളം ലയിച്ചുകിടക്കും. ഹിസ്കിയ ഇതാ, ഇപ്പോൾ അനശ്വരനാവുന്നു.' ഒന്ന് നിറുത്തി ഹിസ്കിയ അവനോടു പറഞ്ഞു: 'നീ ആ കതക് ചാരിയേക്കുക.' പരിചാരകൻ അപ്രകാരം ചെയ്തുകൊണ്ട് തിരിച്ചുവരവേ ഹിസ്കിയ ചോദിച്ചു. 'നീ കുശിനിപ്പണി ചെയ്തിട്ടുണ്ടോ?'

'ഉവ്വ്.'

'ആടിനെ കൊന്ന് പാകം ചെയ്തിട്ടുണ്ടോ?'

'ഉവ്വല്ലോ.'

'എങ്കിൽ ഇങ്ങടുത്തുവരൂ.'

ഹിസ്കിയ വളരെ സാവധാനം രാജകീയ വസ്ത്രങ്ങൾ ഒന്നൊന്നായി അഴിച്ചുമാറ്റാൻ തുടങ്ങി. അവയെല്ലാം പരിചാരകനെ ധരിപ്പിച്ചു. തന്റെ രാജകീയ ചിഹ്നങ്ങളെല്ലാം അവനിൽ പിടിപ്പിച്ചു. ഹിസ്കിയ ഇപ്പോൾ ശരിക്കും നഗ്നൻ. പുറത്ത്, 'ഞാൻ ഹിസ്കിയയെ സ്നേഹിക്കുന്നു' എന്ന വിളി തുടർന്നുകൊണ്ടിരുന്നു. 'നീ ഇപ്പോൾ ആരാണെന്നറിയാമോ?'-അവനാകട്ടെ, വിറച്ചുപോയിരുന്നു. താനിപ്പോൾ വധിക്കപ്പെടുമെന്ന് അവനു തോന്നി. ഹിസ്കിയ അവനെ രാജകീയ സിംഹാസനത്തിൽ പിടിച്ചിരുത്തി. 'നീ രാജാവാണ്. അല്ല, ദൈവമാണ്. നിന്നെപ്പോലെ മറ്റൊരു ദൈവമില്ല. ഇനി നീ കല്പിക്കുക. പ്രപഞ്ചം വീണ്ടും ഉണ്ടാകട്ടെ എന്നോ സൂര്യൻ പ്രസവിക്കട്ടെ എന്നോ ആരെങ്കിലുമൊക്കെ മരിക്കട്ടെ എന്നോ മുടന്തന്മാരും വന്ധ്യകളും മുക്കിനു മുക്കിന് ഉണ്ടാകട്ടെ എന്നോ അങ്ങനെ എന്തെങ്കിലും വിഡ്ഢിത്തം കല്പിക്കുക. മാലാഖവൃന്ദം താഴെ കാത്തു നിൽക്കുന്നു'-

അവനാകട്ടെ ഇതൊന്നുമായിരുന്നില്ല കല്പിച്ചത്. അവനിൽ ഭയം ഒഴിഞ്ഞുപോയിരുന്നു. 'പുറത്തെ ഈ ആരവം നിറുത്തുക', അവൻ പറഞ്ഞു. അടച്ചിട്ടിരിക്കുന്ന മുറിയിൽനിന്നും കല്പന പോയി. ആരവം പൊടുന്നനെ നിന്നു. ഇപ്പോൾ നിശ്ശബ്ദത രാജ്യത്തെ ആകമാനം പൊതിഞ്ഞിരിക്കുന്നു. ഹിസ്കിയയ്ക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു അത്. 'ഇറങ്ങിപ്പോടാ....' ഹിസ്കിയ അലറി. പക്ഷേ, അവന് ഇറങ്ങിയോടാൻ ആവുമായിരുന്നില്ല. രാജകീയവേഷത്തിൽ തന്നെ കണ്ടാൽ പുറത്തുനിൽക്കുന്ന പരിചാരകവൃന്ദം തന്നെ കൊന്നുകളയുമെന്ന് അവനുറപ്പുണ്ടായിരുന്നു. പക്ഷേ, രാജകല്പന ധിക്കരിക്കാൻ വയ്യ. ഇപ്പോൾ-താൻ തന്നെയല്ലേ രാജാവെന്ന് അവൻ ഒരു നിമിഷം നിനച്ചു. ആ പേടിയില്ലായ്മയിൽ അവൻ പുറത്തേക്കിറങ്ങി. മരണം കാത്തുകിടക്കുന്ന ഹിസ്കിയ രാജാവിന്റെ മുറിയിൽനിന്ന് രാജകീയവസ്ത്രങ്ങളോടെ ഇറങ്ങിവരുന്ന പരിചാരകനെ ജനം കണ്ടുകാണണം. അവനെ അവർ പിച്ചിച്ചീന്തുന്ന ശബ്ദം ഹിസ്കിയയ്ക്ക് കേൾക്കാം. അവൻ നിലവിളിച്ചുവോ? ഇല്ല. ഹിസ്കിയയെയാണ് അവർ തല തല്ലിക്കീറുന്നതെന്ന് അവൻ കരുതിക്കാണും. മരിക്കുമ്പോൾ പോലും താനുമൊരു കാണിയാണെന്ന് അവൻ തീർച്ചപ്പെടുത്തിയിട്ടുണ്ടാകും,. പക്ഷേ, മരിക്കുന്നതിനു തൊട്ടുമുൻപ് 'ഹിസ്കിയയെ ഞാൻ സ്നേഹിക്കുന്നു' എന്നവൻ ഞരങ്ങിയിരുന്നില്ലേ? അതോർത്തപ്പോൾ ഹിസ്കിയയ്ക്ക് താങ്ങാനായില്ല. അവനിരുന്ന കസേരയുടെ കാലുകളിലേക്ക് മുഖമമർത്തി നഗ്നനായ ഹിസ്കിയ കരയാൻ തുടങ്ങി. താനിപ്പോൾ ഭൃത്യനാണോ?. അതോ രാജാവോ? അതുമല്ലെങ്കിൽ ദൈവംതന്നെയോ?-കൊതി തീരുവോളം ഹിസ്കിയ കരഞ്ഞു.

പുറത്ത്, നടുമുറ്റം കടക്കും മുൻപ് തന്നെ യെശയ്യായ്ക്ക് കർത്താവിന്റെ അരുളപ്പാടുണ്ടായി. വന്നതിനെക്കാൾ വേഗതയിൽ യെശയ്യാ കൊട്ടാരത്തിന്റെ പടികൾ തിരിച്ചുകയറി. കരഞ്ഞുകൊണ്ടേയിരിക്കുന്ന രാജാവിന്റെ മുൻപിൽ മഹാപ്രവാചകൻ നിന്നു. ഹിസ്കിയയുടെ നഗ്നത കണ്ണുനീരിൽ കലങ്ങിപ്പോയിരുന്നു. 'ഹിസ്കിയ', യെശയ്യ വിളിച്ചു: 'കർത്താവരുൾ ചെയ്യുന്നു, ഞാൻ നിന്റെ പ്രാർത്ഥന കേട്ടു. നിന്റെ കണ്ണുനീർ കണ്ടു. നോക്കൂ, ഞാൻ നിന്നെ സുഖപ്പെടുത്തും. മൂന്നാം ദിവസം നീ കർത്താവിന്റെ ആലയത്തിലേക്ക് പോകും. നിന്റെ ആയുസ്സ് പതിനഞ്ചു വത്സരം കൂടി ഞാൻ ദീർഘിപ്പിച്ചു തരും. ഭയമരുത്.'

'മഹാപ്രവാചകാ, ഞാൻ പേടിച്ച് പ്രാർത്ഥിക്കുകയല്ല. പ്രാർത്ഥിച്ച് പേടിക്കുകയാണ്. ഭയം എന്റെ പ്രാർത്ഥനയാണ്. എന്റെ ബലിയാണ്. എന്നോട് കാരുണ്യം കാണിക്കുക. കാരുണ്യം. കാരുണ്യം....

-ആഹാസിന്റെ സൂര്യഘടികാരത്തിൽ സൂര്യൻ പത്തുപടി പിന്നോക്കം പോയി. ഹിസ്കിയ പിന്നെയും ദീർഘനാൾ ജീവിച്ചിരുന്നു.

അനിതാതമ്പി

പ്രാർത്ഥന

രാത്രിവാനിൻ പടർച്ചില്ലമേൽ, ഇല-
ത്തുള്ളികൾപോലെ നക്ഷത്രദൃഷ്ടികൾ
കണ്ടുകണ്ടു കൺവട്ടം നിറയ്ക്കുവാൻ
രാത്രിയെന്റെ മിഴിയായിരിക്കണേ

പാട്ടും പെയ്യും മുകിൽക്കാടുകൾക്കിട-
യ്ക്കൂതിയൂതിത്തളർന്ന പുല്ലാങ്കുഴൽ
പോലെയാമുടൽക്കൂടും! നിലയ്ക്കാത്ത
കാറ്റെനിക്കു ചിറകായിരിക്കണേ


വേനലിന്റെ വിയർപ്പിനെയുള്ളിലെ-
ത്തീയുണക്കുന്നൊരുപ്പായ ജീവിതം
സ്നേഹമാണ്, വെറുപ്പാണ്, ദൈവമേ
ലോകമെന്റെ മനസ്സായിരിക്കണേ

നീലനീലക്കിനാവണ്ടികൾ വന്നു
നിന്നു നീങ്ങുമിത്തീവണ്ടിശാലയിൽ
വന്നിരിക്കുന്നു! ഭീതികൾ താണ്ടുവാൻ
മൃത്യുവെന്റെ ഉയിരായിരിക്കണേ.

കെ.വി.രവിശങ്കർ

സൂര്യക്ഷേത്രത്തിൽ ഇരുൾ പരക്കുന്നു

ഇന്ത്യയുടെ ക്ഷേത്രനഗരമായ ഭുവനേശ്വറിനെയും പുരി, കൊണാർക്ക് ക്ഷേത്രസമുച്ചയങ്ങളെയും ബന്ധിപ്പിച്ച് പിപ്പിലി, ഉദയഗിരി, ഖണ്ഡഗിരി ഗുഹകളെയും ഉൾപ്പെടുത്തി കേന്ദ്ര ടൂറിസം വകുപ്പ് പുതിയൊരു വിനോദസഞ്ചാര മേഖല വികസിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇത് കൊണാർക്കിലെ സൂര്യക്ഷേത്രമടക്കമുള്ളവയുടെ നിലനില്പിനുതന്നെ ഭീഷണിയായിത്തീർന്നിരിക്കുന്നു.



രഥചക്രവും ശില്പങ്ങളും

വംഗസമുദ്രത്തിലെ തണുത്ത കാറ്റ് തല തഴുകി കടന്നുപോകുന്നു. വഴിയരികിൽ നിരനിരയായി നില്ക്കുന്ന കാറ്റാടിമരങ്ങൾ ചൂളംവിളിക്കുന്നു. പാതവക്കത്തെ കച്ചവടക്കാർ സഞ്ചാരികളെ ആകർഷിക്കാനായി ചിത്രങ്ങളും, കൊച്ചു ശില്പങ്ങളുമെല്ലാം കൈകളിൽ എടുത്തുകാണിച്ച് ഒറിയ ഭാഷയിൽ എന്തൊക്കെയോ വിളിച്ചുപറഞ്ഞ് അവരെ മാടിവിളിക്കുന്നു. ഈ കൊച്ചുപട്ടണത്തിലേക്കു ഞങ്ങളെ കൊണ്ടുവന്ന വയസ്സൻബസ്സ് കറുത്ത പുകതുപ്പി തിരിച്ചുപോയി.

"ഈ തീരം പവിത്രമാണ്. ഇതു ജനങ്ങളുടെ പരമ്പരാഗത സ്വത്താണ്. ഇതു സ്വകാര്യവത്കരിക്കാൻ ഞങ്ങളനുവദിക്കില്ല."

വികസനദാഹികളുടെ വിനോദസഞ്ചാര വ്യവസായത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങൾക്കുനേരേ പ്രതിഷേധത്തിന്റെ സ്വരങ്ങൾ കൈക്കൊണ്ടെഴുതിയ പോസ്റ്ററുകൾ മരച്ചില്ലകളിൽ അവിടവിടെയായി തൂങ്ങിക്കിടക്കുന്നു.

സൂര്യൻ തലയ്ക്കുമുകളിൽ എത്തിയിട്ടില്ലെങ്കിലും അന്തരീക്ഷത്തിനു ചൂടുപിടിച്ചിരിക്കുന്നു. ഉപ്പുകലർന്ന ഈ തണുത്ത കാറ്റും ആശ്വാസംതന്നെയാണ്. ഇരുവശത്തും വഴിവാണിഭക്കാരും ഭിക്ഷക്കാരും നിറഞ്ഞിരിക്കുന്ന ആ വഴി അവസാനിക്കുന്നിടത്ത് ... ആഹ്ളാദത്തിലാഴ്ത്തി ആ വലിയ ക്ഷേത്രഗോപുരത്തിന്റെ മുകൾവശം സൂര്യകിരണമേറ്റു തിളങ്ങുകയാണ്.


"ആയിയേ! ജഗന് മോഹന ദേഖേ ജാഓ!!" ഒരു ഉത്തരേന്ത്യൻ സഞ്ചാരിക്ക് ആഹ്ളാദം അടക്കാനായില്ല.

സഞ്ചാരികളിലൊരുവനായി പതുക്കെ നടക്കാനാഗ്രഹിച്ചെങ്കിലും മനസ്സിന്റെ മറ്റേപ്പാതി അതിനനുവദിച്ചില്ല. എത്രയുംവേഗം ശില്പഭംഗിയാർന്ന ഈ മഹാദ്ഭുതം കാണണം. ചുറ്റുമതിൽ താണ്ടി വിശാലമായ പുൽപ്പരപ്പിലേക്കു കടക്കുമ്പോൾ വിസ്മയം അതിന്റെ എല്ലാ അർത്ഥത്തിലും അനുഭവിച്ചറിഞ്ഞു. വായിച്ചും കേട്ടുമറിഞ്ഞിട്ടുണ്ട്. എന്നാലും കൊണാർക്കിലെ സൂര്യക്ഷേത്രത്തിന് ഇത്രയേറെ ഭംഗിയോ? ചില ഭാഗങ്ങൾ അടർന്നുപോയിരിക്കുന്നുവെങ്കിലും കറുത്ത കല്ലുകളിൽ പടുത്തുയർത്തിയ ആ മനോഹരസൗധം ഇന്നും ആരെയും ആകർഷിക്കാൻ പോന്നതുതന്നെ.

ഭാരതീയ പുരാണങ്ങളിലൂടെയും ഇതിഹാസങ്ങളിലൂടെയും ആഴ്ന്നിറങ്ങി ശൈശവവും ബാല്യവും പിന്നിടുന്ന ഒരു വ്യക്തിക്കു സൂര്യനെപ്പറ്റി ഒരുപാടു കാഴ്ചപ്പാടുകൾ മനസ്സിലുറച്ചിരിക്കും. മുത്തശ്ശിക്കഥകളിലൂടെ സൂര്യദേവന്റെ രൂപംതന്നെ മനസ്സിൽ വരച്ചുവച്ചിരിക്കുന്നു. ഏഴു വെള്ളക്കുതിരകളെ പൂട്ടിയ, അതിമനോഹരമായ കൊത്തുപണികളുള്ള, പന്ത്രണ്ടുചക്രങ്ങളുള്ള, കൂറ്റൻ സ്വർണ്ണരഥത്തിൽ തേരാളിയായ അരുണനെ നോക്കി, തേജസ്സാർന്ന മുഖവും അസ്ത്രങ്ങളുമായി പ്രൗഢിയോടെ പുഞ്ചിരിക്കുന്ന സൂര്യഭഗവാന്റെ രൂപം പുരാണങ്ങൾ സങ്കല്പിച്ചുവച്ചിട്ടുണ്ട്. ഇതു യാഥാർത്ഥ്യമാണോ എന്നു തോന്നുമാറ് കൂറ്റൻ രഥത്തിന്റെ ആകൃതിയിലാണ് കൊണാർക്കിലെ സൂര്യക്ഷേത്രം പണികഴിപ്പിച്ചിരിക്കുന്നത്. കല്ലിൽത്തീർത്ത ഏഴു കൂറ്റൻ കുതിരകൾ ഇപ്പോൾ ഇവിടെ കാണാനൊത്തില്ലെന്നു വരാം. എന്നാൽ അംഗഭംഗം ബാധിച്ചതാണെങ്കിലും അവയിൽ ചിലതെങ്കിലും പ്രൗഢിയോടെ നിലനില്ക്കുന്നുണ്ട്. ഏഴു രാശികളെയാണ് ഈ സപ്താശ്വങ്ങൾ പ്രതിനിധാനം ചെയ്യുന്നതെന്നാണു വിശ്വാസം. പന്ത്രണ്ടു മാസങ്ങളെ പ്രതിനിധാനം ചെയ്യുന്ന പന്ത്രണ്ടു കൂറ്റൻ രഥചക്രങ്ങൾ ഇന്നു ഭാരതത്തിന്റെ സാംസ്കാരികമുദ്രയായിത്തന്നെ പലരും അംഗീകരിക്കുന്നു. മൂന്നുമീറ്റർ ഉയരമുള്ള ഓരോ രഥചക്രവും എട്ടു കാലുകളോടുകൂടിയതും അവയോരോന്നും എട്ടു യാമങ്ങളുടെ പ്രതീകങ്ങളുമായി സങ്കല്പിക്കുന്നു. രഥചക്രങ്ങളിൽ രണ്ടോ, മൂന്നോ എണ്ണം മാത്രമേ ഇപ്പോൾ അതിന്റെ പൂർവ്വാവസ്ഥയിൽ നില്ക്കുന്നുള്ളൂ. മറ്റു പലതും വക്കുകൾ പൊട്ടിയും വൃ...

ഭംഗം സംഭവിച്ചും ശില്പഭംഗി നഷ്ടപ്പെട്ടു കഴിഞ്ഞ അവസ്ഥയിലാണ്. രഥചക്രങ്ങളാണ് കൊണാർക്കിന്റെ ഏറ്റവും മനോഹരമായ ഭാഗങ്ങളെന്നു തോന്നുന്നുവെങ്കിൽ അദ്ഭുതപ്പെടാനില്ല. അത്ര മനോഹരങ്ങളാണവ. എത്ര സൂക്ഷ്മതയോടെയാണെന്നോ അവയോരോന്നും കൊത്തിയിട്ടുള്ളത്. എഴുപതു മീറ്ററോളം ഉയരമുണ്ടായിരുന്ന ശ്രീകോവിലിന്റെ മുകൾഭാഗം വർഷങ്ങൾക്കുമുൻപു നിലംപതിച്ചുവെങ്കിലും അതിന്റെ ഭംഗി എത്രമാത്രമായിരുന്നുവെന്നറിയാൻ ബാക്കി ഭാഗങ്ങൾ കണ്ടാൽ മതി.

'ബ്ലാക്ക് പഗോഡ' (Black Pagoda) എന്നു വിദേശിയർ വിശേഷിപ്പിക്കുന്ന സൂര്യക്ഷേത്രത്തിനു മൂന്നു ബൃഹത്തായ പ്രവേശന കവാടങ്ങളുണ്ടായിരുന്നു. ഓരോ കവാടത്തിനും മുകളിൽ കൊത്തിവച്ചിട്ടുള്ള വലിയ സൂര്യശില്പങ്ങൾ. പ്രഭാതസൂര്യനെയും, മദ്ധ്യാഹ്നസൂര്യനെയും സായഹ്നസൂര്യനെയും പ്രതിനിധീകരിക്കുന്നു. കൈകളിൽ വിടർന്ന താമരപ്പൂവുമായി നിന്നിരുന്നു എന്നു കരുതപ്പെടുന്ന ഈ വിഗ്രഹങ്ങളുടെയൊന്നും കൈകൾ ഇന്ന് ആ സ്ഥാനത്തില്ല. ആരോ വെട്ടിമാറ്റിയ നിലയിലാണ് അവയെല്ലാം കാണുന്നത്. എന്നാലും ആ വിഗ്രഹങ്ങളുടെ മുഖത്തുനോക്കുന്ന ഏതൊരാളും ഒരുനിമിഷം ആ രൂപത്തിൽ ആകൃഷ്ടനായി നിന്നുപോകും. അതികഠിനമായ ഒരുതരം കറുത്ത കല്ലിൽ കൊത്തിയെടുത്ത സൂര്യവിഗ്രഹങ്ങൾ ശില്പകലയുടെ സകല സൗന്ദര്യവും ആവാഹിച്ചെടുത്തിരിക്കുന്നു. ഈ വിഗ്രഹങ്ങൾക്കു തൊട്ടുതാഴെ സൂര്യഭക്തനെയും കല്ലിൽ കൊത്തിയെടുത്തിട്ടുണ്ട്. സൂര്യക്ഷേത്രം പണികഴിപ്പിച്ച രാജാ നരസിംഹദേവന്റേതാണ് രാജകീയവേഷത്തിലുള്ള ഈ ശില്പമെന്നു സഞ്ചാരികളോടു വാതോരാതെ വിവരണം നല്കുന്ന ടൂറിസ്റ്റ് ഗൈഡ് പറയുന്നുണ്ടായിരുന്നു.



കൊണാർക്കിലെ രതിശില്പങ്ങളും, നാഗശില്പങ്ങളും

ശാപമോക്ഷത്തിനു ക്ഷേത്രനിർമ്മാണം

ഇന്ത്യയിലെ ഏറ്റവും വലിയ സൂര്യദേവാലയമായ കൊണാർക്ക് സൂര്യക്ഷേത്ര നിർമ്മാണവുമായി ബന്ധപ്പെട്ട ഐതിഹാസികവും ചരിത്രപരവുമായ നിരവധി കഥകളുണ്ട്. ശ്രീകൃഷ്ണന്റെയും ജാംബവതിയുടെയും പുത്രനായ സാംബന്റെ സുമുഖതയിലും, സൗകുമാര്യത്തിലും അസൂയാലുവായ നാരദൻ സാംബനെ തെറ്റിദ്ധരിപ്പിച്ച് കൃഷ്ണന്റെ കളിക്കൂട്ടുകാരായ ഗോപികമാരുടെ കുളക്കടവിലെത്തിക്കുകയും സൂത്രത്തിൽ അവിടെനിന്നു മുങ്ങുകയും കൃഷ്ണനെ സംഭവസ്ഥലത്തേക്ക് ആനയിക്കുകയും ചെയ്തു. സാംബന്റെ രൂപഭംഗിയിൽ ആകൃഷ്ടരായി നില്ക്കുന്ന ഗോപികമാരെയും അവരുടെ അർദ്ധനഗ്നതയിൽ അന്ധാളിക്കുന്ന സാംബനെയുമാണ് കൃഷ്ണൻ ദർശിക്കുന്നത്. കോപാന്ധനായ കൃഷ്ണൻ സാംബന്റെ ശരീരം മുഴുവൻ കുഷ്ഠം ബാധിക്കട്ടെ എന്നു ശപിച്ചു. സാംബൻ തന്റെ നിരപരാധിത്വത്തിന് ശാപമോക്ഷം തരണമെന്ന് അപേക്ഷിക്കുകയും ചെയ്തു. ഒരിക്കൽ ശപിച്ചുകഴിഞ്ഞാൽ ആ ശാപം തിരിച്ചെടുക്കാനാവില്ലെന്നു പറഞ്ഞു നിസ്സഹായത്വം പ്രകടിപ്പിച്ച കൃഷ്ണൻ ശാപമോക്ഷം ലഭിക്കാൻ എല്ലാ ത്വഗ്രോഗങ്ങളും സുഖപ്പെടുത്താൻ കഴിവുള്ള സൂര്യഭഗവാനെ തപസ്സുചെയ്തു പ്രീതിപ്പെടുത്താൻ ഉപദേശിച്ചു. നീണ്ട പന്ത്രണ്ടുവർഷത്തെ ഉഗ്രതപസ്സിനുശേഷം സൂര്യഭഗവാനെ പ്രീതിപ്പെടുത്തിയ സാംബൻ ശാപമോക്ഷം ലഭിച്ചശേഷം സൂര്യദേവന് ഉചിതമായ ഒരു വഴിപാടെന്ന നിലയിൽ ക്ഷേത്രനിർമ്മാണമാരംഭിച്ചു. സിന്ധുവിന്റെ കൈവഴിയായ പഞ്ചാബിലെ ചെനാബ് നദിക്കരയിലായിരുന്നു സാംബന്




സൂര്യക്ഷേത്രനടയിലെ ഗജരാജശില്പം



കൊണാർക്കിലെ ശില്പഭംഗി: സ്ത്രീശില്പങ്ങളും നാഗശില്പങ്ങളും

സൂര്യക്ഷേത്രം നിർമ്മിച്ചത്. ചന്ദ്രബാഗ് എന്നറിയപ്പെടുന്ന ഇവിടത്തെ തടാകത്തിൽ ശാപമോക്ഷം ലഭിച്ചശേഷം സ്നാനത്തിനിറങ്ങിയ സാംബന് ഒരു ദേവരൂപം ലഭിച്ചു എന്നും; വിശ്വകർമ്മാവ് അതിനെ സൂര്യദേവന്റെ വിഗ്രഹമാക്കി മാറ്റിയെന്നുമാണ് വിശ്വാസം. പിന്നീടു കടലിനോടു വളരെ അടുത്തുകിടക്കുന്ന കൊണാർക്കിലെ ജലശേഖരവും പരിസരവും സൂര്യാരാധനയുടെ ഏറ്റവും പവിത്രവും പ്രധാനപ്പെട്ടതുമായ ഒരു കേന്ദ്രമായി വളരുകയും, ഈ സ്ഥലവും ചന്ദ്രഭാഗ എന്നറിയപ്പെട്ടിരുന്നു എന്നും ചില ഗവേഷകർ പറയുന്നു. കൊണാർക്ക് സൂര്യാരാധനയുടെ കേന്ദ്രമായി വളർന്നപ്പോൾ ചന്ദ്രഭാഗിൽനിന്നും സൂര്യവിഗ്രഹം ഇവിടെ പുനഃപ്രതിഷ്ഠിച്ചു എന്നും പറയപ്പെടുന്നു. ജലാശയം ഇന്നു കൊണാർക്കിലില്ലെങ്കിലും ക്ഷേത്രത്തിനോടു ചേർന്നുള്ള ചില അടയാളങ്ങൾ പണ്ടിവിടെ ഒരു തടാകം നിലനിന്നിരുന്നു എന്നതിനു തെളിവായി ചൂണ്ടിക്കാണിക്കുന്നുണ്ട്.


സൂര്യക്ഷേത്രത്തിലെ കുതിരയുടെ ശില്പം

ആയിരത്തി ഇരുനൂറു ശില്പങ്ങൾ

അക്ബറിന്റെ രാജസദസ്സിനെ അലങ്കരിച്ചിരുന്ന പ്രശസ്ത കവിയും ചരിത്രപണ്ഡിതനുമായ അബ്ദുൾഫസലിന്റെ 'ആയിനി അക്ബരി' എന്ന ഗ്രന്ഥത്തിൽ പുരിയിലെ പ്രശസ്തമായ ജഗന്നാഥക്ഷേത്രത്തിനു സമീപം സൂര്യദേവനു സമർപ്പിക്കപ്പെട്ട ഒരു ആരാധനാലയമുണ്ടെന്നും ആ പ്രവിശ്യയിലെ പന്ത്രണ്ടുവർഷത്തെ മുഴുവൻ വരുമാനവും ഉപയോഗിച്ച് 1200 ശില്പികൾ പകൽ മുഴുവൻ പണിയെടുത്തു പൂർത്തീകരിച്ച ഈ ക്ഷേത്രം ഏതൊരാളെയും അദ്ഭുതപരതന്ത്രനാക്കുമെന്നും വിവരിക്കുന്നു. മനോഹരമായ കൊത്തുപണികളോടുകൂടിയ ഈ ക്ഷേത്രത്തിനു മൂന്നു കൂറ്റൻ പ്രവേശനകവാടങ്ങളുണ്ടെന്നും ക്ഷേത്രത്തിന്റെ കിഴക്കുഭാഗത്ത് മനുഷ്യനെ തുമ്പിക്കൈയിലേറ്റി നില്ക്കുന്ന രണ്ടു കൂറ്റൻ ആനകളുടെ ശില്പം കല്ലിൽ കൊത്തിവച്ചിരിക്കുന്നുവെന്നും, ശത്രുവിനെ ചവിട്ടിനില്ക്കുന്ന കുതിരയും കുതിരയെ തെളിക്കുന്ന പടയാളിയും പടിഞ്ഞാറുവശത്തും സ്ഥിതിചെയ്യുന്നു എന്നും അദ്ദേഹം വിവരിക്കുന്നു. വടക്കുവശത്തെ പ്രവേശനകവാടത്തിനു മുന്നിൽ ആനയുമായി പൊരുതുന്ന രണ്ടു കടുവകളുടെ കൂറ്റൻ ശില്പവും കണ്ടുവെന്ന് അബ്ദുൾഫസൽ രേഖപ്പെടുത്തുന്നു. അമ്പതടി ഉയരത്തിലുള്ള ഒരു ഭീമാകാരമായ കല്ല് ക്ഷേത്രത്തിനുമുന്നിൽ സ്ഥിതിചെയ്യുന്നു എന്നും, ഒമ്പതു പടികൾ കയറി മുകളിൽ എത്തുമ്പോൾ ക്ഷേത്രത്തിന്റെ അതിവിശാലമായ അങ്കണവും, അവിടെ സൂര്യനെയും, നവഗ്രഹങ്ങളെയും കൊത്തിവച്ചിരിക്കുന്നതും അതിനുചുറ്റുമായി ഇരിക്കുന്നതും, നില്ക്കുന്നതും, തലകുമ്പിട്ടു നില്ക്കുന്നതും, ചിരിക്കുന്നതും, കരയുന്നതുമായ നിരവധി രൂപങ്ങളിലും ഭാവങ്ങളിലുമുള്ളവ അതിമനോഹരമായി അലങ്കരിച്ചുവച്ചിരിക്കുന്നു എന്ന് അബ്ദുൾഫസൽ വർണ്ണിക്കുന്നുണ്ട്. ക്രിസ്തുവിനു ശേഷം 1556-നും 1605-നും ഇടയ്ക്ക് അക്ബർ രാജാവിന്റെ രാജസദസ്സിലായിരുന്നു ഫസൽ ജീവിച്ചിരുന്നത് എന്നതിനാൽ ഏകദേശം 750 വർഷങ്ങൾക്കുമുൻപാണ് ഈ ക്ഷേത്രം പണിപൂർത്തിയാക്കിയതെന്നു കരുതപ്പെടുന്നു. ചോഡ-ഗംഗാ രാജവംശത്തിലെ നരസിംഹദേവനാണ് ഈ ക്ഷേത്രം ഇന്നത്തെ അവസ്ഥയിൽ പണികഴിപ്പിച്ചതെന്നു ചരിത്രകാരന്മാർ വിശ്വസിക്കുന്നു. അബ്ദുൾഫസലിന്റെ വിവരണങ്ങൾ ശരിയാണെങ്കിലും ക്ഷേത്രഗോപുരത്തിനു പുറത്തെ കൂറ്റൻ ശില്പങ്ങളുടെ ദിശയെപ്പറ്റി പലരും സംശയം പ്രകടിപ്പിക്കുന്നുണ്ട്.

സൂര്യദേവനെ വണങ്ങി പതുക്കെ ആ കൂറ്റൻ രഥചക്രങ്ങളിലൊന്നിൽ സ്പർശിച്ചു. അറിയാതെ തന്നെ അവിടെനിന്നു മിഴി പതുക്കെ തൊട്ടടുത്ത ശില്പങ്ങളിലേക്കു നീങ്ങി. രതിയുടെ നൂറുനൂറു ഭാവങ്ങൾ കല്ലിൽ കൊത്തിയെടുത്തിരിക്കുന്ന മനോഹരമായ ശില്പങ്ങൾ. പല വലിപ്പത്തിലും ആകൃതിയിലുമുള്ളവ. സഞ്ചാരികളിൽ ചിലർ ശില്പങ്ങൾ നോക്കി പതുക്കെ എന്തൊക്കെയോ പറയുന്നുണ്ട്. ലജ്ജകൊണ്ടു പെട്ടെന്നു മുഖംതിരിച്ചു വേഗത്തിൽ മുന്നോട്ടു നീങ്ങുന്ന പെൺകുട്ടികൾ. ശില്പഭംഗി ക്യാമറയിൽ പകർത്തുന്ന വിദേശസഞ്ചാരി.

ഒരു മനുഷ്യജന്മത്തിൽ അവൻ അനുഭവിക്കുന്ന എല്ലാ വികാരങ്ങളും, പ്രചോദനങ്ങളും, പ്രവൃത്തികളും പവിത്രമായ അവന്റെ ജീവിതത്തിന്റെ ഭാഗമാണ്. രതിയുടെ വിവിധ ഭാവങ്ങൾ ജീവിതസാക്ഷാത്കാരത്തിന്റെ ഭാഗമാണെന്നും താന്ത്രികസാധനയാണെന്നും വിശ്വസിച്ചിരുന്ന ഒരു സംസ്കാരത്തിന്റെ പൊരുളാണ് ഈ ശില്പങ്ങളിലൂടെ ആവിഷ്കരിച്ചിരിക്കുന്നതെന്നു മനസ്സിലാക്കി ഇവിടെയെത്തുന്ന സഞ്ചാരികൾ വിരലിലെണ്ണാവുന്നവരേ ഉണ്ടാവൂ. ഇവിടത്തെ രതിശില്പങ്ങൾ കാണുന്നതിലും ആസ്വദിക്കുന്നതിലും ഒട്ടും നാണിക്കേണ്ട ആവശ്യമില്ലെന്നും അവയോരോന്നും ഓരോ വ്യക്തിയുടെയും ജീവിതത്തിന്റെ ഭാഗമാണെന്നും ഇപ്പോൾ ക്ഷേത്രത്തിന്റെ സംരക്ഷകരായ ഭാരത പുരാവസ്തു വകുപ്പിലെ ഒരുദ്യോഗസ്ഥൻ പറഞ്ഞു. കൊണാർക്കിനെ പ്രശസ്തമാക്കിയതിൽ ഖജുരാഹോവിലെപ്പോലെ തന്നെ ജീവൻ തുടിക്കുന്ന ഈ രതിശില്പങ്ങൾക്കും വലിയ പങ്കുണ്ട്. സ്ത്രീശരീരത്തിന്റെ മുഴുവൻ ആകർഷണീയതയും പ്രദർശിപ്പിച്ച് വിവിധ സംഗീതോപകരണങ്ങൾ വായിക്കുന്ന നിരവധി സ്ത്രീശില്പങ്ങൾ ഇവിടെ കാണാം. കർണ്ണാഭരണങ്ങൾ ധരിക്കുന്ന സ്ത്രീ, കുഞ്ഞിനെ മുലയൂട്ടുന്ന സ്ത്രീ, കൈവെള്ളയിൽ വച്ച പക്ഷിക്കുഞ്ഞിനെ താലോലിക്കുന്ന സ്ത്രീ, കൈകൊണ്ടു മാറിടം മറച്ചു ലജ്ജാവിവശയായ സ്ത്രീ, വിളക്കുമായി നില്ക്കുന്ന സ്ത്രീ എന്നിങ്ങനെ സ്ത്രീയുടെ അനവധി മുഖങ്ങൾ കല്ലിൽ കൊത്തിവച്ചിരിക്കുന്നു. ഇണചേരലിന്റെ വിവിധ ഭാവങ്ങളിലിരിക്കുന്ന സ്ത്രീപുരുഷന്മാർ, പക്ഷികൾ, മൃഗങ്ങൾ, നാഗങ്ങൾ, പുഷ്പങ്ങൾ തുടങ്ങിയ മറ്റു ശില്പങ്ങളും നിരവധിയാണ്. സ്ത്രീശരീരത്തിന്റെ ഓരോ നിമ്നോന്നതയും കൃത്യമായും, മനോഹരമായും കൊത്തിവച്ച കലാകാരൻ, തന്റെ ഉള്ളിന്റെയുള്ളിൽ ഉടലെടുക്കുന്ന കാമം മുഴുവൻ മികച്ച സൗന്ദര്യബോധത്തോടെ അപ്പോഴപ്പോൾ ഈ ശില്പങ്ങളിലേക്ക് ആവാഹിച്ചതാണോ എന്നു തോന്നിപ്പോകും.

അബ്ദുൾഫസൽ വിവരിച്ച ആനയുടെയും കുതിരയുടെയും കടുവയുടെയുമെല്ലാം ശില്പങ്ങൾ ഉയർത്തിക്കെട്ടിയ പ്ളാറ്റ് ഫോമുകളിലാണ് ഇപ്പോൾ നിലനില്ക്കുന്നത്. ഇന്ത്യയിലെ ഏറ്റവും മികച്ച മൃഗശില്പങ്ങളാണ് ഇവയെന്നു വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. കുതിരയുടെ തലയെടുപ്പും മാംസപേശികളുടെ മുഴുപ്പും ശ്രദ്ധിക്കുമ്പോൾ എത്രമാത്രം ശ്രദ്ധയോടെയാണ് ആ ശില്പം ഉണ്ടാക്കിയതെന്നു മനസ്സിലാകും. പടയാളിയുടെ തല നഷ്ടപ്പെട്ട നിലയിലാണെങ്കിലും അതിന്റെ ഭംഗി ഇപ്പോഴും നിലനില്ക്കുന്നതായി തോന്നും. ഈ മൃഗശില്പങ്ങൾ കാണുമ്പോൾ രതിക്കൊപ്പം യുദ്ധരംഗങ്ങളും ചിത്രീകരിക്കാൻ ശില്പികൾ ശ്രദ്ധിച്ചിരുന്നുവെന്നു മനസ്സിലാകും. ആനകൾ തമ്മിലുള്ള പോരും, കുന്തത്തിൽ കോർത്ത പടയാളിയുമെല്ലാം ഇതിനു തെളിവായി നില്ക്കുന്നു.

ക്ഷേത്രത്തിന്റെ കിഴക്കുവശത്തായി സ്ഥിതിചെയ്യുന്ന കൂറ്റൻ നൃത്തമണ്ഡപം കാണേണ്ടതുതന്നെയാണ്. നൂറ്റാണ്ടുകൾക്കുമുൻപ്, ഇന്നും ജീവൻ തുടിക്കുന്ന തരത്തിൽ കൊത്തിയെടുത്ത നൃത്തശില്പങ്ങൾ പണിതീർത്ത പെരുന്തച്ചന്മാർ എത്രയെത്ര ഭാവങ്ങളാണ് തന്മയത്വത്തോടെ ആവാഹിച്ചെടുത്തിട്ടുള്ളത് എന്നു മനസ്സിലാക്കണമെങ്കിൽ പ്രസിദ്ധമായ കൊണാർക്ക് നൃത്തോത്സവത്തിന് അണിഞ്ഞൊരുങ്ങിയെത്തിയ ഒഡീസ്സി, കുച്ചുപ്പുടി നർത്തകിമാർ ചടുലമായ പദവിന്യാസത്തോടെ നൃത്തമുഹൂർത്തങ്ങൾ പുനരാവിഷ്കരിക്കുന്നതു നേരിൽ കാണുകതന്നെ വേണം. അവർ അവതരിപ്പിക്കുന്ന ഓരോ നിശ്ചലഭാവവും ആ ശില്പങ്ങളിൽനിന്നെടുത്തതാണെന്നു നിസ്സംശയം പറയാം.



വ്യാളീശില്പം

ഒറീസ്സയുടെ തലസ്ഥാനമായ ഭുവനേശ്വറിൽനിന്ന് 65 കിലോമീറ്റർ അകലെയാണ് കൊണാർക്ക്. ബംഗാൾ ഉൾക്കടലിൽനിന്നു 3 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രത്തിനു പ്രസിദ്ധമായ പുരി ജഗന്നാഥക്ഷേത്രത്തിൽനിന്നു 30 കിലോമീറ്റർ മാത്രമേ ദൂരമുള്ളൂ. ഇന്ത്യയുടെ ക്ഷേത്രനഗരമായ ഭുവനേശ്വറിനെയും, പുരി, കൊണാർക്ക് ക്ഷേത്രസമുച്ചയങ്ങളെയും ബന്ധിച്ച് പിപ്പലി, ഉദയഗിരി, ഖണ്ഡഗിരി ഗുഹകളെയും ഉൾപ്പെടുത്തി ഇന്ത്യാഗവൺമെന്റിന്റെ ടൂറിസം വകുപ്പ് പുതിയ ഒരു വിനോദസഞ്ചാരമേഖല വികസിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കയാണ്. കൊണാർക്കിലെ സൂര്യക്ഷേത്രമടക്കമുള്ളവയുടെ നിലനില്പിനെത്തന്നെ ബാധിക്കുന്ന ഭീഷണിയാണിത്. പഴയ പശ്ചാത്തലത്തിന് ഒരു തടസ്സമുണ്ടാകാത്തവിധം വിനോദസഞ്ചാരം വികസിപ്പിക്കുമെന്നു ഭാരതസർക്കാർ ആണയിടുന്നുണ്ടെങ്കിലും സംസ്ഥാന അധികൃതർ ഈ ടൂറിസ്റ്റ് സർക്യൂട്ടിന്റെ മറപിടിച്ച് മനോഹരവും വിശാലവുമായ കടൽത്തീരവും കുറേയധികം കാടുകളും അന്തർദ്ദേശീയ ഹോട്ടൽശൃംഖലകൾക്കും മറ്റു സ്വകാര്യ വ്യക്തികൾക്കും തുച്ഛമായ നിരക്കിൽ നല്കാൻ നടപടികളെടുത്തു വരികയാണ്. കൊണാർക്ക് ക്ഷേത്രത്തിന്റെ ഏറ്റവും വലിയ ഭീഷണിയായ ഉപ്പുകാറ്റിനെ കുറച്ചെങ്കിലും ചെറുക്കുന്നത് കടൽത്തീരം മുതൽ ക്ഷേത്രസമുച്ചയംവരെ നിലനില്ക്കുന്ന കാടുകളാണ്. കൊണാർക്ക് ഡീർസാങ്ച്വറിയും ഇതിന്റെ ഭാഗമാണ്. ഇവിടെ കുറേയധികം കാടും, ബീച്ചും വൻകിട ഹോട്ടലുകൾ നടത്താൻ വിട്ടുകൊടുക്കുന്നതിലൂടെ സസ്യാവരണം നശിക്കാനിടവരികയും ക്ഷേത്രനിർമ്മാണത്തിനുപയോഗിച്ചിരിക്കുന്ന പ്രത്യേകതരം കല്ലുകൾ (sand stones) ദ്രവിക്കുന്നതു വേഗത്തിലാവുകയും ചെയ്യുമെന്നു പുരാവസ്തു വിദഗ്ദ്ധരും പരിസ്ഥിതി പ്രവർത്തകരും ഭയപ്പെടുന്നു. ഇതിനെതിരേ ചെറിയ ജനകീയ പ്രതികരണങ്ങൾ പുറത്തുവന്നു തുടങ്ങിയിട്ടുണ്ടെങ്കിലും സംഗതി ആശാവഹമല്ലെന്നു കാണാം.

ബംഗാൾ ഉൾക്കടലിൽനിന്നുള്ള കാറ്റിന്റെ ഗതിവേഗം പലപ്പോഴും പല നിരക്കിലായതിനാൽ കാറ്റിന്റെ കാഠിന്യത്തെ ചെറുക്കാൻ നട്ടുവളർത്തിയ കാറ്റാടിമരങ്ങൾ നിലനില്ക്കാൻ തന്നെ പ്രയാസപ്പെടുകയാണ്. ഗ്ലാസ്സുകൊണ്ടുള്ള മറ കടലിനഭിമുഖമായ വശത്തു തീർക്കുകയാണെങ്കിൽ ഭംഗി നഷ്ടപ്പെടുത്താതെ ഈ സ്മാരകം നിലനിർത്താനാകുമെന്നു ചില വിദഗ്ദ്ധർ അഭിപ്രായപ്പെട്ടെങ്കിലും അതു നടപ്പിലാക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടും സാമ്പത്തിക ബുദ്ധിമുട്ടും കാരണം മാറ്റിവച്ചിരിക്കയാണെന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. ടാജ്മഹലിന് യമുനയുടെ തീരത്തുള്ള രാസവ്യവസായശാലകൾ ഭീഷണിയാണെങ്കിൽ കൊണാർക്കിനു പ്രകൃതിതന്നെയാണ് ഏറ്റവും വലിയ ഭീഷണിയാകുന്നത്. സംരക്ഷണത്തിനു വൈകുന്ന ഓരോ ദിവസവും വിലപ്പെട്ടതാണ്. ഇനിയും വൈകിയാൽ ഇപ്പോൾ നിലനില്ക്കുന്ന കൂറ്റൻ ഗോപുരംപോലും നിലംപൊത്തുമെന്ന ഭീഷണിയിലാണ്. ക്രെയിനും മറ്റ് ആധുനിക ഉപകരണങ്ങളും ഇല്ലാതി

ന്ന ഒരുകാലത്ത് ഭീമാകാരമായ വലിയ കല്ലുകൾ ഇത്രയും ഉയരത്തിൽ സ്ഥാപിച്ച് വിസ്മയം സൃഷ്ടിച്ച പഴയ ശില്പികളുടെ സ്വപ്നഭൂമിയിൽ തന്നെ അത് അടർന്നുവീഴുകയാണെങ്കിൽ ഭാരത സംസ്കാരത്തിനാകെത്തന്നെ വൻ നഷ്ടമാകുമെന്ന കാര്യത്തിൽ സംശയമില്ല.

ഒറീസ്സയുടെ കടൽത്തീരവും കാടുകളും രാഷ്ട്രീയക്കാരെ സ്വാധീനിച്ചു തട്ടിയെടുക്കുന്നതിന് ഥാപ്പർ ഗ്രൂപ്പും, ടാജ് ഗ്രൂപ്പും തുടങ്ങി നിരവധി ഹോട്ടൽ ശൃംഖലകൾ രംഗത്തുണ്ടെന്നാണു പുരിയിലെ പരിസ്ഥിതിപ്രവർത്തകനും പത്രപ്രവർത്തകനുമായ എം.എൻ. പ്രസാദ് പറയുന്നത്. ഒറീസ്സയുടെ തീരങ്ങൾ എന്നും പ്രശ്നങ്ങൾ നിറഞ്ഞതാണ്. തന്ത്രപ്രധാനമായ ഈ തീരങ്ങളിലാണ് അഗ്നി വിക്ഷേപിക്കുന്ന ചാന്ദിപ്പൂർ. മിസ്സൈൽ കേന്ദ്രം സ്ഥാപിക്കുന്നതിനെതിരേ സ്വതന്ത്രഭാരതം കണ്ട ഏറ്റവും വലിയ ജനകീയ പ്രതിരോധത്തിനു വേദിയായ ബലിയപാലും ഈ തീരത്താണ്. മത്സ്യബന്ധനവും കൃഷിയുമായി ജീവിതവൃത്തി കഴിക്കുന്ന ലക്ഷക്കണക്കിന് ആളുകളെ വഴിയാധാരമാക്കുന്ന തരത്തിലാണ് ഒറീസ്സയിൽ വികസനങ്ങൾ രൂപമെടുക്കുന്നത്. പുതിയ ടൂറിസം സർക്യൂട്ടിന്റെ മറവിൽ വൻതുക കമ്മിഷൻ അടിച്ചെടുക്കാൻ ഒരുങ്ങുന്ന പല രാഷ്ട്രീയക്കാരും ഭുവനേശ്വറിലേയും കൊണാർക്കിലേയും പുരിയിലേയും തകരുന്ന ക്ഷേത്രങ്ങൾ സംരക്ഷിക്കണമെന്നു മുറവിളി കൂട്ടുന്നില്ല. ഈ ക്ഷേത്രങ്ങളാണ് ഈ സർക്യൂട്ടിന്റെ നിലനില്പ് എന്നതു തന്നെ അവർ മറക്കുന്നു-പ്രസാദ് കൂട്ടിച്ചേർത്തു. പരിസ്ഥിതിയെയും ജനങ്ങളുടെ നിലനില്പിനെയും ബാധിക്കുന്ന പ്രശ്നങ്ങൾ വളരെ രൂക്ഷമായി രൂപാന്തരം പ്രാപിക്കുന്ന ഒറീസ്സയിൽ ദവ മറച്ചുവയ്ക്കുന്നതിലാണ് രാഷ്ട്രീയക്കാർ കൂടുതൽ ശ്രദ്ധിക്കുന്നത്. അതിനെതിരായ പോരാട്ടത്തിലാണ് ഭുവനേശ്വറിലെയും പുരിയിലെയും കൊണാർക്കിലെയും ചെറിയ ചെറിയ പരിസ്ഥിതി പ്രതിരോധ ഗ്രൂപ്പുകൾ രൂപമെടുത്തത്. അവരുടെ പോരാട്ടത്തിന്റെ വിജയം ഒറീസ്സയുടെയും ഒറിയക്കാരുടെയും ഒപ്പം കൊണാർക്കിലെ സൂര്യക്ഷേത്രത്തിന്റെയും നിലനില്പിന്റേതന്നെ മുഖ്യമന്ത്രമാവാതിരിക്കില്ല.


വ്യാളീശില്പം

തീരദേശ മലമ്പനി ചില വസ്തുതകൾ

ഡോ. എസ്. അബ്ദുൽ അസീസ്

മലമ്പ്രദേശങ്ങളിൽ തൊഴിൽ തേടിപ്പോകുന്നവർക്ക് പനിയും വിറയലും ഉണ്ടാകുന്നതിനെ മലമ്പനി എന്നു പണ്ടുമുതൽക്കേ കേരളീയർ വിളിച്ചുപോന്നിരുന്നു. എന്നാൽ ഇപ്പോൾ ഈ രോഗം തലസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ ഗുരുതരമായ ആരോഗ്യപ്രശ്നം സൃഷ്ടിച്ചിരിക്കുകയാണ്. 1958-ലെ ദേശീയ മലമ്പനി നിവാരണ പരിപാടിയനുസരിച്ചു രോഗം തുടച്ചുനീക്കിയ ഒന്നാമത്തെ സംസ്ഥാനമായിരുന്നു നമ്മുടേത് (1965). എന്നാൽ ഈ നേട്ടം അധികകാലം നിലനിർത്തുവാൻ നമുക്കു സാധിച്ചില്ല. അയൽസംസ്ഥാനങ്ങളിൽനിന്നും രോഗം 'ഇറക്കുമതി' ചെയ്യപ്പെടാൻ ഇംപോർട്ടഡ് മലേറിയ തുടങ്ങിയതോടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും രോഗം പൊട്ടിപ്പുറപ്പെടാൻ തുടങ്ങി. 1976-77 കാലത്ത് കണ്ണൂർ ജില്ലയിൽ 1889 പേർക്കു രോഗബാധയുണ്ടായശേഷം ഏറ്റവും കൂടുതൽ തദ്ദേശ മലമ്പനി ഉണ്ടായത് തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിലാണ്. 1995-ൽ മാത്രം 2300-ഓളം പേർക്ക് ഇവിടെ രോഗബാധയുണ്ടായത് ഗൗരവമായി കാണേണ്ട സംഗതിയാണ്. തക്ക നിയന്ത്രണ നടപടികളിലൂടെ രോഗം തടഞ്ഞുനിർത്തുവാൻ കഴിയാത്ത പക്ഷം നഗരത്തിലെ മറ്റു പ്രദേശങ്ങളിലേക്കും രോഗം പടർന്നുപിടിക്കുവാൻ സാദ്ധ്യതയേറെയാണ്.

ഇടവിട്ടുള്ള പനി, വിറയൽ. പനി മാറുമ്പോഴുള്ള അമിതമായ വിയർക്കൽ, അസഹ്യമായ തലവേദന എന്നിവയാണ് മലമ്പനിരോഗത്തിന്റെ സാമാന്യലക്ഷണങ്ങൾ. മലമ്പനിരോഗത്തിനു 3 വ്യത്യസ്ത ഘട്ടങ്ങൾ ദൃശ്യമാകാറുണ്ട്. അസഹ്യമായ തണുപ്പും വിറയലും അനുഭവപ്പെടുന്നതോടെ ആരംഭിക്കുന്ന രോഗലക്ഷണങ്ങൾ ശരീര താപനില ഉയർത്തുകയും തുടർന്ന് അധികരിച്ച വിയർപ്പോടുകൂടി താത്കാലികമായി രോഗലക്ഷണങ്ങൾ അവസാനിക്കുകയും ചെയ്യുന്ന അവസ്ഥ ഈ രോഗത്തിന്റെ പ്രത്യേകതയാണ്.

പ്ലാസ്മോഡിയം വൈവാക്സ്. പ്ലാസ്മോഡിയം ഫാൽസിപ്പാരം. പ്ലാസ്മോഡിയം ഒവേൽ, പ്ലാസ്മോഡിയം മലേറിയെ എന്നിങ്ങനെ നാലുതരം അണുക്കളാണ് ഈ രോഗത്തിനു കാരണം.

കടുത്ത പനി. വിളർച്ച. തലച്ചോറിനെ ബാധിക്കുന്ന മലമ്പനി. ബ്ലാക്‌വാട്ടർ ഫീവർ, വൃക്കയുടെ പ്രവർത്തനത്തകരാറ്. ശ്വാസകോശ നീർവീക്കം. കരൾവീക്കവും മഞ്ഞപ്പിത്തവും. പ്ലീഹാവീക്കം. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുക തുടങ്ങിയവ മലമ്പനിരോഗത്തിന്റെ സങ്കീർണ്ണതകളാണ്. ഇവയിൽ ഫാൽസിപ്പാരം അണുബാധമൂലമുണ്ടാകുന്ന തലച്ചോറിനെ ബാധിക്കുന്ന മലമ്പനി (സെറിബ്രൽ മലേറിയ) ഗുരുതരവും മരണകാരണവുമാകാറുണ്ട്.

രോഗാണുക്കൾ. രോഗവാഹകരായ കൊതുകുകൾ. രോഗം പിടിപെടാൻ സാദ്ധ്യതയുള്ള വ്യക്തി/സമൂഹം. പരിസ്ഥിതി ഘടകങ്ങൾ എന്നിവ മലമ്പനി രോഗവ്യാപനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

തലസ്ഥാനനഗരിയുടെ തീരപ്രദേശത്തുണ്ടാകുന്ന മലമ്പനിബാധ വിശകലനം ചെയ്യുമ്പോൾ രോഗവ്യാപനത്തിനുതകുന്ന മേല്പറഞ്ഞ എല്ലാ ഘടകങ്ങളും ഇവിടെ സമ്മേളിക്കുന്നതായി കാണാം.

> ഋതുഭേദ വ്യതിയാനങ്ങൾ, അന്തരീക്ഷ താപനില. ഈർപ്പാവസ്ഥ, ഇടവിട്ടുള്ള മഴ, നിർമ്മാണപ്രവർത്തനങ്ങൾ തുടങ്ങിയ പരിസ്ഥിതി ഘടകങ്ങൾ മലമ്പനിവ്യാപനത്തെ സ്വാധീനിക്കുന്നു.

തീരദേശ മലമ്പനി

പ്ലാ-വൈവാക്സ്, പ്ലാ-ഫാൽസിപ്പാരം എന്നീ രോഗാണുക്കൾ ഈ പ്രദേശത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇവയിൽ ഒന്നാമത്തെ ഇനം രോഗ പുനർബാധയുണ്ടാക്കാൻ ശേഷിയുള്ളതാണ്. (ഒരാൾക്കു രോഗബാധയുണ്ടായശേഷം രോഗലക്ഷണങ്ങൾ അപ്രത്യക്ഷമാകുന്നതോടെ രക്തത്തിൽ രോഗാണുവിന്റെ സാന്നിദ്ധ്യം ഇല്ലാതാകുകയും ഒരു നിശ്ചിത കാലയളവിനുശേഷം അതേ രോഗാണുവിനെ രക്തത്തിൽ കണ്ടെത്തുകയും ചെയ്യുന്നതാണ് രോഗ പുനർബാധ. രണ്ടാമത്തെ ഇനം. തലച്ചോറിനെ ബാധിക്കുന്ന ഗുരുതരമായ മലമ്പനി ഉണ്ടാക്കുന്നതാണ്. രോഗ പുനർബാധ രോഗവ്യാപനം തുടരുന്നതിനുള്ള കാരണമാകാറുണ്ട്. ഫാൽസിപ്പാരം അണുബാധ തക്കസമയത്തു കണ്ടെത്തി ചികിത്സിക്കാത്തപക്ഷം 7 മുതൽ 10 ദിവസത്തിനകം രോഗം തലച്ചോറിനെ ബാധിക്കുന്നു. തുടർന്ന് അസഹ്യമായ തലവേദന. മയക്കം. ജ്വന്നി, ബോധക്ഷയം ഇവ ഉണ്ടാകുന്നു. മരണംതന്നെ സംഭവിക്കുവാൻ ഇതിടയാക്കുന്നു.

രോഗ പുനർബാധയും തലച്ചോറിനെ ബാധിക്കുന്ന മലമ്പനിയും ഈ പ്രദേശത്തുണ്ടാകുന്നുണ്ട്. ഗുരുതരമായ ഫാൽസിപ്പാരം അണുബാധമൂലം വലിയതുറ ഭാഗത്ത് ഏതാനുംപേർ മരിക്കാനിടയായത് ഇങ്ങനെയാണ്.

ഇന്ത്യയിൽ മലമ്പനിരോഗം പരത്തുന്ന 9 ഇനം അനോഫെലിസ് കൊതുകുകളിൽ സ്റ്റീഫൻസി വിഭാഗത്തിൽപ്പെട്ട കൊതുകുകളെ ഈ പ്രദേശത്തുനിന്നും കണ്ടെത്തിയിട്ടുണ്ട്. വളർച്ചയെത്തിയ കൊതുകുകളെ നശിപ്പിക്കുവാനായി വീട്ടിനുള്ളിലും പുറത്തും ഡി.ഡി.ടി. പൈറിത്രം തുടങ്ങിയവ സ്പ്രേ ചെയ്യുക, ഫോഗിംഗ് നടത്തുക, കൂത്താടി നശീകരണത്തിനായി കിണറുകളിലും മറ്റും കൂത്താടിഭോജിമത്സ്യങ്ങളെ (ഉദാ: ഗപ്പി, ഗാംബൂസിയ തുടങ്ങിയവ) ഇടുക, ഏവിയേഷൻ ഫ്ളൂയിഡ് തളിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ഈ നടപടികൾ കൂടുതൽ ഉർജ്ജിതമാക്കേണ്ടിയിരിക്കുന്നു.

അതിരാവിലെതന്നെ കടലിൽ പോകുകയും ഉച്ചകഴിഞ്ഞ് 2 മണിയോടെ മാത്രം വീട്ടിലെത്തുകയും ചെയ്യുന്ന മീൻപിടിത്തക്കാരാണ് രോഗബാധിതരിലധികവും. ഇവരുടെ ഇത്തരത്തിലുള്ള ജീവിതരീതി മലമ്പനിബാധയുണ്ടാകാൻ ഒരു പ്രധാന കാരണമാണ്. പുലർച്ചെ 4 മണി മുതൽ 6 മണിവരെയുള്ള സമയത്താണ് അനോഫെലിസ് സ്റ്റീഫൻസി കൊതുകുകൾ കൂടുതലായും രക്തപാനം നടത്തുന്നത്. മീൻപിടിത്തക്കാരുടെ പുലർച്ചെയുള്ള സഞ്ചാരം സ്റ്റീഫൻസി കൊതുകുകളുടെ ആക്രമണത്തിനു കൂടുതൽ സഹായകരമാണ്. കേവലം ഒരുതവണ രക്തപാനം നടത്തുന്നതിലൂടെപ്പോലും മലമ്പനി ബാധയുണ്ടാകാം.

ചെറിയ പനിയോ, തലവേദനയോ ഉണ്ടായാൽക്കൂടി ചികിത്സയെടുക്കാൻ ശ്രദ്ധിക്കാത്തവരാണ് മേല്പറഞ്ഞവരിലധികവും. മാത്രവുമല്ല, ചികിത്സയാരംഭിച്ചാൽപ്പോലും അല്പം ശമനമാകുമ്പോൾ ഇവർ മരുന്നുകഴിക്കുന്നതു നിറുത്തുന്നു. പൂർണ്ണമാത്രയിൽ മരുന്നുകഴിക്കാതിരിക്കുന്നതു രോഗവ്യാപനത്തിനു മാത്രമല്ല, രോഗാണുക്കൾ ഗുളികകളോടു പ്രതിരോധശേഷി നേടുന്നതിനും കാരണമാകുന്നു.

ഋതുഭേദ വ്യതിയാനങ്ങൾ. അന്തരീക്ഷ താപനില. ഈർപ്പാവസ്ഥ. ഇടവിട്ടുള്ള മഴ, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ പരിസ്ഥിതി ഘടകങ്ങൾ മലമ്പനിവ്യാപനത്തെ സ്വാധീനിക്കുന്നു. ജൂലൈ മുതൽ നവംബർവരെയുള്ള കാലത്താണ് രോഗവ്യാപനം അധികരിക്കുന്നത്. 20-30 ഡിഗ്രി സെൽഷ്യസ് വരെ അന്തരീക്ഷ താപനിലയും 60-80 ശതമാനം അന്തരീക്ഷ ഈർപ്പാവസ്ഥയും രോഗവ്യാപനത്തിനു വളരെ സഹായകരമാണ്. ഇടവിട്ടുള്ള

മഴ. നിർമ്മാണപ്രവർത്തനങ്ങൾ ഇവ കൊതുകിന്റെ പ്രജനനസ്ഥലങ്ങൾ വർദ്ധിപ്പിക്കുന്നു.

രോഗവ്യാപനം തുടരുന്നത് എന്തുകൊണ്ട്?

മേല്പറഞ്ഞ എല്ലാ ഘടകങ്ങളും തലസ്ഥാനത്തിന്റെ തീരപ്രദേശത്തു മലമ്പനി പടർന്നുപിടിക്കുന്നതിനു കാരണമാണ്. വലിയതുറ വാർഡിൽ മാത്രം നടത്തിയ പഠനത്തിൽ ഏതാണ്ട് 10 ശതമാനം ആളുകൾ ചികിത്സ പൂർത്തിയാക്കാത്തവരായി കണ്ടെത്തുകയുണ്ടായി. (1995 മാർച്ചു മുതൽ 96ഫെബ്രുവരി വരെയുള്ള ഒരുവർഷം വലിയതുറ വാർഡിലുണ്ടായ മലമ്പനിബാധയെക്കുറിച്ച് ഈ ലേഖകൻ പഠനം നടത്തിയിരുന്നു.) ഇതു ഗൗരവമായി കാണേണ്ട സംഗതിയാണ്. രോഗാണുക്കൾ മലമ്പനി ഗുളികയോടു (ക്ലോറോക്വിൻ) പ്രതിരോധശേഷി നേടുന്നതിന് ഇതിടയാക്കുന്നു. ഇത്തരത്തിൽ രോഗലക്ഷണങ്ങളില്ലാതെതന്നെ രോഗവാഹകരായി മാറുന്ന ആളുകൾ ഈ പ്രദേശത്തു വർദ്ധിച്ചുവരുന്നതായി സംശയിക്കണം. ഇവരിൽനിന്നും രോഗം മറ്റുള്ളവരിലേക്കു വ്യാപിക്കാനും ക്ലോറോക്വിൻ പ്രതിരോധമുള്ള അണുബാധയുണ്ടാകാനും ഇടയുണ്ട്. രോഗ പുനർബാധ ഇല്ലാത്ത ആളുകൾക്ക് അടുത്തടുത്ത് ഇടവേളയിൽ രോഗബാധയുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതെല്ലാം ക്ലറോക്വിൻ പ്രതിരോധശേഷിയുള്ള അണുബാധ ഇവിടെയുള്ളതായി അനുമാനിക്കാൻ പര്യാപ്തമായ കാരണങ്ങളാണ്.

താഴെപ്പറയുന്ന നിർദ്ദേശങ്ങൾ രോഗ്യവാപനം തടയുവാൻ സഹായകരമായിരിക്കുമെന്നു കരുതുന്നു.

1. എല്ലാ രോഗികൾക്കും സമൂലചികിത്സ ഉറപ്പുവരുത്തുവാനായി ആരോഗ്യ പ്രവർത്തകരുടെയും സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും സേവനം പരമാവധി ലഭ്യമാക്കുക.

2. സ്വകാര്യസ്ഥാപനങ്ങളിലെത്തുന്ന മലമ്പനി രോഗബാധിതർക്കും നിർദ്ദിഷ്ടരീതിയിലുള്ള സമൂലചികിത്സതന്നെ ലഭിക്കുന്നതായി ഉറപ്പുവരുത്തുക. 'മെറ്റാകെൽഫിൻ' തുടങ്ങി കോമ്പിനേഷൻ ഗുളികകൾ നല്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുക.

3. പ്രാദേശികമായി നിലനില്ക്കുന്ന 'കിരിയാത്ത്' ചെടി ഉപയോഗിച്ചുള്ള കഷായചികിത്സ രോഗവ്യാപനം തുടരുന്നതിനിടയാക്കിയേക്കാം. ഇതു നിരുത്സാഹപ്പെടുത്തുക.

4. സമൂചികിത്സയിൽ നല്കുന്ന പ്രൈമാക്വിൻ ഗുളികകളുടെ എണ്ണം കുറയ്ക്കുവാനായി ശക്തികൂടിയ പ്രൈമാക്വിൻ ഗുളിക നല്കുക (ഇപ്പോൾ നല്കുന്ന 2.5 മി. ഗ്രാം ഗുളിക 6 എണ്ണം ഒരുമിച്ചു വേണം മുതിർന്ന ഒരാൾ കഴിക്കേണ്ടത്. ഇതു ഗുളിക ഇടയ്ക്കുവച്ചു നിറുത്തുന്നതിനു കാരണമാകുന്നുണ്ട്.)

5. രോഗാണുക്കൾ ക്ലറോക്വിൻ ഗുളികകളോടു പ്രതിരോധശേഷി നേടിയിട്ടുണ്ടോ എന്നു പരിശോധിക്കുക. രോഗവ്യാപനം തുടരുന്ന സാഹചര്യത്തിൽ മേല്പറഞ്ഞ പരിശോധന കൂടാതെ ക്ലോറോക്വിൻ ഉപയോഗിച്ചുള്ള മാസ് കീമോ പ്രൊഫൈലാക്സിസ് എന്ന ചികിത്സാരീതി പ്രായോഗികമല്ല.

6. ഈ പ്രദേശത്തു മലമ്പനി പരത്തുന്ന അനോഫെലിസ് സ്റ്റീഫൻസി കൊതുകുകൾ വളരെ മുമ്പേ ഡി.ഡി.ടി പ്രതിരോധശേഷി നേടിയിട്ടുള്ളതാണ്. രോഗവ്യാപനം തുടരുന്ന ഈ ഘട്ടത്തിൽ ഇത്തരം കൊതുകുകൾ ഡി.ഡി.ടി പ്രതിരോധശേഷി നേടിയിട്ടുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടത് ആവശ്യമാണ്.

7. കൊതുകുകളെയും കൂത്താടികളെയും നിയന്ത്രിക്കുവാനുള്ള നടപടികൾ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ളിൽക്കൂടി വ്യാപിപ്പിക്കുക. കൂടാതെ തലസ്ഥാനത്തെത്തുന്ന വിമാനങ്ങളിലെ കീട നശീകരണപരിപാടി വിലയിരുത്തേണ്ടതാണ്. ആരോഗ്യവകുപ്പിന്റെയും വിമാനത്താവള അധികൃതരുടെയും കൂട്ടായ ശ്രമങ്ങളിലൂടെ കൊതുകു നിയന്ത്രണ പരിപാടികൾ നടപ്പാക്കേണ്ട സമയമാണിത്.

8. നിർമ്മാണപ്രവർത്തനങ്ങളുടെ ഫലമായി വെള്ളം കെട്ടിനിന്നു കൊതുകുകൾ മുട്ടയിട്ടു പെരുകുന്നതു തടയുക, ഓടകളിലും മറ്റും വെള്ളം കെട്ടിനില്ക്കുന്നതു തടയുക.

9. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സെമിനാറുകൾ, ആരോഗ്യബോധന ക്ലാസ്സുകൾ തുടങ്ങിയവ സംഘടിപ്പിക്കുക. സ്കൂളുകൾ, ലൈബ്രറികൾ മറ്റു പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഇവ നടത്താവുന്നതാണ്. ആരോഗ്യബോധന പരിപാടികളിൽ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ സേവനം പ്രയോജനകരമായിരിക്കും.

സ്വകാര്യ പ്രാക്ടീഷണർമാർ. പാരമ്പര്യ ചികിത്സകർ. പൊതുപ്രവർത്തകർ തുടങ്ങി എല്ലാപേരുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങളിലൂടെ മാത്രമേ തീരദേശ മലമ്പനി തടഞ്ഞുനിറുത്തുവാൻ സാധിക്കുകയുള്ളൂ.

(12-ാം പേജിൽ നിന്നും തുടർച്ച)

കിടന്നുകൊണ്ട് ഒരു സത്യം ചെയ്യാൻ ആവശ്യപ്പെടുകയുണ്ടായി. ആയുധമെടുത്തുള്ള പോരാട്ടം നിറുത്തണം. ഒഥല്ലോയുടെ ദൃഢമനസ്സോടെ അന്നു ഭാര്യയുടെ മരണക്കിടക്കയിൽ നിന്നുകൊണ്ട് സത്യം ചെയ്യുകയും ചെയ്തു. ആയുധസമരം വെടിഞ്ഞതിന് നാളെ ഒരു കാലത്ത് വേണമെങ്കിൽ നൂർ മിസുയെറിക്ക് ഒരു ഷേക്സ്പീരിയൻ വചനം കടമെടുക്കുകയും ചെയ്യാം. " ഇറ്റ് ഇസ് ദി കോസ് മൈ സോൾ.... ഇറ്റ് ഇസ് ദി കോസ്."

നൂർ മിസുയെറിയുടെ മോറോ നാഷണൽ ലിബറേഷൻ ഫ്രണ്ടും ഫിലിപ്പൈൻസ് ഗവൺമെന്റും തമ്മിലുള്ള ഒത്തുതീർപ്പുകരാറിന് മുഖ്യ കാർമ്മികത്വം വഹിച്ചത് ഇന്തോനേഷ്യൻ പ്രസിഡന്റ് സുഹാർത്തോയായിരുന്നു. ഇരുപത്തിനാലുവർഷത്തെ രക്തരൂഷിത പോരാട്ടത്തിന്റെ അന്ത്യം കുറിക്കുന്ന ഉടമ്പടികളുടെ വ്യവസ്ഥകൾ ചർച്ചയിലൂടെ രൂപം കൊണ്ടത് ജക്കാർത്തയിൽ പ്രസിഡന്റ് സുഹാർത്തോയുടെ കൊട്ടാരത്തിൽ വച്ചായിരുന്നു. സുഹാർത്തോയുടെ മുഖ്യ കാർമ്മികത്വം കൈക്കൊള്ളൽ ഒരു തരത്തിൽ മൂന്നുമുഴംനീട്ടിയുള്ള എറിയലായിരുന്നു. ഇന്തോനേഷ്യയിലെ തന്റെ ആധിപത്യത്തിനെതിരേ കലാപത്തിന്റെ അഗ്നി ജ്വലിപ്പിച്ചു തുടങ്ങിക്കഴിഞ്ഞ മേഘാവതി സുക്കാർണോ പുത്രിക്കുനേരെ ഫിലിപ്പൈൻസിലെ മുസ്ലീം ഗറില്ലകളുടെ ഹൃദയം ചായാതിരിക്കാൻ തന്നെയാണ് സമാധാന ഉടമ്പടിയുടെ കാർമ്മികത്വം ഏറ്റെടുത്തത്. മാർക്കോസിന്റെ അധികാരം തെറിപ്പിക്കാനുള്ള സമരത്തിൽ തോക്കെടുത്ത മിസുയെറിയുടെ മോറോ നാഷണൽ ലിബറേഷൻ ഫ്രണ്ട് ഇന്തോനേഷ്യയിൽ ഇപ്പോഴൊരു മാർക്കോസ് പരുവത്തിൽ വന്നു നിൽക്കുന്ന സുഹാർത്തയോടു താല്പര്യം കാണിച്ചാൽ അത് ചരിത്രത്തെ നിന്ദിക്കലായിരിക്കും. കോറി അകിനോ ഫിലിപ്പൈൻസിൽ വിജയകരമായി നിർവ്വഹിച്ച റോളിന്റെ ആദ്യ സീനിലാണല്ലോ ഇന്തോനേഷ്യയിൽ മേഘാവതി സുക്കാർണോ പുത്രി.

സമാധാന ഉടമ്പടിക്ക് നേരേ ആദ്യ ചോദ്യമെറിയാൻ പോകുന്നത് മിസുയെറിയുടെ പതിനയ്യായിരം വരുന്ന ഒളിപ്പോർ സംഘമായിരിക്കും. മിൻഡാനോവയ്ക്ക് സ്വയംഭരണം വരുമ്പോൾ മിസുയെറിയാ സഖാക്കളുടെ ഭാവി ആരെ ഏല്പിക്കും? ഫിലിപ്പൈൻ സൈന്യത്തിലേക്ക് അവരെ നേരെയങ്ങ് റിക്രൂട്ടു ചെയ്യുമെന്ന് കരുതുന്നത് മൗഢ്യമായിരിക്കും. അങ്ങനെ ചെയ്താൽത്തന്നെ അവർക്ക് ക്രിസ്ത്യൻ പട്ടാള മേധാവികളുടെ ബൂട്ട് തുടയ്ക്കേണ്ടിവരും. എങ്കിലും ഒരു ശുഭപ്രതീക്ഷയ്ക്ക് വക കാണുന്നുണ്ട് - മിൻഡാനോവയിലെ കടുത്ത യാഥാസ്ഥികരായ കത്തോലിക്കർ പോലും നൂർ മിസുയെറിയെ സമാധാനകാംക്ഷിയായി കാണുന്നു. മനസ്സിൽ ആത്മീയതയുള്ള ഒരു തത്ത്വജ്ഞാനിയെപ്പോലെയാണ് മിസുയെറി പെരുമാറുന്നതെന്ന് ഫിലിപ്പൈൻസിലെ ക്രൈസ്തവ നേതാക്കന്മാർ ആദരവോടെ പറയാൻ തുടങ്ങിയിട്ടുമുണ്ട്.

മനിലയ്ക്ക് ചുറ്റുമുള്ള ' ഇന്തോനേഷ്യ'യിൽ നടക്കുന്ന വ്യവസായ വിപ്ളവത്തിന്റെയോ സാമ്പത്തിക വളർച്ചയുടെയോ ഒരു നുറുങ്ങുവെട്ടം പോലും മിൻഡാനാവോയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. വാഹനങ്ങൾക്കോടാൻ കഴിയുന്ന നല്ല നിരത്തുകൾ ദ്വീപുകാരുടെ സ്വപ്നത്തിലേയുള്ളൂ. വ്യവസായ ശാലകളുടെ കാര്യം പറയേണ്ടതില്ലല്ലോ. ഫിഡേൽ റാമോസിന്റെ ഭരണം വാരിക്കോരിക്കൊടുത്താലെ മിൻഡാനാവോയിൽ സമാധാനത്തിന് ജീവൻ വയ്ക്കുകയുള്ളൂ. ദ്വീപിലെ സാമ്പത്തിക വളർച്ചയ്ക്ക് വേണ്ടുന്ന കർമ്മപരിപാടികൾ ആവിഷ്കരിക്കാൻ വിപ്ളവകാരികൾ നേതൃത്വം നൽകുന്ന ഒരു ഡവലപ്മെന്റ് കൗൺസിൽ രൂപീകരിക്കാനുള്ള റാമോസിന്റെ തീരുമാനം ഔചിത്യത്തിന്റെ പച്ചക്കൊടിയായി വീശാൻ തുടങ്ങിയിട്ടുണ്ട്. മിൻഡാനാവോയിലെ വികസനപ്രവർത്തനങ്ങൾക്കായി 470 ദശലക്ഷം ഡോളറിന്റെ വിദേശസഹായം (ലോണും ഗ്രാന്റും) പ്രവഹിച്ചു തുടങ്ങിയത് ശുഭ ചിന്തകൾക്ക് സാധൂകരണം നൽകുന്നു.)



എം.കെ. ഹരികുമാർ

ധിഷണയുടെ കാൽപെരുമാറ്റം



വിചാരജീവിതത്തിനിടയിൽ ധിഷണയുടെ തീവ്രസാന്നിദ്ധ്യം നഷ്ടമാകാതെ നോക്കുക എന്നത് ഒരു വെല്ലുവിളിയാണ്. എപ്പോഴും ഉണർന്നിരിക്കുന്ന വിചാരജീവികൾ നമ്മുടെ സമൂഹത്തിൽ തീർത്തും അപ്രത്യക്ഷരായിക്കൊണ്ടിരിക്കുന്നു. വിചാരജീവിതം നൈമിഷികമായി മാറുന്ന ദൗർഭാഗ്യകരമായ അനുഭവങ്ങളുമുണ്ട്. പ്രതിഷേധവും വിമർശനവും അലയടിച്ചുയരേണ്ട അവസരങ്ങളിൽ ബുദ്ധിജീവിയുടെ ധിഷണ അന്തർമുഖമായി മാറി, സ്വകാര്യമായ പ്രണയങ്ങളിൽ നഷ്ടപ്പെടുന്നത് വർദ്ധിച്ചുവന്നിരിക്കുന്നു. എഴുത്തുകാരന്റെ ധിഷണയുടെ സാന്നിദ്ധ്യം ഇന്നു സാമാന്യജനത അനുഭവിക്കുന്നേയില്ല. വല്ലപ്പോഴുമെഴുതുന്ന ഒരു കവിതയിലോ, നോവലിലോ. കഥയിലോ മാത്രമായി എഴുത്തുകാരന്റെ ധിഷണയുടെ ഉയിർത്തെഴുന്നേല്പ് ചുരുങ്ങുകയാണിന്ന്. യാതൊന്നിനോടും പ്രതികരിക്കാതെ അവർ സൗന്ദര്യബോധത്തിന്റെ സ്വകാര്യവത്കരണം സാദ്ധ്യമാക്കി പിൻവാങ്ങിയിരിക്കുന്നു. ഇവിടെയാണ് സുകുമാർ അഴീക്കോട് പ്രസക്തി നേടുന്നത്. ഇന്നത്തെ വിചാരജീവിതത്തിൽ അഴീക്കോട് സത്യഭാഷണങ്ങൾ കൊണ്ടു നിത്യസാന്നിദ്ധ്യമായിരിക്കുന്നു. ധിഷണ കൊണ്ടു ജീവിക്കുന്ന മനുഷ്യന്റെ അടക്കാനാവാത്ത വിചാരം അഴീക്കോടിലൂടെയാണ് യാഥാർത്ഥ്യമായിത്തീരുന്നത്. എഴുത്തിന്റെ അപൂർവ്വനിമിഷങ്ങളെ വിട്ടു പ്രഭാഷണങ്ങളിലൂടെയാണ് അഴീക്കോട് ഈ അപൂർവ്വ സ്വത്വം അനുഭവിപ്പിക്കുന്നത്.


അഴീക്കോടിന്റെ പ്രഭാഷണം വെറുമൊരു പ്രസംഗമല്ല. ഏതെങ്കിലും വിഷയത്തെ അധികരിച്ച്. അനുസരണയോടെ വേദിയിൽനിന്ന് ഉതിർത്തിടുന്ന ശബ്ദസമുച്ചയവുമല്ല. ഇവിടെ പ്രഭാഷണം കാലഘട്ടത്തിന്റെ സമസ്ത നൊമ്പരങ്ങളുടെയും ദുരിതങ്ങളുടെയും പശ്ചാത്തലത്തിൽനിന്നു വരുന്ന സത്യാന്വേഷണമായിത്തീരുന്നു. പ്രഭാഷണത്തിലൂടെ. ബുദ്ധിജീവിയുടെ അനുനിമിഷം പഴകിപ്പോകുന്ന വിചാരജീവിതത്തെ അദ്ദേഹം മറികടക്കുന്നു. അമർത്തപ്പെട്ട ജീവിതങ്ങളുടെ ആത്മാവിൽനിന്നുയരുന്ന പ്രതിഷേധശബ്ദപ്രവാഹമായി അഴീക്കോട് വേദിയിൽ തിരിച്ചറിയപ്പെടുന്നു. ഇങ്ങനെ നോക്കുമ്പോൾ വേദി ഒരു വെറും പ്ളാറ്റ് ഫോമല്ല; അതു പ്രാചീനമായ അർത്ഥത്തിലുള്ള ഒരു പോർക്കളമാണ്. ബലിത്തറയാണ്. കാലഘട്ടത്തിന്റെ പ്രഭാഷകനായിത്തീരുന്ന ഒരാൾക്കു സ്വയം തിരിച്ചറിയാനും സാക്ഷാത്കരിക്കാനുമുള്ള പ്രാക്തനമായ സമരവീര്യം വേദി ഒരുക്കിക്കൊടുക്കുകയാണ്. അഴീക്കോട് വേദിയെ അന്വേഷിക്കുകയല്ല. വേദി വളരെ പ്രാചീനമായ സമരാവേശത്തോടെതന്നെ അഴീക്കോടിനെ വശീകരിച്ച് ആടുപ്പിച്ച് ചരിത്രത്തിന്റെ നേരിന്റെ ഭാഗമായി മാറ്റുകയാണ്. ഇങ്ങനെയാണ് ഈ വിചാരജീവി ധിഷണയുടെ സമകാലികതയിൽ തന്റെ സാന്നിദ്ധ്യം അറിയിക്കുന്നത്.



ഒരു സാഗരഗർജ്ജനം പോലെ

ഒരു യഥാർത്ഥ ധിഷണാശാലി എപ്പോഴും ഉണർന്നിരിക്കുന്നു. മറ്റാരുടെയോ ചക്രങ്ങൾ ഉരുണ്ട വഴികളിലൂടെ അലസമായി ചരിക്കുന്ന ഒന്നല്ല ധിഷണാശാലിയുടെ ജീവിതം. അതു സ്വയം നവീകരിക്കുന്നതു സ്വന്തം കണ്ടെത്തലുകളുടെയും പ്രതികരണങ്ങളുടെയും അപൂർവ്വമായ തിരിയിടലിലൂടെയാണ്. ധിഷണാശാലി എന്തെല്ലാമൊക്കെയോ തിയിട്ടു നശിപ്പിക്കുന്നുണ്ട്. അഴീക്കോട് തീയിട്ടു നശിപ്പിക്കുന്നതു വേദിയിൽവച്ചാണ്. അവിടെ ഭരണാധികാരിയുടെയും നേതാവിന്റെയും ഛായാപടങ്ങൾ അഴിഞ്ഞുവീഴുന്നു. ഭരിക്കുന്നവരുടെയും നേതാക്കളുടെയും കപടമുഖങ്ങൾ വലിച്ചുകീറി ഏറ്റവും സാധാരണക്കാരനായവന്റെ കോടതിയിലേക്ക് എറിയുന്നു. പ്രഭാഷണം ഉദ്ബോധനത്തിന്റെ ധൈഷണികതലത്തിനപ്പുറം വിധിപ്രസ്താവവും ശിക്ഷ നടപ്പാക്കലുമാകുന്നു. കഷ്ടിച്ചു വായിക്കാനോ. എഴുതാനോ കഴിയുന്ന ഒരാളുമായി ആശയവിനിമയം നടത്താൻ അഴീക്കോടിന്റെ വേദിക്കു കഴിയുന്നു. ധിഷണയുടെയും നീതിബോധത്തിന്റെയും സംഗമബിന്ദുവാണത്. ശ്രോതാവ് പ്രഭാഷകനിലേക്കു സംക്രമിക്കുന്നതോടൊപ്പം പ്രഭാഷകൻ ശ്രോതാവിലേക്കും സംക്രമിക്കുന്നു. ബുദ്ധിപരമായ ജീവിതത്തിന്റെ ആളിക്കത്തുന്ന സൗന്ദര്യമാണിത്. കേരളത്തിലുടനീളം സഞ്ചരിച്ച് അഴീക്കോട് നേടിയെടുത്തത് ഈ അസാധാരണതയാണ്.

എന്നാൽ വേദിയിലെ സാക്ഷാത്കാരവും ധൈഷണികതയും എതിരടലും ഉന്നതമായ ഒരാദർശത്തിന്റെ അസ്ഥിബലത്തിലുള്ളതാകയാൽ സൂക്ഷ്മമായ ഒരു ഉദ്ഗ്രഥനവും സാദ്ധ്യമാകുന്നുണ്ട്. അഴീക്കോട് എല്ലാ ചരിത്രത്തിലൂടെയും നടന്നു. തിരഞ്ഞെടുപ്പിൽ മത്സരിക്കുകയും കോൺഗ്രസ്സിൽ പ്രവർത്തിക്കുകയും ചെയ്തതിലൂടെ രാഷ്ട്രീയത്തിലും. അവിവാഹിതനായതിലൂടെയും വേദാന്തോപാസകനായതിലൂടെയും നിരുപമമായ സന്ന്യാസത്തിലും. ജീവിതം മുഴുവൻ നീണ്ടുനില്ക്കുന്ന ചില സാഹിത്യവിമർശന നിലപാടിലൂടെ നിരൂപണത്തിലും. സമഗ്രമായ സാഹിത്യാവബോധത്തിലൂടെ സാഹിത്യ ശാസ്ത്രത്തിലും. പുരാതനമായ സംസ്കൃതിയുടെ അന്വേഷകനായതിലൂടെ ഇൻഡോളജിയിലും. അദ്ധ്യാപകവൃത്തിയിലൂടെ അക്കാദമിക് രംഗത്തും. നിത്യ നൂതനമായ ഗർജ്ജനങ്ങളിലൂടെ പ്രഭാഷണത്തിലും ഒന്നുപോലെ അഴീക്കോട് ജീവിക്കുന്നു. ഇതോരോന്നും ഓരോ ചരിത്രമാണ്. അഴീക്കോടിലൂടെ ഈ ചരിത്രങ്ങളാണ് ഒത്തുചേരുന്നത്. ഇതിന്റെ അപൂർവ്വത സുന്ദരവും അപാരവുമാണ്. ധിഷണയുടെ സാന്നിദ്ധ്യം മങ്ങാതെ നിലനിർത്തുന്ന അഴീക്കോടിന്റെ വശ്യശക്തിയും ഈ സമഗ്രചരിത്രസംഗമമാണ്.



ധിഷണാശാലി നവീനമായ ഒരാവിർഭാവമാണ്. അയാൾ സാമാന്യജനങ്ങൾ വന്നുപോയതിനെ ഓർമ്മിപ്പിക്കുന്നു. ധർമ്മത്തിന്റെ ഓർമ്മപ്പെടുത്തലിലൂടെയാണ് അഴീക്കോട് ഇതു സാദ്ധ്യമാക്കുന്നത്. ധർമ്മം സൂക്ഷ്മമായി തിരയുകയാണദ്ദേഹം. ധാർമ്മികതയ്ക്കുവേണ്ടി അദ്ദേഹം പലർക്കും അപ്രിയനാകുന്നു. ഇതിൽ സൗഹൃദംപോലും അഴീക്കോട് കാര്യമാക്കില്ല. ഒരു പൊതുപ്രവർത്തകന്റെ വാക്കും പ്രവൃത്തിയും പാലുന്നത് നാമിന്നറിയുന്നത് അഴീക്കോടിലൂടെയാണ്. മാധ്യമങ്ങളോ. എഴുത്തുകാരോ ഇത്തരമൊരു വിമർശനം ഇന്ന് ഏറ്റെടുക്കുന്നില്ലല്ലോ. മാധ്യമങ്ങളുടെ ഇഷ്ടക്കാരാവാൻ എഴുത്തുകാരും നേതാക്കളും മത്സരിക്കുന്ന ഇക്കാലത്ത് യഥാർത്ഥ മാധ്യമവിമർശകനും അഴീക്കോടുതന്നെയാണ്. ഇവിടെയും സജീവമായ ധിഷണയുടെ സാന്നിദ്ധ്യം കാണാം. വലിയ പത്രങ്ങളോടും അതിന്റെ പത്രാധിപന്മാരോടും തുറന്ന ഏറ്റുമുട്ടലിനു തയ്യാറാവാൻ അഴീക്കോടിനേ കഴിയൂ. അല്പം കൗശലംകൊണ്ടു രാജിയാകാവുന്ന എതിർപ്പുകളെ വളർത്തിക്കൊണ്ടു വരികയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ഇതെല്ലാം ചെയ്തപ്പോൾ സ്വന്തം ജീവിതംതന്നെയാണ് പ്രസംഗവേദിയായ ബലിപീഠത്തിൽ വച്ചതെന്ന് ഓർക്കണം. വേദികളിൽവച്ചാണ് അദ്ദേഹം പത്രങ്ങളോട് ഇടഞ്ഞത്. അതിന്റെ വരുംവരായ്കകളെക്കാൾ സ്വന്തം സ്വാതന്ത്ര്യമാണ് മുഖ്യമായി കണ്ടത്. വലിയ ഒരു കാരണത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി മാധ്യമങ്ങളോടും ചിന്തകരോടും ഇടഞ്ഞപ്പോഴൊക്കെ വല്ലാത്ത ഒരു സ്വാസ്ഥ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ബുദ്ധിയുടെ സ്പർശമാണിത്.


നൂറ്റി ഇരുപത്തിയഞ്ചു ഗ്രാമങ്ങളിൽ ഗാന്ധി സ്മാരകപ്രഭാഷണങ്ങൾ പൂർത്തിയാക്കുകയാണ് അഴീക്കോട്. ഗാന്ധിജിയുടെ ആദർശം വിസ്മരിക്കപ്പെട്ട കാലത്ത് ഇതൊരു ഓർമ്മയുണർത്തലാണ്.



സുകുമാർ അഴീക്കോട്

അഴീക്കോടിന്റെ നിലപാടിനെ സ്നേഹിക്കുന്ന പതിനായിരക്കണക്കിനു ജനങ്ങളുണ്ട്. അവരുടെ ശബ്ദങ്ങൾക്കു പ്രശസ്തിയില്ല. എന്നാൽ അവരിലാണ് അഴീക്കോടിന്റെ യഥാർത്ഥ ജീവിതം. കിട്ടുന്നതെല്ലാം തനിക്കു ബോണസ്സാണെന്നു പകുതി തമാശ കലർത്തിപ്പറയുമ്പോൾ അദ്ദേഹം തന്റെ സ്വാതന്ത്ര്യബോധത്തിന്റെയും സമരത്തിന്റെയും മൗലിക നിയമങ്ങളിലാണ് സ്പർശിക്കുന്നത്. എതിർപ്പിനെ ഭയന്ന് അഴീക്കോടിനെ വെറുക്കുന്നവർ തങ്ങളെത്തന്നെയാണ് വെറുക്കുന്നത്. ധൈഷണിക ജീവിതത്തിന്റെ നൈർമ്മല്യത്തിലും സജീവതയിലും വിശ്വസിക്കാത്തിടത്തോളം. അഴീക്കോടിനെതിരെയുള്ള ദുർബലമായ വിമർശനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. അഴീക്കോടിനെ എതിർക്കുന്നവർ സ്വന്തം ഭാഷയറിയാതെ കുഴങ്ങുന്നവരാണ്. സമൂഹത്തിന്റെ ആഗ്രഹങ്ങളുടെ ദുർമേദസ്സുകളിൽ അത്യാസക്തി പൂണ്ടവരുടെ ആക്രന്ദനങ്ങളായേ ആ എതിർപ്പുകൾ ചരിത്രത്തിൽ വിലയിരുത്തപ്പെടുകയുള്ളു.

നൂറ്റി ഇരുപത്തിയഞ്ചു ഗ്രാമങ്ങളിൽ ഗാന്ധി സ്മാരകപ്രഭാഷണങ്ങൾ പൂർത്തിയാക്കുകയാണ് അഴീക്കോട്. ഗാന്ധിജിയുടെ ആദർശം വിസ്മരിക്കപ്പെട്ട കാലത്ത് ഇതൊരു ഓർമ്മയുണർത്തലാണ്. നഗരവും ഗ്രാമവുമെല്ലാം മാറിമറിയുമ്പോൾ മനുഷ്യനിൽനിന്നൂർന്നുപോകുന്ന മൂല്യങ്ങൾ കണ്ടറിയുന്നതാണ് ഗാന്ധി സ്മാരകപ്രഭാഷണങ്ങളുടെ ശ്രേഷ്ഠത. ഗാന്ധിജി ഇന്ന് ഒരു മിത്താണ്. സ്വാതന്ത്ര്യസമരത്തിന്റേയോ, ഇന്ത്യയുടെയോ പശ്ചാത്തലത്തിൽ ഗാന്ധിജിയെ പ്രതിഷ്ഠിക്കുന്നവർ ഗാന്ധിജിയുടെ ജീവിതമാതൃക അറിയുന്നേയില്ല. ഏതു പ്രഭാഷണത്തിലും അഴീക്കോടിനു ഗാന്ധിജി ഒരു പ്രതീകമാണ്. ആ പ്രതീകത്തെ സമർത്ഥമായി, ഇന്ത്യയെ സംബന്ധിക്കുന്ന വിചാരങ്ങൾക്കും അർത്ഥോല്പാദനങ്ങൾക്കുമായി അദ്ദേഹം ഉപയോഗിക്കുന്നു. ശാശ്വതമായ ആദർശങ്ങളെ പ്രത്യക്ഷവത്കരിക്കുന്നതിനാണ് ഗാന്ധിജിയെയും വാല്മീകിയെയും പ്രതീകങ്ങളാക്കി ഉപയോഗിക്കുന്നത്. ചെറിയ മാതൃകകളെക്കാൾ ഉന്നത മാതൃകകളാണ് മനുഷ്യമനസ്സുമായി സംവദിക്കുക. സമകാലികതയുടെ ദുർമുഖം കാണിച്ചുതരാൻ അദ്ദേഹം പതിറ്റാണ്ടുകളായുള്ള ബിംബങ്ങൾ ഉപയോഗിക്കുന്നു. അതിൽ കവികളും സ്മാരകങ്ങളും ചരിത്രപുരുഷന്മാരും ഉൾപ്പെടുന്നു. എന്നാൽ അഴീക്കോടിന്റെ പ്രഭാഷണങ്ങൾ ഒരിക്കലും തീരെ ലളിതമല്ല. സമകാല വിമർശനത്തിൽ വേരൂന്നിനിന്ന് ജീവിതത്തിന്റെ ഗഹനസൗന്ദര്യമാണ് അദ്ദേഹം ആവിഷ്കരിക്കുന്നത്. ഒരിക്കലും തെറ്റിപ്പോകാത്ത ഭാഷയും പ്രഭാഷണത്തെ ആകർഷകമാക്കുന്നു. ഉള്ളുണർത്തുന്ന ചോദ്യങ്ങളും ചടുലമായ അംഗവിക്ഷേപങ്ങളും അഴീക്കോടിന്റെ എഴുത്തിനെക്കാൾ വേഗത്തിൽ സഞ്ചരിക്കാൻ പ്രഭാഷണത്തെ സജ്ജമാക്കുന്നു. ഇതിലൂടെ കേൾവിക്കാരനു വർത്തമാനപത്രത്തിൽനിന്നോ, മറ്റു മാധ്യമങ്ങളിൽനിന്നോ ലഭിക്കാത്ത സത്യാനുഭവം ഉണ്ടാകുന്നു. ഇതാണ് ധിഷണയുടെ കാല്പെരുമാറ്റം.



എം.ബി. സന്തോഷ്

സംഘത്തെ രക്ഷിക്കാൻ



'റേഷന് സബ്സിഡി കൊടുക്കാൻ വിഷമിക്കുന്ന സാഹചര്യത്തിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം പുനരുദ്ധരിക്കാൻ ഗവൺമെന്റ് പണം കണ്ടെത്തണമെന്നു പറയുന്നതിനോട് യോജിപ്പില്ല. കൂട്ടായ തോന്ന്യാസത്തിന്റെ കടബാദ്ധ്യത ജനങ്ങളുടെ തലയിൽ അടിച്ചേൽപ്പിക്കരുത്'-പ്രൊഫ. എം.എൻ. വിജയന്റേതാണ് ഈ അഭിപ്രായം.

സഹകരണവകുപ്പുമന്ത്രി പിണറായി വിജയൻ സാഹിത്യപ്രവർത്തക സഹകരണ സംഘത്തെ പുനരുദ്ധരിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാൻ വിളിച്ചുചേർത്ത യോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ആഗസ്റ്റ് 31-ന് സെക്രട്ടേറിയറ്റ് ഡർബാർ ഹാളിലാണ് യോഗം ചേർന്നത്.

സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ പ്രശ്നം ജനാധിപത്യത്തിന്റെ പ്രശ്നമല്ല. ദൈനംദിന ഭരണം അഴിമതി നിറഞ്ഞതിനെത്തുടർന്നുണ്ടായ പ്രശ്നമാണത്. ഏഷ്യയുടെ അഭിമാനമായിരുന്നു സാഹിത്യപ്രവർത്തക സഹകരണസംഘം. മുങ്ങിച്ചാകാൻ പോകുന്ന ആ പ്രസ്ഥാനത്തെ എങ്ങനെ നിലനിർത്തും എന്നതാണ് പ്രശ്നം. തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി തുടരവേയാണ് അവിടെ അഴിമതി നടന്നത്. ഐ.എ.എസ്, ഐ.പി.എസ് തലത്തിലെ ഉദ്യോഗസ്ഥനെ അഞ്ചു വർഷത്തേക്കോ അതിൽ ഏറ്റക്കുറച്ചിൽ വരുത്തി ഒരു കാലയളവിലേക്കോ ഭരണാധികാരിയായി നിശ്ചയിക്കണം. വീട്ടിൽ കിടന്ന ആൾ ആശുപത്രിയിൽ കിടക്കുമ്പോഴത്തെപ്പോലെയുള്ള ഒരു രക്ഷപ്പെടുത്തൽ സംഘത്തിനും ആവശ്യമായി വന്നിരിക്കുന്നു. അഴിമതി നടന്നതായി അറിഞ്ഞ സ്ഥിതിക്ക് അഴിമതിക്കാർ കൊള്ളമുതൽ കൊണ്ട് രക്ഷപ്പെടാൻ ഇടവരുത്-വിജയൻമാഷ് ആവശ്യപ്പെട്ടു.

എഴുത്തുകാർക്കുള്ള റോയൽറ്റി 15 ശതമാനമായി ഇന്ന് താണു. 30 ശതമാനം റോയൽറ്റി എന്ന് പ്രഖ്യാപിക്കുന്നത് കൊടുക്കാതെ ലാഭിക്കാനാണ്. വില്പനയിലെ മര്യാദ എല്ലാപേർക്കും തുല്യത എന്നതാണ്. വൃദ്ധന്മാർക്ക് 30, ചെറുപ്പക്കാർക്ക് 15 എന്നിങ്ങനെ റോയൽറ്റി നിശ്ചയിച്ച് വൃദ്ധന്മാർ ചെറുപ്പക്കാരെ വഞ്ചിക്കുന്നത് സാഹിത്യത്തെ നശിപ്പിക്കാനേ ഉതകൂ എന്ന് വിജയൻമാഷ് പറഞ്ഞു.

മന്ത്രി പിണറായി വിജയന്റെ ആമുഖ പ്രസംഗത്തോടെയാണ് യോഗം ആരംഭിച്ചത്. സംഘത്തിലെ മുഴുവൻ അംഗങ്ങളെയും വിളിച്ചുകൂട്ടി ആശയവിനിമയം നടത്തുക പ്രായോഗികമല്ലാത്തതിനാലാണ് ചിലർക്ക് കത്തയച്ചത്. പത്രങ്ങളിൽക്കൂടി വിവരമറിഞ്ഞ് താനുമായി ബന്ധപ്പെട്ട മുഴുവൻ പേരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തതായും മന്ത്രി അറിയിച്ചു.

സംഘത്തിന്റെ ഏറ്റവും ഒടുവിലത്തെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ പ്രസിഡന്റ് സി.പി. ശ്രീധരനാണ് ആദ്യം സംസാരിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സഹകരണമന്ത്രിയായിരുന്ന എം.വി. രാഘവനുമായി തനിക്ക് നിരന്തരം പോരാട്ടം നടത്തേണ്ടിവന്നുവെന്ന് അദ്ദേഹം വിശദീകരിച്ചു. സംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിക്കാൻ മന്ത്രിയുടെ സമയം ചോദിച്ചപ്പോൾ 'വൈകുന്നേരം മൂന്നുമണിക്കും നാലുമണിക്കും ഇടയിൽ ആർക്കും എന്നെ കാണാം' എന്ന് അന്ന് മന്ത്രി രാഘവൻ പറഞ്ഞത് വലിയ അപമാനമായി തോന്നിയെന്ന് അദ്ദേഹം പറഞ്ഞു. ആ സാഹചര്യത്തിൽ പുതിയ സഹകരണ മന്ത്രിയുടെ നിലപാടിനെ 'അദ്ഭുതകരമായ കാര്യ'മാണെന്ന് സി.പി. ശ്രീധരൻ വിശേഷിപ്പിച്ചു.

ജനാധിപത്യത്തിൽ പരിപൂർണ്ണവിശ്വാസമുള്ള ഒരാളിനെപ്പോലും ജനാധിപത്യം ആത്മഹത്യാപരമാണെന്ന് സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഇന്നത്തെ അവസ്ഥ ബോദ്ധ്യപ്പെടുത്തുന്നു

സംഘത്തിന്റെ കടബാദ്ധ്യത 250 ലക്ഷത്തിൽ കുറയില്ല. അതിൽ 200 ലക്ഷം രൂപയെങ്കിലും മുതലിറക്കി അടിയന്തര ബാധ്യതകൾ ഒഴിവാക്കണം. അടിയന്തരമായി തിരഞ്ഞെടുപ്പു നടത്തി ഭരണസമിതി അധികാരത്തിൽ വരണം. വന്നാൽ ഗവൺമെന്റ് ഉദ്യോഗസ്ഥനെ സെക്രട്ടറിയായി നിയമിക്കണം. തിരഞ്ഞെടുപ്പിന് കാലതാമസമുണ്ടെങ്കിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിക്കണം. 1982-നു ശേഷം ഭരണസമിതി അംഗമായ ആരെയും ഇതിൽ ഉൾപ്പെടുത്തരുത്. അച്ചടി പൂർത്തിയായ 45 ലക്ഷം രൂപയുടെ പുസ്തകങ്ങൾ ബയന്റ് ചെയ്യണം. റോയൽറ്റി 30 ശതമാനത്തിൽനിന്ന് 22 ശതമാനമാക്കിച്ചുരുക്കണം. സ്വകാര്യ പ്രസാധകർ 20 ശതമാനം കൊടുക്കുന്നതിനാലാണ് 22 ശതമാനം എന്ന് ഞാൻ ആവശ്യപ്പെടുന്നത്. സംഘത്തെ മേഖലാ സംഘങ്ങളാക്കിയശേഷം ഇതിനെ അപെക്സ് സംഘമാക്കി നിലനിർത്തണം-ശ്രീധരൻ അഭ്യർത്ഥിച്ചു.

സംഘത്തിന്റെ 12 സ്ഥാപക അംഗങ്ങളിൽ ജീവിച്ചിരിക്കുന്ന മൂന്നുപേരിൽ ഒരാളായ ഡി.സി. കിഴക്കേമുറിയാണ് തുടർന്നു സംസാരിച്ചത്.

'കേരളത്തിന്റെ പൊതുസ്വത്ത് എന്ന നിലയിൽ സംഘത്തെ പുനരുദ്ധരിക്കേണ്ട കടമ ഗവൺമെന്റിനുണ്ട്. സഹകരണ മന്ത്രിയുടെ കത്തിന്റെ സ്വരവും ഭാഷയും ആത്മാർത്ഥതയും അംഗീകരിക്കുന്നു. സംഘത്തിന് നഷ്ടപ്പെട്ടത് രണ്ടേകാൽ കോടി രൂപയല്ല, അതിന്റെ വിശ്വാസ്യതയാണ്. അതെങ്ങനെ വീണ്ടെടുക്കുമെന്നതാണ് പ്രധാനം'-ഡി.സി ചൂണ്ടിക്കാട്ടി.

അദ്ദേഹം തുടർന്നു: 'ജനാധിപത്യത്തിൽ എനിക്ക് അടിയുറച്ച വിശ്വാസമുണ്ട്. പുതിയ തിരഞ്ഞെടുപ്പ് നടത്തുമെന്ന് മന്ത്രി അറിയിക്കുകയും ചെയ്തു. അതുകൊണ്ട് സംഘത്തിന് ഗുണമുണ്ടാവില്ല. സംഘത്തിന്റെ ഭരണം ഒരു ഐ.എ.എസ് ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്ന് നാലുകൊല്ലം മുമ്പേ ഞാൻ പറഞ്ഞതാണ്. പിന്നീട് കൂടുതൽ കാര്യങ്ങൾ അറിഞ്ഞപ്പോൾ ഐ.പി.എസ് ഉദ്യോഗസ്ഥനാണ് ഉചിതം എന്നുതോന്നി! കാര്യക്ഷമതയും സാമാന്യമായി സാഹിത്യത്തെക്കുറിച്ച് അറിവുമുള്ള ഒരു ഐ.എ.എസ്/ ഐ.പി.എസ് ഉദ്യോഗസ്ഥനെ നാലഞ്ചു കൊല്ലത്തേക്ക് സംഘത്തിന്റെ ഭരണമേല്പിക്കണം. സാഹിത്യകാരന്മാരുടെ ഉപദേശക സമിതിയും രൂപീകരിക്കാം. ഇതിന് വേണ്ടിവരികയാണെങ്കിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കാം.'

സംഘത്തിന് കൂടുതൽ കർക്കശമായ ശിക്ഷണവും നിയന്ത്രണവും ആവശ്യമാണെന്ന് പ്രൊഫ. എം.കെ.സാനു അഭിപ്രായപ്പെട്ടു. ഇന്നത്തെ ദുരവസ്ഥയുടെ വേരുകൾ എവിടെയാണ്! അതറിയണം. ഭരണപരിജ്ഞാനവും സ്വഭാവശുദ്ധിയുമുള്ള ഒരു ഉദ്യോഗസ്ഥനെ കുറച്ചുനാളത്തേക്കെങ്കിലും സംഘത്തിന്റെ ഭരണമേല്പിക്കണമെന്ന അഭിപ്രായത്തോട് അദ്ദേഹം യോജിച്ചു.

ജനാധിപത്യത്തിൽ പരിപൂർണ്ണ വിശ്വാസമുണ്ടെങ്കിലും, ചിലപ്പോൾ ജനാധിപത്യം ആത്മഹത്യാപരമാവും എന്ന് സംഘത്തിന്റെ അവസ്ഥ തെളിയിക്കുകയാണെന്ന് പി.വത്സല ചൂണ്ടിക്കാട്ടി. അതുകൊണ്ട് സംഘത്തിന്റെ ഭരണം അഞ്ചുവർഷത്തേക്ക് ഐ.എ.എസ്/ഐ.പി.എസ് ഉദ്യോഗസ്ഥനെ ഏല്പിക്കണം. കടങ്ങൾ ശരിയായിട്ടുള്ളതാണോ എന്ന് പരിശോധിക്കണം. റോയൽറ്റി 15-20 ശതമാനമാക്കി ചുരുക്കണം. അഡ്വാൻസ് റോയൽറ്റി നൽകിയത് തിരികെ പിടിക്കണം. സ്റ്റോക്ക് കാണാതായതിനെതിരേ നടപടിയെടുക്കണം. ചുരുങ്ങിയ തുക ചെലവഴിച്ചാൽ വില്പനയ്ക്കു തയ്യാറാവുന്ന പുസ്തകങ്ങളെ വില്പനയ്ക്കെത്തിക്കാൻ നടപടി സ്വീകരിക്കണം. സമ്പത്ത് വിൽക്കലിൽനിന്ന് സം

ഘത്തെ രക്ഷപ്പെടുത്തണം. 'കൈരളി' തുടങ്ങിയ സിനിമാ തിയേറ്ററുകൾക്ക് സർക്കാർ പണം നൽകുന്ന സ്ഥിതിക്ക് സാഹിത്യപ്രവർത്തക സഹരണസംഘത്തിനും സർക്കാർ പണം കണ്ടെത്തണമെന്ന് വത്സല അഭ്യർത്ഥിച്ചു.

സംഘത്തിൽ ഉടൻ തിരഞ്ഞെടുപ്പ് നടത്തുന്നതിനോട് യോജിക്കുന്നില്ലെന്ന് സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ പി.ഗോവിന്ദപ്പിള്ള പറഞ്ഞു. തൽക്കാലം ഭരണച്ചുമതല ഒരു അഡ്മിനിസ്ട്രേറ്ററെയോ ട്രസ്റ്റിനെയോ ഏല്പിക്കണം. സംഘം പുനരുദ്ധരിക്കാൻ സർക്കാർ പണം നൽകണമെന്ന വാദത്തോട് യോജിപ്പില്ല. ആസ്തി വില്പനയെ എതിർക്കുന്നില്ല. സർക്കാരിന്റെ ഉത്തരവാദിത്വത്തിൽ അത് സുതാര്യമായി വിൽക്കാൻ നടപടിയെടുത്താൽ മതി. സംഘത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണക്കാരായവർക്കെതിരേ അന്വേഷണം നടത്തി, കുറ്റവാളികളെ ശിക്ഷിക്കണം. അതോടൊപ്പം പ്രസിദ്ധീകരണവും വില്പനയും തുടരണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

യു.എ.ഖാദർ, യു.കെ.കുമാരൻ, അക്ബർ കക്കട്ടിൽ എന്നിവരുടെ അഭിപ്രായങ്ങൾ അക്ബർ കക്കട്ടിൽ അവതരിപ്പിച്ചു. കാര്യങ്ങൾ നേരെയാകുംവരെ തിരഞ്ഞെടുപ്പ് നടത്തരുത്, അതുവരെ ഭരണം പ്രാപ്തനായ ഒരു ഉന്നതോദ്യോഗസ്ഥനെ ഏല്പിക്കുക, ഇതുവരെ സംഘം ഭരണസമിതി അംഗങ്ങളാവാത്തവരിൽനിന്ന് ഉപദേശക സമിതി രൂപീകരിക്കുക, പുനരുദ്ധാരണത്തിന് ഗവൺമെന്റ് വായ്പയോ ഗ്രാന്റോ അനുവദിക്കുക, അഴിമതിക്കാർക്കെതിരേ മുഖം നോക്കാതെ നടപടിയെടുക്കുക, ഫിനാൻസ് മാനേജ്മെന്റ് ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ 'ശക്തമായ വൈദ്യുതി പ്രവാഹം' സംഘത്തിന് ആവശ്യമാണെന്ന് അവർ വ്യക്തമാക്കി.

സഹകരണ പ്രസ്ഥാനത്തിൽ ജനാധിപത്യത്തിന് അവധി കൊടുക്കുക എന്നത് പുതിയ കാര്യമല്ലെന്ന് നീലമ്പേരൂർ മധുസൂദനൻനായർ പറഞ്ഞു. ഇത് നിയമത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സംഘത്തിൽ ഉടൻ ജനാധിപത്യം പുനഃസ്ഥാപിക്കപ്പെട്ടാൽ ഭാവിയിൽ സംഘം നിലനിൽക്കാൻ തരയില്ലാത്ത അവസ്ഥയുണ്ടാകും. ഗ്രന്ഥശാലാ പ്രസ്ഥാനവും സംഘവും തമ്മിൽ ധാരണയിലെത്തിയാൽ കെട്ടിക്കിടക്കുന്ന പുസ്തകങ്ങൾ വിൽക്കാനാവുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

എഴുത്തുകാർക്ക് സഹകരണസംഘം മാനേജ്മെന്റ് കഴിയില്ലെന്നാണ് സംഘം തെളിയിച്ചിരിക്കുന്നതെന്ന് കൊളാടി ഗോവിന്ദൻകുട്ടി പറഞ്ഞു. ചേരിപ്പോരുകളാണ് സംഘത്തിന്റെ നാശത്തിനു കാരണം. അതിനാൽ കുറെക്കാലത്തേക്ക് ഇതിന് കാരണക്കാരായവരെ ഭരണാധികാരത്തിലേക്ക് അടുപ്പിക്കരുത്. ബിസിനസ്സ് അറിയാവുന്ന ഒരു ഉദ്യോഗസ്ഥനെ സംഘം ഭരണം ഏല്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

സംഘത്തിലെ അംഗങ്ങളുടെ ശരാശരി പ്രായം മുമ്പ് 30 ആയിരുന്നുവെങ്കിൽ ഇന്നത് 65 ആണെന്ന് സി.ആർ. ഓമനക്കുട്ടൻ ചൂണ്ടിക്കാട്ടി. സാഹിത്യപ്രവർത്തക സഹകരണസംഘം എന്ന 'കിഴവൻസ് ക്ളബിന്' ചുവപ്പും വീര്യവും നൽകി ഊർജ്ജസ്വലമാക്കാൻ മന്ത്രി തയ്യാറാവണം. മൂലധനം ഒരു കോടിയാക്കി ഉയർത്തണം. ഉടൻ ജനാധിപത്യം വേണ്ട. കഴിഞ്ഞ 25 വർഷമായി ഇവിടെ ജനാധിപത്യം വ്യഭിചരിക്കപ്പെടുകയാണ്. കഴിവുള്ള ഉദ്യോഗസ്ഥനാണ് സംഘത്തിലുള്ളത് എന്നതിന്റെ തെളിവാണ് ഇവിടെനിന്നു വിരമിക്കുന്നവരെ ഡി.സി നിയമിക്കുന്നത്. എൻ.ബി.എസ്സിലൂടെ എല്ലാ മലയാളം-ഇംഗ്ലീഷ് പുസ്തകങ്ങളും നോട്ട് ബുക്കുകളും കൈഡുകളും വില്പന നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ജനാധിപത്യത്തെ തള്ളിപ്പറയുന്നത് ശരിയല്ലെന്ന് പെരുമ്പടവം ശ്രീധരൻ ഓർമ്മിപ്പിച്ചു. ഐ.എ.എസ്സുകാരും ഐ.പി.എസ്സുകാരും തലപ്പത്തുള്ള മുഴുവൻ സ്ഥാപനങ്ങളും ലാഭത്തിലാണോയെന്ന്

(ശേഷം 65-ാം പേജിൽ)

പുനരുദ്ധാരണ ശ്രമങ്ങൾ ആരംഭിച്ചു

സാഹിത്യപ്രവർത്തക സഹകരണ സംഘത്തെ രക്ഷപ്പെടുത്താൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ ആരംഭിച്ചു. ഇതുസംബന്ധിച്ച് എഴുത്തുകാരുടെയും സംസ്കാരിക പ്രവർത്തകരുടെയും യോഗത്തിന്റെ നിർദ്ദേശാനുസരണം സംഘത്തിന് പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

ആർ.എസ്. മണി അയ്യരാണ് സംഘത്തിന്റെ പുതിയ മാനേജിംഗ് ഡയറക്ടർ. സെപ്തംബർ നാലിന് അദ്ദേഹം ചാർജ്ജെടുത്തു. സംഘം സെക്രട്ടറിയായിരുന്ന ഗോപി കൊടുങ്ങല്ലൂരിനെ ഗവൺമെന്റ് സസ്പെന്റ് ചെയ്തശേഷം പകരം ചാർജ്ജായിരുന്ന ശങ്കരനാരായണപ്പണിക്കരിൽനിന്നാണ് മാനേജിംഗ് ഡയറക്ടർ അധികാരം ഏറ്റെടുത്തത്. സംഘത്തിൽ ഇതാദ്യമായാണ് ഒരു മാനേജിംഗ് ഡയറക്ടർ നിയമിതനാകുന്നത്. സഹകരണ വകുപ്പിൽ സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടറാണ് മണി അയ്യർ.

സ്വത്തുക്കൾ വിൽക്കാതെതന്നെ സാഹിത്യപ്രവർത്തകസംഘം പുനരുദ്ധരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമെന്ന് എഴുത്തുകാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും യോഗത്തിൽ സഹകരണമന്ത്രി പിണറായി വിജയൻ പ്രസ്താവിച്ചിരുന്നു.

റോയൽറ്റി കുടിശ്ശികയുള്ള എഴുത്തുകാർക്ക് റോയൽറ്റി കുടിശ്ശികയുടെ അഞ്ചു ശതമാനമെങ്കിലും ഈ വർഷം വിതരണം ചെയ്യും. പി.എഫ്.കുടിശ്ശിക ആറു ഗഡുക്കളായി അടയ്ക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. അനാവശ്യച്ചെലവുകൾ ഒഴിവാക്കും. സ്റ്റോക്കിൽ വന്ന 23.6 ലക്ഷം രൂപയുടെ കമ്മി ഈടാക്കാനും ഹോം ലൈബ്രറി സ്കീമിൽ നിന്നും ഏജൻസികളിൽനിന്നും കിട്ടാനുള്ള തുക പരിച്ചെടുക്കാനും ഇന്ത്യാപ്രസ്സ് ആധുനികവത്കരിക്കാനും സംഘത്തിൽ സ്റ്റോക്കുള്ള 4.78 കോടി രൂപയുടെ പുസ്തകങ്ങൾ വിറ്റഴിക്കാനും നടപടി എടുക്കുമെന്ന് മന്ത്രി അറിയിച്ചു.

സംഘത്തിലെ എസ്.ടി.ഡി ഫോണുകളിൽ ഒരെണ്ണത്തിന്റെയൊഴികെ ബാക്കിയുള്ളവയുടെ എസ്.ടി.ഡി സൗകര്യം വിച്ഛേദിച്ചിട്ടുണ്ട്. സംഘത്തിന് ആവശ്യമായ കടലാസ് സഹകരണ സ്ഥാപനമായ കൺസ്യൂമർ ഫെഡറേഷനിലൂടെ വാങ്ങണം. റോയൽറ്റി 30 ശതമാനം എന്നത് കുറച്ചേ മതിയാവൂ. നിലവിലുള്ള എൻ.ബി.എസ് ശാഖകളിൽ ലാഭത്തിലല്ലാത്തവയ്ക്ക് നിലനിൽക്കാൻ അർഹതയില്ല. ഗവൺമെന്റ് ചെറുതായി സഹായിച്ചാൽ ലാഭമുണ്ടാക്കുന്ന ശാഖകളുണ്ടെങ്കിൽ അവയെയും നിലനിർത്തും. നഷ്ടത്തിലുള്ള ശാഖകളെ നിലനിർത്താനാവില്ലെന്ന് മന്ത്രി പിണറായി വിജയൻ പറഞ്ഞു.

തൽക്കാലം ഒരു വർഷത്തേക്ക് പരിപാടികൾ നടപ്പാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നതെങ്കിലും ഒരു വർഷം കഴിഞ്ഞ് നടപടികളുടെ ഗുണദോഷങ്ങൾ പരിശോധിക്കും. സഹകരണസംഘങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമായ പല നടപടികളും സംഘത്തിലുണ്ടായിട്ടുണ്ട്. ഗവൺമെന്റ് ജനാധിപത്യത്തിന് എതിരല്ലെങ്കിലും സംഘത്തെ രക്ഷിക്കാൻ തത്കാലം ഉദ്യോഗസ്ഥ ഭരണം വേണമെന്ന അഭിപ്രായത്തോട് മന്ത്രിയും യോജിച്ചു.

സംഘത്തിന് ഇപ്പോൾ കടമായി 2.15 കോടിയുടെ ബാധ്യതയുണ്ടെന്ന് പുനരുദ്ധാരണ നടപടിയുമായി ബന്ധപ്പെട്ട അഡിഷണൽ രജിസ്ട്രാർ നൽകിയ പ്രാഥമിക റിപ്പോർട്ട് ഉദ്ധരിച്ച് മന്ത്രി പറഞ്ഞു. ഹോം ലൈബ്രറി സ്കീമിൽ അഡ്വാൻസായി പുസ്തകം നൽകിയ വകയിൽ 13.42 ലക്ഷം രൂപ പിരിഞ്ഞുകിട്ടാനുണ്ട്. കോട്ടയം ജില്ലാ സഹകരണ ബാങ്കിൽനിന്ന് വ്യാപാരാവശ്യത്തിനെടുത്ത 30 ലക്ഷം രൂപയുടെ വായ്പ ഭൂരിഭാഗവും വ്യാപാരേതര ആവശ്യത്തിനാണുപയോഗിച്ചത്. റോയൽറ്റി അഡ്വാൻസായി നൽകിയ 16.38 ലക്ഷം രൂപയും തിരിച്ചുകിട്ടിയിട്ടില്ല. ധാരാളിത്തത്തിന്റെ ഒരുപാട് തെളിവുകൾ അന്വേഷണത്തിൽ ലഭിച്ചിട്ടുണ്ടെന്ന് മന്ത്രി പിണറായി വിജയൻ വ്യക്തമാക്കി

(8-ാം പേജിൽ നിന്നും തുടർച്ച)

നിക്കങ്ങളെ യുദ്ധംകൊണ്ടു തടുക്കാനുള്ള അവകാശവും അധികാരവും ഏതു കാരണത്തിന്റെ പേരിലായാലും ഒരാൾക്കുമില്ല. അങ്ങനെയെങ്കിൽ നാളെ ഇന്ത്യ കാശ്മീരിൽ ഇന്ത്യ വിമാനം പറത്തരുതെന്നും ജാഫ്നയിൽ ശ്രീലങ്ക കടക്കരുതെന്നും അമേരിക്ക പറഞ്ഞെന്നിരിക്കും.

ഇനി, ഇറാക്കിലെ പ്രത്യേക പരിതസ്ഥിതി കണക്കിലെടുത്താണീ നടപടിയെന്നും ഇറാക്കി ജനതയെ സദ്ദാം ഹുസൈൻ ഉപദ്രവിക്കുന്നെന്നും പറഞ്ഞ് ക്ലിന്റൺ മുന്നോട്ടുവന്നാൽ മറ്റുചില സമീപകാല വസ്തുതകൾക്കു മറുപടി പറയേണ്ടിവരും.

ഒന്നാമത്, തുർക്കി പ്രധാനമന്ത്രി താൻസു സില്ലറുടെ കൽപ്പന പ്രകാരം 30,000 ഭടൻമാർ കുർദ്ദ് പ്രവിശ്യയിലേക്ക് പടനീക്കിയപ്പോൾ ഇതേ ക്ലിന്റൺ കമാന്നുമിണ്ടിയില്ല. സദ്ദാം ഹുസൈൻ മുമ്പ് കുവൈറ്റിലേക്ക് നടത്തിയ അതേ മട്ടിലുള്ള നീക്കമായിരുന്നില്ലേ തുർക്കികളുടേത്? ഏതൊരു അന്താരാഷ്ട്ര കൂടിയാലോചനയാണ് ഇറാക്കിനെ ഇപ്പോൾ ആക്രമിക്കുന്നതിനു മുമ്പായി അമേരിക്ക നടത്തിയത്?

അതവിടെ നിൽക്കട്ടെ. ഇറാക്കിൽ മിസൈൽ വീണ ഉടനെ എണ്ണവിലയ്ക്ക് എന്തുസംഭവിച്ചു എന്നതാണു തിരക്കേണ്ടത്? ഗൾഫ് യുദ്ധത്തിന് തൊട്ടുമുമ്പുള്ള വിലയിലേക്കാണ് ക്രൂഡോയിലിന്റെ നിരക്കുയർന്നത് (23.95 ഡോളർ) യുദ്ധകാലത്തെ റിക്കാർഡു വിലയായ 40.95 ഡോളറിലേക്ക് (ബാരലൊന്നിന്) അതെത്തിയില്ലന്നേയുള്ളൂ.

എണ്ണവില കൂട്ടേണ്ട ആവശ്യം ഒപ്പെക്കിനു മാത്രമാണെന്നിരിക്കേ, കുർദ്ദ്വിമതനായ ജലാൽ താരബാനിയും അമേരിക്കൻ ഭരണകൂടവും ഇതിനിടയ്ക്കുവന്ന അറബിരാഷ്ട്രങ്ങളും തമ്മിലുള്ള കച്ചവടക്കളികളാണ് അന്വേഷിക്കേണ്ടത്. മുതലാളിത്ത വ്യവസ്ഥിതിയുടെ പ്രതിസന്ധികൾക്ക് കാലികവും ശക്തിഭദ്രവുമായ മറ സൃഷ്ടിക്കാൻ ഇതിലും നല്ല ലക്ഷ്യമാർഗ്ഗങ്ങൾ വേറെയുണ്ടോ?

ക്ലിന്റന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും സദ്ദാമിന്റെ വീരഗാഥകൾക്കുമെല്ലാമപ്പുറം പരമാർത്ഥത്തിന്റെ യഥാർത്ഥമുഖം തിരിച്ചറിയേണ്ടതിന്റെ ആവശ്യം കിടക്കുന്നതിവിടെയാണ്. സി.എൻ.എൻ. എന്നിനും ന്യൂയോർക്ക് ടൈംസിനും തരാനാവാത്ത വ്യാഖ്യാനവും അതുതന്നെ. എന്താണതെന്നു മനസ്സിലാക്കുന്നിടത്താണ് ഇറാക്കിലെ മിസൈലാക്രമണത്തിന്റെ പിന്നാമ്പുറം.

(10-ാം പേജിൽ നിന്നും തുടർച്ച)

അശ്ലീല സിനിമകളും ചേർന്ന് ഒരുക്കുന്നത്.

സ്ത്രീയെ ഭോഗവസ്തുവായി ചിത്രീകരിക്കുകയും സ്ത്രീയെന്നു കേട്ടാൽ (സ്വന്തം അമ്മയായാലും) ഉടൻ കിടപ്പറ ഓർമ്മയിലെത്തിക്കുകയുമാണ് മാധ്യമങ്ങൾ ചെയ്യുന്നത്. എല്ലാ പരസ്യവും സ്ത്രീശരീരത്തെയാണ് വിറ്റു കാശാക്കുന്നത്. ഇന്നത്തെ ലോകം പുരുഷകേന്ദ്രിതമായതിനാൽ ഇവ പുരുഷാധിപത്യത്തിന്റെ വിളംബരങ്ങളാവുകയാണ്. മൂഡ്സിന്റെ പരസ്യം 'സ്ത്രീയുടെ മനസ്സറിയാനുള്ള പാടവം നിങ്ങൾക്കുണ്ടോ?' എന്നാണ് ചോദിക്കുന്നത്. പുരുഷന്മാർക്കുവേണ്ടിയാണ് ചോദ്യമെന്നു വ്യക്തം. ചരിത്രത്തിൽ ഇതുവരെ സ്ത്രീക്കു തന്റെ മനസ്സ് തുറന്നുകാട്ടാൻ അവസരം ലഭിച്ചിട്ടില്ല. പുരുഷൻ ചിന്തിച്ചതും എഴുതിവച്ചതുമായ കാര്യങ്ങളിൽനിന്നാണ് ലോകം സ്ത്രീയെക്കുറിച്ചുള്ള പ്രതിച്ഛായ നേടിയത്. അവൾ അവനുവേണ്ടി അടുക്കളയിൽ പുകഞ്ഞുതീരുകയായിരുന്നു. തങ്ങളുടെ യാഥാർത്ഥ്യമെന്തെന്ന്, പുരുഷനെക്കുറിച്ച് തങ്ങളുടെ മനസ്സിലുള്ള യഥാർത്ഥ അഭിപ്രായമെന്തെന്ന് അവർ തുറന്നുപറഞ്ഞാൽ പുരുഷനെന്ന ദിവ്യബിംബം തകർന്നുവീഴും. സമൂഹത്തിൽ ഭൂരിപക്ഷം വരുന്ന സ്ത്രീകൾ തിരിച്ചറിവു നേടിയാൽ ഈ വ്യവസ്ഥയാകെ അട്ടിമറിയും. ഇങ്ങനെയൊരു വിപ്ലവത്തെ തടഞ്ഞുനിറുത്തേണ്ടത് കമ്പോളമാധ്യമങ്ങളുടെ കടമയാണ്. അതിനാൽ പുരുഷക്കാഴ്ചകളിലൂടെ മെനഞ്ഞെടുത്ത സ്ത്രീബിംബം മാത്രം അവ ഉയർത്തിപ്പിടിക്കുന്നു. പുരുഷൻ ഇമേജുകളിലൂടെ കാണുന്ന സ്ത്രീ അല്പവസ്ത്രധാരിണിയും മദാലസയുമാണ്. ഇങ്ങനെ പരുവപ്പെടുത്തപ്പെട്ട പുരുഷമനസ്സിന് അവളെക്കുറിച്ച് എന്ത് അശ്ലീലഭാവനയും സാദ്ധ്യമാവുന്നു. മാതൃകയായി പൈങ്കിളി നോവലുകളും മുഖ്യധാരാ സിനിമകളുമുണ്ടല്ലോ.

സ്ത്രീവിമോചനത്തെക്കുറിച്ചും സ്ത്രീപുരുഷസമത്വത്തെക്കുറിച്ചും എത്രയോ വർഷങ്ങളിലൂടെ വളർത്തിയെടുത്ത ഉദാത്തസങ്കല്പങ്ങളെയെല്ലാം ഒറ്റവലിക്കു പിറകോട്ടാക്കിയിരിക്കുന്നു മൂഡ്സിന്റെ പരസ്യം. ഇതുതന്നെയാണ് അതിന്റെ പ്രത്യയശാസ്ത്ര ദൗത്യവും. ഹിന്ദുസ്ഥാൻ ലാറ്റക്സ്തന്നെ മുമ്പു പുറത്തിറക്കിയിരുന്ന 'നിരോധി'ന്റെ പരസ്യവും പുതിയ പരസ്യവും താരതമ്യംചെയ്തു നോക്കിയാൽ നമ്മുടെ ജീവിതത്തിൽ വന്ന മാറ്റം വ്യക്തമാവും. അച്ഛനും അമ്മയും രണ്ടു മക്കളും ചേർന്ന സന്തുഷ്ടകുടുംബം കൈകോർത്തു പിടിച്ചുനില്ക്കുന്നതായിരുന്നു പഴയ പരസ്യം. അന്നു നമ്മുടെ കുടുംബവ്യവസ്ഥ മാനുഷികവും മൂല്യാധിഷ്ഠിതവുമായിരുന്നു. ഇന്നു പ്രാകൃതവും ലൈംഗിക അരാജകത്വപൂർണ്ണവുമായി അതു മാറി.

പുതിയ കാലത്തെ കേരളീയ മനസ്സ് മൂഡ്സിന്റെ പരസ്യം പിൻവലിച്ചതിൽ തീർച്ചയായും നിരാശപ്പെടുന്നുണ്ടാവും. ചില പ്രത്യേക നമ്പറുകൾ ഡയൽ ചെയ്താൽ 'ആഹ്ളാദകരമായ' സംഭാഷണം കേൾക്കാവുന്ന ഫോൺ സംവിധാനമടക്കം വന്നുകഴിഞ്ഞ ഇവിടെ 'ആഹ്ളാദകരമായ ഭാവന' എഴുതി സമ്മാനം നേടാനുള്ള അവസരമല്ലേ നഷ്ടപ്പെട്ടത്? മലയാളികളേ, വിഷമിക്കാനില്ല. ഇതൊരു ടെസ്റ്റ് ഡോസ് മാത്രമല്ലേ. ഇതിനെക്കാൾ കടുപ്പമുള്ളതു നാളെ വരും. നിങ്ങളുടെ മനസ്സ് കുറച്ചുകൂടി പരുവപ്പെടാനുണ്ട്. അതിനു പറ്റുന്ന വിഭവങ്ങൾ ഇനിയും പരസ്യക്കാരും മഞ്ഞപ്പത്രങ്ങളും തരും. അതുവരെ ക്ഷമിച്ചുകൂടേ?

(14-ാം പേജിൽ നിന്നും തുടർച്ച)

അവർ പറയുന്നു.

മാടായിപ്പാറയിൽ 2000 കോടിയിലേറെ വിലമതിക്കുന്ന കോടിക്കണക്കിനു ടൺ ചൈനാക്ലേ നിക്ഷേപമുണ്ടെന്നാണ്കണക്കാക്കിയിരിക്കുന്നത്. 20 വർഷത്തിലേറെക്കാലം ഊർജ്ജിതമായി ഖനനം നടത്തിയാലും തീരാത്ത സ്വത്ത്. 20 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ലിഗ്നൈറ്റിന്റെ കനത്ത നിക്ഷേപവും ഇവിടെയുണ്ട്. വ്യവസായ കാര്യത്തിൽ പിന്നോക്കം നില്ക്കുന്ന നമ്മുടെ സംസ്ഥാനത്തിന് ഇവയുടെ ഖനനം നിമിത്തം റിഫ്രാക്ടറി ബ്രിക്സ്, സാനിറ്ററി ഉല്പന്നങ്ങൾ, സ്റ്റോൺവേർ പൈപ്പ് തുടങ്ങി ഒട്ടേറെ വ്യവസായങ്ങൾ ആരംഭിക്കാനാകും. ഈ ഒരു ഗുണവശം ഒരു ഭാഗത്തുനില്ക്കെത്തന്നെ അതിനെ വെല്ലുന്ന ഒരു മറുവശവും അതിനുണ്ട്. മനുഷ്യന്റെ ആമാശയത്തിനും ശ്വാസകോശത്തിനും രോഗം വരുത്തുന്നതും കാൻസറും നാഡീരോഗങ്ങളും ഉളവാക്കുന്നതുമായ 20ലേറെ അപകടമൂലകങ്ങളും ഈ നിക്ഷേപങ്ങൾക്കിടയിലുണ്ട്. ഖനന പ്രവർത്തനങ്ങൾ പുറത്തേക്കു തള്ളുന്നത് ഈ മൂലകങ്ങൾ കൂടിയാണ്. അത്തരം അപകടം പിടിച്ച ഒരവസ്ഥയിലേക്ക് നാം എടുത്തുചാടേണ്ടതുണ്ടോ.

പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത ഖനന പ്രവർത്തനം എന്ന മന്ത്രിയുടെ പ്രഖ്യാപനത്തിനും ഒരു മറുവശമുണ്ട്. മാടായിപ്പാറയിലെ 600 ഏക്കർ ഖനന പ്രദേശങ്ങളിൽ ഇതുവരെ ഖനനം നടന്നത് 16 ഏക്കറോളം പ്രദേശത്താണ്. ഇവിടത്തെ ഖനന സമയത്തുപോലും വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങൾപാലിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. സമീപസ്ഥലത്തെ തോട്ടിലും കിണറ്റിലും പാടത്തും ഒഴുകിനിറഞ്ഞ് അവിടം ഉപയോഗരഹിതമാക്കിയ ഖനനാവശിഷ്ടങ്ങൾ തന്നെ തെളിവ്. അത്തരമൊരു സാഹചര്യത്തിൽ 600 ഏക്കറിന്റെ ഖനന വേളയിൽ വേണ്ടത്ര സുരക്ഷാ നടപടികൾ എടുക്കുമെന്നതിന് എന്താണുറപ്പ്. ഒരു നാടിന്റെയും ജനതയുടെയും മേൽ വിഭവ ചൂഷണത്തിന്റെ പേരിൽ കടന്നാക്രമണം നടത്തുന്നത് ശരിയോ. നിലവിലുള്ള ഖനന പ്രശ്നങ്ങൾ പരിഹരിക്കാൻ, കെ.പി. നൂറുദ്ദീൻ അദ്ധ്യക്ഷനായുള്ള നിയമസഭാ പരിസ്ഥിതി സമിതി 94 മാർച്ച് 3-ന് സമർപ്പിച്ച നിർദ്ദേശങ്ങളൊന്നും ഇതുവരെയും പാലിക്കപ്പെട്ടിട്ടില്ല എന്നിടത്തുവേണം ഇക്കാര്യം ചർച്ച ചെയ്യാൻ.

ചുരുക്കിപ്പറഞ്ഞാൽ മാടായിപ്പാറ സംബന്ധിച്ച്. മന്ത്രിയുടെയും പരിസ്ഥിതി പ്രവർത്തകരുടെയും ഭാഗത്തുനിന്ന് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രസ്താവനകൾ വികസനത്തെ സംബന്ധിച്ച് നമ്മുടെ നാട്ടിലുണ്ടായിട്ടുള്ള തർക്കങ്ങളെ ഒന്നുകൂടി ഊട്ടിയുറപ്പിക്കുന്നു. മണ്ണിനെയും സംസ്കാരത്തെയും ജനതയെയും മറന്നുള്ള വികസന പ്രവർത്തനം ആർക്കാണ് ഭൂഷണം എന്ന് ഒരിക്കൽക്കൂടി അതു നമ്മെ ഓർമ്മിപ്പിക്കുന്നു. നർമ്മദയുടെ താഴ്വരയിൽനിന്നും സൈലന്റ്വാലിയിൽനിന്നും നാം കേൾക്കുന്നതും അതുതന്നെയാണല്ലോ. ആ ഗണത്തിൽ ഇതാ മാടായിപ്പാറയും.

വനിതാ ടെന്നിസിൽ സ്വിസ് വസന്തം

ടി.കെ. സജീവ്കുമാർ

1982. ഫ്ളെഷിംഗ് മെഡോസിലെ പ്രസ്സ് റൂം. മികച്ച ടെന്നീസ് താരമാകാൻ എന്താണൊരു കുറുക്കുവഴി? ചോദ്യം ടെന്നീസ് ഇതിഹാസം ബ്യോൺ ബോർഗിനോട്. സഹപ്രവർത്തകന്റെ ചോദ്യം കേട്ട് പത്രലേഖകർ പൊട്ടിച്ചിരിച്ചു. എന്നാൽ ബോർഗിന്റെ മുഖത്തു മാത്രം ഗൗരവം. അല്പനേരം ബോർഗ് നിശ്ശബ്ദനായി. പിന്നീട് എയ്സ് ഉതിർക്കുന്നതുപോലെ ഒറ്റവാക്കിൽ ഒരു ഉത്തരവും തൊടുത്തുവിട്ടു. നിങ്ങളെക്കൊണ്ട് ഇങ്ങനെയൊരു ചോദ്യത്തിനു പ്രേരിപ്പിച്ചത് അസൂയയല്ലേ?

വർഷങ്ങൾ കഴിഞ്ഞു. പത്രലേഖകനോട് തട്ടിക്കയറിയ സംഭവം ബോർഗുപോലും മറന്നിരിക്കുന്നു. എന്നാൽ അന്ന് ബോർഗിന്റെ വാക്കുകളിൽ ഒളിഞ്ഞുകിടന്ന ആശയം വേദവാക്യമായി മനസ്സിലേറ്റി നടക്കുന്ന ഒരാളുണ്ട് ടെന്നീസ് സർക്യൂട്ടിൽ. ബോർഗ് പത്രലേഖകരോട് ഒടക്കിപ്പിരിഞ്ഞ അതേ പ്രസ്സ് റൂമിൽ ഇരുന്നുകൊണ്ട് ഈ ടെന്നീസ് താരം പറയുന്നു: മികച്ച ടെന്നീസ് താരമാകാൻ കുറുക്കുവഴികളൊന്നുമില്ലെന്ന്. അച്ചടക്കവും കഠിനാദ്ധ്വാനം ചെയ്യാനുള്ള ഒരു മനസ്സുമുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മികച്ച ടെന്നീസ് താരമാകാൻ കഴിയുകയുള്ളുവെന്ന് ഈ താരം അറിയുന്നു. ഈ ടെന്നീസ് പ്രതിഭയെ നിങ്ങൾക്ക് മനസ്സിലായിക്കാണും. സ്വിറ്റ്സർലണ്ടിന്റെ തണുപ്പിൽനിന്ന് ഹൃദയത്തിൽ ആവേശത്തിന്റെ ജ്വാലയും നിറച്ചുവരുന്ന കൊച്ചുമാർട്ടിന. മാർട്ടിന ഹിൻഗിസ്.

പതിനാറിലെത്താൻ കൊച്ചു മാർട്ടിനയ്ക്ക് ഈ സെപ്റ്റംബറിലെ കുറെ രാപകലുകൾ കൂടി താണ്ടിപ്പോകേണ്ടതുണ്ട്. എങ്കിലും ഹിൻഗിസിന്റെ വാക്കുകളിലും കളിക്കളത്തിലെ പോരാട്ടങ്ങളിലും നമുക്ക് പക്വത ദർശിക്കാം. ഹിൻഗിസ് ടെന്നീസ് പ്രേക്ഷകരുടെ ഹൃദയനക്ഷത്രമായി മാറിയതും ഇതുകൊണ്ടുതന്നെയാവണം. കൊച്ചുമാർട്ടിന എന്ന ഓമനപ്പേരുണ്ടെങ്കിലും ടെന്നീസ് ലജന്റായ മാർട്ടിന നവരത്തിലോവയിൽനിന്ന് തീർത്തും വ്യത്യസ്തമായ കേളീശൈലിയുടെ ഉടമയാണ് ഹിൻഗിസ്.

നവരത്തിലോവയുടെ കരുത്തോ വേഗതയോ ഹിൻഗിസിനില്ല. പക്ഷേ കളിയുടെ ഗതി എതിരേ തിരിഞ്ഞാലും ഉലയാതെനിന്ന് കളിയെ തന്റെ വരുതിക്കു വരുത്താനുള്ള മനസ്സിന്റെ ദൃഢത അവിശ്വസനീയമാണ്. ഫ്ളെഷിങ് മെഡോയിൽ അറാന്റയെ വീഴ്ത്തിയപ്പോൾ അത് കണ്ടതാണല്ലോ. വനിതാ ടെന്നിസിലെ എക്കാലത്തെയും മികച്ച താരങ്ങളിലൊരാളായ യു.എസ്സിന്റെ ക്രിസ് എവർട്ടിന്റെ ശൈലിയുമായി ഹിൻഗിസിന്റെ കളിക്ക് സാമ്യമുണ്ട്. ക്രിസിനെ അനുസ്മരിപ്പിക്കുന്ന ബാക്ക്ഹാന്റ് ഷോട്ടുകളും ക്രോസ് കോർട്ട് റിട്ടേണുകളും ഹിൻഗിസിന്റെ പ്രത്യേകതകളാണ്. എന്നാൽ താൻ മാർട്ടിന നവരത്തിലോവയുടെ പിൻഗാമിയെന്നോ ക്രിസിന്റെ പിൻഗാമിയെന്നോ അറിയപ്പെടാൻ ഹിൻഗിസ് ഇഷ്ടപ്പെടുന്നില്ല. ഈ കൊച്ചുസുന്ദരി മാർട്ടിനയുടെയും ക്രിസിന്റെയും ചിത്രങ്ങൾ മനസ്സിൽ ഫ്രെയിമിട്ടുവച്ചിട്ടുണ്ട്. പക്ഷേ തന്റെ പ്ളേ ശൈലി പകർപ്പവകാശം കൊണ്ടതാണെന്നുപറഞ്ഞാൽ സമ്മതിച്ചുതരില്ല. തന്റെ ശൈലിയെ ഹിൻഗിസ് സ്റ്റൈൽ എന്നു വിശേഷിപ്പിക്കാൻ ടെന്നീസിലെ ഈ സ്വിസ് വസന്തം ഇഷ്ടപ്പെടുന്നു.

ഹിൻഗിസ് വരുംകാലങ്ങളിൽ വനിതാ സർക്യൂട്ടിൽ റാണിയാകാനുള്ള പുറപ്പാടിന്റെ സൂചന യു.എസ്. ഓപ്പണിൽ കണ്ടു. അരാന്റ സാഞ്ചസിനെതിരേയുള്ള ഹിൻഗിസിന്റെ പ്രകടനം ഏറെക്കാലം ഓർമ്മയിൽ സൂക്ഷിക്കാൻ കൊള്ളാവുന്ന തരത്തിലുള്ളതാണ്. വമ്പൻ സർവ് തൊടുത്തുവിടാനുള്ള ഷോൾഡർ മസിലും ബിഗ് റിട്ടേൺ പായിക്കാനുള്ള കൈക്കരുത്തും നേടിക്കഴിഞ്ഞാൽ ഹിൻഗിസിന്റെ യാഗാശ്വത്തെ പിടിച്ചുകെട്ടാൻ ആർക്കും കഴിഞ്ഞെന്നുവരില്ല.

ആറാം വയസ്സിൽ തന്നെക്കാളും വലിയ റാക്കറ്റുമേന്തി ടെന്നീസിന്റെ ബാലപാഠം പഠിക്കാൻ കോർട്ടിലെത്തിയ ഹിൻഗിസിനെ സ്റ്റാറാക്കി മാറ്റിയത് കഠിനാദ്ധ്വാനം തന്നെ. ടെന്നീസിൽ അത്രയൊന്നും പാരമ്പര്യം അവകാശപ്പെടാനില്ലാത്ത സ്വിറ്റ്സർലണ്ടിൽ നിന്നാണ് ഈ താരം ഉദയം കൊണ്ടതെന്നത് മറ്റൊരദ്ഭുതമാകുന്നു.

എന്നാൽ ഹിൻഗിസിന്റെ മുന്നിൽ വാരിക്കുഴികൾ ഏറെയുണ്ട്. വിജയലഹരിയിൽ എല്ലാം തികഞ്ഞുകഴിഞ്ഞുവെന്നൊരു തോന്നലുണ്ടായാൽ അതു മതിയാകും കുഴിതോണ്ടാൻ. ചെറുപ്രായത്തിൽ വെട്ടിത്തിളങ്ങുന്നവർ പെട്ടെന്ന് 'ബേൺ ഔട്ടാ'കുമെന്നത് ചരിത്രം. ട്രേസി ഓസ്റ്റിനും ജെന്നിഫർ കാപ്രിയാറ്റിയും ടീൻ എയ്ജിൽത്തന്നെ സ്വയം വനവാസം സംഭവിപ്പിച്ചവരാണല്ലോ. കുട്ടിക്കാലത്തുതന്നെ അന്താരാഷ്ട്ര ടെന്നിസിൽ കളിക്കുന്നതുകൊണ്ട് യുവതാരങ്ങങ്ങൾക്ക് രണ്ടു പ്രശ്നങ്ങളാണ് നേരിടേണ്ടിവരിക. ഒന്ന് പെട്ടെന്ന് കളിയോട് വിരക്തി തോന്നുക. മറ്റൊന്ന് ശരീരം ലോലമായതുകൊണ്ട് പരുക്കിനുള്ള സാധ്യതയേറെയും. ഇവ രണ്ടിനെയും അതിജീവിക്കാനുള്ള പക്വതയും സാമർത്ഥ്യവും ഹിൻഗിസിന് ഇല്ലാതെപോകില്ല. പതിനഞ്ചാം വയസ്സിൽ അന്താരാഷ്ട്ര ടെന്നീസിൽ അട്ടിമറിജയങ്ങൾ നേടിയിട്ടുള്ള സ്റ്റെഫിയുടെ ഇന്നത്തെ പ്രകടനം ഹിൻഗിസിന് കരുത്തേകും.

ടെന്നിസിൽ പുതിയവസന്തം: മാർട്ടിന ഹിൻഗിസ്

(31-ാം പേജിൽ നിന്നും തുടർച്ച)

(31-ാം പേജിൽ നിന്നും തുടർച്ച)

പെരുമാറ്റ രീതികൾ എന്നിവയെക്കുറിച്ചെല്ലാം. ചെറുതെങ്കിലും വിജ്ഞാനപ്രദമായ തന്റെ ആമുഖ പ്രസംഗത്തിൽ അദ്ദേഹം പരാമർശിച്ചിരുന്നു.

ശ്രീ. അഹമ്മദ് അവസാനിപ്പിച്ചിടത്തുനിന്നും പ്രതിനിധിസംഘ നേതാവായ ജസ്റ്റിസ് ഹെഗ്ഡെ തുടങ്ങി. ജീവിതത്തിൽ ആദ്യമായി അന്യനാട്ടുകാരെ അഭിമുഖീകരിക്കുന്ന സംഘാംഗങ്ങൾ അവിടെ കഴിയുന്നിടത്തോളംകാലം നോക്കിലും വാക്കിലും പ്രവൃത്തിയിലും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അദ്ദേഹം ഓർമ്മപ്പെടുത്തി. സഞ്ചാരത്തിനിടയിലും സൽക്കാരവേളകളിലും പ്രതിനിധികളും അല്ലാത്തവരുമായ നിരവധി വിദേശീയരുമായി സമ്പർക്കപ്പെടാൻ അവസരം ലഭിക്കും. അവരിൽ പലരും ഇന്ത്യ സന്ദർശിച്ചവരാകണമെന്നില്ല. ഇന്ത്യാക്കാരുമായി ഇടപഴകിയിട്ടുമുണ്ടാവില്ല. ഇന്ത്യയെയും സമ്പന്നമായ നമ്മുടെ സംസ്കാരത്തെയും സ്വാതന്ത്ര്യാനന്തരമുള്ള പുരോഗതിയേയും കുറിച്ചെല്ലാം അവർ മനസ്സിലാക്കുന്നത് സംഭാഷണ ശകലങ്ങളിൽനിന്നു മാത്രമാകണമെന്നില്ല. ഒരുപക്ഷേ നാം അറിയാതെ നമ്മെ വിലയിരുത്തുന്നത് നമ്മുടെ പെരുമാറ്റ രീതിയിൽക്കൂടിയാവാം. ആ നിലയിൽ നാം ഓരോരുത്തരും നമ്മുടെ നാട്ടിന്റെ പ്രതിനിധികളാണ്. ഭാരിച്ച ദൗത്യമാണ് നാം വഹിക്കുന്നത് എന്ന ഓർമ്മ നമുക്ക് എപ്പോഴും ഉണ്ടാകണം.

ജസ്റ്റിസ് ഹെഗ്ഡെയുടെ 'ഗിരിപ്രസംഗ'ത്തിന് ഉദ്ദേശിച്ച ഫലം ഉണ്ടായോ? ആ കഥകൾ വഴിയേ.

ആതിഥേയ രാജ്യപര്യടനം പാർലമെന്ററി സമ്മേളനങ്ങളിലെ ഒരു പ്രധാന പരിപാടിയാണ്. കാനഡ പോലുള്ള അതിവിസ്തൃതമായ രാജ്യമാകുമ്പോൾ നാടുകാണൽ പരിപാടി സംഘടിപ്പിക്കുക അത്ര എളുപ്പമല്ല. റോഡ് മാർഗ്ഗമോ റെയിൽമാർഗ്ഗമോ ഉള്ള പര്യടനത്തിന് ആഴ്ചകൾ വേണ്ടിവരും. ഗഗനമാർഗ്ഗേണയാകുമ്പോൾ ഭാരിച്ച പണച്ചെലവ്.

വിദേശ പ്രതിനിധികളെ നാലു ഗ്രൂപ്പുകളായി തിരിച്ച് വിമാനമാർഗ്ഗം ഓരോ ദിശയിലേക്ക് അയയ്ക്കാനായിരുന്നു പ്ലാൻ. സംഘാംഗങ്ങളെയെല്ലാം ഒന്നിച്ച് ഒരിടത്ത് സ്വീകരിക്കാൻ മിക്ക പ്രവിശ്യാ ഗവൺമെന്റുകൾക്കും പരിമിതികൾമൂലം പ്രയാസമുണ്ടായിരുന്നു-ക്യൂബെക് എന്ന പ്രോവിൻസ് ഒഴിച്ച്.

വിദേശ പ്രതിനിധികളെല്ലാം ക്യൂബെക് സന്ദർശിക്കണമെന്ന് അവർക്ക് നിർബന്ധമുണ്ടായിരുന്നു. ഭാഷയിലും സംസ്കാരത്തിലും വേഷത്തിലും ഭക്ഷണരീതിയിലുമെല്ലാം തങ്ങളുടെ ഫ്രഞ്ച് പാരമ്പര്യം മാത്സര്യപൂർവം കാത്തുസൂക്ഷിക്കുന്നവരാണ് ക്യൂബെക്കുകാർ. വിഭജനവാദവും അക്കാലത്ത് ശക്തിപ്പെട്ടുവരികയായിരുന്നു. ഫ്രഞ്ച് തനിമ പുലർത്തിപ്പോരുന്ന തങ്ങൾ ഇതര പ്രവിശ്യകളിൽ അധിവസിക്കുന്ന ജനസമൂഹത്തിൽനിന്നും വ്യത്യസ്തരാണെന്ന കാര്യം വിദേശിയരെ നേരിട്ടു ബോദ്ധ്യപ്പെടുത്തുവാനുള്ള ഒരു സുവർണ്ണാവസരമായി അവർ കരുതിയിരിക്കണം.

ഇന്ത്യൻ പ്രതിനിധിസംഘാംഗങ്ങളെ എല്ലാ ഗ്രൂപ്പിലും ഉൾപ്പെടുത്തിയിരുന്നുവെങ്കിലും, ഞങ്ങളുടെ 'ബി' ഗ്രൂപ്പിലായിരുന്നു കൂടുതൽപേരും. സംഘനേതാവ് ശ്രീ.ഹെഗ്ഡെ ഉൾപ്പെടെ പന്ത്രണ്ട് അംഗങ്ങൾ. മറ്റു രാജ്യങ്ങളിൽ നിന്നുമായി ഇരുപത്തിയൊന്നുപേരും. നിറത്തിൽ മാത്രമല്ല. പ്രായത്തിലും പ്രകൃതത്തിലും പ്രകടമായ വ്യത്യാസമുള്ളവർ. പക്ഷേ അടുത്ത അഞ്ച് ഇരവുപകലുകൾ-ഹോട്ടൽ മുറിയിലെ ഏകാന്തത നൽകുന്ന സുഖം അനുഭവിക്കാൻ ലഭിക്കുന്ന അപൂർവാവസരങ്ങൾ ഒഴിച്ചാൽ-ഒരുമിച്ചുകഴിയേണ്ടവരാണ്. അവർ ഒത്തുകൂടി അന്യോന്യം അഭിവാദനങ്ങൾ അർപ്പിച്ച് അല്പം സ്വന്തം കാര്യവും അതിലധികം അന്യകാര്യങ്ങളും പറഞ്ഞ് അന്തരീക്ഷത്തിന് അയവു വരുത്തിയതോടെ ചിരപരിചിതരെപ്പോലെ പെരുമാറിത്തുടങ്ങി. മനുഷ്യർക്ക് തമ്മിൽ അടുക്കുവാൻ അധികസമയം വേണ്ടല്ലോ-അകലുവാനും!

കനേഡിയൻ പര്യടനം അക്ഷരാർത്ഥത്തിൽ തന്നെ ഒരോട്ട പ്രദക്ഷിണമായിരുന്നു. നഗരങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുതിച്ചുപായൽ. അതിരാവിലെ ആരംഭിക്കുന്ന പരിപാടികൾ അർദ്ധരാത്രികഴിഞ്ഞാലും അവസാനിക്കുകയില്ല. ഇതിനിടയിൽ സന്ദർശനങ്ങൾ, സ്വീകരണങ്ങൾ. പ്രസംഗങ്ങൾ. വിരുന്നുസല്കാരങ്ങൾ. ബാൻക്വറ്റുകൾ-എല്ലാം കഴിഞ്ഞ് ആകെത്തളർന്നു കണ്ണൊന്നടച്ചാൽ മതിയെന്നു കരുതിയാവും ഹോട്ടൽ മുറിയിലെത്തുക. അതിനകത്താണെങ്കിൽ എല്ലാവിധ സുഖസൗകര്യങ്ങളുമുണ്ട്. പക്ഷേ പറഞ്ഞിട്ടെന്തു കാര്യം. അനുഭവയോഗ്യമില്ല. കാരണം, നാലരവെളുപ്പിനുള്ള 'വേക് അപ്പ്' അലാറം അപ്പോഴേക്കും മുഴങ്ങിയിരിക്കും. അടുത്ത നഗരത്തിലേക്കുള്ള ചാർട്ടർ ചെയ്ത വിമാനം ആറുമണിക്കാണ് പുറപ്പെടുക.

തീറ്റയും കുടിയും നൃത്തവും സല്ലാപവുമായി കഴിഞ്ഞ ആ ദിനരാത്രങ്ങൾ (നിദ്രാവിഹീനമായിരുന്നുവെങ്കിലും!) ആവോളം ആസ്വദിച്ചത് 'പ്ളേബോയ്' സ്പീക്കറായിരുന്നെങ്കിൽ, അത്യാപത്തിൽപ്പെട്ടതുപോലെയായത് 'ഗാന്ധിയൻ' സ്പീക്കറായിരുന്നു. എന്റെ ഒരു കണ്ണ് അദ്ദേഹത്തിൽ എപ്പോഴും ഉണ്ടോ എന്ന് അദ്ദേഹം ഉറപ്പുവരുത്തിയിരുന്നത് പല പ്രകാരത്തിലാണ്. കോക്ടെയിൽ പാർട്ടികൾ അനന്തമായി നീണ്ടുപോകുമ്പോൾ അക്ഷമനായി അദ്ദേഹം എന്റെ അരികിലണഞ്ഞ് ചെവിയിൽ മന്ത്രിക്കും.

"മദ്യം കൂടുതൽ കൂടുതൽ കൂടുതൽ അകത്താക്കാൻ വേണ്ടിയാണ് ഇവർ സംഭാഷണം ഇങ്ങനെ മന:പൂർവം നീട്ടിക്കൊണ്ടുപോകുന്നത്."

ബുഫേ ലഞ്ചുകളിൽ വിവിധ ദേശങ്ങളിൽ നിന്നെത്തിയിട്ടുള്ള വിശിഷ്ടാതിഥികൾക്കുവേണ്ടി ഒരുക്കിക്കിയിട്ടുള്ള അനേകമനേകം ഭോജ്യവസ്തുക്കൾ നിരത്തിയിരിക്കുന്നത് കാണുന്നതുതന്നെ അദ്ദേഹത്തിന് ചതുർത്ഥിയാണ്.

"ഇവരൊക്കെ ജീവിക്കുന്നതുതന്നെ ഭക്ഷിക്കുന്നതിനുവേണ്ടിയാണെന്ന് തോന്നുന്നു."

വെളുത്തവരും കറുത്തവരും അക്കാര്യത്തിൽ ഒന്നിനൊന്നു മുന്നിൽത്തന്നെ. ഉച്ചഭക്ഷണസമയത്തു മാത്രമല്ല, നിരവധി കോഴ്സുകൾ അടങ്ങുന്ന ബാൻക്വറ്റുകളിലും. ചുവന്ന വീഞ്ഞിന്റെ അകമ്പടിയോടെ മുമ്പിൽ നിരക്കുന്ന സ്വാദിഷ്ടമായ ആഹാരപദാർത്ഥങ്ങൾ അകത്താക്കുന്നതു കാണുമ്പോൾ അവരുടെ ആമാശയ വിസ്തൃതിയെപ്പറ്റി അദ്ഭുതം തോന്നിപ്പോകും. ഒരുപക്ഷേ, ആജാനുബാഹുക്കളായ അവർക്ക് അത്രയൊക്കെ ആവശ്യമായിരിക്കാം!

(തുടരും)



ഡോ.മാത്യു ജോർജ്ജ്

ഇക്കരെപ്പച്ച

പിയർ കോട്ടേജിലെ ഷാലറ്റ്

നനുനനുത്ത കോലൻ സ്വർണ്ണത്തലമുടി പുറകറ്റം തോളുവരെ നീട്ടി, മുമ്പറ്റം നെറ്റിയിലിറക്കി വെട്ടിയിട്ട് ഇണക്കത്തിലും പിണക്കത്തിലും രൂക്ഷത കൈമുതലാക്കി. ഉടുതുണിയില്ലാതെ ഓടിനടന്ന് ഒറ്റവാക്കിൽ ആശയം വിനിമയം ചെയ്യുന്ന മൂന്നുവയസ്സുകാരി ഷാലറ്റിന്റെ സവിധത്തിലേക്ക് ഓടിയണയാനാണ് ഗില്ലിംഗാമിൽ തിരിച്ചെത്തിയപ്പോൾ മനസ്സു വെമ്പിയത്. കഴിഞ്ഞ നാലു മാസങ്ങളിൽ ഒരാഴ്ച അവളിൽനിന്നും അകന്നുനില്ക്കുന്നത് ഇതാദ്യമാണല്ലോ. തിങ്കളാഴ്ച രാവിലെ ട്രീസയുടെ പക്കൽ വിടുതിപ്പണമായി 65 പൗണ്ട് എത്താത്ത ആഴ്ചയും ഇതുതന്നെ. മുറിവാടകയും പ്രാതലും അത്താഴവും തുണി അലക്കിത്തേയ്ക്കുന്നതിനും കൂടി ചേർന്നതാണ് ഏഴു ദിവസത്തേക്കുള്ള ഈ തുക. താക്കോലേല്പിച്ച് പെട്ടിതൂക്കി ഗ്ലാസ്ഗോയിലേക്കുപോയ എനിക്ക് അവിടെയും ഈ ചെലവുകൾ എല്ലാം വഹിക്കേണ്ടിവന്നുവല്ലോ. മടങ്ങിവന്നപ്പോൾ കഴിഞ്ഞാഴ്ചത്തെ തുക മുഴുവൻ കൊടുക്കണമെന്ന് തോന്നിയില്ല. പകരം ജഫിന് സ്കോച്ചുവിസ്കിയും ട്രീസയ്ക്ക് ലാംബ്രസ്കോ റോസ്സോ ഇറ്റാലിയൻ വീഞ്ഞും ഷാലറ്റിന് ടിൻ നിറയെ മക്കിൻ ടോഷ് മിഠായിയുമായാണ് വന്നത്. 65 പൗണ്ടിൽ മുറിവാടക വേർതിരിച്ച് കണക്കുപറയാതെ സാധിച്ചു എന്നുകരുതി. പോരാത്തതിന് ജഫിന് വിസ്കി കൊടുത്തുവെങ്കിലും ഞാനും അതിന് പങ്കാളിയാകുമല്ലോ എന്ന ആശ്വാസവും: മനസ്സിനിണങ്ങിയ രീതിയിൽ ഒടുക്കുമാറ്റിയ സംതൃപ്തി ഇനാമായും വകയിരുത്തി. വീണ്ടും തിങ്കളാഴ്ചകളിൽ മുൻപേറ് 65 പൗണ്ടുകൾ ട്രീസയുടെ കൈകളിലെത്തി. ജീവിതം സ്വച്ഛം. സുഖം. അങ്ങനെ രണ്ടു തിങ്കളാഴ്ചകൾ കഴിഞ്ഞു വന്ന ഞായറാഴ്ചയാണ് പിറ്റേദിവസം റെഡിംഗ് സർവ്വകലാശാലയിലേക്ക് ഒരാഴ്ചത്തേക്ക് പോകുന്നതായി ട്രീസയോടു സൂചിപ്പിച്ചത്. ലണ്ടൻ നഗരത്തിന് പടിഞ്ഞാറു കിടക്കുന്ന റെഡിംഗ് പട്ടണത്തിന്റെ പ്രത്യേകതകൾ വിവരിക്കുന്നതിനിടയിൽ അവളുടെ മുറിവാടക ആഴ്ചയിൽ 25 പൗണ്ടാണ് എന്നുകൂടി കൂട്ടിച്ചേർത്തു. ആ തിങ്കളാഴ്ച രാവിലെ പുറപ്പെടുന്നതിനുമുൻപ് 50 പൗണ്ട് കൊടുത്ത് കടംവിട്ടാൻ ഒരുമ്പെട്ട എന്നെ. 25 പൗണ്ട് മടക്കിത്തന്ന് നിരാശപ്പെടുത്തി.

അറ്റുനടിഞ്ഞ ജീവിത ബന്ധങ്ങളുടെ ചവറുകൂമ്പാരത്തിൽ നിന്നും പെറുക്കിയെടുക്കാവുന്നതെന്തെങ്കിലും ഉണ്ടെങ്കിൽ അത് ട്രീസ-ജഫ് കുടുംബത്തിന്റെ കെട്ടുറപ്പാണ്. ഒളിമിന്നി നില്ക്കുന്ന ആ കുടുംബത്തിലേക്ക് ആശ്വാസത്തിനായി അടിക്കടി ഓടിയെത്തുന്നവരാണ് മരിചികയ്ക്കു പിന്നാലെ ഓടുന്നവരും ഓട്ടത്തിൽ തളർന്നുവീണവരുമായ സഹോദരങ്ങളും അപ്പനമ്മമാരും-ട്രീസയുടെയും ജഫിന്റെയുമെന്ന വേർതിരിവ് ഇക്കാര്യത്തിലില്ലതന്നെ. അവരെ പരിചരിക്കുന്നതിലും ആശ്വാസം പകരുന്നതിലും ട്രീസ മടികാണിക്കാറുമില്ല. ടോഞ്ജോ എന്ന മുതുക്കൻ നായയോടു കൂടി കഴിയുന്ന തള്ള. തള്ളയിൽനിന്നും വിമോചിതനായി മറ്റൊരു കിഴവിയോടുകൂടി കഴിയുന്ന കാൻസർ രോഗിയായ തന്ത. മൂന്നു മക്കളോടുകൂടി ഭാര്യയെ ഉപേക്ഷിച്ച് പതിനേഴു വയസ്സുകാരിയുടെ കൂടെ ജിപ്സിയായി ചുറ്റിത്തിരിയുന്ന 45 കാരനായ മൂത്താങ്ങള. ഭർത്താവിനെ തുരത്തി കൂട്ടുചെറുക്കനുമായി ബോട്ടൺ ക്കൊടുക്കി ളിൽ 5 വയസ്സുകാരി റിബേക്കാമോളുമായി എത്തുന്ന ഇളയവൾ റൂബി. അങ്ങനെ തുടരുന്നു ആ ആശ്വാസാർത്ഥികളുടെ കൂട്ടം. എല്ലാവരും അവരുടേതായ രീതിയിൽ പറയുന്നതും പ്രവർത്തിക്കുന്നതും ശരി. പക്ഷേ. എന്തോ ഒന്നു നഷ്ടപ്പെട്ടുപോയ ആവലാതി. തുളുമ്പിയത് നിറയ്ക്കാനാണ് നിരന്തരം എന്നോണം എത്തിച്ചേരുന്നത്. വിലകൊടുത്താൽ കിട്ടുന്നതല്ലല്ലോ അവർ തട്ടിത്തെറിപ്പിച്ചത്.

അപ്പൂപ്പന്റെ കല്യാണത്തിന്. കിന്നരിക്കിരീടവും പളുപളെ മിന്നുന്ന കമ്പിളി ഉടുപ്പുമായി അണിഞ്ഞൊരുങ്ങിയ ഷാലറ്റിനും റിബേക്കയ്ക്കും പിറ്റേദിവസത്തെ ചടങ്ങുകളായിരുന്നല്ലോ പ്രധാനം. കല്യാണവിരുന്നിന്റെ ചെലവ് അവരവർ തന്നെ വഹിച്ച് സഹകരിക്കണം എന്നായിരുന്നു ക്ഷണക്കത്തിലെ വ്യവസ്ഥ. അപ്പൂപ്പനും ഭാര്യയ്ക്കും പൂച്ചെണ്ടു നല്കാനായിട്ടാണ് കൊച്ചുമക്കളെ ഔപചാരിക വസ്ത്രത്തിൽ ഒരുക്കിയത്. അതിനുള്ള ചെലവു വഹിച്ചത് ട്രീസയായിരുന്നു. അങ്ങനെയിരിക്കെയാണ് രാത്രിയിൽ അപ്പന്റെ ഫോൺ വിളി.

"ട്രീസ, കുഞ്ഞേ. റൂബിയുടെ ആഹാരച്ചെലവുകൂടി നീ വഹിക്കണമേ. അവൾക്കത് താങ്ങാൻ വയ്യ എന്ന് അറിയിച്ചിരിക്കുന്നു."

ഷാലറ്റിനോടൊപ്പം റേബേക്കയേയും അണിയിച്ചൊരുക്കിയ ട്രീസ ഈ അവസാന നിമിഷ അപേക്ഷയിൽ അല്പമൊന്ന് പതറി. ദിനങ്ങൾ എണ്ണി കുഴിയിലേക്ക് കാലുംനീട്ടിയിരിക്കുന്ന അർബുദരോഗിയായ അപ്പന്റെ പുതുപ്പെണ്ണ് കുബേരയാണ്. എന്നിട്ടും കൂടി എന്തിന് തന്നെയിങ്ങനെ പ്രയാസപ്പെടുത്തുന്നു എന്ന മട്ട്. എങ്കിലും പിറ്റേദിവസം ട്രീസയും കുടുംബവും റൂബിയും കുട്ടിയുമായി പോകുകതന്നെ ചെയ്തു. അപ്പന്റെ അവസാന ആഗ്രഹം അല്പം ചെലവുകൂടിയാലും നടന്നോട്ടെ എന്ന മട്ട്. മൃദുലവികാരങ്ങൾ ഇത്ര തരളമായ ഒരു ജനതതിയിൽ കുടുംബബന്ധങ്ങൾ ഇങ്ങനെ ശിഥിലമാകാൻ എന്താവണം കാരണം. ശാരീരികവും മാനസികവുമായ പരിമിതികളും പ്രാഗല്ഭ്യവും കണക്കിലെടുത്ത് ആണിനും പെണ്ണിനും ഉചിതമായ കർത്തവ്യങ്ങൾ കുടുംബത്തിൽ വ്യവച്ഛേദിച്ച് രൂപപ്പെട്ടിരിക്കുന്നു എന്നതാകാം ഒരുപക്ഷേ നമ്മളുടെ വ്യവസ്ഥിതിയുടെ മെച്ചം. ഈ റാക്കുകൾപോലെ കടമകളും കർത്തവ്യങ്ങളും കൊണ്ട് വരിഞ്ഞുമുറുക്കിയ സമൂഹത്തിൽ വ്യക്തിയുടെ തന്നിഷ്ടത്തിന് പ്രകടനസാധ്യത കുറയും. ഒരുപക്ഷേ അടിമത്തം എന്നൊക്കെ സ്ത്രീവിമോചനവാദികൾ പുലമ്പുമെങ്കിലും ആത്യന്തികമായി എത്രയോ ഫലവത്തും പരസ്പരപൂരകവുമായ ഒരു സംവിധാനമാണ് പുരുഷന്റെ മേധാവിത്വത്തിൽ കഴിയുന്ന ഭാരതസ്ത്രീയുടെ കുടുംബബന്ധങ്ങൾ.

(തുടരും)



പിയർകോട്ടേജിലെ ഷാലറ്റ്



എം. കൃഷ്ണൻനായർ

സാഹിത്യവാരഫലം

എവിടെയോ വായിച്ചതാകാം, ആരെങ്കിലും പറഞ്ഞതാകാം. അങ്ങനെയൊരു കഥ എന്റെ ഓർമ്മയിലെത്തുന്നു. അത് ഇവിടെ കുറിച്ചിടാനാണ് എനിക്കു താൽപര്യം. ന്യൂയോർക്കിൽനിന്നു പാരീസിൽ പോയിട്ടു തിരിച്ചെത്തിയ ഒരു ചെറുപ്പക്കാരൻ പാരീസിൽവച്ചുണ്ടായ അനുഭവങ്ങൾ ചങ്ങാതിമാരോടു പറയുകയായിരുന്നു. "ഞാൻ പാരീസിലെ പ്രധാനപ്പെട്ട റോഡിൽവച്ച് ഒരു സുന്ദരിപ്പെൺകുട്ടിയെ പരിചയപ്പെട്ടു."

ചങ്ങാതികൾ:- "എന്നിട്ട്?"

യുവാവ്:- "അവൾ എന്നെ ഒരു ഭക്ഷണശാലയിലേക്കു കൂട്ടിക്കൊണ്ടു പോയി. ആ നഗരത്തിലെ ഏറ്റവും നല്ല ഭക്ഷണശാല! സ്വാദേറിയ വിഭവങ്ങൾ! സ്വർഗ്ഗീയാനുഭൂതി നല്കുന്ന സ്ഥലം!"

ചങ്ങാതികൾ:- "എന്നിട്ട്?"

യുവാവ്:- "അവളുടെ സൽകാരമെല്ലാം കഴിഞ്ഞതിനുശേഷം ഒരു വീട്ടിലേക്ക് അവൾ എന്നെ കൂട്ടിക്കൊണ്ടുപോയി. അതിസുന്ദരമായ ഭവനം. അതിലൊരു മുറിയിലേക്കു ഞങ്ങൾ കയറി. ചുവരുകളിലാകെ ദർപ്പണങ്ങൾ. തറയിൽ വെൽവെറ്റ്. കിടക്കയുടെ ഭംഗിയും മൃദുത്വവും വർണ്ണിക്കാൻ എനിക്കാവുകയില്ല.

ചങ്ങാതികൾ:- "എന്നിട്ട്?"

യുവാവ്: "എന്നിട്ട്! എന്നിട്ടെന്നോ? പിന്നെ ന്യൂയോർക്കിലെ അങ്ങനെയോ അതുപോലെതന്നെ."

വിശേഷാൽ പ്രതികളുടെകാലം. സുന്ദരിയുടെ പടം ഓരോ കവറിലും. മനോഹരമായ അച്ചടി. വെൺമയാർന്ന കടലാസ്സ്. എഴുത്തുകാരുടെ ചിത്രങ്ങൾ. ചിത്രകാരന്മാരുടെ സർഗ്ഗശക്തി പ്രകടിപ്പിക്കുന്ന വിശദീകരണാർത്ഥമുള്ള പടങ്ങൾ. 'ആനന്ദലബ്ധിക്കിനിയെന്തു വേണം' എന്ന വിചാരത്തോടുകൂടി ഉള്ളടക്കത്തിലേക്കു കടന്നാലോ? ന്യൂയോർക്കിലെങ്ങനെയോ അതുപോലെതന്നെ എന്നേ പറയാനാവൂ. വിശേഷാൽ പ്രതികളുടെ പ്രകാശകരെ (editors) കുറ്റം പറയാൻ വയ്യ. കേരളത്തിൽ കുറച്ചെഴുത്തുകാരേയുള്ളു. അവർ മീഡിയോക്കർ രചയിതാക്കളും (മീഡിയോക്കർ = ഇടത്തരം). എല്ലാ പ്രകാശകന്മാരും അവരെ സമീപിക്കുന്നു, അഭ്യർത്ഥിക്കുന്നു. ശുപാർശ ചെയ്യിക്കുന്നു. സമ്മർദ്ദം സഹിക്കാനാവാതെ 'എന്നാൽ പോട്ട്' എന്ന മട്ടിൽ കുറെ വികലങ്ങളായ വാക്യങ്ങളെഴുതി കഥയെന്ന പേരിൽ. ലേഖനമെന്ന പേരിൽ. കവിതയെന്ന പേരിൽ അയച്ചുകൊടുക്കുന്നു. അവ മഷിപുരണ്ടു വരുന്നു. ബഹുജനമെന്ന കഴുതകൾ ഇല്ലാത്ത പണമുണ്ടാക്കി വിശേഷാൽ പ്രതികൾ വാങ്ങുന്നു. വായിക്കുന്നു. മോഹഭംഗത്തിനടിമപ്പെട്ടു മിണ്ടാതിരിക്കുന്നു. എഴുത്തുകാർ മീഡിയോക്കറാണെങ്കിലും അവർക്ക് ആർജ്ജവമുണ്ടെങ്കിൽ (ആർജ്ജവം = sincerity) കുറെക്കൂടി ഭേദപ്പെട്ട രീതിയിൽ എന്തെങ്കിലും പടച്ചുകൊടുക്കാൻ കഴിയും. പക്ഷേ അതിനുപോലും അവർ മെനക്കെടാറില്ല.

നമ്മുടെയാളുകൾക്കു കിർത്തിയും (fame) സാധാരണ ജനസമ്മതിയും (popularity) തമ്മിലുള്ള വ്യത്യാസമെന്തെന്ന് അറിഞ്ഞുകൂടാ. പണ്ട് 'ഗംഗാധരൻ വൈദ്യന്റെ കരിങ്കുരങ്ങു രസായനം' എന്ന പരസ്യം പത്രങ്ങളിലും പട്ടണച്ചുവരുകളിലും കാണാമായിരുന്നു. ഗംഗാധരൻവൈദ്യനെ അങ്ങനെ എല്ലാവർക്കും അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം വള്ളത്തോളിനെപ്പോലെ മഹായശസ്കനായിരുന്നു എന്നു പറയാമോ? അതുപോലെ സാധാരണ ജനങ്ങളുടെ ഇടയിൽ അറിയപ്പെടുന്നവരാണു നമ്മുടെ പല എഴുത്തുകാരും. അവരുടെ പേരുകൾ വിശേഷാൽ പ്രതികളിൽ വന്നേ തീരൂ. ഇല്ലെങ്കിൽ അവ ചെലവാകുകയില്ല. പത്രാധിപർക്കു നല്ലതേത് ചീത്തയേത് എന്നറിയാം. എങ്കിലും ജനസമ്മതിയുള്ള എഴുത്തുകാരന്റെ 'ചവറ്' അദ്ദേഹം വിശേഷാൽ പ്രതിയിൽ ചേർക്കുന്നു. എഴുത്തുകാരൻ താനെഴുതിയതു വെറും ചവറാണെന്നു മനസ്സിലാക്കി സ്വന്തം വീട്ടിലെ ചവറ്റുകുട്ടയിൽ എറിയാതെ വിശേഷാൽ പ്രതിയിൽ പ്രസിദ്ധപ്പെടുത്താൻ അയച്ചുകൊടുക്കുകയാണെങ്കിൽ പത്രാധിപർ പത്രമാപ്പീസിലെ ചവറ്റുകുട്ടയിലേക്ക് അത് എറിയേണ്ടതാണ്. ഇതെഴുതുന്ന ആളിനെയും ഒഴിവാക്കാതെയാണ് ഈ നിർദ്ദേശം.

എഴുത്തുകാരൻ താനെഴുതിയതു വെറും ചവറാണെന്നു മനസ്സിലാക്കി സ്വന്തം വീട്ടിലെ ചവറ്റു കുട്ടയിൽ എറിയാതെ വിശേഷാൽ പ്രതിയിൽ പ്രസിദ്ധപ്പെടുത്താൻ അയച്ചുകൊടുക്കുകയാണെങ്കിൽ പത്രാധിപർ പത്രമാപ്പീസിലെ ചവറ്റുകുട്ടയിലേക്ക് അത് എറിയേണ്ടതാണ്. ഇതെഴുതുന്ന ആളിനെയും ഒഴിവാക്കാതെയാണ് ഈ നിർദ്ദേശം.

ജീവനില്ല

പണ്ടു ചൈനയിൽ കുപ്രസിദ്ധനായ ഒരു വധകർത്താവ് ഉണ്ടായിരുന്നു. മൂർച്ചകൂടിയ. തിളക്കംകൂടിയ കത്തികൊണ്ട് കൊന്നുകളയേണ്ടവന്റെ കഴുത്തിൽ അയാൾ വെട്ടിയാൽ തല പഴയ രീതിയിൽ അവിടെത്തന്നെ ഇരിക്കും. ശിരച്ഛേദം നടന്നുവെന്നും നില്ക്കുന്നതു നിശ്ചേതനശരീരമാണെന്നും ദ്രഷ്ടാക്കൾ മനസ്സിലാക്കുകയില്ല. അസാധാരണമായ ഈ വധകർമ്മം കാണാൻ ആളുകൾ ഏറെക്കൂടുമായിരുന്നു. ഇപ്പോൾ വധരീതികൾ മാറിപ്പോയിരിക്കുന്നു. ഇലക്ട്രിക്കൽ ചെയർ. ബലമുള്ള കയർ. കുത്തിവയ്പ് ഇവയൊക്കെയാണു മാർഗ്ഗങ്ങൾ. കസേരയിലിരുത്തി വിദ്യുച്ഛക്തി പ്രവഹിപ്പിച്ചാലും ഉടനെ മരിക്കണമെന്നില്ല കുറ്റം ചെയ്തവൻ. കെണിയുടെ സാക്ഷ വലിച്ചു കുഴിയിലേക്കു കുറ്റവാളിയെ അയയ്ക്കുന്ന രീതിക്കുമുണ്ട് അനാദരണീയ സ്വഭാവം. പെട്ടെന്നു വ്യക്തി കുഴിയിലേക്കു പോകുമ്പോൾ 'സ്പൈൻ' അതിന്റെ സ്ഥാനത്തുനിന്നു മാറി മരണം സംഭവിക്കുമെന്നാണ് അഭ്യൂഹം. ഇതും ശരിയാവണമെന്നില്ല. വളരെനേരം കയറിൽക്കിടന്നു പിടയ്ക്കാറുണ്ട് കുറ്റം ചെയ്തവൻ. ഒരു കുറ്റവും ചെയ്യാത്ത നൈജീരിയൻ കവി സരോ വിവ കൊലക്കയറിൽക്കിടന്നു പതിനഞ്ചു മിനിറ്റോളം പിടച്ചുവെന്നു പത്രങ്ങളിൽനിന്നു ഞാനറിഞ്ഞു. വിഷം കുത്തിവച്ചു വധാർഹനെ ഡോക്ടർ കൊല്ലുന്നതിലും അപാകമുണ്ട്. മരുന്നു കുത്തിവച്ച് ജീവനെ രക്ഷിക്കാൻ ചുമതലപ്പെട്ട ഡോക്ടർ കുത്തിവയ്പിലൂടെ ഒരുത്തനെയും കൊല്ലരുതല്ലോ. ഇവിടെ ശ്രീ. എൻ. കൃഷ്ണൻനായർ (ഡി.ജി.പി) മുൻപെഴുതിയ ഒരു ചെറുകഥയിലെ ഒരു സംഭവം ഓർമ്മയിൽ വരുന്നു. എന്റെയും കൃഷ്ണൻനായരുടെയും ചങ്ങാതിയായ ഒരു കഥാകാരൻ-ഡോക്ടറെ സ്നേഹപൂർവം കളിയാക്കാനായി അദ്ദേഹം (കൃഷ്ണൻനായർ) പറഞ്ഞു. chloroform (trichloromethane) എന്ന anaesthetic വേണ്ട. സ്പൈനൽ anaesthic ആയ epidural വേണ്ട. കഥാകാരൻ-ഡോക്ടറുടെ ഒരു കഥയെടുത്ത് രോഗിയുടെ മൂക്കിൽ വച്ചാൽ മതി. രോഗി ഉടനെ ബോധംകെട്ടവനാകുമെന്നതിൽ ഒരു സംശയവുമില്ല. anaesthesia എന്ന ഈ അവസ്ഥ അനുവാചകനു ജനിപ്പിക്കുന്നു ശ്രീമതി സാറാ ജോസഫ് 'നാലാം നിലയിലെ ജാലകം' എന്ന ചെറുകഥയിലൂടെ. (ദേശാഭിമാനി ഓണം വിശേഷാൽ പ്രതി 1996- പുറം 39) ശ്രീമതി ശിരച്ഛേദം നടത്തുന്നില്ല. താൽകാലികമായ ബോധക്കേട് ഉണ്ടാക്കുന്നതേയുള്ളു വായനക്കാരന്. ഇതിന്റെകൂടെ പറയട്ടെ. ശ്രീമതി നല്ല കഥയെഴുത്തുകാരിയാണ്. കുറച്ചു മാസങ്ങൾക്കു മുൻപ് അവർ 'ഇന്ത്യാ റ്റുഡേ'യിൽ. ദന്തവൈദ്യനെ കാണാൻ പോകുന്ന പല്ലുവേദനക്കാരിയെക്കുറിച്ച് എഴുതിയ കഥ മനോഹരമായിരുന്നു. എന്നാൽ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്ത. അവരുടെ വേറൊരു കഥ (ഡോക്ടർ അയ്യപ്പപ്പണിക്കർ തർജ്ജമ ചെയ്തു എന്നാണ് എന്റെ ഓർമ്മ) തികച്ചും മസ്തിഷ്കസംബന്ധിയായിരുന്നു. ഒരാശയം രൂപപ്പെടുത്തിയെടുക്കുക. പിന്നീട് അതിനു സംഭവങ്ങളിലൂടെ ആവിഷ്കാരം നല്കുക. ഇതാണ് മസ്തിഷ്കജാതമായ കഥയുടെ സ്വഭാവം. സാറാ ജോസഫിന്റെ കഥകൾ ഏറെയും ഈ രീതിയിലുള്ളവയാണ്. എന്നാൽ വൈക്കം ബഷീറിനെപ്പോലെയുള്ളവർ കഥകളെഴുതുമ്പോൾ അനുവാചകന്റെ ആത്മചൈതന്യത്തിന്റെ അഗാധതയെ സമ്പന്നമാക്കുന്നു അവർ. അപ്പോൾ കഥാകാരന്റെ വാക്കുകൾ സഹജാവബോധത്തിലൂടെ ആവിർഭവിക്കുന്നു. അങ്ങനെ രൂപംകൊള്ളുന്ന രചനയിൽനിന്ന് ഒരു സംഭവമോ ഒരു വാക്യമോ ഒരു വാക്കോ എടുത്തുമാറ്റാനാവില്ല. മാറ്റിയാൽ കലാസൃഷ്ടി തകരും. ഒരു പൂർവകല്പിതാശയത്തെ കഥാരൂപമാക്കുന്ന സാറാ ജോസഫ് ഈ പ്രക്രിയയിൽ വിരളമായേ അഭിരമിക്കുന്നുള്ളു. അതിനാലാണ് അവരുടെ ഇക്കഥയ്ക്കും കൃത്രിമത്വവും പ്രകടനാത്മകതയും വന്നുപോയത്. അസ്വതന്ത്രമായ ജീവിതം നയിക്കുന്ന ഒരു പാവപ്പെട്ട സ്ത്രീയുടെ ശാരീരിക രോഗവും മാനസിക രോഗവും സാറാ ജോസഫ് ചിത്രീകരിക്കുന്നു. കഥ ജീവൻകൊണ്ടു തുടിക്കുന്നില്ല. സ്പന്ദിക്കാത്ത ബാഹ്യരൂപത്തിലാണ് കഥാകാരിയുടെ മനസ്സിരുത്തൽ. അതിനാൽ കഥ കലയുടെ തലത്തിലേക്ക് ഉയരാതെ ജീവനില്ലാതെ നില്ക്കുന്നു. കഥാകാരിയുടെ സദയാനുമതിയോടുകൂടി എഴുതട്ടെ. അശ്ലീലസ്പൃഷ്ടമാണ് അവരുടെ രചന. ദേശാഭിമാനി വിശേഷാൽ പ്രതിയിൽ ശ്രീ. എൻ. പ്രഭാകരൻ കഥയെഴുതിയിട്ടുണ്ട്. അതിന്റെ തലക്കെട്ട് ശ്രീമതിയുടെ കഥയ്ക്കാണു കൂടുതൽ ചേരുക.



വള്ളത്തോൾ

"വള്ളത്തോളിനെ ഇപ്പോൾ ചിലർ പുച്ഛിക്കുന്നതിന്റെ കാരണമെന്ത്?"
"മഹനീയമായതിനെ താഴ്ത്തി പ്പറയാനുള്ള പ്രവണത വളരെക്കൂടുതലാണ് മനുഷ്യന്."

ചോദ്യം, ഉത്തരം

"വള്ളത്തോളിനെ ഇപ്പോൾ ചിലർ പുച്ഛിക്കുന്നതിന്റെ കാരണമെന്ത്?"

"മഹനീയമായതിനെ താഴ്ത്തിപ്പറയാനുള്ള പ്രവണത വളരെക്കൂടുതലാണ് മനുഷ്യന്."

"ഞാൻ മേശ പൂട്ടി താക്കോൽ ഒരിടത്തു വയ്ക്കുന്നു. വച്ച സ്ഥലം ഓർമ്മയിൽ ഉറപ്പിക്കുന്നു. അടുത്ത നിമിഷത്തിൽ ഞാനതു മറക്കുകയും താക്കോലിനുവേണ്ടി പല സ്ഥലങ്ങളിലും നോക്കുകയും ചെയ്യുന്നു. ഇതിനു കാരണമെന്ത്?"

"ക്ലേശം നിറഞ്ഞ ജീവിതമാണു നിങ്ങളുടേത്. ജീവിതത്തെ നിങ്ങൾ താക്കോലെന്നപോലെ ഒരിടത്തുവച്ചിട്ടു നടക്കുകയാണ്. ജീവിതരീതി മാറിയാൽ താക്കോൽ എവിടെ വച്ചെന്ന കാര്യം മറക്കില്ല നിങ്ങൾ."

"ഇവിടെയൊന്നുമില്ല. ഉള്ളതൊക്കെ വെളിയിലാണ് എന്ന് ആഴ്ചതോറും പറയുന്ന ആളിനെ അവഗണിച്ചാൽ മതിയെന്ന് ഒരാൾ പറഞ്ഞിരിക്കുന്നല്ലോ. ശരിയല്ലേ?"

"അദ്ദേഹം പറഞ്ഞ രീതിയിൽ ഞാൻ പറയാറില്ല. വള്ളത്തോൾ, കുമാരനാശാൻ, ശങ്കരക്കുറുപ്പ്, ചങ്ങമ്പുഴ, ഇടപ്പള്ളി, വൈലോപ്പിള്ളി ഈ കവികൾ പടിഞ്ഞാറൻ കവികൾക്കു സദൃശരാണ്. 'ചിന്താവിഷ്ടയായ സീത' വിശ്വസാഹിത്യത്തിലെ ഉജ്ജ്വലരത്നമാണ്. പൊൾ വെർലേനെക്കാൾ എത്രയോ വലിയ കവിയാണു ചങ്ങമ്പുഴ. കാരൂരിന്റെ 'മരപ്പാവകൾ', തകഴിയുടെ 'വെള്ളപ്പൊക്കത്തിൽ', ഉറൂബിന്റെ 'രാച്ചിയമ്മ' മാധവിക്കുട്ടിയുടെ 'ചുവന്ന പാവാട' ഇക്കഥകളുടെ രചയിതാക്കളാവാൻ പടിഞ്ഞാറുള്ള കഥാകാരന്മാരും കൊതിക്കും. ഇങ്ങനെയൊക്കെയാണ് ഞാൻ എഴുതാറ്. ഇതു പറഞ്ഞയാളിന്റെ ഒരു കവിത മനോഹരമാണെന്നും അതിലെ രണ്ടു വരികൾ ഉത്കൃഷ്ടമാണെന്നും ഞാൻ അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽത്തന്നെ പ്രസംഗിച്ചിട്ടുണ്ട്. വ്യക്തിശത്രുതയെ വീട്ടിൽ കെട്ടിയിടുന്നതാണു നല്ലത്. അതിനെ പ്രഭാഷണവേദിയിൽ കൊണ്ടുവന്നു ശ്രോതാക്കളുടെ നേർക്ക് അഴിച്ചുവിടരുത്."

"ഫെമിനിസ്റ്റ് ക്രിട്ടിസിസം എന്നാൽ എന്താണു സാറേ?"

"സ്ത്രീകളുടെ അനുഭവത്തെ പുരുഷന്മാരായ എഴുത്തുകാർ ഒഴിവാക്കുന്നു: അതുകൊണ്ട് സ്ത്രീകളുടെ അനുഭവങ്ങൾക്കും സാഹിത്യത്തിൽ തുല്യപ്രാധാന്യം നല്കണമെന്നതാണ് അതിന്റെ ആദ്യത്തെ തത്ത്വം. ഇതത്ര ശരിയല്ല. പുരുഷന്മാർ-സി.വി. രാമൻപിള്ളയും ചന്തുമേനോനും- സ്ത്രീയെ ഉന്നതതലങ്ങളിൽ പ്രതിഷ്ഠിച്ചതിൽനിന്നു ശക്തിയാർജ്ജിച്ചാണ് കേരളത്തിലെ ചില സ്ത്രീകൾ പുരുഷന്മാരെ കുറ്റം പറയുന്നത്."

"ചിലർ അനിയതമായ മാനസികാവസ്ഥ ഉള്ളവരായി കാണപ്പെടുന്നത് എന്തുകൊണ്ട്?"

"നിയതമായ മാനസികനിലയുള്ളവർ ആരുമില്ല. ഇംഗ്ലീഷിൽ സ്ട്രെസ് എന്നു പറയുന്ന സമ്മർദ്ദമാണ് ആളുകൾക്ക് അനിയതാവസ്ഥയുണ്ടാക്കുന്നത്. പണത്തെസ്സംബന്ധിച്ചുണ്ടാകുന്ന ഉത്കണ്ഠ, പരീക്ഷയെസ്സംബന്ധിച്ചുള്ള പേടി. ദാമ്പത്യജീവിതത്തിന്റെ തകർച്ച ഇവയൊക്കെ സ്ട്രെസ് ഉണ്ടാക്കും. അമേരിക്കയിലെ പ്രശസ്തനായ ഡോക്ടറും ഭാരതീയ സംസ്കാരത്തിന്റെ സ്തോതാവുമായ ഡോക്ടർ എം.വി. പിള്ള ശ്രീ. എൻ. ആർ.എസ്. ബാബുവിനോടൊരുമിച്ചു ദയാപൂർവം എന്റെ വീട്ടിൽ വന്നപ്പോൾ പറഞ്ഞു. 'സ്ട്രെസ്സിൽനിന്നു രക്ഷനേടാനായി ചിലർ പുകവലിക്കുന്നു. മദ്യപിക്കുന്നു. സിനിമ കാണുന്നു. സാമൂഹികപ്രവർത്തനങ്ങളിൽ പങ്കുകൊള്ളുന്നു. ഞാനും എന്നെപ്പോലെയുള്ളവരും ധിഷണാപരങ്ങളായ പ്രവൃത്തികളിൽ

തൽപരരാകുന്നു.' ഡോക്ടർ പറഞ്ഞതു നൂറുശതമാനവും ശരി. സ്ട്രെസ്സില്ലാത്തവർ ഇല്ലതന്നെ.''

കാക്കനാടൻ


കാക്കനാടൻ

ഞാൻ സ്ക്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ലോങ്ഫെലോയുടെ ഒരു കവിത വായിച്ചത് ഓർമ്മയിലുണ്ട്. പറക്കുന്ന പക്ഷിയുടെ ഒരു തൂവൽ അടർന്നു മെല്ലെ മെല്ലെ താഴത്തേക്കു വരുന്നതുപോലെ രാത്രി മന്ദം മന്ദം താഴ്ന്നുവരുന്നു എന്നാണ് കവിയുടെ അലങ്കാരപ്രയോഗം. അതുപോലെ രാത്രി പതുക്കെപ്പതുക്കെ പാളികളായി അടർന്നുവീഴുന്നു. കഴിഞ്ഞ മുക്കാൽ ശതാബ്ദങ്ങളായി ഞാൻ നിരന്തരം കാണുന്ന കാഴ്ച. എങ്കിലും ഒരദൃശ്യരേഖ എന്നെയും രാത്രിയെയും കൂട്ടിച്ചേർക്കുന്നു.

രാത്രി വന്നതുകൊണ്ട് അകലെയുള്ള പാടത്തിലെ വെള്ളക്കൊക്കുകൾ പറന്നുപൊയ്ക്കഴിഞ്ഞു. എന്നിട്ടും ഒരു കൊക്ക് ഒറ്റക്കാലിൽ നില്ക്കുന്നു ചലനരഹിതമായി. ചിങ്ങമാസത്തിലെ ചന്ദ്രൻ ഉദിച്ചുകഴിഞ്ഞു. ഒരദൃശ്യരേഖ എന്നെയും ചന്ദ്രനെയും ആ പക്ഷിയെയും കൂട്ടിച്ചേർക്കുന്നു. എപ്പോഴും കാണുന്ന ദൃശ്യം.

കാസിം ഹാജിയുടെയും ഗോവിന്ദ ഷേണായിയുടെയും സൗഹൃദത്തിന്റെ കഥ ശ്രീ. കാക്കനാടൻ പറയുന്നു. (കേരളകൗമുദി വിശേഷാൽ പ്രതി-മധുരപലഹാരം എന്ന കഥ) അവരുടെ ആത്മബന്ധത്തെ ദൃഢപ്രത്യയം ജനിപ്പിക്കുന്ന മട്ടിൽ കാക്കനാടൻ പ്രതിപാദിക്കുന്നു. കാസിം ഹാജി മരിച്ചിട്ടും അയാളുടെ സാന്നിദ്ധ്യം ഗോവിന്ദ ഷേണായിക്കും ഭാര്യയ്ക്കും അനുഭവപ്പെടുന്നു. അവിരാമമായി ആവിഷ്കരിക്കപ്പെടുന്ന വിഷയം. എങ്കിലും ഒരദൃശ്യരേഖ എന്നെയും ആ കഥാപാത്രങ്ങളെയും കൂട്ടിയിണക്കുന്നു.

മുണ്ടൂർ കൃഷ്ണൻകുട്ടി

എന്റെ കുട്ടിക്കാലത്ത് ഭയം ജനിപ്പിക്കുന്ന സംഭവങ്ങൾ അധികമില്ലായിരുന്നു. രണ്ടെണ്ണം മാത്രമേ ഇപ്പോഴും എന്നെ പിടിവിടാതെ പിന്തുടരുന്നുള്ളു. ഒരുദിവസം മലയാളരാജ്യം ദിനപത്രമെടുത്തു നോക്കിയപ്പോൾ ഹരിപ്പാട്ട് അമ്പലത്തിൽ തൊഴാൻ ചെന്ന ഒരു ഡോക്ടറെ വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിന്റെ വിവരണം കണ്ടു ഞെട്ടി. ഇപ്പോഴും അതോർമ്മിക്കുമ്പോൾ ഞെട്ടലുണ്ടാകുന്നു. വേറൊരു സംഭവം കുറുപ്പുന്തറ എന്ന സ്ഥലത്തെ ബലാത്സംഗമാണ്. ഒരു സ്ത്രീയെ (ലക്ഷ്മിക്കുട്ടി എന്നാണെന്നു തോന്നുന്നു അവരുടെ പേര്) ആറു പുരുഷന്മാർ ചേർന്നു ബലാത്സംഗം ചെയ്തു കൊന്ന സംഭവം. അതു നടക്കുമ്പോൾ ഞാനും അച്ഛനമ്മമാരും അത്ര അകലെയല്ലാത്ത ഒരു വീട്ടിൽക്കിടന്ന് ഉറങ്ങുകയായിരുന്നു. ബഹളംകേട്ടു ഞങ്ങളെല്ലാവരും ഉണർന്നെങ്കിലും ബലാത്കാരവേഴ്ചയിലൂടെയുള്ള വധമാണ് നടന്നതെന്നു മനസ്സിലാക്കിയില്ല. നേരം വെളുത്തപ്പോഴാണ് കാര്യമൊക്കെ ഗ്രഹിച്ചത്. പ്രതിഭാഗം വക്കിൽ മള്ളൂർ ഗോവിന്ദപ്പിള്ള ആയിരുന്നത്രേ. പ്രതികൾക്കു ശിക്ഷ കിട്ടിയില്ലെന്നാണ് എന്റെ ഓർമ്മ. ഈ സംഭവവും ഇപ്പോഴും എന്നെ ഞെട്ടിക്കുന്നു. പക്ഷേ. ഇപ്പോൾ ഇവയെക്കാൾ ക്രൂരങ്ങളായ സംഭവങ്ങൾ എന്നെ പ്രകമ്പനംകൊള്ളിക്കാറില്ല. ക്രൂരത മനുഷ്യജീവിതത്തിന്റെ ഒരു ഭാഗമായി പരിണമിച്ചതുകൊണ്ടു പ്രതികരണം ഉണ്ടാകുന്നതേയില്ല. ദിനംതോറും എന്നല്ല മണിക്കൂർതോറും നിരപരാധർ വധിക്കപ്പെടുന്നു. എന്റെ ബാല്യകാലത്ത് ബലാത്കാരവേഴ്ചകൾ വിരളം. ഇപ്പോൾ കൂട്ടബലാത്സംഗങ്ങൾ നിത്യസംഭവങ്ങൾ. ഞാനും കുറെ മാസങ്ങൾക്കുമുൻപ് മരണംപ്രാപിക്കേണ്ടതായിരുന്നു. ഒരു മീറ്റിങ്ങിനു പോയിട്ടു തിരിച്ചുവരികയായിരുന്നു ഞാൻ. ഡ്രൈവറും ഞാനും മാത്രമേയുള്ളു. കാറ് ഒരു വളവുതിരിഞ്ഞയുടനെ നാലാളുകൾ കാറിന്റെ മുൻപിൽ ചാടിനിന്നു. അവർ റോഡരുകിൽ പതുങ്ങി ഇരിക്കുകയായിരുന്നു. കാറ് നിന്നയുടനെ ഞാൻ സൈഡ് ഗ്ളാസ്സ് താഴ്ത്തി കൈകൂപ്പി അവരോട് അപേക്ഷിച്ചു. "കൊല്ലരുത്. കൈയിലുള്ളതെന്തും തരാം. പോരെങ്കിൽ വീട്ടിൽച്ചെന്ന് എടുത്തുതരാം.'' നാലുപേരും പെട്ടെന്ന് ഇരുന്നു. തലതാഴ്ത്തിക്കൊണ്ട് ഓടിമറഞ്ഞു രാത്രിയുടെ രണ്ടരമണി സമയത്ത്. വീട്ടിലെത്തിയപ്പോൾ ഡ്രൈവർ ഒരുവിധത്തിലും തിരിച്ചുപോകില്ല. അയാളെ എന്റെ വീട്ടിൽ കിടത്തണമെന്നായിരുന്നു ദയനീയ സ്വരത്തിലുള്ള അഭ്യർത്ഥന. അതിനു പ്രയാസമുണ്ടായിരുന്നതുകൊണ്ടു ഞാൻ അയാളോടൊരുമിച്ചു കാറിൽ കയറി നേരേ പോയി മറ്റൊരു മാർഗ്ഗത്തിലൂടെ മെയിൻ റോഡിൽ ചെന്നു. 'ഇനി ധൈര്യമായി പൊയ്ക്കൊള്ളൂ' എന്നു പറഞ്ഞിട്ട് കൂരിരുട്ടിൽ ഞാൻ ഒറ്റയ്ക്കു വീട്ടിലേക്കു നടന്നു. ഈ സംഭവവും എനിക്കു ചാഞ്ചല്യമുണ്ടാക്കുന്നില്ല. കാരണം ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു. അക്രമങ്ങളും കൊലപാതകങ്ങളും നമ്മുടെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായി മാറിയിരിക്കുന്നുവെന്നു വീണ്ടും പറയട്ടെ. ഏതോ ഒരു സത്യത്തിന്റെ പേരിൽ നമ്മൾ ജീവിക്കുന്നു എന്നു മാത്രം ധരിച്ചാൽ മതി.

സമകാലികമായ ഈ ദുരവസ്ഥയെ എത്ര കലാത്മകമായിട്ടാണ് ശ്രീ. മുണ്ടൂർ കൃഷ്ണൻകുട്ടി നമ്മുടെ മുൻപിൽ കൊണ്ടുവരുന്നതെന്നു മനസ്സിലാക്കണമെങ്കിൽ അദ്ദേഹം കേരളകൗമുദി ഓണം വിശേഷാൽ പ്രതിയിൽ എഴുതിയ 'നിലാപ്പിശുക്കുള്ള രാത്രി' എന്ന കഥ വായിക്കണം. ഭാര്യയും ഭർത്താവും മകനും. രാത്രി. അവർ നട്ടുവളർത്തിയ ചന്ദനമരം രണ്ടുപേര് മുറിക്കുന്നു. അരക്ഷിതാവസ്ഥയായതുകൊണ്ടു ഗൃഹനായകന് അങ്ങോട്ടു ചെന്നുനോക്കാൻ വയ്യ. അച്ഛന്റെ ശബ്ദംകേട്ടു മകൻ പോകുന്നു. ചന്ദനമരവും മകനും നഷ്ടപ്പെട്ടു ദമ്പതികൾക്ക്. ഈ കാലയളവിൽ ഇങ്ങനെയൊക്കെ സംഭവിക്കും എന്ന് എത്ര ശക്തമായിട്ടാണ് മുണ്ടൂർ കൃഷ്ണൻകുട്ടി പ്രഖ്യാപിക്കുന്നത്! കഥയ്ക്കു യോജിച്ച അന്തരീക്ഷം അദ്ദേഹം അനായാസമായി സൃഷ്ടിക്കുന്നു. 'മൂന്നാമത് ഒരാൾ' എന്നല്ലേ അദ്ദേഹത്തിന്റെ മാസ്റ്റർപീസായ കഥയുടെ പേര്? ഓർമ്മയില്ല. എന്തായാലും അതിലൂടെ സ്വന്തം പ്രതിഭ പ്രകടിപ്പിച്ച അദ്ദേഹം ഇങ്ങനെയൊരു ഉത്കൃഷ്ടമായ കഥ രചിച്ചതിൽ ഞാൻ അദ്ഭുതപ്പെടുന്നില്ല. (ഈ ലേഖനത്തിന്റെ തുടക്കത്തിൽ വിശേഷാൽ പ്രതികളുടെ സാമാന്യസ്വഭാവത്തെക്കുറിച്ചു ഞാൻ എഴുതിയല്ലോ. അതിന് ഒരപവാദമായി ഇക്കഥയെ പരിഗണിച്ചാൽ മതി.)

മെക്കിട്ടു കയറ്റം


മുണ്ടൂർ കൃഷ്ണൻകുട്ടി

മലയാളം എം.എ വിദ്യാർത്ഥികളെ ഞാൻ കേരളപാണിനീയം പഠിപ്പിച്ചിരുന്നു. എന്റെ ശിഷ്യൻ ശ്രീ. പള്ളുകൽ ഗംഗാധരൻനായർ ഞാൻ പഠിപ്പിക്കുന്നതെല്ലാം ശ്രദ്ധയോടെ കേൾക്കും. പക്ഷേ വ്യാകരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം എനിക്കില്ലായിരുന്നു. ഞാൻ സാറായിപ്പോയതുകൊണ്ട് ഗംഗാധരൻനായർ ഒന്നും എതിർത്തു പറയുകയില്ല. അതിരിക്കട്ടെ. ഇന്നു വ്യാകരണമൊക്കെ ഞാൻ മറന്നിരിക്കുന്നു. അതുകൊണ്ടാണ് പണ്ടത്തെപ്പോലെ വ്യാകരണത്തെറ്റുകൾ എടുത്തു കാണിക്കാത്തത്. പിന്നെ പഴം എന്നു പറയേണ്ടതിനു പകരം പയം എന്ന് ആരെങ്കിലും പറഞ്ഞാൽ പയം തെറ്റ് പഴം ശരി എന്നു ചൂണ്ടിക്കാണിക്കും ഇപ്പോഴും.

ഞാൻ ബാലനായിരുന്ന കാലയളവിൽ വൈയാകരണനെന്നു കീർത്തിയാർജ്ജിച്ച ഒരു അധ്യാപകനുണ്ടായിരുന്നു: സി.എൻ.എ. രാമയ്യ ശാസ്ത്രികൾ. വഴിവക്കിലിരുന്ന് കുരുടൻ "ഏമാന്മാരേ കണ്ണില്ലാത്ത കുരുടനാണേ വല്ലതും തരണേ" എന്നു യാചിച്ചപ്പോൾ അയാളെ കണ്ടയുടനെ അക്കാലത്തെ നാലുകാശ് എന്ന ചെമ്പുനാണയം പിച്ചച്ചട്ടിയിലിട്ട രാമയ്യ 'കണ്ണില്ലാത്ത കുരുടൻ എന്നതു പുനരുക്ത ദോഷമുള്ള പ്രയോഗമല്ലേ' എന്നു ചോദിച്ചു നാലുകാശു തിരിച്ചെടുത്തു എന്നാണു കഥ. അദ്ദേഹം വിദ്യാർത്ഥിയായിരുന്ന എന്നോടും മല്ലിടാൻ വന്നു. രാജരാജവർമ്മ അവർണ്ണത്തെ താലവ്യമായും ഓഷ്ഠ്യമായും കരുതി യവാഗമങ്ങൾ വിധിച്ചതു ശരിയല്ലെന്നു ഞാൻ 'മലയാളരാജ്യ'ത്തിൽ എഴുതി. തട + ഉന്നു = തടവുന്നു, തട + ഉന്നു = തടയുന്നു. ഇവിടെ അവർണ്ണത്തെ ഒരേസമയത്ത് താലവ്യമായും ഓഷ്ഠ്യമായും കരുതുന്നത് ശാസ്ത്രീയമല്ല എന്നായിരുന്നു എന്റെ വാദം. ഡോക്ടർ ഗോദവർമ്മ പറഞ്ഞതുപോലെ തടയ് + ഉന്നു, തടവ് + ഉന്നു എന്നു പിരിക്കുന്നതാണ് യുക്തിക്കു ചേർന്നതെന്നു ഞാൻ എഴുതി. രാമയ്യയുടെ പ്രത്യാഖ്യാനത്തിന്റെ സ്വഭാവം എന്തായിരുന്നുവെന്ന് ഇപ്പോൾ ഓർമ്മയില്ല.

ഒന്നു പറയാം. പ്രകടമായ തെറ്റുകൾ ചൂണ്ടിക്കാണിക്കാം. അല്ലാതെ അഷ്ടാധ്യായീസൂത്രങ്ങളെഴുതി അതു ശരിയല്ല. ഇതു ശരിയല്ല എന്നു പറയുന്നതു ശരിയല്ല. മറ്റൊന്നുകൂടി. ആർക്കും കുറ്റം പറയാനാവാത്ത രീതിയിൽ ഗദ്യമെഴുതാനും സാദ്ധ്യമല്ല. 'ഒരു മനോഹരമായ പൂവ്' എന്നെഴുതിയാൽ ഒരു എന്നതു മനോഹരത്തിനോടു ചേർന്നല്ലേ വരുന്നത് എന്നു ചോദ്യം. ചോദ്യം ശരിയാണുതാനും. 'മനോഹരമായ ഒരു പൂവ്' എന്നു മാറ്റിയെഴുതിയാൽ മനോഹരമായത് 'ഒരു' എന്നതാണോ എന്നും ചോദിക്കാം. ആ ചോദ്യവും ശരിതന്നെ. ഭാഷയുടെ പരിമിതികളാണ് ഇതൊക്കെ കാണിക്കുന്നത്.

ശ്രീ. വേളൂർ കൃഷ്ണൻകുട്ടി കലാകൗമുദിയിൽ എഴുതിയ 'ഇതുകൊണ്ടാർക്കും പരിഭവമരുതേ' എന്ന ലേഖനം വായിച്ചപ്പോൾ എനിക്കുണ്ടായ വിചാരങ്ങളാണ് മുകളിൽ കുറിച്ചത്. അദ്ദേഹം ഭാഷാപ്രയോഗങ്ങളിലെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നു. അവ തെറ്റുകളാണെന്നുതന്നെയിരിക്കട്ടെ. എന്നാൽ തെറ്റുകളെക്കുറിച്ച് എഴുതുന്ന പ്രബന്ധത്തിൽത്തന്നെ തെറ്റുകൾ വരാം എന്നതിനും വേളൂരിന്റെ പ്രബന്ധം നിദർശകമായിരിക്കുന്നു. "...... നമുക്കു വിഷമമാണ്" എന്നു കൃഷ്ണൻകുട്ടി എഴുതുന്നു. വിഷമം വിശേഷണമാണ്. വിഷമത എന്നോ വൈഷമ്യമെന്നോ വേണ്ടേ പ്രയോഗം? വേളൂരിന്റെ വേറൊരു പ്രമാദം:- "ചണ്ഡാലഭിക്ഷുകി'യിൽ മാതംഗി എന്ന ചണ്ഡാലയുവതി.'' മാതംഗി എന്നതു കുമാരനാശാന്റെ കാവ്യത്തിലെ യുവതിയുടെ പേരല്ല. മാതംഗശബ്ദത്തിനു ചണ്ഡാലൻ എന്നാണ് അർത്ഥം. മാതംഗിയെന്നാൽ മാതംഗകുമാരിയെന്നും. (മാതംഗകുമാരി = ചണ്ഡാലപ്പെൺകുട്ടി) സംജ്ഞാനാമമല്ല മാതംഗിയെന്നത്. നാസികാചൂർണ്ണപ്പൊടിപോലെ ആയിപ്പോയി 'മാതംഗി എന്ന ചണ്ഡാലയുവതി' എന്ന വേളൂരിന്റെ പ്രയോഗം. ഇമ്മട്ടിലുള്ള തെറ്റുകൾ എന്റെ ഈ കോളത്തിലും കാണും. അക്ഷന്തവ്യങ്ങളായ തെറ്റുകൾ എടുത്തുകാണിക്കാം. പഴത്തിനു പയമെന്നു പറയുന്നവരോടു പഴമാണ് ശരിയെന്നു പറയാം. വിജാതീയരൂപങ്ങളെ സമുച്ചയിക്കുന്നവരോടു തെറ്റാണത് എന്നു ധൈര്യമായി പറയാം. അല്ലാതെ തലമുടിനാരു കീറുന്നതുപോലെ ഭാഷാപ്രയോഗങ്ങളെ കീറാൻ പാടില്ല.

> "വ്യക്തി ശത്രുതയെ വീട്ടിൽ കെട്ടിയിടുന്നതാണു നല്ലത്. അതിനെ പ്രഭാഷണ വേദിയിൽ കൊണ്ടു വന്നു ശ്രോതാക്കളുടെ നേർക്ക് അഴിച്ചുവിടരുത്."

അവയവാർത്ഥം വ്യക്തമാക്കിയതിനുശേഷം കവിയെ കളിയാക്കുന്നതും ശരിയല്ല. ബ്രഹ്മചാരി എന്ന വാക്കിനു ജീവിതാശ്രമങ്ങളിലെ ആദ്യത്തെ അവസ്ഥയിൽ കഴിയുന്നവൻ എന്ന അർത്ഥമാണുള്ളത്. ദിവസത്തിൽ റ്റ്വന്റിഫോർ ഔവേഴ്സും ബ്രഹ്മത്തിൽ ചരിക്കുന്നവൻ കാലത്തു പല്ലുതേച്ചിരിക്കാൻ ഇടയില്ല എന്നു പറയരുത്. 'ശയനീയശായി'ക്കു ഭർത്താവെന്ന അർത്ഥമേയുള്ളു. അല്ലാതെ ഇരുപത്തിനാലു മണിക്കൂറും ലീലയുടെ കിടക്കയിൽ കിടന്നവൻ എന്നു കുട്ടിക്കൃഷ്ണമാരാരെപ്പോലെ അർത്ഥപ്രദർശനം നടത്തരുത്. വരവർണ്ണിനിക്ക് ഉത്തമസ്ത്രീയെന്ന് അർത്ഥം. ഭാവനയുടെയും സങ്കല്പത്തിന്റെയും മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന അമരകോശകാരന്റെ അവയവാർത്ഥ പ്രദർശനം അവലംബിച്ച് വേളൂർ കൃഷ്ണൻകുട്ടി മഹാകവി കുമാരനാശാനെ വിമർശിച്ചതു ശരിയല്ല.

ഉടലതിരമ്യമൊരുത്തനു കാൽക്കൊരു
മുടവുണ്ടവനു നടക്കുന്നേരം

എന്ന കുഞ്ചൻനമ്പ്യാരുടെ വരികളെടുത്തു വേളൂർ നടത്തിയ ശസ്ത്രക്രിയ മുണ്ടശ്ശേരി പലപ്പോഴും പറഞ്ഞതുപോലെ അമ്പേ പരാജയമാണ്. കവിത ബാഹ്യനേത്രംകൊണ്ടും ആന്തരനേത്രംകൊണ്ടുമുള്ള കാഴ്ചയാണ്. സുന്ദരനായ ഒരുത്തൻ നടക്കുന്നു. അവൻ മുടന്തുന്നു. ഈ ദൃശ്യത്തെ അതേപടി പകർത്തി ചിത്രമാക്കിയിരിക്കുകയാണ് കവി. അതെടുത്തുവച്ച്. നടക്കുമ്പോൾ മാത്രമേ മുടന്തുള്ളോ. മുടന്തുകാലിനാണെന്ന് എടുത്തു പറയണോ എന്നൊക്കെ ചോദിക്കുന്നതു സഹൃദയത്വത്തിന്റെ ലക്ഷണമല്ല. ഇതു വിമർശനമല്ല. മെക്കിട്ടുകയറ്റമാണ്.

(57-ാം പേജിൽ നിന്നും തുടർച്ച)

അദ്ദേഹം ചോദിച്ചു. അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനോടും സംഘത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനോടും പെരുമ്പടവം യോജിച്ചു.

ദിനേശ്ബീഡി സഹകരണസംഘത്തിന്റെ ചെയർമാൻ ജി.കെ.പണിക്കരെ സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെയും ചുമതല ഏല്പിക്കണമെന്നായിരുന്നു പി.എൻ. ദാമോദരൻപിള്ളയുടെ ആവശ്യം.

റോയൽറ്റി 20 ശതമാനത്തിൽ കുറയരുതെന്നും ഒരുവർഷത്തിനുള്ളിൽ 100 പുതിയ ടൈറ്റിലെങ്കിലും വില്പനയ്ക്ക് തയ്യാറാക്കണമെന്നും പ്രൊഫ. എരുമേലി പരമേശ്വരൻപിള്ള ആവശ്യപ്പെട്ടു.

പ്രൊഫഷണൽ മാനേജ്മെന്റ് സംഘത്തിനുണ്ടാവണമെന്ന് തേക്കിൻകാട് ജോസഫ് നിർദ്ദേശിച്ചു. ഇതിനായി യാതൊരു ഉപദേശകസമിതിയും വേണ്ടെന്ന് അദ്ദേഹം പറഞ്ഞു.

ജീവനക്കാർ പുസ്തകവില്പന കാര്യക്ഷമമായി നടത്താൻ നടപടിയുണ്ടാവണമെന്ന് എം.കെ. ഗംഗാധരൻ ആവശ്യപ്പെട്ടു.

സംഘത്തിന് കിട്ടാനുള്ള തുക പിരിച്ചെടുക്കാൻ അടിയന്തര നടപടി വേണമെന്ന് തേവർതോട്ടം സുകുമാരൻ നിർദ്ദേശിച്ചു. ജീവനക്കാരെ →

ഞാൻ ഉമാകേരളം വായിക്കുന്ന കാലത്ത് എനിക്ക് പത്തോ പതിനഞ്ചോ വയസ്സായിരിക്കും. അതിൽ എത്രയോ പദ്യങ്ങൾ എനിക്ക് കാണാപ്പാഠമാണ്. 'ഉമാകേരളം' നമ്മുടെ ഇന്നത്തെ സാഹിത്യവിമർശകരിൽ എത്രപേർ മുഴുവൻ വായിച്ചിട്ടുണ്ട് എന്നു ചോദിക്കാൻ എനിക്ക് ധൈര്യം വരുന്നില്ല.

സുകുമാർ അഴീക്കോട്.

കാണാപ്പാഠം പഠിക്കലല്ല കാവ്യാസ്വാദനം എന്ന സത്യം ഇതുവരെയും സുകുമാർ അഴീക്കോട് തിരിച്ചറിഞ്ഞില്ലല്ലോ.

* * * * * * *

ഇക്കണക്കിന് സെക്രട്ടേറിയറ്റ് എഴുതിവിറ്റാൽപ്പോലും നിങ്ങളറിയില്ല. പല കച്ചവടക്കാരുമിവിടെ കാശുമായി കറങ്ങുന്നുണ്ട്.

മുഖ്യമന്ത്രി ഇ.കെ. നായനാർ.

നായനാരുമറിയില്ല, എപ്പോഴും ഉറക്കമാണല്ലോ.

* * * * * * *

ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കേണ്ട വൈദ്യുതിബോർഡ് ഇന്ന് കെടുകാര്യസ്ഥതയുടെയും പിടിപ്പുകേടിന്റെയും അഴിമതിയുടെയും കൂത്തരങ്ങായി മാറിയിരിക്കുന്നു.

ഇ. ബാലാനന്ദൻ.

പിണറായി വിജയൻ അതിന്റെ മന്ത്രിയായി വന്നിട്ട് നൂറു ദിവസമല്ലേ ആയുള്ളു. നൂറു ദിവസത്തിനുള്ളിൽ ഇത്രയൊക്കെ സംഭവിച്ചോ?

* * * * * * *

കോളറപോലുള്ള രോഗങ്ങളെപ്പറ്റി സംഭ്രമജനകമായ വാർത്തകൾ പ്രചരിപ്പിച്ച് ബി.ബി.സി. റോയിട്ടർ തുടങ്ങിയ വിദേശ വാർത്താ ഏജൻസികൾ കേരളത്തെപ്പറ്റി ദുഷ് പ്രചാരണം നടത്തുകയാണ്.

ആരോഗ്യമന്ത്രി എ.സി.ഷൺമുഖദാസ്.

ഷൺമുഖദാസിന്റെ അന്താരാഷ്ട്രീയ വ്യക്തിത്വം നശിപ്പിക്കാനുള്ള ശ്രമമാവണം.

* * * * * * *

ഒരു ഐ.എ.എസ്സുകാരനെ സംഘത്തിന്റെ ഭരണമേല്പിക്കണമെന്ന് നാലുവർഷം മുമ്പ് ഞാൻ വാദിച്ചതാണ്. എന്നാൽ കഴിഞ്ഞ രണ്ടു വർഷത്തെ



സ്ഥിതിഗതിയനുസരിച്ച് ഒരു ഐ.പി.എസ്സുകാരൻ ഭരണമേറ്റാലേ സാഹിത്യ പ്രവർത്തക സംഘത്തെ രക്ഷപ്പെടുത്താനാവൂ. സാഹിത്യകാരന്മാരുടെ ഉപദേശകസമിതിയും രൂപീകരിക്കാം.

ഡി.സി. കിഴക്കേമുറി.

ഡി.സി.യുടെ ബന്ധുവായ ഏതെങ്കിലുമൊരു ഐ.പി.എസ്സുകാരൻ കാണും.

* * * * * * *

എൽ.ഡി.എഫ് സർക്കാരിന്റെ സമഗ്രവ്യവസായ നയം ഒരു മാസത്തിനകം പ്രഖ്യാപിക്കും.

വ്യവസായമന്ത്രി
സുശീലാഗോപാലൻ.

ഒരുമാസം കഴിഞ്ഞാൽ കേരളത്തിൽ പാലും തേനുമൊഴുകും.

* * * * * * *

പൊലീസ് പുരത്തിന് ഉപയോഗിക്കുന്ന ചെണ്ടമാതിരിയായാൽപ്പോര.

ടി.കെ. ഹംസ.

അറവുശാലയിലെ കത്തിപോലെയായാലോ?

* * * * * * *

ബസ്സിൽ സ്ത്രീകളുടെ സീറ്റിലിരുന്ന് യാത്ര ചെയ്ത പുരുഷന്മാർ പിടിയിൽ.

വാർത്ത.

പുരുഷന്മാരുടെ സീറ്റിൽ സ്ത്രീകളിരുന്നു സഞ്ചരിച്ചാലെന്താ ചെയ്യാൻ പോകുന്നത്?

* * * * * * *

ബലാൽസംഗ സംഭവങ്ങളെ നിസ്സാരമായി പരിഹസിക്കുന്ന മുഖ്യമന്ത്രി നായനാരുടെ നൂറു ദിവസം സ്ത്രീപീഡനങ്ങൾ നിറഞ്ഞതാണ്.

വയലാർ രവി.

വിട്. അതൊക്കെ ഇനി വനിതാ കമ്മിഷൻ നോക്കിക്കൊള്ളും.

* * * * * * *

കോൺഗ്രസ്സിന്റെ നയങ്ങളെ നശിപ്പിക്കാൻ ശ്രമിക്കരുത്. ചില്ലറ വ്യത്യാസങ്ങൾ വേണമെങ്കിൽ വരുത്താം.

പ്രധാനമന്ത്രിക്ക് പി.വി.നരസിംഹറാവുവിന്റെ താക്കീത്.

ചില്ലറ വ്യത്യാസങ്ങൾ വരുത്തുമ്പോൾ പ്രിയങ്കാ ഗാന്ധിയോടന്വേഷിക്കണേ.

* * * * * * *

അയ്യങ്കാളി തുടക്കമിട്ട സമരം തുടരണം.

മുഖ്യമന്ത്രി
ഇ.കെ. നായനാർ.

അതിന് ഇ.എം.എസ് സമ്മതിക്കുമോ?

* * * * * * *

കോൺഗ്രസ്സും സി.പി.എമ്മും വിരുദ്ധ കക്ഷികളാണെങ്കിലും ഇരു പാർട്ടികളും തമ്മിൽ സഹകരണത്തിന്റെ മേഖല തുറന്നുവരികയാണ്.

ഇ. എം. എസ്.

മാർക്സിസ്റ്റ് തത്ത്വശാസ്ത്രത്തിന്റെ ഏതു വകുപ്പനുസരിച്ചാണിതെന്നുകൂടിയൊന്നു വ്യക്തമാക്കിയാൽ കൊള്ളാം.

* * * * * * *

ലോകമൊട്ടാകെയുള്ള തൊഴിലാളിസമൂഹം ഒട്ടേറെ പ്രതിസന്ധികളെ നേരിട്ടാണ് മുന്നേറുന്നത്.

സി.ഐ.ടി.യു. ജനറൽ സെക്രട്ടറി
കെ.എൻ.രവീന്ദ്രനാഥ്.

വരുന്ന അഞ്ചുകൊല്ലത്തേക്ക് കേരളത്തിലെങ്കിലും സമാധാനമായല്ലോ.

* * * * * * *

തിരഞ്ഞെടുപ്പിൽ ജയിച്ചെങ്കിലും ഇടതുമുന്നണിയുടെ ഭരണം ഇതുവരെ സംസ്ഥാനത്ത് ആരംഭിച്ചിട്ടില്ല.

എ. കെ. ആന്റണി.

പ്രശ്നങ്ങൾ പഠിക്കാൻ രണ്ടുകൊല്ലമെങ്കിലുമെടുക്കാതെങ്ങനെയാ.....

ചെറിയ ടീമുകളാക്കി തിരിച്ച് ഗ്രാമങ്ങളിൽ പോയി പുസ്തകവില്പന നടത്താൻ സജ്ജീകരണമുണ്ടാക്കണമെന്നും അദ്ദേഹം പറഞ്ഞു.

സംഘത്തിന്റെ ജനാധിപത്യ സ്വഭാവം നഷ്ടപ്പെടുമോ എന്നും സംഘം മറ്റൊരു പാപ്പിനിശ്ശേരിയായി മാറുകയാണോ എന്നും ബാബു കുഴിമറ്റം ആശങ്ക പ്രകടിപ്പിച്ചു.

'ഒരു സഹകരണസംഘം തെറ്റായ രീതിയിൽ പിടിച്ചെടുക്കാനാണെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ നിങ്ങളുമായി ആലോചിക്കേണ്ടതില്ല. സാഹിത്യപ്രവർത്തക സഹകരണ സംഘം നേരായി നടത്താൻ എന്തു ചെയ്യാം എന്നാലോചിക്കാനാണ് ഗവൺമെന്റ് ഇപ്രകാരം ഒരു യോഗം വിളിച്ചത്'-മന്ത്രി പിണറായി വിജയൻ ആശങ്കയ്ക്ക് തിരിച്ചടി നൽകി.

സി.വി.ശ്രീരാമൻ. എം.എ. കരീം, കാരേറ്റ് രാജേന്ദ്രൻ, പ്രഭാകരൻ പഴശ്ശി, മള്ളൂർ രാമകൃഷ്ണൻ, പാച്ചോളി ഗോപാലൻ, വി.കെ. നാരായണൻ, നൂറനാട് ഹനീഫ്, വെള്ളായണി പലവേശൻ എന്നിവരും സഹകരണവകുപ്പ് സെക്രട്ടറി സി. ചന്ദ്രൻ, സഹകരണ രജിസ്ട്രാർ നളിനി നെറ്റോ, കിളിമാനൂർ മധു എന്നിവരും യോഗത്തിൽ പങ്കെടുത്തു.

Printed, Published and Edited by S. Jayachandran Nair on behalf of Kala Kaumudi Publications (P) Ltd. at Kala Kaumudi Press, Thiruvananthapuram
Managing Editor : M. Sukumaran